## പോത്തൻകോട് ഗ്രാമപഞ്ചായത്ത്



അധികാരം ജനങ്ങളിലേക്ക്

# വികസന രേഖ





*"ആഡംബരങ്ങൾക്കും സുഖഭോഗങ്ങൾക്കുമുള്ള അവസരങ്ങൾ ഒരുക്കുന്നതിനുമുൻപ് സാധാരണക്കാരന്റെ അടിസ്ഥാന ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റണം"*

ഗാന്ധിജി.



ഇ.എം.എസ്. നമ്പൂതിരിപ്പാട്
ചെയർമാൻ
ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി
ജനകീയാസൂത്രണം

*സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനങ്ങൾക്ക് പഞ്ചായത്ത് രാജ് നഗരസഭാസ്ഥാപനങ്ങൾ വഴി തങ്ങളുടേതുമാത്രമായ ഒരു ആസൂത്രണ പദ്ധതിയ്ക്ക് രൂപം നൽകാനും നടപ്പിലാക്കാനും സാധിക്കുന്നു എന്നതാണ് ജനകീയാസൂത്രണത്തിന്റെ പ്രത്യേകത. ജനങ്ങളിൽ അടിച്ചേല്പിക്കപ്പെടുന്ന പദ്ധതിയിൽ നിന്നും വ്യത്യസ്തമായിരിക്കും ഇത്.*



സ. കാട്ടായിക്കോണം വി. ശ്രീധർ.

*ത്യാഗത്തിന്റേയും, സഹനത്തിന്റേയും, അതിവിശാലമായ ലോകത്തിലൂടെ*
*തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രത്തോടൊപ്പം*
*സഞ്ചരിച്ച ഈ മണ്ണിന്റെ പ്രിയപുത്രൻ*

# മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



കെ. ബാഹുലേയൻ നായർ
ആദ്യ പ്രസിഡന്റ് (1953-63)



എം.എം മുസ്തഫ



ജി. വാമദേവൻ

# പഞ്ചായത്ത് ഭരണ സമിതി


ജി. വാമദേവൻ നായർ
(പ്രസിഡന്റ്)


പി. പ്രസന്നകുമാരി
(വൈസ് പ്രസിഡന്റ്)


എ. സലാഹുദീൻ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ


വേങ്ങോട് അനിൽ കുമാർ


വി. ശശിധരൻ നായർ


ഇ. അബ്ദുൽഖരീം


ബി. ഗോപിനാഥൻ നായർ


പി. ബാബുരാജൻ


ബി. സൗദാമിനി അമ്മ


ജെ. സുലോചന


ബി. ലീല

## വികസനരേഖ ഉപദേശക സമിതി

ജി. വാമദേവൻ നായർ

ജി. വാമദേവൻ

പി. പ്രസന്നകുമാരി

ഇ. അബ്ദുൽ ഖരീം

പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥ പിള്ള


| | |
|---|---|
| കവർ ഡിസൈൻ & ലേഔട്ട് | ശ്രീകാര്യം അനിൽ |
| കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ് | മെഗാ കമ്പ്യൂട്ടേഴ്സ്, ശ്രീകാര്യം |
| | ബൈറ്റ്സ് ഗ്രാഫിക്സ്, ശ്രീകാര്യം |

പോത്തൻകോട് ഗ്രാമ പഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# വികസനരേഖ


**എഡിറ്റർ**

വി. ഉദയകുമാർ

**എഡിറ്റോറിയൽ ബോർഡ്**

ആർ. വേണുനാഥ്

ബി. വിമൽകുമാർ

കെ. തങ്കപ്പൻ നായർ

എൻ. വിജയകുമാരൻ നായർ

വി. ബിജുകുമാർ

എ. സലാഹുദീൻ

എസ്. എ. സലാം

പി. ബാബുരാജൻ

എം. അമാനുള്ള

ആർ. രവീന്ദ്രൻനായർ

ബി. ഗോപിനാഥൻ നായർ

കെ.പി. കോമളൻ

കെ. മോഹനൻ നായർ

അശോക് കടമ്പാട്

എസ്. സരസ്വതി അമ്മ

## ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരിച്ചവർ

1. പി. സോമശേഖരൻ നായർ
2. പ്രേമചന്ദ്രൻ
3. വട്ടപ്പറമ്പിൽ പീതാംബരൻ
4. പി. സുശീലൻ
5. എം.എം. യൂസഫ്
6. എം.എം. കൈസ്
7. എം. സഹദേവൻ
8. എൻ. താജുദീൻ
9. ബി. വിജയൻ നായർ
10. പി. പീതാംബരൻ
11. പ്രഭാകരൻ നായർ
12. കെ.എം.എ. സലിം
13. എം. മുഹമ്മദ് കുഞ്ഞ്
14. എൻ. സത്യവ്രതൻ
15. എൻ. ഗോപിനാഥൻ നായർ
16. എൻ. മുരളീധരൻ നായർ
17. ആർ. ശശിധരൻ നായർ
18. കെ. ഹരിഹരൻ
19. എസ്. അച്ചുതൻ നായർ
20. പി. ഡൊമിനി
21. മീനാക്ഷി
22. വിജയമ്മ
23. പത്മ
24. ബിന്ദു
25. ജെ. തങ്കമണി
26. നന്ദിനി .പി.
27. ജയകുമാരി എസ്.
28. ശ്രീകല കുമാരി .ആർ
29. കുമാരി ജയ .ആർ.
30. ജയകുമാരി .ജി.
31. ഹെലൻ കുമാരി വി.ആർ.
32. സരോജിനി അമ്മ ഡി.
33. ശ്രീജ എസ് നായർ
34. ഇന്ദിര
35. ഉഷാകുമാരി
36. സുമേഷ് ജി.ഒ.
37. ഷിബുലാൽ
38. സജിത് .എസ്.വി.
39. ഡൈസ്നോൺ .പി
40. ഷാജഹാൻ
41. സുജാത
42. രാധിക
43. അബ്ദുൽ റഷീദ്
44. വിജയൻ .ഡി
45. ഷാജികുമാർ .കെ
46. ബൈജൂൺ ഷാ
47. നഹാസ്
48. മോഹനൻ നായർ.
49. അലിയാരുകുഞ്ഞ്
50. സത്യൻ



ബഹുമാന്യരേ,

പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ വികസന രേഖയാണിത്. ഒമ്പതാം പദ്ധതി ജനകീയമായി രൂപപ്പെടുന്നതിലൂടെ ഒരു പുത്തൻ വികസന പ്രക്രിയയ്ക്ക് നമ്മൾ തുടക്കം കുറിക്കുകയാണല്ലോ; അതോടൊപ്പം ഒരു പുത്തൻ വികസന സംസ്കാരത്തിനും. നമ്മുടെ പഞ്ചായത്ത് നാളിതുവരെ കാത്തുസൂക്ഷിച്ച മത സൗഹാർദ്ദവും സാഹോദര്യവും ഈ വികസന സംസ്കാരത്തിന് മുതൽക്കൂട്ടാകേണ്ടതുണ്ട്. നിസ്വാർത്ഥരും അർപ്പണബോധമുള്ളവരുമായ ഗ്രാമവാസികളുടെ കൂട്ടായ പ്രവർത്തനം കൊണ്ടുമാത്രമേ നാമിന്നനുഭവിക്കുന്ന വികസന പ്രതിസന്ധികൾ മറികടക്കാൻ കഴിയൂ. ആവേശപൂർവ്വം ഗ്രാമസഭകളിൽ എത്തിയ പ്രഗത്ഭമതികളുടെ ബുദ്ധിക്കും ചിന്തയ്ക്കും വിഷയമായ വികസന പ്രശ്നങ്ങളുടേയും പരിഹാരനിർദ്ദേശങ്ങളുടേയും ചെറിയൊരു രൂപരേഖയാണ് ഇവിടെ അവതരിപ്പിക്കുന്നത്. പോരായ്മകൾ ഉണ്ടാകാം. ക്രിയാത്മകമായ ചർച്ചകൾക്കും സൃഷ്ടിപരമായ നിർദ്ദേശങ്ങൾക്കുമായി ഈ വികസന രേഖ സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,
ജി. വാമദേവൻ നായർ
(പ്രസിഡന്റ്)

# പോത്തൻകോട് ഗ്രാമ പഞ്ചായത്ത്



# ഉള്ളടക്കം

| | | |
|---|---|---|
| 1. | ആമുഖം | 12 |
| 2. | പൊതുവിവരണം-ഭരണപരമായ ചരിത്രം | 14 |
| 3. | സാമൂഹ്യ സാംസ്കാരിക ചരിത്രം | 18 |
| 4. | ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി | 22 |
| 5. | സാമൂഹിക - സാമ്പത്തിക മേഖലകൾ | 25 |
| 5.1 | കൃഷിയും ജലസേചനവും | 26 |
| 5.2 | മൃഗസംരക്ഷണം - മത്സ്യപരിപാലനം | 44 |
| 5.3 | വ്യവസായം | 52 |
| 5.4 | വിദ്യാഭ്യാസം | 59 |
| 5.5 | കുടിവെള്ളം - പൊതുജനാരോഗ്യം | 68 |
| 5.6 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 73 |
| 5.7 | പാർപ്പിടം - സാമൂഹ്യക്ഷേമം | 91 |
| 5.8 | പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം | 102 |
| 5.9 | വനിതാക്ഷേമം | 107 |
| 5.10 | സംസ്കാരം | 112 |
| 5.11 | സഹകരണം | 119 |
| 5.12 | വിഭവസമാഹരണം | 124 |
| 5.13 | ടൂറിസം | 129 |

# ആമുഖം

# 1

ദേശീയാസൂത്രണ പ്രക്രിയയിൽ നിന്ന് തികച്ചും വ്യത്യസ്ഥമായി ജനപങ്കാളിത്തത്തോടെ കേരളത്തിന്റെ ഒമ്പതാം പദ്ധതി രൂപീകൃതമാവുകയാണ്. കഴിഞ്ഞ എട്ടു പദ്ധതികളും മുകളിൽ നിന്ന് രൂപീകരിച്ച് നടപ്പിലാക്കിയിരുന്നെങ്കിൽ, ഒമ്പതാം പദ്ധതി ഗ്രാമീണജനതയുടെ ഉൾത്തുടിപ്പുകൾ ഏറ്റുവാങ്ങി താഴെനിന്ന് മുകളിലേയ്ക്ക് എന്ന തത്വംകൂടി യാഥാർത്ഥ്യമാക്കുകയാണ്. ഇന്നോളമുണ്ടായിട്ടുള്ള മാമൂലുകളിൽ നിന്നകന്ന് വികസനസ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കിത്തീർക്കുന്ന ഈ പദ്ധതി, അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്നു.

കഴിഞ്ഞ എട്ടുപദ്ധതികളിലൂടെ വമ്പിച്ച നേട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും ആ പദ്ധതികളുടെ രൂപീകരണത്തിൽ ജനങ്ങൾക്ക് യാതൊരുവിധ പങ്കുമുണ്ടായിരുന്നില്ല. കേന്ദ്ര സംസ്ഥാന പ്ലാനിംഗ് ബോർഡുകളുടെ നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങിനിന്നിരുന്നു. ആപദ്ധതിരൂപീകരണം യഥാർത്ഥ വികസനം സാക്ഷാത്കരിക്കുന്നതിൽ നിന്നകന്നുപോയി. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ആകുന്നതോടെ സാധാരണക്കാരന്റെ വികസന സങ്കൽപങ്ങൾക്ക് മൂർത്തമായ രൂപം കൈവരുകയാണ്.

കേരളത്തിൽ നടപ്പിലാക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം ഒരുമാറ്റത്തിന്റെ തുടികൊട്ടാണ്. കൃഷിയും വ്യവസായവുമടങ്ങുന്ന ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം കൈവരുന്നതോടെ കേരളമിന്നെത്തിനിൽക്കുന്ന വികസന പ്രതിസന്ധികളെ മാറ്റിമറിക്കാൻ കഴിയും.

ഒമ്പതാം പദ്ധതി രൂപീകരണത്തിൽ അധികാരവികേന്ദ്രീകരണത്തിനും പഞ്ചായത്തീ രാജിനും പ്രത്യേക പ്രസക്തിയുണ്ട്. ജനാധികാര സഭയായി ഗ്രാമപഞ്ചായത്തുകൾ മാറുന്നതോടൊപ്പം സുപ്രധാനമായതീരുമാനങ്ങളെടുക്കുന്നതിനുള്ള അവസരവും കൈവന്നിരിക്കുന്നു. കൂടുതൽ വ്യക്തതയും, സുതാര്യതയും പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലും ഉണ്ടാകുന്നതുമൂലം സംശയങ്ങൾ ദൂരികരിക്കപ്പെടുന്നു. കേന്ദ്രത്തിലും സംസ്ഥാനത്തിലും നടത്തിയിരുന്ന പദ്ധതി ആസൂത്രണം ജനങ്ങളുടെ കൈകളിലെത്തുന്നതോടെ ആത്മവിശ്വാസത്തോടെയും ഉത്സാഹത്തോടെയും ഗ്രാമ മനസ്സുകൾ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുന്നോട്ടുവരുന്നു.

പദ്ധതി അടങ്കലിന്റെ 40% ത്രിതല പഞ്ചായത്തു സമിതികളിലൂടെ ചെലവഴിക്കാൻ കേരളസർക്കാർ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ടുപദ്ധതികളിലൂടെ ലഭിച്ചതിനേക്കാൾ ഇതു കൂടുതലായിരിക്കും.

സമസ്തജനവിഭാഗങ്ങളേയും യോജിപ്പിച്ചുകൊണ്ട് ഇതുപോലൊരു വികസന പ്രവർത്തനത്തിനു രൂപം നൽകാൻ ഇന്ത്യയിൽ ഇതേവരെ കഴിഞ്ഞിട്ടില്ല. വെളിച്ചം കടക്കാത്ത മുറികളിൽ നിന്ന് ആസൂത്രണത്തെ പുറത്തേയ്ക്കുകൊണ്ടുവന്ന് കേരള ജനതയുടെ കൂട്ടായ ആലോചനയും പ്രവർത്തനവുമാക്കിമാറ്റി എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയം.

പോത്തൻകോട് ഗ്രാമപഞ്ചായത്ത് സമിതിയടെ നേതൃത്വത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ 23.9.96ന് നടന്ന ഏകദിന ശില്പശാലയോടെ തുടക്കം കുറിച്ചു. പ്രവർത്തനത്തിന്റെ വിജയത്തിനായി പഞ്ചായത്തിനകത്തെ മുഴുവൻ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സന്നദ്ധ സംഘടനാപ്രവർത്തകരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആലോചനായോഗങ്ങൾ പല തവണ വിളിച്ചു ചേർക്കുന്നതിനും, പരിപാടികൾ രൂപം നല്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി ശ്രമിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ 11 വാർഡിലെയും വിശേഷാൽ ഗ്രാമ

സഭകൾ സെപ്റ്റംബർ 27ന് തുടങ്ങി. ഒക്ടോബർ 12-ാം തീയതി അവസാനിച്ചു പോസ്റ്ററുകൾ ബാനറുകൾ വീട് വീടാന്തരമുള്ള സ്ക്വാഡ് പ്രവർത്തനം, വിളമ്പരജാഥകൾ, ഗ്രാമജ്യോതി ജനാധികാര കലാജാഥ എന്നിവ ഗ്രാമസഭാ പ്രചാരണത്തിനായി ഉപയോഗിച്ചിരുന്നു. എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് മെമ്പർമാർ എന്നിവരുടെ സാന്നിധ്യം ഗ്രാമസഭകൾ സജീവമാകാൻ ഏറെ സഹായിച്ചു.

## വിശേഷാൽ ഗ്രാമസഭകൾ ഒറ്റനോട്ടത്തിൽ

രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ബ്ലോക്കടിസ്ഥാനത്തിലുള്ള ശില്പശാലയോടെ ആരംഭിച്ചു. ഒക്ടോബർ 28, 29, 30 തീയതികളിൽ നടന്നു. കഴക്കൂട്ടം ബ്ലോക്ക്തല ശില്പശാലയിൽ പഞ്ചായത്തിൽ നിന്ന് എട്ടു പേർ പങ്കെടുത്തു. തുടർന്ന് പഞ്ചായത്ത് തല രണ്ടാംഘട്ട ശില്പശാല 13-11-96ൽ സംഘടിപ്പിച്ചു. ഇതിന്റെ വിജയത്തിനായി പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിലുള്ള ഉദ്യോഗസ്ഥൻമാരുടെ യോഗം 11.11.96ന് പഞ്ചായത്താഫീസിൽ കൂടുകയുണ്ടായി.

പഞ്ചായത്തിലെ പഠന പര്യടനം 15.11.96നു വിജയകരമായി നടന്നു. അയിരൂപ്പാറ ജംഗ്ഷനിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പഠന പര്യടനം തച്ചപ്പള്ളി വരേയും വേങ്ങോടു മലമുകളിൽ നിന്ന് വൈസ് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പഠന പര്യടനം പോത്തൻകോട്ടും സമാപിച്ചു. തുടർന്ന് റിപ്പോർട്ട് ക്രോഡീകരിക്കുകയും പൊതുവികസനരേഖ തയ്യാറാക്കുകയും അത് 9.12.96ൽകൂടിയ പഞ്ചായത്ത് കമ്മിറ്റി പരിശോദിച്ച് അംഗീകരിക്കുകയും ചെയ്തു.

## പുനരർപ്പണദിനം

1996 നവമ്പർ 1 പുനരർപ്പണദിനമായി ആചരിച്ചതിന്റെ ഭാഗമായി പോത്തൻകോട് ഗ്രാമപഞ്ചായത്ത് മേഖലയിൽ നടന്ന ശ്രമദാന പ്രവർത്തനങ്ങൾ

1. പോത്തൻകോട് പബ്ലിക് മാർക്കറ്റിന്റെ ശുചീകരണ പ്രവർത്തനം
2. പോത്തൻകോട്-മലയക്കോണം റോഡുനിർമ്മാണം
3. കല്ലൂർ-കല്ലുവെട്ടി റോഡ് നിർമ്മാണം.
4. കല്ലൂർ-ഏറത്തുവിളാകത്തു-കുന്നുകാട് റോഡുനിർമ്മാണം.
5. തൈവിച്ചുവീട്-പണിമൂല റോഡുനിർമ്മാണം.
6. പുളിക്കച്ചിറ-ഇടയൻകോട്-പാടുകാണി റോഡുനിർമ്മാണം.
7. ചെറുനെല്ലിക്കോട്, പിരിയാട്ടുകോണം ചിറ ശുചീകരണം.

| വാർഡിന്റെ പേര് | ഗ്രാമസഭകളുടെ തീയതി | പങ്കാളിത്തം | | |
|---|---|---|---|---|
| | | പുരു. | സ്ത്രീ | ആകെ. |
| 1. വേങ്ങോട് | 2-10-96 | 186 | 66 | 252 |
| 2. നേതാജിപുരം | 11-10-96 | 175 | 147 | 322 |
| 3. തച്ചപ്പള്ളി | 2-10-96 | 105 | 80 | 185 |
| 4. കല്ലൂർ | 28-9-96 | 187 | 106 | 393 |
| 5. മഞ്ഞമല | 4-10-96 | 206 | 96 | 302 |
| 6. മണ്ണറ | 12-10-96 | 165 | 80 | 245 |
| 7. പുലിവീട് | 5-10-96 | 150 | 60 | 210 |
| 8. പണിമൂല | 7-10-96 | 170 | 163 | 323 |
| 9. ഇടത്തറ | 3-10-96 | 230 | 153 | 383 |
| 10. പോത്തൻകോട് | 8-10-96 | 222 | 101 | 323 |
| 11. ആയിരൂപ്പാറ | 27-9-96 | 141 | 70 | 211 |
| ആകെ | | 1937 | 1122 | 3059 |

# പൊതു വിവരണം ഭരണപരമായ ചരിത്രം

# 2

**പൊതുവിവരങ്ങൾ**

| | |
|---|---|
| പഞ്ചായത്തിന്റെ പേര്. | പോത്തൻകോട് ഗ്രാമപഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| വിസ്തീർണ്ണം | 20.85. ച കി. |
| ഉൾപെടുന്ന വില്ലേജുകൾ | മേൽതോന്നയ്ക്കൽ, കീഴ് തോന്നയ്ക്കൽ, അയിരൂപ്പാറ, അണ്ടൂർക്കോണം. |
| ബ്ളോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ | : പോത്തൻകോട് അയിരൂപ്പാറ. തോന്നയ്ക്കൽ |
| ബ്ളോക്ക് പഞ്ചായത്ത്: | കഴക്കൂട്ടം |
| താലൂക്ക് | : തിരുവനന്തപുരം |
| ജില്ലാ പഞ്ചായത്ത് മണ്ഡലങ്ങൾ | : മുരുക്കംപുഴ, മാണിക്കൽ. |
| ജില്ലാ പഞ്ചായത്ത് | : തിരുവനന്തപുരം |
| അസംബ്ളി മണ്ഡലം | : കഴക്കൂട്ടം |
| പാർലമെന്റ് മണ്ഡലം | : ചിറയിൻകീഴ് |

**അതിരുകൾ**

| | |
|---|---|
| വടക്ക് | : മുദാക്കൽ പഞ്ചായത്ത് |
| വടക്ക് കിഴക്ക് | : മാണിക്കൽ പഞ്ചായത്ത് |
| കിഴക്ക് | : വെമ്പായം പഞ്ചായത്ത് |
| കിഴക്ക് തെക്ക് | : ശ്രീകാരം പഞ്ചായത്ത് |
| തെക്ക് | : കഴക്കൂട്ടം പഞ്ചായത്ത് |
| തെക്ക് പടിഞ്ഞാറ് | : അണ്ടൂർക്കോണം പഞ്ചായത്ത് |
| പടിഞ്ഞാറ് | : മംഗലപുരം പഞ്ചായത്ത് |

| | |
|---|---|
| വാർഡുകൾ | : പതിനൊന്ന് |
| ജനസംഖ്യ | : 24995. |
| പുരുഷന്മാർ | : 12266 |
| സ്ത്രീകൾ | : 12729 |
| പട്ടികജാതി | : 2600 |
| പുരുഷന്മാർ | : 1295 |
| സ്ത്രീകൾ | : 1305 |
| പ്രസിഡന്റ് | : ജി. വാമദേവൻ നായർ |
| വൈസ് പ്രസിഡന്റ് | : പി. പ്രസന്നകുമാരി. |
| സ്റ്റാന്റിംഗ് കമ്മറ്റി-ചെയർമാൻ | : എ. സലാഹുദീൻ. |

1953ൽ പോത്തൻകോട് പഞ്ചായത്ത് നിലവിൽ വന്നു. തച്ചപ്പള്ളി. കല്ലൂർ എന്നി മുറികൾ ഉൾപ്പെടുന്ന മേൽതോന്നയക്കൽ വില്ലേജ്. പുലിവിട് മുറി ഉൾപ്പെടുന്ന കീഴ് തോന്നയ്ക്കൽ വില്ലേജ്, മണ്ണറ, ഇടത്തറ മുറികൾ ഉൾപ്പെടുന്ന അണ്ടൂർക്കോണം വില്ലേജ്. അയിരൂപ്പാറ മുറി ഉൾപ്പെടുന്ന അയിരൂപ്പാറ എന്നി വില്ലേജുകളിലായി വ്യാപിച്ചുകിടന്ന ഈ പഞ്ചായത്ത് തിരുവനന്തപുരം താലൂക്കിന്റെ വടക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്നു. കീഴ് തോന്നയ്ക്കൽ വില്ലേജാഫീസ് മാത്രമായിരുന്ന പഞ്ചായത്ത് നിലവിൽ വരുമ്പോൾ ഉണ്ടായിരുന്ന ഏക സർക്കാർ സ്ഥാപനം. 1953 ൽ ആറ് വാർഡുകളായിരുന്നു നിലവിലുണ്ടായിരുന്നത്. പട്ടിക ജാതി റിസർവേഷൻ ഉൾപ്പെടെ ഏഴ് അംഗങ്ങളെയാണ് അന്ന് തിഞ്ഞെ

ടുത്തത്

പഞ്ചായത്ത് രൂപീകൃതമായപ്പോൾ ആഫീസ് സ്ഥിതിചെയ്തിരുന്നത് പുലിവീട് വാർഡിലായിരുന്നു പിന്നീട് പോത്തൻകോട് ജംഗ്ഷനിലേക്ക് മാറ്റി സ്ഥാപിച്ചു; ഇപ്പോൾ ആഫീസ് സ്ഥിതിചെയ്യുന്ന വസ്തു ആദ്യ പ്രസിഡന്റിന്റെ പേരിൽ വാങ്ങുകയും, 1958ൽ മേയ് 10 – ാം തീയതി ഓഫീസ് മന്ദിരം ഉത്ഘാടനം ചെയ്യുകയും ചെയ്തു. പഞ്ചായത്തിന്റെ പേര് പോത്തൻകോട് എന്നാണെങ്കിലും 1979 ലെ തെരഞ്ഞെടുപ്പിലാണ് പോത്തൻകോട് എന്ന വാർഡ് നിലവിൽ വന്നത്. 1953-54 ലെ ആദ്യ ബഡ്ജറ്റ് 1265 രൂപ വരവും 1264 രൂപ ചെലവും കാണിക്കുന്നതായിരുന്നെങ്കിൽ 1996-97 ൽ ഇത് 1,16,67,750 രൂപ വരവും 1,05, 86,650 രൂപ ചെലവും കാണിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ദീർഘനാൾ സേവനമനുഷ്ഠിച്ച് ഇപ്പോൾ ഡെപ്യൂട്ടി ഡയറക്ടർ പദവിയിൽ ഇരിക്കുന്ന ശ്രീമതി. ലിസാമ്മ ജോർജ്ജ്, ശ്രീമതി. സുശീല എന്നിവർ ചെയ്ത സേവനങ്ങൾ ഗണനീയമാണ്.

പോത്തൻകോട് പഞ്ചായത്ത് രൂപീകരണത്തിന് ശേഷമുള്ള ഭരണസമിതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആദ്യ ഭരണസമിതി 1953-1963

ആദ്യ പ്രസിഡന്റ് : കെ. ബാഹുലേയൻ നായർ.
വൈസ് പ്രസിഡന്റ് : അടപ്പിനകം മുഹമ്മദു കുഞ്ഞ്
1. തച്ചപ്പള്ളി : ചന്ദ്രശേഖരപിള്ള.
2. തച്ചപ്പള്ളി
(റിസർവേഷൻ) : വി. ചാത്തൻ
3. കല്ലൂർ : അടപ്പിനകം മുഹമ്മദ് കുഞ്ഞ്
4. മണ്ണറ : പി. കുട്ടൻ പിള്ള
5. പുലിവീട് : കുളത്തുംകര മാധവൻപിള്ള
6. ഇടത്തറ : കെ. ബഹുലേയൻ നായർ
7. അയിരൂപ്പാറ : ഇടത്താട്ട് കൃഷ്ണപിള്ള

രണ്ടാം ഭരണസമിതി [1963 -1979]

1. തച്ചപ്പള്ളി : കെ.വി. ഗംഗാധരൻ
2. തച്ചപ്പള്ളി
(റിസർവേഷൻ) : ഭാസ്കരൻ
3. കല്ലൂർ : എം. മുഹമ്മദ് മുസ്തഫ
4. മണ്ണറ : കെ. ബഹുലേയൻ നായർ
5. പുലിവീട് : വിശ്വംഭരൻ നായർ
6. ഇടത്തറ : അലിയാരുകുഞ്ഞ്
7. അയിരൂപ്പാറ : കൃഷ്ണപിള്ള
8. വനിതാ നോമിനി: പി. കൃഷ്ണമ്മ
പ്രസിഡന്റ് : ഗംഗാധരൻ
വൈസ് പ്രസിഡന്റ് : അലിയാരുകുഞ്ഞ്

ശ്രീ. ഗംഗാധരൻ പ്രസിഡന്റ് സ്ഥാനം രാജിവച്ചതിനെ തുടർന്ന് എം. മുഹമ്മദ് മുസ്തഫ പ്രസിഡന്റായി. മുഹമ്മദുമുസ്തഫ രാജിവച്ചതിനെ തുടർന്ന് വിശ്വംഭരൻ നായർ പ്രസിഡിന്റായി. വിശ്വംഭരൻ നായർ രാജി വച്ചതിനെതുടർന്ന് അയിരൂപ്പാറ വാർഡ്മെമ്പറായിരുന്ന ശ്രീ. കൃഷ്ണപിള്ളയുടെ മരണത്തെ തുടർന്നുണ്ടായ ഒഴിവിൽ തിരഞ്ഞെടുക്കപ്പെട്ട കെ. ചക്രപാണി പ്രസിഡന്റായി. കെ. ചക്രപാണി പ്രസിഡിന്റ് സ്ഥാനം രാജി വച്ചപ്പോൾ വൈസ് പ്രസിഡന്റായിരുന്ന അലിയാരുകുഞ്ഞ് പ്രസിഡന്റായി.വൈസ് പ്രസിഡന്റായി ശ്രീമതി. പി.കൃഷണമ്മയെ തിരഞ്ഞെടുത്തു. മുഹമ്മദ് മുസ്തഫ മെമ്പർ സ്ഥാനം രാജിവച്ചതിനെ തുടർന്ന് ഇബ്രാഹിം കുഞ്ഞ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു ബാഹുലേയൻ നായർ മെമ്പർ സ്ഥാനം രാജിവച്ചതിനെ തുടർന്ന് മാധവൻപിള്ള മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടു.

മൂന്നാം ഭരണ സമിതി [1979-1984]

1. വേങ്ങോട്
(റിസർവേഷൻ) കെ. വേലു

| | | | |
|---|---|---|---|
| 2. തച്ചപ്പള്ളി | സുകുമാരൻ നായർ | 10. അയിരൂപ്പാറ | : കെ.തങ്കപ്പൻ നായർ |
| 3. കല്ലൂർ | : ഇ.അബ്ദുൾ ഖരിം | പ്രസിഡന്റ് | : ജി. വാമദേവൻ |
| 4. മഞ്ഞമല | : കുഞ്ഞു കൃഷ്ണപിള്ള | വൈസ് പ്രസിഡന്റ് | : കെ. തങ്കപ്പൻ നായർ |
| 5. മണ്ണറ (വനിത) | : സുഭദ്രഅമ്മ | **അഞ്ചാംഭരണ സമിതി** | |
| 6. പുലിവിട് | : ജി. വാമദേവൻ | **1995 ഒക്ടോബർ 4ാം തീയതി** | |
| 7. ഇടത്തറ | : വിശ്വനാഥൻ | **അധികാര മേറ്റ നിലവിലുള്ള കമ്മിറ്റി.** | |
| 8. പോത്തൻകോട് | : പ്രഭാകരൻ നായർ | 1. വേങ്ങോട് | : വേങ്ങോട് അനിൽകുമാർ. |
| 9. അയിരൂപ്പാറ | : കെ തങ്കപ്പൻനായർ | 2. നേതാജി പുരം | : പി. പ്രസന്ന കുമാരി |
| പ്രസിഡന്റ് | : ജി. വാമദേവൻ | 3. തച്ചപ്പള്ളി | : വി. ശശിധരൻ നായർ |
| വൈസ് പ്രസിഡന്റ് | : കെ. വേലു | 4. കല്ലൂർ | എ. സലാഹുദീൻ |
| **1984 മുതൽ 1988 വരെ** | | 5. മഞ്ഞമല | : ഇ.എ. അബ്ദുൾ ഖരിം |
| **അഡ്മിനിസ്ട്രേറ്റീവ് ഭരണം** | | 6. മണ്ണറ | : ബി ഗോപിനാഥൻ നായർ |
| **നാലം ഭരണ സമിതി [ 1988-1995]** | | 7. പുലിവിട് | : പി. ബാബുരാജൻ |
| 1. വേങ്ങോട് (റിസർവേഷൻ) | : രാജേന്ദ്രൻ | 8. പണിമൂല | : ബി. സൗദാമിനി അമ്മ |
| 2. നേതാജിപുരം | : എ.സി. പ്രഭാകരൻ നായർ | 9. ഇടത്തറ | : ജെ. സുലോചന |
| 3. തച്ചപ്പള്ളി | : വി. ശശിധരൻ നായർ | 10. പോത്തൻകോട് | : ജി.വാമദേവൻ നായർ. |
| 4. കല്ലൂർ | : അയിഷാബീവി. | 11. അയിരൂപ്പാറ | : ബി. ലീല |
| 5. മഞ്ഞമല | : എം.മുഹമ്മദു മുസ്തഫ | പ്രസിഡന്റ് | : ജി. വാമദേവൻ നായർ |
| 6. മണ്ണറ (വനിത) | : ഇന്ദിരാഭായി | വൈസ് പ്രസിഡന്റ് | : പി. പ്രസന്നകുമാരി. |
| 7. പുലിവീട് | : കെ. ഗോപാലൻ | സറ്റാൻഡിംഗ് കമ്മറ്റി | |
| 8. ഇടത്തറ | : ജി വാമദേവൻ. | ചെയർമാൻ | : എ. സലാഹുദ്ദീൻ |
| 9. പോത്തൻകോട് | : ജി. വാമദേവൻ നായർ | പഞ്ചായത്ത് സെക്രട്ടറി | : കെ. ഓമനഅമ്മ |

പോത്തൻകോട് പഞ്ചായത്തുടെ പൊതു
പ്രാധാന്യമുള്ള സ്ഥാപനങ്ങൾ

കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ളവ

പോസ്റ്റ് ഓഫീസ്, പോത്തൻകാട്
പോസ്ററ ഓഫീസ്- മഞ്ഞുമല
ടെലഫോൺ എക്സ്ംചേഞ്ച്, വേങ്ങോട്

സംസ്ഥാന സർക്കാൻ ഉടമസ്ഥതയിലുള്ളവ

പഞ്ചായത്ത് ഓഫീസ്
വില്ലേജ് ഓഫീസ്, കീഴ് തോന്നയ്ക്കൽ
വേങ്ങാട് പ്രാധമികാരോഗ്യകേന്ദ്രം
ആയുർവേദ ആശുപത്രി പോത്തൻകോട്
പ്രൈമറി ഹെൽത്ത് സബ് സെൻെറർ
ആനയേക്കാട്
പ്രൈമറി ഹെൽത്ത് സബ് സെൻെറർ
മണലകം
കൃഷി ഓഫീസ്, പോത്തൻകോട്
ഗവ . H.S. അയിരൂപ്പാറ

ഗവ LPS മണലകം
ഗവ UPS കല്ലൂർ
• പോത്തൻകോട്
• തച്ചപ്പള്ളി
മൃഗാശുപത്രി കല്ലൂർ
കോളനൈസേഷൻ ഓഫീസ്, വേങ്ങോട്
ഇൻഡസ്ട്രിയൽ എസ്സേറ്റ് വേങ്ങോട്
സബ് രജിസ്റ്റാർ ഓഫീസ് പോത്തൻകോട്
വില്ലേജ് എക്സ്റെറൻഷൻ ഓഫീസ്,
വേങ്ങോട്
വില്ലേജ് എക്സ്റെറൻഷൻ ഓഫീസ്,
പോത്തൻകോട്

പോലീസ് ഔട്ട് പോസ്റ്റ്, പോത്തൻകോട്
ഇലക്ട്രിക്കൽ ഓവർസിയർ ഓഫീസ്,
പോത്തൻകോട്
എയ്ഡഡ് വിദ്യാലയങ്ങൾ
LVHS പോത്തൻകോട്
EVUPS കൊയ്ത്തൂർക്കോണം

വാണിജ്യ ബാങ്കുകൾ

എസ്. ബി. റ്റി, പോത്തൻകോട്
ഫെഡറൽ ബാങ്ക്, വേങ്ങോട്

സഹകരണ സ്ഥാപനങ്ങൾ

ജില്ലാ സഹകരണ ബാങ്ക് ശാഖ
പോത്തൻകോട്
അയിരൂപ്പാറ ഫാർമേഴ്സ് സഹകരണ സംഘം
ജോയിന്റെ ഫാമിംഗ് സഹകരണ സംഘം.
വേങ്ങോട്
ക്ഷീരോല്പാദക സഹകരണ സംഘം,
നേതാജിപുരം
ക്ഷീരോല്പാദക സഹകരണ സംഘം, കല്ലൂർ
താലൂക്ക് റബ്ബർ മാർക്കറ്റിംങ് സൊസൈറ്റി.
കൺസ്യൂമർ സഹകരണ സംഘം
ഭവന നിർമ്മാണ സഹകരണ സംഘം

# സാമൂഹ്യ സാംസ്കാരിക ചരിത്രം

# 3

തിരുവനന്തപുരം താലൂക്കിന്റെ ഏതാണ്ട് വടക്കേ അറ്റത്തായി വെള്ളാണിക്കൽകുന്നിന്റേയും, മലമുകളിന്റേയും, ആയിരവല്ലിക്കുന്നിന്റേയും താഴ്വാരത്തിൽ പ്രകൃതിരമണീയത നിറഞ്ഞ ഗ്രാമഭംഗിക്ക് കോട്ടം വരാതെ പോത്തൻകോട് പഞ്ചായത്ത് പ്രദേശം നിലകൊള്ളുന്നു.

ലോകാരാധ്യനായ ശ്രീനാരായണ ഗുരുവിന്റെ ജന്മംകൊണ്ട് പവിത്രമായ ചെമ്പഴന്തിയും, വിശ്വകവി കുമാരനാശാൻ ദീർഘകാലം കാവ്യസപര്യനടത്തിയിരുന്ന തോന്നയ്ക്കലും ഈ പഞ്ചാത്തിന്റെ തെക്കുഭാഗത്തും പടിഞ്ഞാറുഭാഗത്തു മായി സ്ഥിതി ചെയ്യുന്നു. സ്വാഭാവികമായും ഇവരുടെ ദർശനവും, സാഹിത്യവും ഈ ഗ്രാമപഞ്ചായത്തിലെയും ജനങ്ങളുടെ സാംസ്കാരിക ജീവിതത്തിന്റെ ഉൾത്തുടിപ്പുകളായി ത്തീർന്നിട്ടുണ്ട്. കാർഷിക സാംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ വളർന്നു വന്ന ജനതയുടെ മനസ്സിലെ ഗ്രാമനന്മകളെ പൂർണ്ണമായി തുടച്ചുനീക്കാൻ ആധുനിക നാഗരികതക്ക് കഴിഞ്ഞിട്ടില്ല. എങ്കിലും അറിവിന്റെ ആദ്യാക്ഷരങ്ങൾ നേടി, ലോകത്തെമ്പാടും വന്ന മാറ്റത്തിന്റെ ഗതിവേഗങ്ങളേറ്റുവാങ്ങി നവജീവിതം പടുത്തുയർത്താൻ അവർക്കു കഴിഞ്ഞിട്ടുണ്ട്.

പോത്തൻകോട് എന്ന സ്ഥലനാമത്തിന്റെ ഉൽപത്തിയെക്കുറിച്ച് അന്വേഷിക്കുമ്പോൾ സംഘകാലത്തിന്റെ പഴമകളിലേക്ക് എത്തിനോക്കേണ്ടി വരും. ബുദ്ധൻകോട്, പുത്തൻകോടും, പുത്തൻകോട്, പോത്തൻകോടും, പിന്നീട് പോത്തൻകോടായി രൂപാന്തരം പ്രാപിച്ചതായി പറഞ്ഞു കേൾക്കുന്നുണ്ട്. ഇതൊരു കേട്ടറിവിലൂടെയുള്ള വിശ്വാസം മാത്രമായി പരിഗണിച്ചാലും പോത്തൻകോടിന്റെ പരിസര പ്രദേശങ്ങളിൽ കാണപ്പെടുന്ന ശാസ്താ ക്ഷേത്രങ്ങളും, അടുത്ത പ്രദേശമായ ശാസ്തവട്ടം എന്ന സ്ഥലനാമവും മടവൂർപ്പാറയിലെ ഗുഹാക്ഷേത്രത്തിന്റെ സാമിപ്യവും, പഴക്കവുമെല്ലാം പരിശോധിക്കുമ്പോൾ ഇവിടങ്ങളിൽ ബുദ്ധമത സങ്കേതങ്ങളുണ്ടായിരുന്നുവെന്ന തിരിച്ചറിവിൽ ചെന്നെത്തുന്നു.

ഒരു കാലത്ത് ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയിൽ നല്ലൊരു ഭാഗം വനങ്ങളായിരുന്നു. മലമുകൾ, വെള്ളാണിക്കൽ തുടങ്ങിയ പ്രദേശങ്ങളിൽ ആദിവാസികളായ കാണിക്കാർ പാർത്തിരുന്നതായി തെളിവുകളുണ്ട്. ശേഷിക്കുന്ന ഭൂപ്രദേശങ്ങളാണ് കൃഷിയിടങ്ങളായിട്ടുണ്ടായിരുന്നത്. വനഭൂമികൾ ഏതാണ്ട് അമ്പതു വർഷക്കാലത്തിനു മുമ്പ് വെട്ടി വെളിവാക്കപ്പെട്ടതോടെ പട്ടിക വർഗ്ഗക്കാരുടെ സാന്നിദ്ധ്യവും ഇല്ലാതായി. എന്നിരുന്നാലും അവർ പൂജിച്ചുവന്നിരുന്ന ക്ഷേത്രങ്ങളും, അവർ തുടർന്നു വന്ന ക്ഷേത്രാനുഷ്ഠാനങ്ങളും പോറലുകളേല്കാതെ നിലനില്ക്കുന്നതു കാണാൻ കഴിയും.

വനഭൂമി കഴിച്ചുള്ള കൃഷിയിടങ്ങൾ ഏതാനും വ്യക്തികളുടെ കൈവശമായിരുന്നു. അവതന്നെ രാജഭോഗമെന്നും, ദേവസ്വമെന്നും, ബ്രഹ്മസ്വമെന്നും, കാണിപ്പാട്ടമെന്നുമുള്ള പേരുകളിലാണ് വ്യവഹരിച്ചിരുന്നത്. ഇത് ജന്മിനാടുവാഴിത്തത്തിന്റെ സജീവസാന്നിദ്ധ്യം ഉറപ്പാക്കുന്നു. എങ്കിൽ തന്നെയും വർഗ്ഗ വൈരുദ്ധ്യത്തിന്റെ സംഘർഷഭൂമിയായിരുന്നു ഇവിടം എന്നു പറയുവാൻ തക്കവണ്ണമുള്ള സംഭവങ്ങളൊന്നും തന്നെ ചരിത്രം പറയുന്നില്ല.

എന്നിരുന്നാലും ജാതിവ്യവസ്ഥയുടെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് നട്ടം തിരിഞ്ഞിരുന്ന ഒരു അധഃസ്ഥിത വർഗ്ഗവും അവരുടെ ദുരിതങ്ങളുമുണ്ടായിരുന്നു. അവരുടെ വിയർപ്പുതുള്ളികൾ പാടങ്ങളിൽ നെൽമണികളായി വിളഞ്ഞു. അവന്റെ മെയ്ക്കരുത്തു കൊണ്ടും, കരവിരുതുകൊണ്ടും, നാട്ടുപാതയുടെ ഓരം പറ്റി തമ്പുരാക്കന്മാർക്ക് മാളികവീടുകൾ പൊങ്ങി. പക്ഷെ അവർണനു പൊതുനിരത്തിലൂടെ വഴിനടക്കാൻ രാജശാസനങ്ങളുടെ ക്ലാവുപിടിച്ച ചെമ്പുതകിടുകൾ തടസ്സമായിരുന്നു. പത്തായപ്പുരകളിൽ സൗഭാഗ്യത്തിന്റെ കതിർമണികൾ നിറച്ചപ്പോഴും കണികാണാത്തൊരകലത്തിൽ നില്കാനേ

അധഃകൃതനു കഴിഞ്ഞിരുന്നുള്ളു.

അപ്പോഴേക്കും പള്ളിക്കൂടങ്ങളും, അച്ചടിയന്ത്രങ്ങളും കൂടി ചേർന്ന് അക്ഷരങ്ങളുടെ പ്രകാശനിർഭരമായ ലോകം തെളിഞ്ഞു വരാനും തുടങ്ങിയിരുന്നു. ഖദറിനെക്കുറിച്ചും, ജാഥയെക്കുറിച്ചും സത്യാഗ്രഹത്തെക്കുറിച്ചുമെല്ലാം പുത്തനറിവുകൾ ഈ ഗ്രാമത്തിന്റെ ചെവികളിലുമെത്തിത്തുടങ്ങി. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ നേതാക്കൾ തോട്ടുവരമ്പിലൂടെ ഒളിത്താവളങ്ങൾ തേടി നടന്നെത്തുന്നതുകണ്ടു.

തിരുവിതാങ്കൂറിലെ ഉത്തരവാദ ഭരണപ്രക്ഷോഭത്തിന്റെ മാറ്റൊലികൾ ഗ്രാമസിരകളിൽ അനുരണനങ്ങൾ സൃഷ്ടിച്ചു. പിന്നെ മാറ്റത്തിന്റെ വേഗത കൂടുകയായിരുന്നു. ഇതോടെ സാമൂഹ്യജീവിതത്തിൽ ഒരു പുതിയഘട്ടം കൂടി ഉദയം ചെയ്തു. ശ്രീനാരായണ പ്രസ്ഥാനം ഇളക്കിവിട്ട സാമുദായിക നവോത്ഥാന പ്രസ്ഥാനങ്ങളും, സാംസ്കാരിക രാഷ്ട്രീയ വളർച്ചയ്ക്ക് വേണ്ടവണ്ണം മണ്ണിനെ ഉഴുതുമറിക്കുകയാണ് ചെയ്തത്. ആരാധനാ സ്വാതന്ത്ര്യത്തിനും വഴിനടക്കാനുള്ള സ്വാതന്ത്ര്യത്തിനും വേണ്ടി രാജ്യമാസകലം ആഞ്ഞടിച്ച കൊടുംകാറ്റിനൊത്ത് ഈ കൊച്ചു ഗ്രാമത്തിലും പ്രതികരണത്തിന്റെ അലയടികൾ ഉണ്ടായി. ക്ഷേത്ര പ്രവേശന വിളംബരവും, സവർണ്ണരുടെ മക്കൾക്കും അവർണ്ണരുടെ മക്കൾക്കും ഒരു പള്ളിക്കൂടത്തിൽ പഠിക്കാനുള്ള അവസരവും കൂടിയായപ്പോൾ സാമൂഹ്യ സാംസ്കാരിക രംഗത്ത് പുത്തനുണർവിന്റെ തുടിതാളങ്ങളുയർന്നു.

ഭാരതമാകെ ആഞ്ഞുവീശിയ സാമ്രാജ്യത്വ വിരുദ്ധ സമരത്തിന്റെ തീക്കാറ്റ് ഈ ഗ്രാമവും ചെറുതായിട്ടെങ്കിലും ഏറ്റുവാങ്ങി. ഇന്ന് കൊടിതൂക്കിമലയെന്ന് അറിയപ്പെടുന്ന കുന്നിൻ മുകളിൽ സ്വതന്ത്ര്യ സമരകാലത്ത് ത്രിവർണ്ണ പതാക ഉയർത്തികൊണ്ട് സ്വാതന്ത്ര്യരാജ്യത്തിനൊരു 'കൊടിതൂക്കി മല' സംഭാവന ചെയ്ത ഗോവിന്ദപ്പിള്ളയെ നാം ഓർക്കുന്നു. തിരുവിതാംകൂറിൽ ദിവാൻ വാഴ്ചയ്ക്കും, അനീതികൾക്കുമെതിരെ നടന്ന പുന്നപ്ര വയലാർ സമരം, കല്ലറ പാങ്ങോട് സമരം, ശൂരനാട് സംഭവം, വട്ടിയൂർക്കാവ് സംഭവം തുടങ്ങിയ സമര പരമ്പരകൾക്ക് ചുക്കാൻ പിടിച്ച നേതാക്കൻമാരെ അധികാരി വർഗ്ഗത്തിന്റെ വേട്ടനായ്ക്കളിൽ നിന്ന് പൊന്നുപോലെ സംരക്ഷിച്ച കൊച്ചു ചരിത്രം നമ്മുടെ പഞ്ചായത്തിനും പറയാനുണ്ട്. കല്ലറ പാങ്ങോട് സമരനായകനായ ശ്രീ. ഉണ്ണിത്താനെ മാസങ്ങളോളം സംരക്ഷിച്ചത് കളീക്കൽ, വെള്ളാണിക്ക, ശാസ്താംകോണം ഭാഗങ്ങളിലെ ദേശസ്നേഹികളായ കർഷകരായിരുന്നു. ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലെ സൂര്യതേജസ്സും കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യ പടനായകനുമായ സഖാവ് കൃഷ്ണപിള്ളയെ ആറ്റിങ്ങലിൽ നിന്നും ഒളിത്താവളമായ കാട്ടായിക്കോണത്ത് എത്തിച്ചത് പോത്തൻകോട് പ്രദേശത്തിന്റെ സുരക്ഷിതത്വത്തിലൂടെയായണെന്ന് ഇപ്പോഴത്തെ തിരുവനന്തപുരത്തെ എം.പി. ആയ കെ.വി. സുരേന്ദ്രനാഥ് രേഖപ്പെടുത്തിയിട്ടുണ്ട്. തെക്കൻ തിരുവിതാംകൂറിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യ സംഘാടകരായ ശ്രീ. കാട്ടായിക്കോണം വി. ശ്രീധർ, കാട്ടായിക്കോണം സദാനന്ദൻ, ഉള്ളൂർ ഗോപി തുടങ്ങിയവരെ സംരക്ഷിക്കാൻ ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഒട്ടേറെ കുടുംബങ്ങൾ ത്യാഗപൂർവം മുന്നോട്ടു വന്ന നിരവധി സംഭവങ്ങളുണ്ട്. പോത്തൻകോട് കൃഷ്ണൻ കോൺട്രാക്റ്റർ, കളിയിക്കൽ ഭാർഗ്ഗവൻ, കാപ്പിത്തോട്ടം ശങ്കു, കല്ലൂർ തൊടിയിൽ മൈതീൻ കുഞ്ഞ്, പിരിയാട്ടുകോണം നാരായണൻ നായർ തുടങ്ങിയവർ ഈ ഒളിപ്രവർത്തനങ്ങളുടെ സംഘാടകരായി പ്രവർത്തിച്ച ഈ പ്രദേശത്തെ ധീരന്മാരാണ്.

ഇന്നത്തെ മുഖ്യമന്ത്രിയായ ഇ.കെ. നായനാർ മുൻ മുഖ്യമന്ത്രിയായിരുന്ന പി.കെ. വാസുദേവൻ നായർ തുടങ്ങിയവർ ഒളിവുകാല രാഷ്ട്രീയ പ്രവർത്തനങ്ങൾ ഇവിടെയും എത്തിച്ചേർന്നിരുന്നു. ആദ്യകാല കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനും പിൽക്കാലത്ത് പ്രമുഖ വ്യവസായിയുമായിരുന്ന കുളത്തിങ്കൽ പോത്തനും കുടുംബവും ഇവിടെ ഇടത്താ വാർഡിൽ ഒളിവിൽ പാർത്തിരുന്നു.

സ്വാതന്ത്ര്യസമര സേനാനിയും ജീവിതാവസാനം വരെയും കോൺഗ്രസ്സുകാരനായി ജീവിച്ച ശ്രീ. കെ.വി. ഗംഗാധരൻ (കുട്ടൻ മേസ്തിരി) പോത്തൻകോടിന്റെ സാമൂഹ്യജീവിതത്തിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയായ ശ്രീ. ദിവാകരന്റെ പേരും ഇത്തരുണത്തിൽ സ്മരണീയമാണ്.

പോത്തൻകോട് പ്രദേശത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ സംസ്കൃതിയിൽ കമ്മ്യൂണിസ്റ്റ് ആശയഗതികൾക്ക് ഗണ്യമായ സ്ഥാനം നേടിയെടുക്കുന്നതിൽ ശ്രീ. കാട്ടായിക്കോണം വി. ശ്രീധരുടെ ജീവിത സാന്നിദ്ധ്യവും നേതൃത്വ പ്രഭാവവും നൽകിയ

സംഭാവനകൾ വളരെ വലുതാണ്. അദ്ദേഹത്തിന്റെ മരണാന ന്തരം ഈ പഞ്ചായത്തിലെ ഇടത്തറ വാർഡിൽ കാട്ടായി ക്കോണത്തു നിർമ്മിച്ച സ്മൃതിമണ്ഡപത്തിന് തല ഉയർത്തി നിന്ന് കാലത്തോടു മന്ത്രിക്കാൻ ഒട്ടേറെ കഥകളുണ്ട്.

ഉത്തരവാദ ഭരണപ്രക്ഷോഭത്തിന്റെ സമരാഗ്നിയിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ നേതൃത്വബോധമേറ്റുവാങ്ങി ആരംഭിച്ച പൊതു പ്രവർത്തനം ഒരു പുരുഷായുസ് മുഴുവൻ നീണ്ടുനി ന്നു. സ്റ്റേറ്റു കോൾഗ്രസ് പ്രവർത്തകനായി തുടങ്ങിവച്ച ച രിത്രം പിന്നെ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തിരുവി താംകൂറിലെ ചരിത്രമായി മാറുകയാണുണ്ടായത്. ത്യാഗമെന്ന വാക്കിന് സ്വന്തം ജീവിതം കൊണ്ട് ചാരുത തീർത്ത വ്യക്തി ത്വമാണദ്ദേഹത്തിന്റേത്. ഒളിവിലും, തെളിവിലും പ്രവർത്തിച്ചു കൊണ്ടിരിക്കെ ഒരിക്കൽ കഴക്കൂട്ടം മണ്ഡലത്തിലെ എം.എൽ.എ. ആവുകയും എക്കാലത്തും ജനമനസ്സുകളിൽ എം.എൽ.എ. യായി പ്രതിഷ്ഠനേടുകയും ചെയ്ത അദ്ദേഹം നമ്മുടെയെല്ലാം എക്കാലത്തേയും പ്രിയപ്പെട്ട എം.എൽ.എ. ആയിത്തീരുകയും ചെയ്തു. കാട്ടായിക്കോണം നേതൃത്വംനൽകിയ ജനകീയ സമരങ്ങൾ ഓരോന്നായി പറയാൻ ഇനിയുമൊരു ഇതിഹാസകാരൻ ജനിക്കേണ്ടിയിരിക്കുന്നു. ഒരു ജനതയുടെ സുവർണ്ണ സ്വപ്നങ്ങൾക്കുവേണ്ടി സ്വജീവിതം ബലിപുഷ്പം പോലെ സമർപ്പിച്ച ശ്രീ കാട്ടായിക്കോണം ശ്രീധരുടെ ഓർമ്മ കൾ ജനകീയാസൂത്രണത്തിന്റേയും, സമഗ്രവികസനത്തിന്റേയും വീഥികളിൽ പ്രകാശം ചൊരിയുന്ന നിറദീപങ്ങളാകട്ടെ.

പണിമൂല ദേവീക്ഷേത്രം, അരിയോട്ടുകോണം ശ്രീത മ്പുരാൻ ക്ഷേത്രം, കരൂർ ക്ഷേത്രം തുടങ്ങിയവ നൂറ്റാണ്ടുകൾ പഴക്കമുള്ള ക്ഷേത്രങ്ങളാണ്. ഈ പഴക്കത്തോടൊപ്പം തന്നെ മതസൗഹാർദ്ദത്തിനും പഴക്കമുണ്ട്. തച്ചപ്പള്ളി ക്ഷേത്രത്തിൽ നടന്നു വന്നിരുന്ന ഒമ്പതു ദിവസത്തെ ഊട്ടും പാട്ടും അനു ഷ്ഠാനത്തിൽ ആറാം ദിവസത്തെ പാട്ട് പുരാതന മുസ്ലീം കുടുംബമായ അമ്പാലിക്കോണത്ത് ആശാൻമാരുടെ സഹക രണത്തോടെയാണ് നടന്നിരുന്നത്.

മുസ്ലീം പള്ളികൾ നിരവധിയുണ്ടെങ്കിലും കല്ലൂർ പള്ളി 400-ഓളം വർഷത്തെ പഴക്കമുള്ളതാണ്. ക്രൂസ്ത്യൻ ദേവാലയ മായ സാൽവേഷൻ ആർമി ചർച്ച് 1932-ൽ പണികഴിപ്പിച്ചു. ഈ കാലയളവിനുള്ളിൽ ഒരിക്കൽ പോലും മതസഹിഷ്ണതക്കു പോറലേൽക്കുന്ന ഒരൊറ്റ സംഭവവും എടുത്തുകാട്ടാനില്ലെ ന്നത് സാംസ്കാരിക തെളിമയുടെ മികവുറ്റ ഉദാഹരണമായി കാണാം.

ഗ്രന്ഥശാലകളും സാംസ്കാരിക സ്ഥാപനങ്ങളും

1950-ൽ ആരംഭിച്ച പോത്തൻകോട് ലൈബ്രറി & റീഡിംഗ്റൂം ഇപ്പോഴും മികച്ച നിലയിൽ പ്രവർത്തിച്ചുകൊണ്ടി രിക്കുന്നു. പൊതുവിജ്ഞാനത്തിന്റെയും സാഹിത്യാസ്വാദന ത്തിന്റെയും അനന്തമായ ലോകത്തിലേക്ക് രണ്ട് തലമുറയെ കൂട്ടിക്കൊണ്ടു പോകുന്നതിന് ഈ സാംസ്കാരിക സ്ഥാപനം വഹിച്ച പങ്ക് ശ്രദ്ധേയമാണ്.

1956-ൽ ആരംഭിച്ച തോന്നയ്ക്കൽ സാംസ്കാരിക സമി തി സാംസ്കാരിക പ്രവർത്തനത്തിന് മികച്ച മാതൃക കാണി ച്ചുതന്നിട്ടുണ്ട്. ഇന്ത്യൻ സിനിമയിലെ നിത്യഹരിത നായകനാ യിരുന്ന പരേതനായ ശ്രീ. പ്രേം നസീർ സംഭാവനയായി നല്കിയ റോളിംഗ് ട്രോഫി വിപുലമായ നാടക മത്സരങ്ങൾ നടത്തുന്നതിന് സമിതിക്ക് പ്രചോദനം നല്കി. അഖില-കേര ളാടിസ്ഥാനത്തിൽ നടന്നുവരുന്ന നാടകമത്സരം സാംസ്കാ രിക കേരളത്തിന്റെയാകെ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്.

മേൽപ്പറഞ്ഞ രണ്ടു സാംസ്കാരിക സ്ഥാപനങ്ങൾക്ക് പുറമേ ചെറുതും വലുതുമായ നിരവധി കലാസാംസ്കാരിക സംഘടനകൾ രൂപം പൂണ്ടു കഴിഞ്ഞു. ഇവയെല്ലാം നല്ലനില യിൽ പ്രവർത്തിക്കുന്നുമുണ്ട്. ഇവയ്ക്കെല്ലാം പ്രേരകമായി ത്തീർന്നത് മുകളിൽ സൂചിപ്പിച്ച രണ്ടു സാംസ്കാരിക സ്ഥാപ നങ്ങളാണെന്ന് പറയാം. കൂടാതെ രണ്ടു സ്ഥാപനങ്ങളും ആരംഭിക്കുന്നത് 50-കളിലാണ്. സ്വാതന്ത്ര്യാനന്തര ഭാരത ത്തിന്റെ ആദ്യ ദശകങ്ങളിലെ പ്രതീക്ഷാനിർഭരവും, ഉത്സാഹ ഭരിതവുമായ ഒരു കാലഘട്ടം. അതോടൊപ്പം ഐക്യകേരള ത്തിന്റെ സാക്ഷാത്കാരവും കൂടിയായപ്പോൾ കേരളത്തിലാകെ ഉയർന്നുവന്ന സാംസ്കാരിക ഉണർവിന്റെ സുവർണ്ണകാലം. ഈ മുന്നേറ്റത്തിന്റെ എല്ലാ നന്മകളും നമ്മുടെ ഗ്രാമത്തിലും പ്രതിഫലിച്ചത് സ്വാഭാവികം മാത്രം. എന്നാൽ കേരളത്തിലാ കെയുണ്ടായ ഈ സാംസ്കാരിക പ്രസരിപ്പിനും പുരോഗതി ക്കും അടുത്ത ദശകമായപ്പോഴേക്കും മങ്ങലേറ്റുതുടങ്ങി. 59ലെ വിമോചന സമരത്തിന്റെ പ്രത്യാഘാതങ്ങൾ, ദുരന്തങ്ങൾ വാരിവിതറിയത് കൂടുതലും സാംസ്കാരിക മേഖലയിലാണ്. എങ്കിൽപ്പോലും വിമോചനസമരത്തിന്റെ വിനാശകരമായ വിത്തു കൾക്ക് മുളയ്ക്കാൻ കഴിയുന്ന മണ്ണായിരുന്നില്ല ഇവിടമെന്നത്

ഈ നാടിന്റെ സാംസ്കാരിക സൗഭാഗ്യത്തെ കാണിക്കുന്നു.

പോത്തൻകോടിന്റെ ആധുനിക ചരിത്രത്തെ പുഷ്കലമാക്കുന്ന ഒട്ടേറെ കലാ-സാഹിത്യ-സാംസ്കാരിക സംഘടനകളും, ഈ രംഗത്ത് ഒട്ടേറെ സംഭാവനകൾ ചെയ്തിട്ടുള്ളവരും, ഇപ്പോഴും കർമ്മനിരതരായിരിക്കുന്നവരും ധാരാളമുണ്ട്. അതിൽ കേരളകലാമണ്ഡലം, കേരള സംഗീത നാടക അക്കാദമി എന്നിവയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടയാളും, നിരവധി കൃതികളുടെ കർത്താവുമായ പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, 1936-ൽ പ്രസിദ്ധീകരിച്ച കഥകളി പ്രദീപിക എന്ന ഗ്രന്ഥത്തിന്റെ കർത്താവായ കരൂർ കെ. മാധവക്കുരുക്കൾ, കവിയും പത്രപ്രവർത്തകനുമായ ശ്രീ. കരുർ ശശി, അദ്ദേഹത്തിന്റെ സഹധർമ്മിണിയും നോവലിസ്റ്റുമായ ദിവംഗതയായ ശ്രീമതി. പി.ആർ. ശ്യാമള, ഓട്ടൻതുള്ളൽ രംഗത്ത് പ്രാഗൽഭ്യം പ്രകടമാക്കി പ്രശസ്തരായിത്തീർന്ന ഭാർഗ്ഗവൻനായർ, വേലുക്കുട്ടിപിള്ള എന്നിവർ സാംസ്കാരിക കേരളത്തിന് ഈ ഗ്രാമം സംഭാവന നൽകിയ അമൂല്യ രത്നങ്ങളാണ്.

കഴിഞ്ഞ പതിനഞ്ചുവർഷക്കാലമായി തുടരുന്ന പോത്തൻകോട് കഥകളിക്ലബ്ബ് നൂറുകണക്കിന് കഥകളി ആസ്വാദകരെ സൃഷ്ടിച്ചുകൊണ്ട് അഭിനന്ദനീയമായ നിലയിൽ പ്രവർത്തിക്കുന്നു.

ഈ പ്രബുദ്ധമായ സാംസ്കാരിക രാഷ്ട്രീയ സമ്പന്നതയെ ആകെ വാരിവിഴുങ്ങുവാൻ പാകത്തിൽ അത്യാധുനികവും വിനാശകരവുമായ ലോകവാർത്താമാധ്യമഭീമന്മാർ നേർക്കുനേരെ വരുന്നതും നാം നെഞ്ചിടിപ്പോടെ കാണുന്നു. ജനകീയ ഇടപെടലുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിലൂടെ മാത്രമേ ഇതിനെ മറികടക്കാൻ കഴിയുകയുള്ളു. സമ്പന്നമായ സാംസ്കാരിക ചരിത്രം നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിന് ശക്തിയും പ്രചോദനവുമാകുമെന്ന് പ്രത്യാശിക്കാം.



നൂറ്റാണ്ടുകൾ പഴക്കമുള്ള കല്ലൂർ പള്ളി

# 4 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

അറബിക്കടലിൽനിന്ന് ഏകദേശം ആറ് കി.മീ. കിഴക്കുമാറി സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ് പോത്തൻകോട് ഗ്രാമപഞ്ചായത്ത്. കുന്നുകളും, ചരിവുകളും, താഴ്‌വരകളും, സമതലങ്ങളും, പാറക്കെട്ടുകളും നിറഞ്ഞ പ്രകൃതിരമണീയമായ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിനുള്ളത് ഇവിടെയുള്ള കുന്നുകളിൽനിന്നും നോക്കിയാൽ അറബിക്കടലിന്റേയും സഹ്യാദ്രിസാനുക്കളുടേയും മനോഹര ദൃശ്യങ്ങൾ തെളിഞ്ഞുകാണാം. കടൽ തീരത്തിന് ഏറ്റവും അടുത്തായി സ്ഥിതിചെയ്യുന്ന ഉയരമുള്ള കുന്നുകൾ ഈ പഞ്ചായത്തിലാണുള്ളത്. ഇവിടെയുള്ള പച്ചപുതച്ചകുന്നുകൾ ആരേയും ആകർഷിക്കാൻ പോന്നതാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ടകുന്നുകൾ

1. വെള്ളാണിക്കകുന്ന്
2. മലമുകൾ
3. മൈലാടിക്കുന്ന
4. കൊടതൂക്കിക്കുന്ന്
5. മുളംകുന്ന്
6. മഞ്ഞമലക്കുന്ന്
7. ആയിരവല്ലിക്കുന്ന്
8. മണ്ഡപക്കുന്ന്

ഈ കുന്നുകളിൽ ആദ്യത്തെ അഞ്ചെണ്ണവും വേങ്ങോട് വാർഡിലാണ് സ്ഥിതിചെയ്യുന്നത്. പഴയകാലത്ത് പറങ്കിമാവിൻ കാടുകളായിരുന്ന ഈ കുന്നുകളിൽ ഇപ്പോൾ റബ്ബർ മരങ്ങൾമാത്രമാണ് കൃഷിചെയ്യുന്നത്. ഈ കുന്നുകളിൽ തരിശു ഭൂമികളായി അവശേഷിക്കുന്നത് അങ്ങിങ്ങായികാണപ്പെടുന്ന പാറ പ്രദേശങ്ങൾമാത്രമാണ്. ഇടവപ്പാതിയും തുലാവർഷത്തിലും ഭേദപ്പെട്ടരീതിയിൽ മഴ ലഭിക്കുന്ന പ്രദേശമാണിവിടെയുള്ളത്. പണ്ട് ഈ കുന്നുകളിൽ നിലനിന്നിരുന്ന ജൈവപ്രകൃതി റബ്ബർകൃഷിയുടെ ആവിർഭാവത്തോടെനഷ്ടപ്പെട്ടിരിരുകയാണ്. ഭൗപ്രകൃതിയുടെ മൊത്തം പരിസ്ഥിതിയിൽ ഈ മാറ്റം സാരമായി ബാധിച്ചിട്ടുണ്ട്. മഴക്കാലത്ത് വൻതോതിലുള്ള മണ്ണൊലിപ്പ് ഈ പ്രദേശങ്ങളിൽ അനുഭവപ്പെടാറുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ ചെറുതല്ലാത്തൊരുപങ്കാണ് കുന്നുകൾക്കുള്ളത്. പാറപ്രദേശം ഒഴികെയുള്ള ഭാഗങ്ങളിൽ ചെമ്മണ്ണാണുള്ളത്

കുത്തനെയുള്ള ചരിവുകളും ചെറിയചരിവുകളും പഞ്ചായത്തിന്റെ ഭൂപ്രകൃതിയിൽ കാണാം. കുന്നിൽ മുകളിലുള്ളതുപോലെ ചരിവുകളിലും വ്യാപകമായി റബ്ബർ കൃഷി ചെയ്യിട്ടുണ്ട്. ചെറിയചരിവുള്ള തൊടി പ്രദേശങ്ങളിൽ തെങ്ങും കമുകും മരിച്ചീനിയും മറ്റ് ഇടവിളകളും കൃഷിചെയ്യുന്നുണ്ട്. ഫലവൃക്ഷങ്ങൾ വ്യാപകമായി മുറിച്ചുമാറ്റപ്പെടുന്ന പരിസ്ഥിതി പ്രശ്നം ചരിഞ്ഞ പ്രദേശത്തുണ്ട്. ഇതു മൂലം മണ്ണൊലിപ്പ് വ്യാപകമായതോതിൽ ഈ പ്രദേശത്ത് അനുഭവപ്പെടുന്നുണ്ട്. വിവിധയിനം കൃഷികൾക്ക് അനുയോജ്യമായ യോജ്യ വെട്ടുകല്ല് മണ്ണും, ചരൽ മണ്ണും കുത്തനെ ചരിഞ്ഞ പ്രദേശങ്ങളി ലുള്ളത്.

പച്ച പുതച്ച താഴ്‌വര പ്രദേശങ്ങൾ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. നെൽപ്പാടങ്ങളായിരുന്ന ഈ പ്രദേശം ഇന്ന് പാടം നികത്തൽ ഭീഷണിയെ നേ

രിട്ടുകൊണ്ടിരിക്കുകയാണ്. പാടശേഖരങ്ങളിൽ തൊട്ടുകിടന്നിരുന്ന ഫലഭൂയിഷ്ടമായ മണ്ണിൽ മരച്ചീനിയും തെങ്ങും വാഴയുമൊക്കെ വ്യാപകമായി കൃഷി ചെയ്തിരുന്നു. ഇന്ന് ഈ പ്രദേശങ്ങളാകെ റബ്ബർ കൃഷി വ്യാപിച്ചിരിക്കുകയാണ്. എല്ലാ കാലത്തും ഈർപ്പമുള്ള ഈ പ്രദേശം ക്രമേണ ഊഷരമാകുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങളെ കൊണ്ടു ചെന്നെത്തിച്ചിരിക്കുന്നു. നേതാജിപുരം വാർഡിൽ ഇഷ്ടിക നിർമ്മാണത്തിനായി വയലുകളിൽ നിന്ന് കളിമണ്ണ് ഖനനം ചെയ്യുന്നുണ്ട്. മുപ്പൂകൃഷി നടത്തിയിരുന്ന പാടശേഖരങ്ങളിൽ ഇന്ന് ഒരുപ്പൂകൃഷിപോലും നടത്തുന്നില്ല. രാസവളപ്രയോഗം മൂലം മണ്ണിന്റെ ഘടനയാകെ മാറിയിരിക്കുന്നു. എക്കൽമണ്ണും കളിമണ്ണുമാണ് ഈ പ്രദേശത്തുള്ളത്. അയിരൂപ്പാറ, പോത്തൻകോട് വാർഡുകളിൽ താഴ്‌വര പ്രദേശത്ത് ധാരാളമായി പച്ചക്കറി കൃഷി ചെയ്യുന്നുണ്ട്. വേങ്ങോട് വാർഡിൽ കളീക്കൽ, കട്ടിയാട് ഭാഗങ്ങളിലായി ചതുപ്പുനിലങ്ങളുമുണ്ട്. ശുദ്ധജലമത്സ്യ കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയുന്ന പ്രദേശമാണിത്.

സമതലപ്രദേശങ്ങളാണ് പഞ്ചായത്തിലെ ഭൂപ്രദേശങ്ങളിൽ ഏറിയഭാഗവും. റബ്ബർ, തെങ്ങ്, മരച്ചീനി, വാഴ, ഫലവൃക്ഷങ്ങൾ, ഇടവിളകൾ, പച്ചക്കറികൾ ഇന്നിവ ധാരാളമായി കൃഷിചെയ്യുന്ന പ്രദേശംകൂടിയാണ് സമതലപ്രദേശം. കൃഷിക്കനുയോജ്യമായ വെട്ടുകല്ല് മണ്ണും, ചെമ്മണ്ണുമാണ് ഈ ഭൂവിഭാഗത്തിലുള്ള പ്രധാന മൺതരങ്ങൾ.

വേനൽക്കാലത്ത് വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളാലേറിയതും വരൾച്ചമൂലം കിണറുകളും കുളങ്ങളും വറ്റുന്ന പ്രശ്നമാണിവിടെവുള്ളത്. ആഴങ്ങളിൽ നിന്ന് വെള്ളം കിട്ടുന്നതിനുവേണ്ടി കുഴൽകിണറുകളുടെ ആവിർഭാവത്തോടെ ജലദൗർലഭ്യം മഴക്കാലത്തുപോലും അനുഭവപ്പെടുന്നുണ്ട്. പ്രകൃതിയ്ക്ക് വമ്പിച്ച ഭീഷണിയായി മാറികൊണ്ടിരിക്കുന്ന കുഴൽകിണറുകൾ ഇന്ന് വ്യാപകമാകുകയാണ്.

പാറപ്രദേശം ഈ പഞ്ചാത്തിലെ ഭൂപ്രകൃതിയിൽ ചെറിയൊരു ഭാഗം കൈയടക്കിയിരിക്കുന്നു. കുളപ്പാറ, ചിറ്റിക്കര, അരിയോട്ടുകോണം, കല്ലുവിള കൂനയിൽ മഞ്ഞമലക്കുന്ന് നേതാജിപുരം എന്നിഭാഗങ്ങളിലാണ് പാറപ്രദേശമുള്ളത്. പാറപൊട്ടിക്കുന്ന വ്യവസായം വ്യാപകമായിട്ടുണ്ട്. ഏകദേശം 500 അടിയിൽ കൂടുതൽ ആഴത്തിൽ പാറപൊട്ടിക്കൽ തുടരുന്നു. ഇത് പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്കുതന്നെ ഭീഷണിയായിമാറുകയാണ്.

**ജലപ്രകൃതി** ഇരുപത്തിയെട്ടിൽപ്പരം കുളങ്ങളും തോടുകളും നീരുറവകളും ഉൾപ്പെട്ടതാണ് നമ്മുടെ ജലസ്രോതസ്സ്.

ഇടവപ്പാതിയിലും തുലാവർഷത്തിലും ലഭിക്കുന്ന മഴയാണ് പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ സംരക്ഷിച്ചുനിർത്തുന്നത്. ഇടമഴകൾ വല്ലപ്പോഴും ലഭിക്കുന്നുമുണ്ട്. കാർഷികമേഖലയായ ഈ പഞ്ചായത്തു പ്രദേശത്തു ജലദൗർലഭ്യം ഒരു പ്രധാന പ്രശ്നം തന്നെയാണ്.

ആനതാഴ്ച്ചിറപദ്ധതി, മലയക്കോണം ചിറയിൽ നിന്നുള്ള വാട്ടർടാങ്ക് എന്നി സ്രോതസ്സുകളുണ്ടെങ്കിലും എല്ലാ പ്രദേശത്തും കുടിവെള്ളമെത്തിയിട്ടില്ല. എത്രമഴലഭിച്ചാലും വേനൽക്കാലങ്ങളിൽ കിണറുകളും ജലാശയങ്ങളും വറ്റിപ്പോകുന്നു. ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടുന്നില്ല എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ട്. ഈ ജലസ്രോതസ്സുകളെ ശാസ്ത്രീയമായി സംരക്ഷിക്കാൻ കഴിഞ്ഞാൽ ജലദൗർലഭ്യം നേരിടാൻ കഴിയുമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

**ജനപ്രകൃതി**

പോത്തൻകോട് പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗം പേരും കാർഷികവൃത്തിയുമായി

ബന്ധമുള്ളവരാണ്. കാർഷകതൊഴിലാളികൾ നിർമ്മാണ തൊഴിലുകളിൽ ടാപ്പിംങ് തൊഴിലാളികൾ പരമ്പാരഗത തൊഴിലാളികൾ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങിയ വിഭാഗത്തിലുള്ള തൊഴിലാളികളാണ് ഇവിടെയുള്ളത്. റബ്ബർകൃഷി വ്യാപകമായതോടെ പരമ്പരഗതകൃഷിക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. കെട്ടിട നിർമ്മാണം വർദ്ധിച്ചതോടെ ഈ രംഗത്ത് തൊഴിൽ സാദ്ധ്യത ഏറെയുണ്ട്.

വ്യാവസായിക സംരംഭങ്ങൾ കുറവായതുമൂലം വിദഗ്ദ്ധതൊഴിലാളികൾ മറ്റു സ്ഥലങ്ങളിലേയ്ക്ക്പോയി പണിയെടുക്കുന്നു. വിദേശനാടുകളിൽ തൊഴിൽ തേടി പോയവരും കുറവല്ല. പരമ്പരാഗത തൊഴിലുകൾ നാമമാത്രമായി നിലനിൽക്കുന്നു. തൊഴിൾ മേഖലകൾ കണ്ടെത്താൻ കഴിയാത്തത് രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് വഴി വച്ചിട്ടുണ്ട്. സേവനമേഖലകളിലുള്ള അപാകതകൾ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു. രൂക്ഷമായ തൊഴിലില്ലായ്മ ഈ പ്രദേശത്തെ ജനങ്ങളെ ഒരു തരം നിർവികാരതയിലേയ്ക്ക് തള്ളിവിട്ടിരിക്കുയാണെന്നവസസ്തുത നിഴലിച്ചുനിൽക്കുന്നു.



അയിരൂപ്പാറ ഫാർമേഴ്സ് ബാങ്ക്

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## സാമൂഹിക
## സാമ്പത്തിക
## മേഖലകൾ

## 5

# കൃഷിയും ജലസേചനവും

## 5-1

പോത്തൻകോട് ഗ്രാമപഞ്ചായത്തതിർത്തിയിലെ ജനങ്ങളുടെ സാമൂഹികവും, സാംസ്കാരികവുമായ, ചരിത്രമാകെ കൃഷിയുമായി ബന്ധപ്പെട്ടാണ് വികാസം പ്രാപിച്ചിട്ടുള്ളത്. ഇന്നും ഭൂരിപക്ഷം ജനങ്ങളുടെയും ജീവനോപാധി കാർഷികവൃത്തി തന്നെയാണ്. ജന്മി, നാടുവാഴിത്ത വ്യവസ്ഥയുടെ സ്വാധീനം ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ വളരെ പ്രകടമായിരുന്ന പ്രദേശമായിരുന്നു ഇത്. ജന്മിത്തത്തിന്റെ ക്രൂരതകൾക്ക് വിധേയരാകേണ്ടിവന്നതിൽ ഭൂരിപക്ഷവും അവർണ്ണ സമുദായത്തിൽപ്പെട്ടവരാണ്. പകലന്തിയോളം പണിയെടുത്തിരുന്ന കർഷകത്തൊഴിലാളികൾ അഷ്ടിക്ക് വകയില്ലാതെ ജന്മിമാരുടെ ദയാദാക്ഷിണ്യങ്ങൾക്ക് കാത്തു നിൽക്കേണ്ടിവന്നിരുന്ന കാലം ഇന്ന് പഴങ്കഥയായി. അന്യന്റെ ഊഷര ഭൂമികളിൽ അന്നം വിളയിക്കാൻ മാത്രം അവകാശമുണ്ടായിരുന്ന മണ്ണിന്റെ കറുത്ത മക്കൾക്ക് സ്വന്തമായി ഒരു തുണ്ടു ഭൂമിയും, ആരും ഇറക്കി വിടാതെ കയറിക്കിടക്കുവാൻ ഒരു കൂരയുമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ "കാർഷിക ബന്ധ നിയമം" വഴിയൊരുക്കി. ജന്മി കുടിയാൻ ബന്ധത്തിന്റെ അടിത്തറയിളക്കുവാൻ ഈ നിയമത്തിനു കഴിഞ്ഞു. കാർഷിക പരിഷ്കരണത്തിലൂടെ നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വും ആവേശവുമുണ്ടായി. കൃഷിയിടങ്ങൾ സ്വന്തമായതോടെ കാർഷികോല്പാദന നിരക്കിൽ വൻപിച്ച വളർച്ച ദൃശ്യമായി. എന്നാൽ ആരംഭത്തിൽ പ്രകടമായ ഉല്പാദന വർദ്ധനവ് മുന്നോട്ടു കൊണ്ടുപോകുന്നതിന് കഴിയാതെ വന്നിട്ടുണ്ട്. ഇതിന് അല്പമെങ്കിലും മാറ്റമുണ്ടായത് ഹരിത വിപ്ലവത്തിന്റെ ഭാഗമായി കൃഷിരീതികളിൽ വരുത്തിയ സമഗ്രമായ പരിഷ്ക്കാരങ്ങളിലൂടെയാണ്. അത്യുല്പാദനശേഷിയുള്ള പുത്തൻ വിത്തിനങ്ങളും വിളവു സമൃദ്ധമാക്കുന്ന രാസവള പ്രയോഗങ്ങളും പുത്തൻ നാണ്യ വിളകളുടെ കൃഷികളും അതിവേഗത്തിൽ പ്രചരിക്കുകയുണ്ടായി.

പരമ്പരാഗതമായ കാർഷികമുറകൾ അവഗണിക്കുകയും നാട്ടറിവുകൾ മറക്കുകയും ചെയ്ത ഒരു കാലഘട്ടമായി ഇതിനെ കാണാം. അശാസ്ത്രീയമായ രാസവള പ്രയോഗം, കീടനാശിനികളുടെ അമിതോപയോഗം എന്നിവയുടെ ഫലമായി മണ്ണിന്റെ തനത് ജൈവ ഘടനയ്ക്ക് വന്ന മാറ്റം ഉല്പാദനത്തിൽ പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കാർഷിക വിപ്ലവം ഉല്പാദന വർദ്ധനവിന്റെ കാര്യത്തിൽ ഒരു കുതിച്ചുചാട്ടത്തിന് വഴിയൊരുക്കിയിട്ടും തദനുസരണമായി ഉയർന്നു വരാൻ കഴിയാത്ത അവസ്ഥയിൽ കാർഷികമേഖല തളർന്നു നിൽക്കുകയും ചെയ്യുന്നു.

വർഷങ്ങൾക്ക് മുൻപ് കൃഷിഭൂമിക്കു പുറമേ ഏതാണ്ട് മുപ്പത് ശതമാനത്തോളം വ

നഭൂമിയുമുണ്ടായിരുന്ന പ്രദേശമാണിത്. മറ്റു പ്രദേശങ്ങളിൽ നിന്ന് പലരും നായാട്ടിന് വന്നിരുന്നതായി പറഞ്ഞുകേൾക്കുന്നു. വെള്ളാണിക്കൽ, വേങ്ങോട്, കട്ടിയാട് റിസർവ്വ് വനം, പുലിവീട്, മഞ്ഞമല, മണ്ണറ, അയിരൂപ്പാറ തുടങ്ങിയ ഭാഗങ്ങളിലൊക്കെ വനപ്രദേശങ്ങളുണ്ടായിരുന്നതാണ്. വനവുമായി ബന്ധപ്പെട്ട് ജീവിച്ചിരുന്ന പട്ടികവർഗ്ഗത്തിൽപെട്ടവരുണ്ടായിരുന്നെങ്കിലും വെള്ളാണിക്കൽ, വേങ്ങോട് ഭാഗങ്ങളിൽ അവർ കൈവശം വച്ച് ആരാധിച്ചു വന്നിരുന്ന ക്ഷേത്രങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളൂ. വെള്ളാണിക്കൽ, തച്ചപ്പള്ളി എന്നി ക്ഷേത്രങ്ങളിലെ തേരുവിളക്ക് ഉത്സവവും, കരിക്ക്നൈവേദ്യവും, മറ്റു ചില അമ്പലങ്ങളിലെ കുലവാഴചിറപ്പ്, കതിരുകാള തുടങ്ങിയവ പഴയ കാലത്തെ വിളവെടുപ്പുത്സവങ്ങളുടെ സ്മരണകളുണർത്താൻ പോന്ന അനുഷ്ഠാനങ്ങളാണ്. നാശോന്മുഖമായൊരു കാർഷിക സംസ്കാരത്തിന്റെ തിരുശേഷിപ്പുകൾ

ജനസംഖ്യാ വർദ്ധനവിന്റേയും അനിയന്ത്രിതമായ വനനശീകരണത്തിന്റേയും ഫലമായി പരിസ്ഥിതിയിലെന്നപോലെ തന്നെ കാർഷികമേഖലയിലും, കാർഷിക സംസ്കാരത്തിലും ദുരന്തങ്ങളുടെ വസൂരി വിത്തുകൾ പാകി. വനമില്ലാതായപ്പോൾ ജലസ്രോതസ്സുകൾ പലതും അടഞ്ഞു. അകാലത്തിൽ പെയ്യുന്ന മഴയും അനവസരത്തിലെ വേനലും കൃഷിക്കാരനെ ഭയപ്പെടുത്തുന്നു. മണ്ണൊലിപ്പ്, കൃഷിഭൂമിയുടെ രൂപഭാവങ്ങളെ മാറ്റിമറിച്ചു. മണ്ണിനെ സ്നേഹിക്കുകയും മണ്ണിനെ ആരാധിക്കുകയും ചെയ്ത മനുഷ്യന്മണ്ണ് ഭാരമായി തോന്നുന്ന അവസ്ഥ.

"ഏതെല്ലാം നാട്ടീന്ന് വരുന്നുണ്ടേൻ കുരുവീള്
എങ്ങുന്ന്‌വരുന്നുണ്ടേൻ ഓരാണീ കുരുവീള്
തെക്കന്നം നാട്ടീന്ന് വരുന്നുണ്ടേൻ കുരുവീള്
ചമ്പാവ് വിത്തിന്റെ പാലുണ്ണാൻ വരുന്നുണ്ടേ"

പാടവരമ്പത്ത് ഈണത്തിൽ കേട്ടിരുന്ന ഈരടികൾ വേങ്ങോട് കട്ടിയാട്ടെ ചിന്നയമ്മൂമ്മയുടെ മനസ്സിലെ ഓർമ്മയിൽ നിന്ന് ഇറുത്തെടുത്തതാണ്.

പണ്ട് തിരുവോണത്തിന് നാട്ടിടവഴികളിലൂടെ താളം കൊട്ടി തുള്ളിച്ചാടി നടന്നിരുന്ന തോലുമാടൻ ഇന്ന് സ്കൂൾ കുട്ടികളുടെ കാലോത്സവങ്ങളുടെ ഘോഷയാത്രയിൽ പ്രദർശിപ്പിക്കുന്ന കൗതുക വസ്തുവായി. നഷ്ടപ്പെട്ടുപോയ കാർഷിക സംസ്കാരത്തിന്റെ ഈ നൊമ്പരപ്പെടുത്തുന്ന ഓർമ്മകൾ പുതിയൊരു കാർഷിക സംസ്കാരത്തിന്റെ വിത്തുകളാകുമെന്ന് നമുക്ക് പ്രത്യാശിക്കാം

കൃഷിക്കനുയോജ്യമായ ചെമ്മണ്ണ് ചെങ്കൽ മണ്ണ്, കളിമണ്ണ്, മണൽകലർന്ന മണ്ണ് എന്നീ മൺതരങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. നെല്ല്, തെങ്ങ്കവുങ്ങ് മരിച്ചീനി, വാഴ, റബ്ബർ, മാവ്, പ്ളാവ് പുളി, പച്ചകറികൾ, ഇലവർഗ്ഗങ്ങൾ, മറ്റുകിഴങ്ങുവർഗ്ഗങ്ങൾ ഇഞ്ചി, കുരുമുളക്, മഞ്ഞൾ, പുറുത്തിച്ചക്ക എന്നിവയാണ് പ്രധാന വിളകൾ. പുരയിടങ്ങളിൽ ഫലവൃക്ഷങ്ങളും ഇടവിളകളും ഒരുമിച്ച് കൃഷിചെയ്തുവരുന്നു.

തെറ്റിയാർ വാട്ടർ ഷെഡ്ഡു പദ്ധതി പ്രകാരം സഹായം ലഭിച്ചർ 1993 മുതൽ

| വിഭാഗം | സഹായം ലഭിച്ച വരുടെ എണ്ണം | ലഭിച്ച തുക |
|---|---|---|
| 1. രാസവളം | 312 | 61700 രൂപ |
| 2 അടുക്കളതോട്ടത്തിന് രാസവളം | 272 | 27200 രൂപ |
| 3 കംപോസ്റ്റുകുഴി | 317 | 31700 രൂപ |
| 4 ആട് | 120 | 60000 രൂപ |
| 5 കോഴി | 160 | 80000 രൂപ |
| 6 വനിതതൊഴിൽ പദ്ധതി | 15 | 15000 രൂപ |
| 7 കുറ്റിമുല്ല | 30 | 3000 രൂപ |
| ആകെ | 1226 | 2,78,600രൂപ |

## പ്രധാന വിളകൾ

### നെല്ല്

നമ്മുടെ പഞ്ചായത്ത് നെല്ലുപാദനത്തിന്റെ കാര്യത്തിൽ സ്വയം പര്യാപതമായിരുന്ന കാലം ഒരു നനുത്ത ഓർമ്മയാണ്. കൊയ്ത്തു പാട്ടിന്റേയും കാളമണികളുടേയും താളം കേട്ടുണർന്ന പ്രഭാതങ്ങൾ പഴമക്കാരുടെ മനസ്സിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. നിറഞ്ഞ പത്തായങ്ങളും വലിയ വയ്ക്കോൽ പന്തയും പാറയും ഇടങ്ങഴിയും കൌതുകമുണർത്തുന്ന പുരാവസ്തുക്കളായി മാറിക്കൊണ്ടിരക്കുന്നു.

ഏകദേശം 270 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയുണ്ടായിരുന്നതിൽ ഇന്ന് അവശേഷിക്കുന്നത് എൺപത്തിഅഞ്ച് ഹെക്ടർ മാത്രമാണ് വയലുകൾ പണകളായും വാസഭൂമികളായും മാറിക്കൊണ്ടിരിക്കുന്നു. നെല്ലരിക്കുവേണ്ടി അന്യ സംസ്ഥാനങ്ങളെയാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഇന്ന് ആശ്രയിക്കുന്നത്. ഇരുപതിൽ പരം ഏലാകൾ ഉണ്ടായിരുന്ന നെൽ കൃഷി ഇന്ന് എട്ട് ഏലാകളിൽ നാമമാത്രമായി അവശേഷിക്കുന്നു. ഇരുപ്പൂ കൃഷിയിടങ്ങളിൽ ഇന്ന് ഒരുപ്പൂ കൃഷി മാത്രം നടത്തി അവസാനിപ്പിക്കുന്നു.

കരഭൂമിക്കുണ്ടായിട്ടുള്ള വില വർദ്ധനവ്, വയൽ പണിക്ക് തൊഴിലാളികളെ കിട്ടാത്ത അവസ്ഥ എന്നിവ വ്യാപകമായ നിലം നികത്തലിന് കർഷകരെ പ്രേരിപ്പിക്കുന്നു. നാലു പാടശേഖരകമ്മിറ്റികൾ ഉണ്ടായിരുന്നതിൻ ഇന്നവശേഷിക്കുന്നത് അയിരൂപ്പാറ ഗ്രൂപ്പ് ഫാമിഗ് സമിതി മാത്രമാണ്. ഈ സമിതിയുടെ പ്രവർത്തനം നെൽകൃഷിയുടെ രംഗത്ത് എടുത്തു പറയേണ്ടതുണ്ട്. മാതൃകാ പരമായി പ്രവർത്തനം സംഘടിപ്പിക്കുകയും ഗ്രൂപ്പ് ഫാമിംഗ് വിജയമാണെന്ന് തെളിയിക്കുകയും ചെയ്യുന്നു. ഈ സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

### പ്രശ്നങ്ങൾ

1. നിലങ്ങൾ വ്യാപകമായി നികത്തപ്പെടുന്നു.
2. നിലം തരിശിടൽ
3. രാസ വളങ്ങളുടെ അമിത വില
4. ജല ദൌർലഭ്യം.
5. ജലസേചന സൌകര്യങ്ങളില്ലായ്മ
6. കൃഷിപണിക്കുതൊഴിലാളികളെ കിട്ടാത്ത അവസ്ഥ.
7. ശാസ്ത്രീയമായ കൃഷിരീതിയെ സംബന്ധിച്ചുള്ള അറിവില്ലായ്മ.
8. അനിയന്ത്രിതമായ കീടബാധകൾ
9. ജൈവ വളങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.
10. ഗ്രൂപ്ഫാമിംഗ് എല്ലായിടത്തും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

### നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. നെൽകൃഷിക്ക് പൂർണ്ണമായ

സബ്സിഡി ഏർപ്പെടുത്തുകയും നിലം നികത്തുന്നതിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

2. തരിശിടുന്ന നിലങ്ങൾ ഗ്രൂപ്പ് ഫാമിംഗ് സമിതി ഏറ്റെടുത്ത് കൃഷി ചെയ്യുകയും എല്ലാ ് പാടശേഖരങ്ങളിലും ഗ്രൂപ്ഫാമിംഗ് സമിതികൾ രൂപികരിക്കുകയും ചെയ്യുക.
3. പഞ്ചായത്തു തലത്തിൽ നെൽകൃഷി സംരക്ഷണസമിതി രൂപികരിക്കുക.
4. നിലം നികത്തിയ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകാതിരിക്കുക.
5. ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് മെതി യന്ത്രങ്ങൾ, കൃഷിഭവൻ വഴി ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ലഭ്യമാക്കുക.
6. നെൽകൃഷിക്ക് വിത്തും, വളവും സൗജന്യമായി നല്കുക
7. പാടശേഖരങ്ങളുടെ സമീപത്തായി ജൈവ വളയുണിറ്റുകൾ സ്ഥാപിക്കുക.
8. കീടനാശിനി പ്രയോഗത്തെ സംബന്ധിച്ച ശാസ്ത്രിയമായ അവബോധമുണ്ടാക്കുക.
9. നിലം നികത്തുന്നത് കർശനമായി തടയുന്നതിന് ജനകീയ കർമ്മസമിതികൾ രൂപികരിക്കുക.
10. മികച്ച നെൽകൃഷിക്കാരെ ആദരിക്കുന്ന പരിപാടികൾ വിപുലമായി സംഘടിപ്പിക്കുക.
11. നെൽപ്പാടങ്ങിളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന്ന് പുതിയ കർമ്മ പദ്ധതികൾ ആരംഭിക്കുക.
12. യന്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് യാഥാർത്ഥ കർഷക തൊഴിലാളിക്ക് പരിശീലനം നൽകുക.

## തെങ്ങ്

കേരളത്തിന്റെ പരമ്പരാഗത ഭക്ഷ്യവാണിജ്യവിളയാണ് നാളികേരം. സാധാരണ കുടുംബങ്ങളെല്ലാം ജീവിത ചെലവുകൾക്ക് നാളികേരത്തെയാണ് ആശ്രിയിച്ചിരുന്നത്. കൽപവൃക്ഷം ചതിക്കില്ലായെന്ന വിശ്വാസം മുമ്പുണ്ടായിരുന്നു. വേരുമുതൽ ഓലവരെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന തെങ്ങുപോലെ മനുഷ്യോപകാരിയായ മറ്റൊരു വിള ഇല്ലെന്നു തന്നെ പറയാം. കൃത്രിമരാസ മിശ്രണങ്ങൾ ശീതളപാനീയങ്ങളായി ഉപയോഗിക്കുന്ന നമ്മൾ ഇളനീരിന്റെ സ്വാഭാവിക ഗുണവും മേന്മയും മറന്നു പോയിരിക്കുന്നു. അതിവിപുലമായ തൊഴിൽ സാധ്യതകൾ പ്രദാനം ചെയ്യാൻ കഴിയുന്ന തെങ്ങു കൃഷി ഇന്ന് പ്രതിസന്ധിയിലാണ്. സർക്കാരിന്റെ വികലമായ ഇറക്കുമതി നയം ഈ കൃഷിയുടെ വളർച്ചയും പുരോഗതിയും തടസ്സപ്പെടുത്തുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

തെങ്ങിൻ കട്ടയ്ക്കാലുകൾ അതിവേഗം റബ്ബർ തോട്ടങ്ങളായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയും അപൂർവ്വമല്ല.

തെങ്ങിനെ ബാധിക്കുന്ന ഒട്ടേറെ രോഗങ്ങൾ നമ്മുടെ പഞ്ചായത്തിലും പടർന്നു പിടിക്കുകയാണെന്ന് 96 ൽ നടന്ന തെങ്ങു സർവേ സൂചിപ്പിക്കുന്നു. പ്രധാനമായും കാറ്റുവീഴ്ച രോഗമാണ് പടർന്നുപിടിക്കുന്നത്.

ഓല ചീയൽ, ചെന്നീരൊലിപ്പ്, മണ്ട ചീയൽ കൊമ്പൻചെല്ലിബാധ തുടങ്ങിയ രോഗങ്ങളും പൊതുവെ കണ്ടുവരുന്നു. വേങ്ങോട്, കളീക്കൽ, നേതാജിപുരം, കല്ലൂർ മണ്ണറ എന്നീ വാർഡുകളിൽ ഈ രോഗം വ്യാപിച്ചിരിക്കുന്നു. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ ഫലപ്രദമായി തടയുന്നതിനു വേണ്ട നടപടികൾ അടിയന്തിരമായി തന്നെ സ്വീകരിക്കേണ്ടതുണ്ട്. തെങ്ങു കൃഷിയെ ബാധിക്കുന്ന പ്രധാന മായ പ്രശ്നങ്ങൾ പരിശോധിക്കേണ്ടതാശ്യമായിവന്നിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. ജലത്തിന്റെ ലഭ്യത കുറവ്
2. തെങ്ങുകയറ്റ തൊഴിലാളികളുടെ ലഭ്യത കുറവ്.
3. കർഷകന് ന്യായമായ വില ലഭിക്കുന്നില്ല.
4. കാറ്റുവീഴ്ച, ഓല ചീയൽ, ചെന്നീരൊലിപ്പ്, മണ്ട ചീയൽ തുടങ്ങയ രോഗങ്ങൾ.
5. കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി, കോറീഡ്ബഗ് തുടങ്ങിയ കീടങ്ങളുടെ ആക്രമണം.
6. പ്രകൃതി ക്ഷോഭങ്ങൾ.
7. രൂക്ഷമായി കാണുന്ന മണ്ണൊലിപ്പ്.
8. അശാസ്ത്രീയമായ കൃഷിരീതികൾ.
9. കേരകർഷക സമിതിയുടെ പ്രവർത്തനങ്ങൾ വേണ്ടത്ര വ്യാപിക്കുന്നില്ല.
10. നാളികേര വിപണിയുടെ അപര്യാപ്തതകൾ.
11. വ്യാവസായിക സാധ്യതകളെക്കുറിച്ചുള്ള അജ്ഞത.
12. വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു.

**നിർദ്ദേശങ്ങൾ, സാധ്യതകൾ**

1. കേരഫെഡിന്റെ പ്രവർത്തനം വ്യാപിപ്പിച്ച് പ്രാദേശികമായി നാളികേര സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
2. തെങ്ങുകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി വ്യാപകമാക്കുകയും തെങ്ങുകയറ്റയന്ത്രങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള പരിശീലനം നൽകുകയും ചെയ്യുക.
3. തെങ്ങിനെ ബാധിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുക.
4. രോഗം ബാധിച്ച തെങ്ങുകൾ അടിയന്തിരമായി മുറിച്ചുമാറ്റുകയും മറ്റു തെങ്ങുകൾക്ക് രോഗം വരാതെ സൂക്ഷിക്കുകയും ചെയ്യുക. മുറിച്ചു മാറ്റുന്ന തെങ്ങുകൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുകയും ഉടനടി നൽകുകയും ചെയ്യുക.
5. തെങ്ങിനെ നശിപ്പിക്കുന്ന പ്രാണികളെയും കീടങ്ങളെയും നശിപ്പിക്കുന്നതിനുവേണ്ടി ഒരു നിശ്ചിത ദിവസം എല്ലാ സ്ഥലങ്ങളിലും മരുന്നു തളിക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതിയ്ക്ക് രൂപം നൽകുക.
6. തെങ്ങിനു മരുന്നു തളിക്കുന്നതിനു വേണ്ട ഉപകരണങ്ങൾ കേരകർഷക സമിതി വഴി ലഭ്യമാക്കുക.
7. മണ്ണൊലിപ്പു തടയുന്നതിനു വേണ്ടി

കോണ്ടൂർ ബണ്ടുകൾ നിർമ്മിക്കാൻ ധനസഹായം നൽകുക.

നാളികേര ഇറക്കുമതി അവസാനിപ്പിക്കുക. തെങ്ങു കൃഷിക്കാരെ സംരക്ഷിക്കുന്നതിന് തേങ്ങയ്ക്ക് മുന്തിയ താങ്ങു വില ഏർപ്പെടുത്തുക.

8. മുന്തിയവിളവുള്ള തെങ്ങിൻതൈകൾ യഥാർത്ഥ കർഷകന് ആവശ്യാനുസരണം സൗജന്യമായി നല്കുക.

വാഴ : വാഴകൃഷിയ്ക്കനുയോജ്യമായ ഭൂപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. എന്നാൽ വിപുലമായ വ്യാപാര സാധ്യതകളെ പ്രയോജനപ്പെടുത്തത്തക്കനിലയിൽ വാഴക്കൃഷി മെച്ചപ്പെട്ടു കാണുന്നില്ല. വാഴക്കുലയ്ക്കും വാഴയിലയ്ക്കും വേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണിന്നുള്ളത്. പാളയം കോടൻ, പൂവൻ, ഞാലിപ്പൂവൻ, ഏത്തൻ, കപ്പ, കദളി, അണ്ണാൻ, മൊന്തൻ, പടറ്റി, റോബസ്റ്റ എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ കൃഷി ചെയ്യുന്ന പ്രധാന വാഴയിനങ്ങൾ. മണ്ടയടപ്പ്, മാണം ചീയൽ, തുടങ്ങിയ രോഗങ്ങൾ വാഴ കൃഷിക്കാർക്ക് ഭീഷണിയായി നിലനിൽക്കുന്നു. വാഴയെ ബാധിക്കുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിന് ശാസ്ത്രീയമായ സംവിധാനങ്ങൾ ഇതു വരെയും സൃഷ്ടിക്കപ്പെടാത്തത് ഈ രംഗത്തെ പോരായ്മയാണ്.

ജലസേചന സൗകര്യങ്ങൾ വേണ്ടത്ര ലഭ്യമാക്കുകയും കർഷകർക്ക് ആവശ്യമായ ധനസഹായം നൽകുകയും ചെയ്താൽ വാഴ കൃഷി സാധ്യതകൾക്കനുസരണമായി വർദ്ധിപ്പിക്കാൻ കഴിയും. ജൈവവളം കിട്ടാനില്ലാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. ഈ സ്ഥിതിക്കും പരിഹാരം കാണേണ്ടതുണ്ട്. പ്രകൃതിക്ഷോഭത്തിൽ വമ്പിച്ചതോതിലുള്ള കൃഷി നാശമാണുണ്ടാവുന്നത്. എന്നാൽ കർഷകർക്ക് ലഭിക്കുന്ന നഷ്ട പരിഹാരതുകയോ; വളരെ തുച്ഛമാണുതാനും. കർഷകർക്കു നൽകുന്ന നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുകയും കൂടുതൽ പ്രോത്സാഹനം നൽകുകയും ചെയ്യുക വഴി വമ്പിച്ച മുന്നേറ്റമുണ്ടാക്കാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല.

### മരിച്ചീനി

സാധാരണക്കാരന്റെ ഭക്ഷണത്തിലെ മുഖ്യയിനമായിരുന്ന മരിച്ചീനി ഇന്ന് സമ്പന്നന്റെ തീൻ മേശയിലെ കൗതുകമൂറുന്ന വിഭവമായി മാറിയിരിക്കുന്നു. പുരയിടങ്ങളിൽ നിന്നും മരച്ചീനി റബ്ബറിന് വഴി മാറിയപ്പോൾ ഇത് പണകൃഷിയായി ഒതുങ്ങി. പഞ്ചായത്തിൽ ആകെ കൃഷി ചെയ്തിരുന്നതിന്റെ 20% മാത്രമാണിപ്പോഴുള്ളത്. ഭക്ഷ്യവസ്തുവെന്നതിലുപരിയായി വ്യാവസായിക സാധ്യതയുള്ള അസംസ്കൃത വസ്തുവാണെന്നുള്ള കാഴ്ചപ്പാടിൽ ഈ കൃഷിയ്ക്ക് വളരെയധികം പ്രാധാന്യം കല്പിക്കേണ്ടിയിരിക്കുന്നു. ആറു മാസക്കമ്പാണിപ്പോൾ ധാരാളമായി കൃഷി ചെയ്യുന്നത്. മലയൻ, കൊളമ്പുവെള്ള, ആനക്കൊമ്പൻ, നീലഗിരി, ഹൈബ്രീഡ്, റബ്ബർവെള്ള, കരിഞ്ഞട്ട എന്നിവയാണ് പ്രധാനപ്പെട്ട മരച്ചീനി ഇനങ്ങൾ.

വമ്പിച്ചതോതിലുള്ള വിളനാശം സംഭവിക്കുന്നൊരു കൃഷികൂടിയാണിത്. എലി, പെരുച്ചാഴി എന്നീ ജന്തുക്കളുടെ ശല്യം വ്യാപകമായി ഉണ്ടാകാറുണ്ട്. ഈ കൃഷിക്കായി ഇപ്പോൾ തൊഴിലാളികളെ കിട്ടാനില്ലതാനും.

ഉണ്ടായാൽ തന്നെ അമിതമായ കൃഷിച്ചെല വും. തന്മൂലം മിക്ക കൃഷിക്കാരും കൃഷിയിടങ്ങൾ തരിശിടുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

സഹകരണ സംഘങ്ങൾ വഴി വ്യാവസായികാവശ്യങ്ങൾക്ക് മരച്ചീനി സംഭരിക്കാൻ കഴിയുകയാണെങ്കിൽ ഈ കൃഷിയെ കൂടുതൽ വ്യാപിപ്പിക്കാനും ഉള്ളതിനെത്തന്നെ സംരക്ഷിക്കാനും സഹായകമാവും. അതോടൊപ്പം തന്നെ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ മുമ്പു നടത്തിയതുപോലെ യുദ്ധകാലാടിസ്ഥാനത്തിൽ എലി നശീകരണ പ്രവർത്തനം നടത്തുക.

**റബ്ബർ** : കാർഷികമേഖലയിൽ ഇതര വിളകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന കൃഷിയാണ് റബ്ബർ. വൻകിട റബ്ബർ തോട്ടങ്ങൾ ഒന്നും തന്നെയില്ലായെങ്കിലും കുന്നിൻ പ്രദേശങ്ങളും, സമതല പ്രദേശങ്ങളും, എന്തിനേറെ വയലുകൾ പോലും നികത്തി റബ്ബർ കൃഷി നടത്തുന്ന സ്ഥിതിയാണിന്നുള്ളത്. എടുത്തു പറയേണ്ട റബ്ബർത്തോട്ടം തോന്നയ്ക്കൽ കോളനിയിലുള്ളതാണ്. വർദ്ധിച്ചു വരുന്ന കൃഷിച്ചെലവും ഇറക്കുമതി നയത്തിന്റെ ഫലമായി റബ്ബറിനുണ്ടാകുന്ന വിലയിടിവും റബ്ബർ കർഷകരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മുതൽ മുടക്ക് അധികമാവശ്യമുള്ള ഈ കൃഷിയ്ക്ക് ജാഗ്രതാപൂർണ്ണമായ പരിചരണം ഉണ്ടെങ്കിൽ മാത്രമേ ശരിയായിട്ടുള്ള ആദായം ലഭിക്കുകയുള്ളൂ.

റബ്ബർ കൃഷിയ്ക്ക് ആവശ്യമായ വായ്പകൾ മെച്ചപ്പെട്ടയിനം തൈകൾ, റബ്ബർ ബോർഡിന്റെ പ്രവർത്തനവും സഹായവും തുടങ്ങിയവ യഥാസമയം ലഭിക്കാത്തത് ഈ രംഗം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്.

റബ്ബർ കൃഷിയെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുതിനും ആവശ്യമായ ചില നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. മണ്ണ് പരിശോധന കാലാകാലങ്ങളിൽ നടത്തുകയും റബ്ബർകൃഷിയെ സംബന്ധിച്ചുള്ള അവബോധം സാധാരണ കർഷർകർക്ക് നൽകുകയും ചെയ്താൽ ഈ രംഗത്ത് ഇന്നുള്ളതിൽ നിന്ന് ഏറെ മുന്നോട്ടുപോകാൻ കഴിയും.

മണ്ണുപരിശോധന കൃഷി ഭവൻ വഴിയും, പരിശീലനം റബ്ബർ ബോർഡിന്റെ സഹായത്തോടെയും നിർവഹിക്കാവുന്നതാണ്.

2. റബ്ബർ തൈ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തു പ്രദേശത്തുള്ള റബ്ബർ തൈയുടെ ദൗർലഭ്യം ഇല്ലാതാക്കാൻ കഴിയും.

3. റബ്ബർ കർഷകർക്ക് ഉദാരമായ പലിശനിരക്കിൽ ദീർഘകാലവായപകൾ നൽകാനുള്ള സംവിധാനം വാണിജ്യ ബാങ്കുകൾവഴി നടപ്പിലാക്കുക.

റബ്ബർ കൃഷിയ്ക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും യഥാസമയം അത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക .

4. ജൈവവളത്തിന്റെ ലഭ്യതക്കുറവ് ഈ കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. ഇതിനൊരു പരിധിവരെ പരിഹാരം കാണുന്നതിന വേണ്ടി പാതയോരങ്ങളിലും തരിശുഭൂമികളിലും സിബാബുൾ, ശീമക്കൊന്ന എന്നിവ നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി രൂപികരിക്കുക.

5. റബ്ബർ കൃഷി ചെയ്യുന്നത് മറ്റുപുരയിടങ്ങളിൽ നിന്ന് കുറഞ്ഞത് പത്തുഅടി അകലത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുക.

6. അശാസ്ത്രിയമായ റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുകയും റബ്ബർ തോട്ടങ്ങളിൽ കവർ ക്രോപ്പുകൾ വ്യാപകമാക്കുകയും ചെയ്യുക.

**കമുക്**

വൻതോതിൽ കമുക് കൃഷിയുണ്ടായിരുന്ന പ്രദേശമാണ് പോത്തൻകോട് തൊടിവാരങ്ങളും വയലോരങ്ങളില് നിലം നികത്തൽ വമ്പിച്ച വ്യവസായ സാധ്യതകളുള്ളതും പ്രോത്സാഹനജനകമാകേണ്ടതുമായ കൃഷിയാണിത് തേങ്ങയും റബ്ബറും സംഭരിക്കുന്നതുപ്പോലെ തന്നെ സഹകരണ സംഘങ്ങൾ വഴി അടയ്ക്കയും സംഭരിക്കാൻ സാധിക്കും.

**വെറ്റില**

സാധാരണ കുടുംബങ്ങളെ സംരക്ഷിച്ചിരുന്ന ഒരു കൃഷിയാണ് വെറ്റില കൃഷി. വീട്ടുതൊടിയിൽ രണ്ടുപാത്തി വെറ്റില കൊടിയുള്ള വീടുകളിൽ പ്രധാന വരുമാനമാർഗ്ഗം ഈ കൃഷിതന്നെ ആയിരുന്നു. വേണ്ടത്ര ധനസഹായം ലഭിക്കാത്തതുമൂലം വെറ്റില കൃഷിക്കാർ ഇന്ന് ഇതുപേക്ഷിച്ച സ്ഥിതിയാണ്. പ്രകൃതിക്ഷാപം മൂലം നഷ്ടം സംഭവിക്കുന്ന കർഷകന് ഇന്നുള്ള ധനസഹായം വർദ്ധിപ്പിക്കുകയും ഈ കൃഷിക്കുവേണ്ടി പ്രത്യേക വായ്പാ സംവിധാനങ്ങളും ഏർപ്പെടുത്തിയാൽ ഈ കൃഷിയെ സംരക്ഷിക്കാൻ കഴിയും.

**പറങ്കിമാവ്**

പരമ്പരാഗതവ്യവസായമായ കശുവണ്ടി വ്യവസായത്തെ നിലനിർത്തുന്ന അടിസ്ഥാനഘടകമാണ് പറങ്കിമാവുകൃഷി. വേങ്ങോട് ആയിരവല്ലിക്കുന്ന്, കല്ലുവിള, വാവറക്കുന്ന്, തെറ്റിച്ചിറ, മഞ്ഞമലക്കുന്ന് എന്നിവിടങ്ങളിലുണ്ടായ പറങ്കിമാവിൻ കാടുകൾ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഏതുതരം മണ്ണിലും ഏതുകാലാവസ്ഥയിലും വളരുന്ന പറങ്കിമാവ് കൃഷി പ്രോത്സാഹിപ്പിച്ചാൽ മാത്രമേ ആയിരക്കണക്കിനു വരുന്ന കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയും. അത്യുല്പാദനശേഷിയുള്ള പറങ്കിമാവിൻ തൈകൾ കൃഷിഭവൻ വഴി ലഭ്യമാക്കുകയും കർഷകർക്ക് ആവശ്യമായ ധനസഹായങ്ങൾ ലഭ്യമാക്കുകയും ചെയ്താൽ ഈ കൃഷി വ്യാപിപ്പിക്കാൻ കഴിയും. പൊതുനിരത്തുകളുടെ വശങ്ങളിൽ പറങ്കിമാവ് വ്യാപകമായി വച്ചുപിടിപ്പിക്കാവുന്നതാണ്.

**മാവ്/പ്ലാവ്**

പാരമ്പര്യമായി സംരക്ഷിച്ചു വരുന്ന പ്രധാനപ്പെട്ട വൃക്ഷങ്ങളാണ് മാവും,പ്ലാവും. വിറകിനുവേണ്ടി മാവും തടിയ്ക്കുവേണ്ടി പ്ലാവും മുറിച്ചുമാറ്റുന്നതു മൂലം ഈ വൃക്ഷങ്ങളും മൺമറയുകയാണ്. നാടൻ മാമ്പഴങ്ങളുടെ ഉല്പാദനരംഗത്ത് ഈ പഞ്ചായത്ത് പ്രദേശം ഗണ്യമായൊരു സ്ഥാനം കൈവരിച്ചിരുന്നൊരു കാലഘട്ടമുണ്ടായിരുന്നു. കോട്ടൂക്കോണം, കപ്പ, താളി, കിളിച്ചുണ്ടൻ, വെള്ളരി, നാട്ടുമാവ്,പാണ്ടിമാവ് തുടങ്ങിയ നാടൻമാവുകളിൽ നിന്ന് ശേഖരിക്കുന്ന മാമ്പഴം പുറത്ത് വില്ക്കുന്നതിനു സാധിച്ചിരുന്നു.മാമ്പഴവിപണിയുടെ സാധ്യതകൾ തിരിച്ചറിഞ്ഞ് നമുക്ക് പഴയകാലത്തേയ്ക്ക് തിരിച്ചുപോകാതിരിക്കാൻ കഴിയില്ല

കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മിതിക്കായി ധാരാളമായി ഉപയോഗിച്ചിരുന്ന

പ്ലാവും ഇന്ന് ഇല്ലാതാവുകയാണ്. മുറിച്ച് മാറ്റുന്ന പ്ലാവിന് പകരം തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നമ്മുടെ പൂർവ്വികർ ശ്രദ്ധിച്ചിരുന്നതായി കാണാൻ കഴിയും. ഭക്ഷ്യവിഭവങ്ങളിൽ ഒരുപ്രധാന വിഭവമായി ചക്ക ഉപയോഗിച്ച് ശീലിച്ചവരാണ് നമ്മൾ. തേൻതുള്ളികൾ നിറഞ്ഞ വരിക്കച്ചക്കപഴം ഇന്നൊരപൂർവ്വ വസ്തുവായിത്തീർന്നിരിക്കുന്നു. സാമൂഹ്യ വനവല്കരണത്തിന്റെ ഭാഗമായി വീഥികളുടെ ഇരുഭാഗങ്ങളിലും മാവും പ്ലാവും വച്ചുപിടിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുകയും പൊതുസ്ഥാപനങ്ങളുടെ മുന്നിൽ ഇത്തരം വൃക്ഷങ്ങൾ മാത്രമേ വച്ചുപിടിപ്പിക്കാവൂ എന്ന തീരുമാനവും കൈക്കൊള്ളുവാനും കഴിഞ്ഞാൽ ഈ വൃക്ഷങ്ങളുടെ കുറവ് പരിഹരിക്കാൻ കഴിയും.

### കുരുമുളക്

കറുത്തപൊന്നെന്ന ഖ്യാതി നേടിയ കുരുമുളക് കേരളത്തിലെ ഏറ്റവും പഴക്കമാർന്ന നാണ്യവിളകളിൽ ഒന്നാണ്. വളരെ പണ്ടുമുതൽ നാം കൃഷി ചെയ്തുവന്നിരുന്ന കുരുമുളകിനിന്ന് പ്രിയമേറുകയാണ്. എന്നാലും കുരുമുളക് അസംസ്കൃതവസ്തുവാക്കിക്കൊണ്ടുള്ള ഒരു വ്യവസായസംരംഭത്തിന് തുടക്കം കുറിയ്ക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ആയതുകൊണ്ട് കുരുമുളക് ഇന്നും ഒരു കയറ്റുമതി ചരക്കായിമാത്രമേ പരിഗണിക്കപ്പെടുന്നുള്ളൂ. ലോകമാർക്കറ്റിൽ മത്സരിയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ പോലും കുരുമുളകുകൃഷിയും കർഷകരും നിലനില്കണമെങ്കിൽ കുരുമുളക് അസംസ്കൃതവസ്തുവാക്കിക്കൊണ്ടുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് ആഭ്യന്തരവിപണി കണ്ടെത്തിയാലേ കഴിയൂ. ഇതിനാവശ്യമായ ഗവേഷണപ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

നാടൻമരങ്ങൾ റബ്ബർകൃഷിക്കായി മുറിച്ചുമാറ്റപ്പെടുന്നതോടെ വൃക്ഷങ്ങളെ ആശ്രയിച്ചുവളരുന്ന ഈ കൃഷിയും അപ്രത്യക്ഷമാകുമെന്ന കാര്യത്തിൽ തർക്കമില്ല.

### ഇഞ്ചി

വളരെ വ്യാപാര സാധ്യതയുള്ള ഒരു കൃഷിവിളയാണിത്. വ്യാപകമായി നമ്മുടെ പ്രദേശത്ത് ഉണ്ടായിരുന്ന ഈ കൃഷി ഇന്ന് ചുരുക്കം ചിലയിടങ്ങളിൽ മാത്രമേ ഉള്ളൂ. മേന്മയേറിയ വിത്തുകൾ കൃഷി ഭവൻ വഴി ലഭ്യമാക്കുകയും ഇഞ്ചി കൃഷിയ്ക്ക് വായ്പാ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്താൽ ഈ കൃഷി സംരക്ഷിക്കാൻ കഴിയുകതന്നെ ചെയ്യും.

### പുറുത്തിച്ചക്ക

ഒരുമുതൽമുടക്കുമില്ലാതെ ചെയ്യാൻ കഴിയുന്ന കൃഷിയാണ് പുറുത്തിച്ചക്ക(കൈതച്ചക്ക) കൃഷി. ഫലത്തിനുവേണ്ടി മാത്രമല്ല മണ്ണൊലിപ്പ് തടയുന്നതിന് നല്ലൊരുപാധി കൂടിയാണ് ഈ കൃഷി. ഒരേക്കറിൽ 5000 പുറുത്തി വരെ കൃഷിചെയ്യാൻ കഴിയുമെന്നതും മറ്റുവിളകളുടെ വളർച്ചക്ക് യാതൊരുതരത്തിലും തടസ്സമാകുന്നില്ലായെന്നതുംഈ കൃഷിയുടെ പ്രത്യേകതയാണ്. കൃഷിയിടങ്ങളെ സംരക്ഷിക്കുന്ന കൃഷിയെന്ന നിലയിലും ഇതിനെ പ്രോത്സാഹിപ്പിച്ചാൽ വമ്പിച്ച തൊഴിൽസാധ്യതയുണ്ടാക്കാൻ കഴിയുന്നതുമായ കൃഷിയാണിത്. ഏതുകൃഷിക്കും ഇടവിളയായി പുറുത്തി കൃഷിചെയ്യാൻ കഴിയും.

പുതിയയിനം തൈകൾ കൃഷി ഭവൻ മുഖാന്തിരം വിതരണം ചെയ്യുകയും കൃഷിക്കാർക്കാവശ്യമായ വായ്പകൾ നല്കുകയും

ചെയ്താൽ ഈ കൃഷിയെ വ്യാപകമാക്കാൻ കഴിയും.

**പപ്പായ**

കാലാവസ്ഥാവ്യതിയാനങ്ങൾ അല്പം പോലും ബാധിക്കാത്ത കൃഷിയാണ് പപ്പായ കൃഷി. മിക്കവാറും വീടുകളുടെ മുറ്റത്ത് കാണാറുണ്ടായിരുന്ന പപ്പായ ഇപ്പോൾ ഗണ്യമായി കുറഞ്ഞിരിക്കുന്നു. കൃഷിച്ചെലവ് ഒട്ടുംതന്നെയില്ലാത്ത, പരിചരണങ്ങൾ തീരെവേണ്ടാത്ത പപ്പായ പ്രകൃതിദത്തമായ ഔഷധഗുണമുളളതാണെന്ന തിരിച്ചറിവ് ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു.

വീട്ടുവളപ്പിലെ പപ്പായകൃഷി പദ്ധതി രൂപീകരിച്ച് വ്യാപകമാക്കിയാൽ ചെലവില്ലാതെ വിളവെടുക്കാൻ കഴിയുന്ന വിളയാണിത്.പപ്പായകറ സംഭരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ വിൽക്കാൻ കഴിയും.

**പച്ചക്കറി**

കേരളത്തിക്ക് പ്രതിവർഷം 600കോടിയോളം രൂപക്കുള്ള പച്ചക്കറി അയൽസംസ്ഥാനങ്ങളിൽനിന്ന് പ്രവഹിക്കുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളവുമായി താരതമ്യം ചെയ്യുമ്പോൾ മഴയും പുഴയും തീരെ കുറഞ്ഞ സംസ്ഥാനങ്ങളിൽ നിന്നാണ് ഇത് വരുന്നതെന്നതാണ് യാഥാർത്ഥ്യം. കേരളത്തിലെ പച്ചക്കറികൃഷിയെ, കച്ചവടാവശ്യത്തിനായി കൃഷിചെയ്ത് ഇടനിലക്കാർക്ക് പച്ചക്കറിവില്കുന്ന രീതി,വിദേശകയറ്റുമതിക്കുവേണ്ടി ചിലയിനങ്ങൾ മാത്രം കൃഷിചെയ്യുന്നരീതി,വീട്ടുവളപ്പിലെ കൃഷിരീതി എന്നിങ്ങനെ തരംതിരിക്കാം. പച്ചക്കറിയുടെ കാര്യത്തിൽ കഴിഞ്ഞകാലങ്ങളിൽ വളരെ മുന്നേറ്റമുണ്ടാക്കിയ പഞ്ചായത്താണ് പോത്തൻകോട്.ജില്ലയിലെ പ്രധാനപ്പെട്ട പച്ചക്കറി ഉല്പാദനകേന്ദ്രമായി നമ്മുടെ പഞ്ചായത്തിലെ കൃഷിയിടങ്ങൾ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. മേൽ സൂചിപ്പിച്ച കൃഷിരീതികളെല്ലാം നമ്മുടെ പഞ്ചായത്തിലും നിലനില്കുന്നു. എന്നാൽ കാർഷികമേഖലയിലെ പുറകോട്ടുപോക്ക് ഈ പഞ്ചായത്തിലെ പച്ചക്കറികൃഷിയിലും ബാധിച്ചിട്ടുണ്ട്. ശാസ്ത്രീയമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതുവഴിയും നാട്ടറിവുകൾ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടും നമ്മുടെ പഞ്ചായത്തിൽ പച്ചക്കറികൃഷിയിൽ വർദ്ധനവുണ്ടാക്കാൻ കഴിയും.

ഇലവർഗങ്ങളും ഇതിനോടൊപ്പം പ്രോത്സാഹിപ്പിക്കാൻ കഴിയും. നമ്മുടെ ആരോഗ്യ സംരക്ഷണത്തിന് ഇലക്കറികൾ വഹിച്ചിട്ടുള്ള പങ്ക് ചെറുതല്ല. മുരിങ്ങ, ചീരവർഗ്ഗങ്ങൾ തുടങ്ങിയ ഇലക്കറികൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ഇവ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ കൂടി നാം കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്.

മരച്ചീനിപോലെതന്നെ പ്രധാന്യമുളള മറ്റു കുഴങ്ങുവർഗങ്ങളുടെ കൃഷിയും വ്യാപകമാക്കേണ്ടതുണ്ട്. മധുരകിഴങ്ങ്, കൂവ, കാച്ചിൽ, നനകിഴങ്ങ്, ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗങ്ങൾ കൃഷി ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കിന്നതിനുവേണ്ടി ഗ്രാമസഭകൾ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ.

1. വാർഡ് അടിസ്ഥാനത്തിലുള്ള ചെറുഗ്രൂപ്പുകൾ രൂപീകരിക്കുക. (ഹരിതകൂട്ടം)
2. ജൈവവളവും ജൈവകീടനാശിനി

## കൃഷി

### നടീൽ വസ്തു സംബന്ധിച്ച വിവരം

| ക്രമ നമ്പർ | ഇനം | എണ്ണം | | | |
|---|---|---|---|---|---|
| | | 1992-1993 | 1993-1994 | 1994-1995 | 1995-1996 |
| 1. | തെങ്ങ് | 500 | 500 | 300 | 300 |
| 2. | കമുക് | - | 1600 | - | 30 |
| 3. | കശുമാവ് | - | - | 160 | 320 |
| 4. | കുരുമുളക് | - | 10000 | 4000 | 4000 |
| 5. | പച്ചക്കറി പായ്ക്കറ്റ് | - | 750 | 208 | 405 |
| 6. | പയർ | - | - | 220 Kg | - |
| 7. | ജാതി | - | - | - | 10 |
| 8. | ഗ്രാമ്പൂ | - | - | - | 103 |
| 9. | പൈനാപ്പിൾ സക്കർ | - | 60 | - | - |
| 10. | നെല്ല് വിത്ത് | - | 350 kg | 300 | 200 |
| 11. | വാഴക്കന്ന് | - | 350 | 1500 | 1800 |
| 12. | കോക്കൊ | - | - | 100 | - |
| 13. | ഒട്ടുമാവ് | - | - | 50 | 25 |
| 14. | പ്ലാവ് | 25 | - | 50 | 35 |
| 15. | ചെറി | - | 15 | 10 | - |
| 16. | പേര | - | 15 | - | - |
| 17. | നാരകം | 10 | 60 | 25 | - |
| 18. | ജാമ്പ | 25 | 30 | 50 | - |
| 19. | പപ്പായ | - | - | - | 50 |
| 20. | സപ്പോട്ട | 5 | 25 | - | 50 |

## കുടുംബങ്ങളുടെ എണ്ണവും കൈവശഭൂമിയുടെ വിസ്തീർണ്ണവും

| 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1 - 2 ഏക്കർ | 2 - 5 ഏക്കർ | 5 ഏക്കറിനുമേൽ |
|---|---|---|---|---|---|---|
| 4418 | 5702 | 5303 | 1255 | 711 | 192 | 116 |



പോത്തൻകോട് വാർഡ് ഗ്രാമസഭ

തെങ്ങിന്റെ രോഗം സംബന്ധിച്ചുള്ള വിവരം

**കൃഷി - 2 തെങ്ങ്**

| വാർഡ് | എണ്ണം | കാറ്റുവീഴ്ച |
|---|---|---|
| വേങ്ങോട് | 26988 | 399 |
| നേതാജിപുരം | 22179 | 775 |
| തച്ചപ്പള്ളി | 25671 | 97 |
| കല്ലൂർ | 24369 | 60 |
| മഞ്ഞമല | 23657 | 51 |
| മണ്ണറ | 13114 | 49 |
| പുലിവീട് | 25753 | 65 |
| പണിമൂല | 21245 | 36 |
| ഇടത്തറ | 30942 | 29 |
| പോത്തൻകോട് | 28411 | 39 |
| അയിരൂപ്പാറ | 20083 | 15 |
| ആകെ | 262412 | 1615 |

**കാർഷിക വായ്പകൾ സംബന്ധിച്ച വിവരങ്ങൾ**

| | സ്ഥാപനം | വായ്പതുക |
|---|---|---|
| 1 | അയിരൂപ്പാറ ഫാർമേഴ്സ് ബാങ്ക് | 38,28298 |
| 2 | തോന്നയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 29,37889 |
| 3 | തോന്നയ്ക്കൽ പട്ടികജാതി കോളനി ജോയിന്റ് ഫാമിംഗ് സഹസകരണ സംഘം | 85,1440 |
| 4 | ജില്ലാ സഹകരണബാങ്ക് (പോത്തൻകോട് ശാഖ) | 1,10,64,354 |

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 85 ഹെക്ടർ |
| പുരയിടം | 1550 ഹെക്ടർ |
| കൃഷിയോഗ്യമായ തരിശ്ശ് | 28 ഹെക്ടർ |
| കൃഷിയോഗ്യമല്ലാത്ത തരിശ്ശ് | 18 ഹെക്ടർ |
| പുറം പോക്ക് | 123 ഹെക്ടർ |

യും ഉപയോഗിക്കുവാൻ പ്രോൽസാഹിപ്പിക്കുക. ഇതിനുള്ള പരിശീലനവും നിർദ്ദേശവും നൽകുക. സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുക.

3. പഞ്ചായത്തിലെ സന്നദ്ധ സംഘടനകളെയും ക്ളബുകളെയും പച്ചക്കറി കൃഷിയ്ക്കായിു പ്രോൽസാഹിപ്പിക്കുക.
4. പഞ്ചായത്തിൽ പച്ചക്കറി വിപണന കേന്ദ്രം സ്ഥാപികുക.
5. വളങ്ങളും വിത്തുകളും സൗജന്യമായി നൽകുന്നനിതുള്ള സംവിധാനം ഉണ്ടാക്കുക. ഇതിനുള്ള കേന്ദ്രം സ്ഥാപിക്കുക.
6. സബ്സിഡികൾ നൽകുകയും മറ്റ് സാമ്പത്തിക സഹായം നൽകുകയും വേണം.
7. ജലസേചന സൗകര്യ കുറവ് പരിഹരിക്കുക.
8. ഇറക്കറികളുടെ പ്രാധന്യം മനസ്സിലാക്കികൊടുക്കയും ഇവ പ്രോൽസാഹിപ്പിക്കുകയും വേണം.

**ജലസേചനം**

അനുയോജ്യമായ കാലാവസ്ഥയും കൃഷിക്കാവശയമായ ജലലഭ്യതയും കൊണ്ട് അനുഗൃഹീതമായിരുന്നു പോത്തൻകോട് പഞ്ചായത്ത്. പെയ്യുന്ന മഴ കുന്നുകളിൽ നിന്ന് നിർച്ചാലുകളായി തോടുകളിലേയ്ക്കും കുളങ്ങളിലേയ്ക്കും പ്രകൃതിദത്തമായി തന്നെ ഒഴുകിയെത്തിയിരുന്നു. ജലം സംഭരണികളായ പാടശേഖരങ്ങൾ മനുഷയന്റെ ദുര കാരണം വരൾച്ചയെ നേരിടുകയും നീർച്ചാലുകളുടേയും ജലാശയങ്ങളുടേയും വിസ്തൃതി തന്നെ കുറഞ്ഞുവരികയും ചെയ്യുന്നു. മുപ്പതിൽപരം പൊതുകുളങ്ങളും അനേകം സ്വകാര്യ കുളങ്ങളും ധാരാളം തോടുകളും നീർച്ചാലുകളും ഉള്ള നമ്മുടെ പഞ്ചായത്തിൽ ഇന്ന് കൃഷിക്കാവശ്യമായ ജലം ലഭ്യമല്ലെന്നുള്ളത് വസ്തുതമായി തീർന്നിരിക്കുന്നു. ഇവിടെയുള്ള കർഷകരിൽ ചെറിയൊരു ശതമാനം മാത്രമേ കാർഷികാവശ്യങ്ങൾക്കായി പമ്പ്സെറ്റുകൾ ഉപയോഗിക്കുന്നുള്ളു. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പഞ്ചായത്തിലെ കൃഷിയിടങ്ങളെ സാരമായി ബാധിക്കുന്നുണ്ട്.

**ജലസേചനരംഗത്തെ പ്രശ്നങ്ങൾ**

1. നീർച്ചാലുകൾ നികത്തപ്പെടുന്നുന്നു.
2. കൈയ്യേറ്റം മൂലം കുളങ്ങളുടേയും മറ്റും വിസ്തൃതികുറയുന്നു.
3. ജലസേചന പദ്ധതിയുടെ പോരായ്മ.
4. തടയണകളുടെ അഭാവം
5. ധന സഹായത്തിലുള്ള പോരായ്മകൾ.

**നിർദ്ദേശങ്ങൾ സാദ്ധ്യതകൾ**

1. പൊതുകുളങ്ങളുടെ വിസ്തീർണ്ണം തിട്ടടുത്തി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
2. നീർച്ചാലുകളും ജല സ്രോതസ്സുകളും സംരക്ഷിക്കുന്നതിന് വേണ്ടുന്ന വിപുലമായ പദ്ധതികൾ ആവഷ്കരിച്ച് നടപ്പിലാക്കുക.
3. തോട്ടുകളിൽ തടയണങ്ങൾ നിർമ്മിക്കുകയും, ചീപ്പുകൾ നിർമ്മിക്കുകയും ചെയ്യുക.
4. ഏറ്റവും കുറഞ്ഞ 10 സെന്റ് ഭൂമിയുള്ളവർക്കും കാർഷിക്കാവശ്യങ്ങൾ

ക്കുള്ള കിണറും പമ്പ്സെറ്റും സബ് സിഡിയായി അനുവദിക്കുക.

5. വാട്ടർ ഷെഡ് പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

6. കാർഷികാവശ്യത്തിന് വൈദ്യുതി കണകഷൻ നല്കുന്നതിന് മുൻഗണന നൽകുകയും വ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യുകുക.

7. മണ്ണൊലിപ്പ് തടയുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

8. മഴവെള്ളം സംഭരിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

9. മഠത്തിൽ കുളങ്ങര ചിറ താഴ്ത്തി പമ്പ്സെറ്റ് സ്ഥാപിച്ച അയിരൂപ്പാറ വാർഡിൽ ജലസേചനം നടത്താൻ കഴിയും.

10. തോന്നയ്ക്കൽ പട്ടിക ജാതി കോളനിയിൽ സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറുകൾ നന്നാക്കിയാൽ മഞ്ഞമല ഭാഗവരെയുള്ള ജലസേചന പ്രശ്നം പരിഹൃതമാകും.

11. സമഗ്രമായ ജലസേചനത്തിന് ഡ്രിപ് ഇറിഗേഷൻ , സ്പ്രിംഗളർ പദ്ധതി എന്നിവ വ്യാപകമാക്കി നാളികേര കൃഷി മെച്ചപ്പെടുത്താം.

12. നീർമ്മറി പദ്ധതി അടിസ്ഥാനമാക്കിയുള്ള മണ്ണ് ജല സംരക്ഷണ പദ്ധതിക്ക് രൂപം നൽകുക.

13. തിപ്പലിക്കോണത്ത് 10 സെന്റ് സ്ഥലം വിലയ്ക്കുവാങ്ങി പുതിയ കുളം കുഴിക്കണം.

14. പന്നിത്താംകോണം, കളിക്കൽ, കട്ടിയാട്ട് തോട് വികസിപ്പിക്കുക.

15. തച്ചപ്പള്ളി വാർഡിലെ വലിയ കുളം നന്നാക്കി ജലസേചനവും, കൃഷിയും മെച്ചപ്പെടുത്തുക.

16. മണ്ണറ വാർഡിൽ മണ്ണറക്കോണം വടവുകര കുളം, ചിരിയോട്ടുകോണം കുളം, ചെറുന്നല്ലിക്കോട് കുളം എന്നിവ നന്നാക്കി ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

17. നാറാണത്തുകുളം, പെട്ടക്കുളം കരൂർ കുളം പോത്തൻകോട് കുളം. തുടിക്കോട്ടുക്കോണം ചിറ, പാടുകാണിചിറ എന്നിവ നന്നാകുക.

18. പോത്തൻകോട് ചിറ വികസിപ്പിക്കുക.

19. പണിമൂലക്ഷേത്രകുളം ,ഒടൂർ കുളം കുനയിൽ ക്ഷേത്രകുളം, പെതുപ്പള്ളിക്കോണം ചിറ, മോട്ടുക്കോണം, പാവുക്കോണം പട്ടാരി, കുളങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വൃത്തിയാക്കിജലസേവന സൗകര്യങ്ങളുണ്ടാക്കുക.

20. കൈതപുഴ, മലയിൽകോണം ചിറ. തെങ്ങനാം കോട് കുളം എന്നിവ വൃത്തിയാക്കുക.

21. പഞ്ചായത്ത്തല ജലസമിതി ഉണ്ടാക്കുക.

22. സമഗ്രമായ ജല സർവ്വേ നടത്തി നീരുറവകളും ജലസ്രോതസ്സുകളും കണ്ടെത്തുക.

കൃഷിയ്ക്കും ജലസേചനത്തിനും ആവശ്യമായ ചില പൊതുനിർദ്ദേശങ്ങൾ കുടി വയ്ക്കുകയാണ്.

1. തെറ്റിയാർ വാട്ടർ ഷെഡ്ഡുപദ്ധതി പ്രകാരം ധാരളം ആളുകൾക്ക് ഗുണം

കിട്ടിയിടുണ്ട് . എന്നാൽ ഈ പദ്ധതി നടത്തിപ്പിൽ കടന്നുകൂടിയിട്ടുള്ള അശാസ്ത്രീയതും, ഇതുമൂലം ഗുണം കിട്ടിയത് അർഹതയുള്ളവർക്കാണോ എന്നുള്ളതും പരിശോധിക്കപ്പെട്ടിട്ടില്ല. പദ്ധതി നടത്തിപ്പിൽ ബാക്കിയുള്ള തുക ജൈവവള നിർമ്മാണത്തു വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്.

2. കൃഷിഭവന്റെ പ്രവർത്തനം കുടതൽ വ്യാപകമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്ഥികരിക്കുകയും കൃഷിഭവന്റെ ആവശ്യങ്ങൾക്കുവേണ്ടി വാഹന സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.
3. പഞ്ചായത്തുകേന്ദ്രത്തിൽ മണ്ണിര കംപോസ്റ്റ് നിർമ്മാണ യൂണിറ്റ് രൂപികരിക്കുക.
4. ഗ്രൂപ്പ് ഫാമിംഗ്സമതികൾ എല്ലാ പാടശേഖരങ്ങളിൽ ഉണ്ടാക്കുകയും കർഷകർക്കാവശയമായ സഹായങ്ങൾ ഈ സമിതിവഴി ലഭ്യമാക്കുകയും ചെയ്യുക.
5. പഞ്ചായത്തു കേന്ദ്രമാക്കി ഒരു വിപണന കേന്ദ്രം സ്ഥാപിക്കുക.
6 പൂലിവിട് , നേതാജി പുരം, മഞ്ഞമല്ല, കല്ലൂർ, തച്ചപള്ളി, വേങ്ങോട് എന്നിവാർഡുകളെ ബന്ധിപ്പിച്ചുകൊണ്ട് പുതയ വാട്ടർ ഷെഡ് പദ്ധതി ആരംഭിക്കുക.
7. പഞ്ചായത്തിൽ സമഗ്രമായ സർവ്വേ നടത്തി വിഭവഭൂപടവും ഡ്രെയിനേജ് മായി മാപ്പു നിർമ്മിക്കുക.



## നിലവിലുള്ള തോടുകളുടെ വിവരം

| നമ്പർ | തോടിന്റെ പേര് | ശരാശരി നീളം മീറ്ററിൽ | ശരാശരി വീതി മീറ്ററിൽ |
|---|---|---|---|
| 1. | കട്ടിയാട് | 600 | 3 |
| 2. | ആലപ്പാട്ടുനട | 500 | 3 |
| 3. | തച്ചപ്പള്ളി | 1000 | 6 |
| 4. | ആക്കനാട | 1000 | 4 |
| 5. | പിരിയാടുകോണം പണിമൂല | 1750 | 2 |
| 6. | പുളിമൂട്ടിൽ പൊഴുനെൽ | 1600 | 2 |
| 7. | [illegible] | 700 | 2 |
| 8. | [illegible] | 2200 | 3 |
| 9. | [illegible] തോട് | 2800 | 4 |
| 10. | [illegible] | 3800 | 5 |
| 11. | [illegible] | 4200 | 3 |
| 12. | ചന്തവിളാകംപുനട | 1800 | 2 |
| 13. | പൊലുന്നൽ നട | 3400 | 2 |
| 14. | പോത്തൻകോട് ആലപ്പാട്ട് | 2400 | 4 |
| 15. | തുടിക്കോട്ടുകോണം | 3600 | 2 |
| 16. | പാടുകാണി | 1600 | 3 |
| 17. | തെറ്റിയാർ അരിയോട്ടുകോണം | 1200 | 4 |
| 18. | തെറ്റിയാർ പണിമൂല | 1600 | 3 |
| 19. | മലയിൽക്കോണം | 2000 | 4 |
| 20. | കുനയിൽകോണം | 1640 | 3 |
| 21. | പൂവൻവിള | 2480 | 4 |
| 22. | തെങ്ങനാംകോട് | 4000 | 2 |
| 23. | അമ്പാലിക്കോണം | 3000 | 2 |
| 24. | ശാസ്താംകോണം | 2860 | 3 |
| 25. | വേറ്റൂർകോണം | 2600 | 3 |
| 26. | കാപ്പിത്തോട്ടം | 4300 | 3 |
| 27. | വേട്ടൻപള്ളി | 3600 | 3 |
| 28. | മുളവൂർകോണം | 2600 | 3 |
| 29. | ചെറുനെല്ലിക്കോട് | 3200 | 2 |
| 30. | നാറാണത്തുകോണം | 2460 | 2 |
| 31. | ആനക്കോട്ടുകോണം | 2370 | 2 |
| 32. | കണിയാർകോണം | 2060 | 2 |
| 33. | കുന്നത്തൂർകോണം | 1890 | 2 |
| 34. | ചെറുവല്ലിക്കോണം | 1960 | 2 |
| 35. | പതിപ്പള്ളിക്കോണം | 2380 | 2 |
| 36. | പാവുക്കോണം | 1890 | 2 |
| 37. | ചിറ്റിക്കര | 2690 | 2 |
| 38. | പട്ടാരി | 3060 | 2 |
| 39. | അയിരൂപ്പാറ | 2130 | 2 |
| 40. | തിപ്പലിക്കോണം | 2090 | 2 |
| 41. | അയണിയറുത്തല | 1980 | 2 |
| 42. | ഊളൻകാവ് | 2640 | 2 |

## പ്രധാന വിളകൾ

| വിള | വിസ്തീർണ്ണം |
|---|---|
| നെല്ല് | 85 ഹെക്ടർ |
| തെങ്ങ് | 1070 ഹെക്ടർ |
| മരച്ചീനി | 196 ഹെക്ടർ |
| വാഴ | 80 ഹെക്ടർ |
| പച്ചക്കറി | 18 ഹെക്ടർ |
| കുരുമുളക് | 25 ഹെക്ടർ |
| റബ്ബർ | 400 ഹെക്ടർ |

## തെറ്റിയാർ വാട്ടർ ഷെഡ്ഡ് പദ്ധതി പ്രകാരം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ

| | നടത്തിയ പ്രവർത്തനം | തുക |
|---|---|---|
| 1 | ചെറിയ കുളം | 18,624 രൂപ |
| 2 | തടയണ | 15,721 രൂപ |
| 3 | തോടുസംരക്ഷണം | 43,341 രൂപ |
| 4 | വരമ്പു സംരക്ഷണം | 20,335 രൂപ |
| 5 | സൈഡുവാൾ | 2,74,819 രൂപ |
| 6 | ഡ്രെയിനേജ് ലൈൻ സംരക്ഷണം | 85,490 രൂപ |



# മൃഗസംരക്ഷണം മത്സ്യപരിപാലനം

# 5-2

ഇടനാടിന്റെ സകലവിധമായ സവിശേഷതകളും ഒത്തുചേർന്ന ഭൂപ്രദേശമാണ് പോത്തൻകോട് പഞ്ചായത്ത്. മലഞ്ചെരുവുകളും താഴ്‌വര പ്രദേശങ്ങളും ഇടകലർന്ന ഇവിടെ പ്രകൃതിദത്തമായ പുൽമേടുകൾ സുലഭമായിരുന്നു. അതിവേഗത്തിൽ മാറിക്കൊണ്ടിരുന്ന നാടിന്റെ മുഖഛായയ്ക്കൊപ്പം പുൽത്തകിടുകൾ അപ്രത്യക്ഷമാകുകയും നാണ്യവിളകൾ ആസ്ഥാനം കൈകടക്കുകയും ചെയ്തിരുന്നു. ബഹുഭൂരിപക്ഷം വീടുകളിലും കന്നുകാലികളെ വളർത്തിയിരിക്കുന്ന ഒരു ഗതകാല ചരിത്രം നമ്മുടെ പഞ്ചായത്തിനുണ്ട്. മൃഗസംരക്ഷണിലൂടെ ലഭിച്ചിരുന്ന വരുമാനമായിരുന്നു പല കുടുംബങ്ങളുടെയും സാമ്പത്തിക നിലനിൽപ്പിന്റെ അടിസ്ഥാനം. ഗ്രാമജീവിതത്തിന്റെ സകല മേഖലകളിലും കന്നുകാലി വളർത്തലിന്റെ സ്വാധീനത പ്രകടമായിരുന്ന ഇന്നലെകൾ നമുക്കുണ്ടായിരുന്നു.

സർവ്വ അഭീഷ്ടങ്ങളും സാധിച്ചുതരുന്ന കാമധേനു വിന്റെ കഥ പുരാണങ്ങളിൽ പ്രസിദ്ധമാണ്. സാധാരണക്കാരനെ സംബൻധിച്ചിടത്തോളം പശുവളർത്തൽ ഈ പൗരാണിക സങ്കൽപ്പത്തെ സാർത്ഥകമെ പശുവളർത്തൽ ഐശ്വര്യത്തിന്റെ പ്രതികമായി കരുതിയിരുന്ന ഒരു വലിയ ജനത നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പാലും പാലുല്പന്നങ്ങളും ഗ്രാമീണ ജനതയുടെ ആരോഗ്യത്തെ സംരക്ഷിച്ചിരുന്നു. രോഗപ്രതിരോധശേഷിയുള്ളതും മെച്ചെപ്പെട്ട അളവിൽ പാൽ ലഭിക്കുന്നതുമായ നാടൻ പശുക്കളെയാണ് വളർത്തിയിരുന്നത്. സമ്പന്ന ഭവനങ്ങളിൽ തൊഴുത് കടച്ചിൽ സർവ്വസാധാരണമായിരുന്നു. ധനികന്റെ പശുവിനെ വളർത്തുന്നതിനുവേണ്ടി കൊമ്പും കുടമണിയും കിലുക്കി ഗ്രാമവീഥിയിലൂടെ സഞ്ചരിച്ചിരുന്ന കാളകളും കാളവണ്ടികളും എല്ലായിടങ്ങളിലുമുണ്ടായിരുന്നു. ബാരം വലിക്കുന്നതിനും നിലം ഉഴുന്നതിനും കാളകളെയും പോത്തുകളെയും ഉപയോഗിച്ചിരുന്നു. പാലിനും ചാണകത്തിനും വേണ്ടി മാത്രമല്ല നിലം ഉഴുന്നതിനും എരുമകളെ ഉപയോഗിച്ചിരുന്നു. മണ്ണിന്റെ ജൈവ പ്രകൃതിനിലനിർത്തുന്നതിൽ കാലിവളങ്ങൾ നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്. അത്യാഘോഷപൂർവ്വം കൊണ്ടാടിയിരുന്ന മരമടി മഹോത്സവങ്ങൾ ഇന്ന് പഴമക്കാരുടെ ഓർമ്മകളെ മാറിയിരിക്കുന്നു. ദരിദ്രന്റെ കറവമാടായി അറിയപ്പെട്ടിരുന്നത് ആടുകളാണ്. വിവിധ ആഘോഷങ്ങളോടനുബന്ധിച്ച് കശാപ്പുചെയ്ത് മാംസം ഉപയോഗിച്ചിരുന്നു. കോഴി വളർത്തലിലൂടെ മുട്ട മാംസം എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തമായിരുന്നു ഈ പഞ്ചായത്ത്. കോഴിവളം പച്ചക്കറികൃഷിയെ സഹായിച്ചിരുന്നു. കുടുംബത്തിലെ അധിക വരുമാനമാർഗ്ഗമായിരുന്നു കോഴിവളർത്തൽ.

ധവളവിപ്ലവത്തെത്തുടർന്ന് അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കൾ നമ്മുടെ പഞ്ചായത്തിലും പ്രചരിച്ചു. ഇന്ന് സങ്കരയിനങ്ങളായ സിന്തി, സിസ് ബ്രൗൺ, ജെഴ്സി, ഹോൾസ്റ്റയിൻ തുടങ്ങിയ ഇനങ്ങളാണ് വളർത്തുന്നത്. നാടൻപശുക്കളും വിത്തുകാളകളും അന്യം നിന്നിരി

ക്കുന്നു.വ്യാപകമായികണ്ടുവരുന്ന കാലിരോഗങ്ങൾ.കൃത്രിമകാലിത്തീറ്റയുടെ കുതിച്ചുയരുന്ന വില.ആദായകരമല്ലാത്ത പാൽവില തുടങ്ങി നിരവധി പ്രശ്നങ്ങൾ കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ അഭിമുഖീകരിക്കുന്നുണ്ട്.തീറ്റപ്പുല്ല്.വയ്കോൽ എന്നിവയും കിട്ടാൻ പ്രയാസമായിരിക്കുന്നു.എങ്കിലും നമ്മുടെ ഗ്രാമത്തിന്റെ കാർഷികവും സാമ്പത്തികവുമായ പുരോഗതിക്ക് കന്നുകാലി വളർത്തൽ വ്യാപകമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മണ്ണിന്റേയും മനുഷ്യരുടേയും ആരോഗ്യം നിലനിൽക്കണമെന്നുണ്ടെങ്കിൽ കാലിവളർത്തൽ പ്രോത്സാഹിപ്പിച്ചേ മതിയാകൂ.ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ അനന്തമായസാധ്യതകൾ ഈ രംഗത്തുണ്ട്.വേണ്ടത്ര കന്നുകാലി വളം ലഭ്യമാക്കിയില്ലായെങ്കിൽ നമ്മുടെ മണ്ണ് ഊഷരമാകുമെന്ന കാര്യം നിസ്തർക്കമാണ്. പാലുല്പന്നങ്ങളുടെ നിർമ്മാണവും വിപണനവും ചെറുകിടവ്യവസായങ്ങളായി എന്നനിലയിൽ വലിയ സാധ്യതയുള്ള മേഖലയാണ്.ചന്ദനത്തിരി നിർമ്മാണം,ഭസ്മ ഉല്പാദനം എന്നിവയും ചെറുകിടവ്യവസായമായി വളർത്തുവാൻ സാധ്യതയുളളവയാണ്. ബയോഗ്യാസ് പ്ലാന്റുകൾ നമ്മുടെ സംസ്ഥാനം നേരിടുന്ന കടുത്ത ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് ഒരത്താണിയായിരിക്കും.പാലുല്പാദനം വർദ്ധിച്ചുഎങ്കിലുംപശുക്കളുടെപ്രതിരോധശേഷി കുറവാണ്.അതുകൊണ്ട് നമ്മുടെ കാലാവസ്ഥയും പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന ഉയർന്ന ഉല്പാദനശേഷിയുള്ള പുതിയ ഇനങ്ങളെ കണ്ടെത്താനുള്ള പരീക്ഷണം മുന്നോട്ട് കൊണ്ടു പോകേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ഏകമൃഗാശുപത്രി കല്ലൂർ വാർഡിൽ സ്ഥിതി ചെയ്യുന്നു. സ്വന്തമായി കെട്ടിടമോ ഭൗതികസാഹചര്യങ്ങളോ ഇല്ലാത്ത ഈ ആശുപത്രിയുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കേണ്ടതാണ്.സ്വന്തമായി ആസ്ഥാനം ഉണ്ടാക്കുക.യാത്രാസൗകര്യങ്ങൾ ഒരുക്കുക.വെള്ളവും വെളിച്ചവും എത്തിക്കുക തുടങ്ങിയ കാര്യങ്ങളിൽ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്. നേതാജിപുരം, അയിരൂപ്പാറ വാർഡുകളിലായി രണ്ട് ഐ.ഡി.സി.പിബ്സെന്ററുകൾ സ്ഥിതി ചെയ്യുന്നു.ഈ സെന്ററുകൾ വെറ്റിനറിഡിസ്പെൻസറിയായി ഉയർത്തിയാൽ മൃഗസംരക്ഷണമേഖലയിൽ കാര്യമായ പ്രവർത്തനങ്ങൾക്ക്വഴിയൊരുക്കാവുന്നതാണ്.കൃത്രിമബീജാധാനത്തിന്റെ അപര്യാപ്തത എടുത്തു പറയേണ്ട പോരായ്മയാണ്. കാലികൾക്കു വരുന്ന രോഗങ്ങൾ തിരിച്ചറിയുന്നതിനോ അതിന് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിനോ ഉള്ള ലബോറട്ടറി സംവിധാനങ്ങൾ ഇല്ലാത്തതും ഈ രംഗത്തുള്ള പോരായ്മകളാണ്.

നമ്മുടെ പഞ്ചായത്തിൽ വേങ്ങോട്. നേതാജിപുരം എന്നീ വാർഡുകളിലും അടുത്തകാലത്തായി കല്ലൂരിൽ ആരംഭിച്ചതുൾപ്പെടെ മൂന്ന് ക്ഷീരോല്പാദക സംഘങ്ങളാണുള്ളത്.മറ്റുവാർഡുകളിൽ ക്ഷീരോത്പാദക സംഘങ്ങൾ ഇല്ലാത്തതു മൂലം നമ്മുടെ പഞ്ചായത്തിലുല്പാദിപ്പിക്കുന്ന പാലിന്റെ സിംഹഭാഗവും മറ്റു പഞ്ചായത്തുകളിലേക്ക് പോകുന്നു. ഇതിനൊരുപരിഹാരം കാണണമെങ്കിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ ക്ഷീര സഹകരണസംഘങ്ങൾ ആരംഭിക്കുകയേ നിവർത്തിയുള്ളൂ. ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ സംഭരിക്കാൻക്കഴിഞ്ഞാൽ പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനും ചെറുകിടവ്യവസായം എന്ന രീതിയിൽ പാലുല്പന്നങ്ങൾ നിർമ്മാണ വിതരണ കേന്ദ്രം സ്ഥാപിക്കുന്നതിനും കഴിയും. തീറ്റപ്പുൽകൃഷിയ്ക്ക് സമഗ്രമായൊരു പദ്ധതി പഞ്ചായത്തും കൃഷിഭവനും സംയുക്തമായി ആരംഭിക്കേണ്ടതാണ്. കാലിതീറ്റയുടെ അമിതവിലയും ദൗർലഭ്യവും കർഷകരെ കാലി വളർത്തലിൽ നി

ന്നും പിൻതിരിപ്പിക്കുന്നു. പഞ്ചായത്ത് കേന്ദ്രമാക്കി കാലിത്തീറ്റ ഉല്പാദന വിതരണകേന്ദ്രം സ്ഥാപിക്കാൻ കഴിഞ്ഞാൽ ഈ മേഖലയിലുള്ള പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ വലിയ സാദ്ധ്യതയുള്ള മേഖലയാണ് ആടുവളർത്തൽ. ഇടത്തരം കൃഷിക്കാർക്ക് ലാഭകരമായി ചെയ്യാൻ കഴിയുന്ന തൊഴിലാണിത്. കുറഞ്ഞ മൂലധനം മതി എന്നുള്ളതും വീട്ടമ്മമാരുടെയും കുട്ടികളുടെയും അധ്വാനശേഷി ഫലപ്രദമായി ഉപയോഗപ്പെടുത്താമെന്നതും ഈ രംഗത്തുള്ള അനുകൂല സാഹചര്യങ്ങളാണ്. ഇതുപോലെ മറ്റൊരു വരുമാന മാർഗ്ഗമാണ് കോഴി വളർത്തൽ. വീട്ടുവളപ്പിലെ കോഴി വളർത്തൽ പദ്ധതി നമുക്ക് ആവിഷ്കരിച്ചു നടത്താവുന്നതാണ്. തെരെഞ്ഞെടുത്ത വീടുകൾക്ക് മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ഇങ്ങനെയുള്ള വീടുകളെ ചേർത്തുകൊണ്ട് പൗൾട്രി ക്ലബ് രൂപീകരിക്കുകയും വേണം. പൗൾട്രി ക്ലബുകൾ പഞ്ചായത്തുതലത്തിൽ യോജിപ്പിച്ചുകൊണ്ട്ഒരു കേന്ദ്രസംഘം രൂപീകരിക്കുകയും അതിലൂടെ മുട്ടയുടെ വിപണനം സാധ്യമാക്കാവുന്നതാണ്. ഈ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധമാനമായതോതിൽ സൃഷ്ടിക്കുവാനും മുട്ടയുല്പാദനത്തിന്റെ പഞ്ചായത്തിനെ സ്വയം പര്യാപ്തതയിലേയ്ക്ക് നയിക്കുവാനും കഴിയും. കോഴി വളർത്തൽപോലെ തന്നെ വ്യാപിപ്പിക്കാൻ കഴിയുന്നതാണ്. താറാവ്, മുയൽ എന്നിവയുടെ പരിപാലനം. ഇതിനോടൊപ്പം തന്നെ പന്നിവളർത്തലും വളർത്തു പക്ഷികളുടെ പരിപാലനവും സാധ്യതകളുള്ള മേഖലകളാണ്.

മൃഗസംരക്ഷണം കാര്യമായി പരിപോഷിപ്പിച്ചാൻ പാലിന്റെയും മുട്ടയുടെയും ജൈവവളത്തിന്റെയും എന്നപോലെ മാംസത്തിന്റെ കാര്യത്തിലും സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും. അറവുശാലകളിൽ നിന്നും കിട്ടുന്ന മാംസത്തിന്റെ ഗുണമേന്മ തിരിച്ചറിയാൻ കഴിയാത്തതുമൂലം മാംസാഹാരങ്ങൾ ഉപേക്ഷിക്കുന്ന തരത്തിലേയ്ക്ക് ജനങ്ങൾ ചിന്തിച്ചുപോകുന്നുണ്ട്. പഞ്ചായത്തു കേന്ദ്രമാക്കി ഒരു മാംസ സംസ്കരണ വിതരണകേന്ദ്രം സ്ഥാപിക്കാൻ കഴിഞ്ഞാൽ ഈ രംഗത്തുള്ള പോരായ്മകൾ പരിഹരിക്കാൻ കഴിയും.

പേവിഷബാധ നിയന്ത്രിക്കുന്നതിന് പേവിഷബാധനിർമ്മാർജ്ജനപരിപാടിയ്ക്ക് രൂപം നൽകണം. അലഞ്ഞുതിരിയുന്ന നായ്ക്കളെ യഥാസമയം പിടിക്കാനുള്ള പരിപാടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. പോത്തൻകോട് മാർക്കറ്റിലും പരിസര പ്രദേശങ്ങളിലും നായ്ക്കളുടെ ശല്യം വളരെ കൂടുതലാണ്. ചില പ്രത്യേക കാലങ്ങളിൽ പേപ്പട്ടി ശല്യം ഈ പഞ്ചായത്തിൽ അനുഭവപ്പെടാറുണ്ട്. ഇത് തടയുന്നതിനു വേണ്ട മുൻകരുതലുകൾ മൃഗസംരക്ഷണവകുപ്പ് മുഖേന എടുക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. തീറ്റപുല്ലിന്റെ ലഭ്യതകുറവ്
2. കാലിതീറ്റയുടെ അമിതവില
3. പാലിന്റെ വിലക്കുറവ്
4. മൃഗചികിത്സാരംഗത്തെ അപര്യാപ്തത
5. ഇൻഷ്വറൻസ് മേഖലയിലെ പോരായ്മ
6. പാലിന്റെ വിതരണത്തിനുള്ള അസൗകര്യങ്ങൾ
7. ധനസഹായലഭ്യതയുടെ അപര്യാപ്തത
8. പ്രതിരോധ കുത്തിവെയ്പ്പ് സൗകര്യങ്ങളുടെ അപര്യാപ്തത
9. കൃത്രിമ ബീജാധാനത്തിലെ പോരായ്മ
10. ബയോഗാസ് പ്ലാന്റുകളുടെ കുറവ്.
11. കന്നുകുട്ടി പരിപാലന പദ്ധതിയുടെ പോരായ്മ
12. നടപ്പ് പദ്ധതികളുടെ പോരായ്മ
13. മൃഗാശുപത്രികയിൽ വാഹനസൗകര്യ

വും ലബോറട്ടറി സൗകര്യവും ഇല്ലാത്ത അവസ്ഥ

14. ആശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടമില്ല.

15. ഡോക്ടറുടെ സേവനം എല്ലാ സമയത്തും ലഭ്യമല്ല.

16. പേപ്പട്ടി ശല്യം

17. അലഞ്ഞുതിരിയുന്ന പട്ടികളെ യഥാസമയം പിടിക്കാത്ത സ്ഥിതി.

18. അത്യുൽപ്പാദന ശേഷിയുള്ള കോഴികുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്.

19. കോഴികളെ ബാധിക്കുന്ന രോഗങ്ങൾക്കുള്ള മരുന്നിന്റെ ലഭ്യതക്കുറവ്.

20. മെച്ചപ്പെട്ടയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല.

21. അറവുശാലകളിൽ നിന്നും ലഭിക്കുന്ന മാംസത്തിന്റെ ഗുണമേന്മ ഉറപ്പില്ലായ്മ.

22. വെറ്റിനറി മരുന്നുകളുടെ വിലക്കയറ്റം.

**പരിഹാര നിർദ്ദേശങ്ങൾ**

1. തീറ്റപുൽവിത്ത് സൗജന്യമായി [illegible] കർക്കു നൽകി തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ആവിഷ്ക്കരിക്കുക.

2. പഞ്ചായത്ത് വക ഭൂമിയിൽ പുൽകൃഷി നടത്തുക..

3. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾകൊണ്ട് കാലിതീറ്റനിർമ്മാണകേന്ദ്രം പഞ്ചായത്തുതലത്തിൽ സ്ഥാപ്പിക്കുക. അതിനായി സർക്കാർ വക ഭൂമിപ്രയോജനപ്പെടുത്താവുന്നതാണ്.

4. കാലിതീറ്റ സഹകരണസംഘങ്ങൾ വഴിയോ, സിവിൽ സപ്ലയീസ് വഴിയോ സബ്സിഡിയിനത്തിൽ വിതരണം ചെയ്യുക.

5. സഹകരണസംഘങ്ങൾ വഴി പാലിന് ന്യായമായ വില ലഭ്യമാക്കുക.

6. മൃഗചികിത്സാരംഗത്ത് നിലവിലുളള പോരയ്മകൾ പരിഹരിക്കുക.

7. പഞ്ചായത്തിലെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

8. ആവശ്യമായ സ്ഥലങ്ങളിൽക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിക്കുക.

9. മൃഗസംരക്ഷണവകുപ്പിലുടെയുള്ള ധനസഹായങ്ങൾ യഥാർത്ഥകർഷകനു കിട്ടുമെന്നുറപ്പുവരുത്തുക.

10 എല്ലാ കന്നുകാലികൾക്കും പ്രതിരോധ കുത്തിവയ്പ്പ് സൗജന്യ നിരക്കിൽ ലഭ്യമാക്കുക

11. [illegible] കളിൽചെന്ന് [illegible] ഏർപ്പെടുത്തുക.

12. [illegible] ഡിസ്[illegible]ക.

13. ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഒരു കർമ്മ പരിപാടി തയ്യാറാക്കുക.

14. കന്നുകുട്ടി പരിപാലനത്തിനുള്ള പദ്ധതിനടപ്പിലാക്കുകയും നിലവിലുള്ള പദ്ധതിയുടെ പോരായ്മകൾ പരിഹരിക്കുകയും വേണം.

15. മൃഗാശുപത്രിയ്ക്ക് വാഹനസൗകര്യം ലബോറട്ടറി സംവിധാനം എന്നിവ ഏർപ്പെടുത്തുക.

16. അലഞ്ഞുതിരിയുന്ന പട്ടികളെ പിടിക്കുന്നതിനുള്ള കർമ്മ പരിപാടി നടപ്പിലാക്കുകയും പേവിഷബാധതടയുന്നതിന് വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ്പ് നൽകുകയും, കർശനമാ

കന്നുകാലിരോഗവിവരങ്ങൾ

| ക്രമ നം. | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 128 | 3 | 118 | 501 |
| 2. | ശ്വാസകോശ സംബന്ധമായവ | 23 | _ | 15 | 688 |
| 3. | ഉപാപജയ സംബന്ധം | 5 | _ | 4 | _ |
| 4. | ത്വക്‌രോഗങ്ങൾ | 56 | _ | 6 | _ |
| 5. | ധതുലവണങ്ങളുടെ അഭാവം | 4 | _ | 4 | _ |
| 6. | പരാദരോഗങ്ങൾ | 224 | _ | 49 | _ |
| 7. | പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 47 | _ | 6 | _ |
| 8. | വന്ധ്യത | 22 | _ | 8 | _ |
| 9. | അകിടുവീക്കം | 35 | _ | 8 | _ |
| 10. | മുടന്തൻ പനി | 12 | _ | _ | _ |
| 13. | പകർച്ച വ്യാധികൾ | 5 | _ | 2 | _ |



യി ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുക.

17. അത്യുല്പാദനശേഷിയുള്ളകോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുക.

18. കോഴികളെ ബാധിക്കുന്ന രോഗങ്ങൾ തടയുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുക.

19. മെച്ചപ്പെട്ടയിനം ആട്ടിൻകുട്ടികളെ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

20. എല്ലാ അറവുശാലകളും പരിശോധനയ്ക്ക് വിധേയമാക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

21. വെറ്റിനറിമരുന്നുകൾ വിലകുറയ്ക്കുന്നതിനുവേണ്ട നടപ്പടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുക.

22. സഞ്ചരിക്കുന്ന മൃഗാശുപത്രി സ്ഥാപിച്ച് മൃഗ ചികിത്സാരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുക.

**സാധ്യതകൾ:**

1. മൃഗസംരക്ഷണ സമിതി. വാർഡുതലങ്ങളിൽ രൂപീകരിക്കുകയും അവയെ ബന്ധിപ്പിച്ചുകൊണ്ട് പഞ്ചായത്തുതലത്തിലും മൃഗസംരക്ഷ സമിതിരുപികരിക്കുക.

2. സൈലേജ്-ഹേ പദ്ധതികൾ പച്ചപ്പുല്ല്, വയ്ക്കോൽ എന്നിവ ശേഖരിച്ച് ഔഷധങ്ങൾ തളിച്ച് വിതരണം ചെയ്യുക. പുല്ല് ഉണക്കിയേ ആയും സൈലേജായും സംരക്ഷിക്കുന്നതിനുവേണ്ട പദ്ധതി വാർഡു കേന്ദ്രങ്ങളിൽ ആരംഭിക്കുക.

**വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി:**

സൗജന്യനിരക്കിൽ മെച്ചപ്പെട്ടയിനം മുട്ടകോഴികളെ പ്രതിവർഷം 500 വീടുകളിൽ വിതരണം ചെയ്യാനുള്ള പദ്ധതി രൂപികരിക്കുക.

4. **പശുവളർത്തൽ യൂണിറ്റ്:** 10 മുതൽ 15 വരെ കർഷകരെയോജിപ്പിച്ചുകൊണ്ട് പശുവളർത്താൽ യൂണിറ്റ് രൂപീകരിക്കുക.

5. **ക്ഷീരോൽപ്പന്ന യൂണിറ്റ്:** പഞ്ചായത്തു കേന്ദ്രത്തിൽ പാൽ സംഭരിക്കുന്നതിനും സംസ്ക്കരിക്കുതിനും ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുമുള്ള യൂണിറ്റ് സ്ഥാപിക്കുക.

6. **കന്നുകുട്ടിവിതരണ പദ്ധതി:** പ്രതിവർഷം 500 വീടുകളിൽ കന്നുകുട്ടികളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി രൂപികരിക്കുക.

7. **എഗ്ഗ് ക്ലബ്:** വാർഡുതലങ്ങളിൽ മുട്ട സംഭരണകേന്ദ്രങ്ങളും പഞ്ചായത്തുകേന്ദ്രീകരിച്ച് എഗ്ഗ് ക്ലബും രൂപീകരിക്കുക.

8. **സ്ക്കൂൾ പൗൾട്രി ക്ലബ് :** എല്ലാ സ്കൂളുകളിലും കോഴിവളർത്തുന്നതിനുവേണ്ടി സ്കൂൾ പൗൾട്രിക്ലബുകൾ ആരംഭിക്കുകയും അതിന്റെ നിയന്ത്രണം പഞ്ചായത്ത് ഏറ്റെടുക്കുകയും ചെയ്യുക.

9. **കോഴികുഞ്ഞ് ഉത്പ്പാദനകേന്ദ്രങ്ങൾ:** പഞ്ചായത്തുതലത്തിൽ ശാസ്ത്രീയമായി കോഴികുഞ്ഞുങ്ങളെ ഉത്പ്പാദിപ്പിക്കുന്നതിനുള്ള ഒരു യൂണിറ്റ് ആരംഭിക്കുക.

## മത്സ്യപരിപാലനം

തീരദേശസാമിപ്യം ഇല്ലാത്തതുകൊണ്ടു തന്നെ മത്സ്യ ബന്ധനവുമായി നേരിട്ട് ബന്ധമുള്ളവരല്ല നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ. പരിമിതമായ തോതിലെങ്കിലും കുളങ്ങളിൽ നിന്നും തോടുകളിൽനിന്നും മത്സ്യബന്ധനം നടത്തുന്ന രീതി നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്നു. രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുവാനും ആരോഗ്യ പോഷണത്തിനും വേണ്ടി പഴമക്കാർ

കൊച്ചുമീൻ, വരാലുകൾ, നെടുമീൻ, ഒടവല എന്നിത്യാദിമീനുകൾ ഉപയോഗിച്ചിരുന്നു. കൊയ്ത്ത് കഴിഞ്ഞ് ആഘോഷപൂർവ്വം മീൻവെട്ട് നടന്ന നിലങ്ങൾ ഇവിടെയുണ്ടായിരുന്നു. ആസ്മരോഗത്തിനു സിദ്ധൗഷധമായി മത്സ്യം വിഴുങ്ങുന്ന വാർത്ത കൗതുകപൂർവ്വം വായിക്കുന്ന നമ്മൾ, ഗർഭ രക്ഷ ഉൾപ്പെടെയുള്ള കാര്യത്തിന് നീറ്റുമീൻ ഉപയോഗിച്ചിരുന്ന കാര്യം വിസ്മരിച്ചിരിക്കുന്നു. കുട്ടികളുടെ പ്രധാനവിനോദമായിരുന്നു ചൂണ്ടയിടൽ. ഇന്നവയെല്ലാം മൺമറഞ്ഞ കാലത്തിന്റെ ഓർമ്മകളായി അവശേഷിച്ചിരിക്കുന്നു.

ഇന്ന് നമ്മൾ മുമ്പെന്നോപിടിച്ച കടൽ മത്സ്യം ഭക്ഷിച്ച് സായുജ്യമടയുകയും ദിനംപ്രതി ആശുപത്രികളെ സമീപിക്കുകയും ചെയ്യുന്ന സ്ഥിതി അപൂർവ്വമല്ല. നാമമാത്രമായി പോലും ശുദ്ധ ജലമത്സ്യകൃഷി ഈ പഞ്ചായത്തിലില്ല.പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നീരുറവകൾ, തോടുകൾ, വെളളക്കെട്ടുകൾ,പൊതുജലാശയങ്ങൾ, സ്വകാര്യ കുളങ്ങൾ, ചതുപ്പുനിലങ്ങൾ, എന്നിവ ശുദ്ധജലമത്സ്യകൃഷിയ്ക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. കൃത്രിമ ആവാസകേന്ദ്രങ്ങൾ നിർമ്മിച്ചും സ്വാഭാവിക ആവാസകേന്ദ്രങ്ങളിലേയ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചും തോടുകളിലും നീർച്ചാലുകളിലും മീനുകളെ വളർത്താൻ കഴിയും.

വേങ്ങോട് വാർഡിലുള്ള കളിക്കൽ, ചേമ്പുങ്കുഴി, ചേരൂർ തുടങ്ങിയ സ്ഥലങ്ങളിൽ കാണുന്ന ചതുപ്പുനിലങ്ങളിൽ ചെമ്മീൻ കൃഷി ലാഭകരമായി നടത്തുവാൻ കഴിയും. പഞ്ചായത്തിലുള്ള ഇരുപത്തിയെട്ട് പൊതുകുളങ്ങളും മറ്റ് സ്വകാര്യകുളങ്ങളും ശുദ്ധ ജലമത്സ്യകൃഷിയ്ക്കായി പ്രയോജനപ്പെടുത്താവുന്നതാണ് . കടൽമത്സ്യങ്ങളെ മാത്രം ആശ്രയിച്ചു കഴിയുന്ന നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷി വ്യാപകമാക്കിയാൽവമ്പിച്ച നേട്ടം ഈ രംഗത്ത് ഉണ്ടാക്കുവാൻ കഴിയും.

**പ്രശ്നങ്ങൾ**

1. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ കിട്ടാനുള്ള ബുദ്ധിമുട്ട്
2. ശുദ്ധജലമത്സ്യ കൃഷിയെ സംബന്ധിച്ചുള്ള അറിവില്ലായ്മ.
3. കീടനാശിനികളുടെ അമിത ഉപയോഗം മൂലം മത്സ്യകുഞ്ഞുങ്ങൾ നശിക്കുന്നു.
4. മത്സ്യവിൽപ്പന കേന്ദ്രങ്ങളിലെ ദുർഗന്ധം .
5. ചിഞ്ഞതും അഴുകിയതുമായ മത്സ്യം ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
6. പ്രത്യേക മത്സ്യവിൽപ്പന കേന്ദ്രങ്ങളുടെ അഭാവം.
7. മണലൂറ്റൽ മത്സ്യനാശത്തിനിടയാക്കുന്നു.
8. കുളങ്ങളും നീർച്ചാലുകളും ഫലപ്രദമായി സംരക്ഷിക്കപ്പെടുന്നില്ല

**നിർദ്ദേശങ്ങൾ**

1. ശുദ്ധ ജലമത്സ്യ കൃഷിയുടെ നേട്ടങ്ങൾ സംബന്ധിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തുക.
2. നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.
3. മത്സ്യ കൃഷിയ്ക്ക് പഞ്ചായത്തുതലത്തിൽ പരിശീലനം നൽക്കുക.
4. മണലൂറ്റൽ നിയന്ത്രിക്കുക.
5. മത്സ്യ വിപണന കേന്ദ്രങ്ങൾ വൃത്തിയായി സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുക.
6. മത്സ്യ ചന്തകളിൽ നിന്നു ലഭിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുക.
7. പഞ്ചായത്തുകേന്ദ്രത്തിൽ മത്സ്യ സംസ്കരണ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

8. ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദേശട്രോളറുകൾ നിരോധിക്കുക.

9. മത്സ്യബന്ധനം. വിപണനം എന്നി തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പെൻഷനും ക്ഷേമപദ്ധതികളും ആരംഭിക്കുക.

## സാധ്യതകൾ

1 വീട്ടിൽ ഒരു അക്വേറിയം പദ്ധതി : അലങ്കാര മത്സ്യ കുഞ്ഞുങ്ങളെ വളർത്തുന്ന ഫിഷ് ടാങ്കുകൾ സ്ഥാപിച്ച് വീട്ടിൽ ഒരു അക്വേറിയം പദ്ധതി നടപ്പാക്കാൻകഴിയും. ഫിഷ്ടാങ്കുകളിൽ വളർത്തുന്ന മത്സ്യ കുഞ്ഞുങ്ങളെ ലാഭകരമായി വിപണനം നടത്താനും സാധിക്കും.

2. ചെമ്മീൻ കൃഷി: മത്സ്യഫെഡിന്റെ സഹായത്തോടെ ചെമ്മിൻ കുഞ്ഞുങ്ങളേയും. സാങ്കേതിക വിദ്യയും ലഭ്യമാക്കി ചതുപ്പുനിലങ്ങളിൽ ചെമ്മീൻ കൃഷി നടത്താവുന്നതാണ്.

3. ശുദ്ധജലമത്സ്യകൃഷി: പൊതുകുളങ്ങൾ പാട്ടത്തിന് കൊടുത്ത് ശുദ്ധജലമത്സ്യകൃഷിനടത്താനുള്ള പദ്ധതി ആവിഷ്കരിക്കാവുന്നതാണ് തിലപ്പിയ. കോമൺ കാർപ്പ്. സിൽവർ കാർപ്പ്. ഗ്രാസ്കാർപ്പ്. മൃഗാൾ. രോഹു. കട്‌ല മുതലായ ഇനത്തിൽ പെട്ടമത്സ്യമുഞ്ഞുങ്ങളെ ലാരമായി വളർത്തുവാൻ കഴിയും.



# വ്യവസായം 5.3

പോത്തൻകോട് ഗ്രാമപഞ്ചായത്ത് പ്രദേശം പ്രധാനമായും കാർഷിക മേഖലയാണ്. വ്യാവസായിക രംഗത്ത് ഈ പ്രദേശം വളരെ പിന്നോക്കം നില്കുന്നു. വൻകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സംഘടിതമായ ഏതാനും വ്യാവസായിക സ്ഥാപനങ്ങൾ വേങ്ങോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നു എന്നതൊഴിച്ചാൽ വ്യവസായിക രംഗത്ത്, പോത്തൻകോട് ഗ്രാമപഞ്ചായത്തിന് പാരമ്പര്യമൊന്നും അവകാശപ്പെടാനില്ല. പോത്തൻകോട് കേന്ദ്രം വളരെ പ്രധാനപ്പെട്ട ഒരു വ്യാപാര മേഖലയാണ്. മലയോര പ്രദേശവുമായി ഈ കേന്ദ്രത്തിനു വളരെ ബന്ധമുണ്ട്. ഇവിടുത്തെ പ്രധാന വിപണനസാമഗ്രി കാർഷികോൽപ്പന്നങ്ങളാണ്. അതുകൊണ്ടുതന്നെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ വ്യവസായികരംഗം പരിശോധിക്കുമ്പോൾ, കാർഷികോൽപ്പന്നങ്ങളെ ഒഴിവാക്കികൊണ്ടുള്ള വികസനം ചിന്തിക്കാനേ കഴിയില്ല. വ്യവസായിക രംഗത്ത് വികസനം നടക്കുമ്പോൾ കാർഷിക രംഗത്തെ ഒഴിവാക്കാനും കഴിയില്ല. കാർഷികോൽപ്പന്നങ്ങൾ അടിസ്ഥാന അസംസ്കൃതവസ്തുവായി ഉപയോഗിച്ചുകൊണ്ടുള്ള വ്യാവസായിക യൂണിറ്റുകളായിരിക്കും നമ്മുടെ പ്രദേശത്തിനു അനുയോജ്യമായിരിക്കുക. അതുകൊണ്ട് തന്നെ കാർഷികമേഖലയും വ്യാവസായികമേഖലയും തമ്മിൽ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടുള്ള വ്യവസായ സംരംഭങ്ങൾക്ക് പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കുന്നതുവഴി വ്യവസായരംഗത്ത് വളരെ ചെറുതല്ലാത്ത ഒരു മുന്നേറ്റം ഉണ്ടാക്കാനും അതിലൂടെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും കഴിയും എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

*നിലവിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്രശ്നങ്ങൾ*

- വിശേഷാൽ ഗ്രാമസഭകളിൽ നിന്നും വന്ന വിവരങ്ങളുടെയും വിശദമായ ചർച്ചകളുടെയും വെളിച്ചത്തിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളെ (1) പരമ്പരാഗതവ്യവസായം (2) കൈത്തൊഴിൽ (3) ആധുനിക ചെറുകിട വ്യവസായം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഈ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം, തൊഴിൽ രഹിതരായവരുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണെന്നു കാണാം. പരമ്പരാഗത വ്യവസായങ്ങളിൽ തന്നെ, മുൻപുണ്ടായിരുന്നതിൽ പലതും നശിച്ചുകൊണ്ടിരിക്കുന്നതായാണ് കാണാൻ കഴിയുക. വിദഗ്ദരായ തൊഴിലാളികളുടെ കുറവ്, ആധുനികവൽക്കരണത്തിലുള്ള പോരായ്മ, പുതിയ തലമുറകൾക്ക് ഇത്തരം തൊഴിലുകളോടുള്ള താൽപ്പര്യമില്ലായ്മ എന്നിവ ഇത്തരം വ്യാവസായിക മേഖലയിലെ നാശത്തിനു കാരണങ്ങളായി എടുത്തുകാട്ടേണ്ടിയിരിക്കുന്നു. ഈ മേഖലയുടെ പുനഃരുദ്ധാരണം വൻപിച്ച ഒരു മുന്നേറ്റത്തിനു സഹായകമാകും എന്നതിൽ തർക്കത്തിനു വകയില്ല.

ആധുനിക ചെറുകിടവ്യവസായ സ്ഥാപനങ്ങൾ (പട്ടിക.1.നോക്കുക) വളരെ കുറവാണ് ഈ പഞ്ചായത്തിൽ. ഈ രംഗം വളരെ കുറച്ചുപേർക്ക് തൊഴിൽ നൽകുന്നുണ്ട്. പൊതുമേഖലയിൽ ഒരു സ്ഥാപനം മാത്രമേയുള്ളൂ കെൽട്രോൺ യൂണിറ്റ്, വേങ്ങോട്. ഈ സ്ഥാപനങ്ങൾക്ക് ഉൽപ്പാദനവിപണനമേഖലയിൽ കുറച്ചുമാത്രമേ മൽസരിക്കാനാവുന്നുള്ളു. പ്രവർത്തിക്കുന്ന മറ്റുവ്യവസായ യൂണിറ്റുകൾ ഭൂരിഭാഗവും സ്വകാര്യമേഖലയിലാണ്. പൊതുമേഖലയിലെയും സഹകരണ മേഖല (പട്ടിക II) യിലെയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല എന്നതാണ് അവസ്ഥ. ഈ യൂണിറ്റുകളുടെ ഉൽപ്പാദന ത്വരിതവൽക്കരണവും, ഉൽപ്പന്നങ്ങളുടെ മൽസരാധിഷ്ഠിതമായ മാർക്കറ്റിംഗ് രംഗപ്രവേശനവും ഇവയ്ക്ക് കൂടുതൽ മെച്ചപ്പെട്ട അവസരങ്ങൾ സൃഷ്ടിക്കുവാൻ ഉതകുന്നവയാണ്.

വേങ്ങോട് കോളനിയിൽ പ്രവർത്തിക്കുന്ന നാല് വ്യവ

സായ സഹകരണ സംഘങ്ങളും, ഒരു സ്വകാര്യയൂണിറ്റും, പ്രവർത്തനമേഖല വിപുലീകരിക്കുകയും പഞ്ചായത്തിനാകെ ഗുണമുണ്ടാക്കത്തക്കവിധത്തിൽ മാറ്റേണ്ടതുമാണ്.

### കൈത്തറി-നെയ്ത്ത്മേഖല

കൈത്തറി-നെയ്ത്ത്മേഖലയിലെ പ്രവർത്തനം വളരെ നാമമാത്രമായേയുള്ളൂ. തോന്നയ്ക്കൽ പട്ടികജാതി കോളനിയിലെ സഹകരണസംഘവും (27 പേർ തൊഴിലെടുക്കുന്നു. പട്ടിക III) അയിരൂപ്പാറ, വേങ്ങോട്, തച്ചപ്പള്ളി വാർഡിലെ ഏതാനും കുടിൽ യൂണിറ്റുകളും, മണ്ണറവാർഡിലെ കരൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഖാദി നെയ്ത്ശാലയുമാണ് ഈ രംഗത്ത് സ്ഥാപനങ്ങൾ. മണ്ണറയിലെ ഖാദി യൂണിറ്റിനെ നവീകരിച്ചാൽ ലാഭകരമായി പ്രവർത്തിക്കുന്ന യൂണിറ്റാക്കി മാറ്റാൻ കഴിയും. മറ്റ് വാർഡുകളിലും നാമമാത്രമായി കൈത്തറി നെയ്ത്ത് നിലവിലുണ്ട്. കൈത്തറി, നെയ്ത്ത് മേഖലയുടെ വികസനം വഴി വനിതകളുടെ തൊഴിൽ സാധ്യത ഗണ്യമായി വർദ്ധിപ്പിക്കാനാകും.

### പാറപൊട്ടിക്കൽ

പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ മിക്ക വാർഡുകളിലും വ്യാപിച്ചിട്ടുള്ള വളരെയേറെ പേർ പണിയെടുക്കുന്ന ഒരു മേഖലയാണ് പാറപൊട്ടിക്കൽ. തിരുവനന്തപുരം താലൂക്കിലെ ഭൂരിഭാഗം പ്രദേശങ്ങൾക്കും നിർമ്മാണ ആവശ്യങ്ങൾക്കായി നിത്യേന വൻതോതിൽ പാറ ഈ മേഖലകളിൽ നിന്നും കൊണ്ടുപോകുന്നു. പാറപൊട്ടിക്കലിനു വളരെ ചെറിയ രീതിയിൽ മാത്രമേ യന്ത്രങ്ങൾ ഉപയോഗിക്കുന്നുള്ളൂ. തൊഴിലാളികളുടെ ലഭ്യത കുറവ്, ഉൽപ്പന്നത്തിന്റെ വർദ്ധിച്ച ആവശ്യകത എന്നിവ മുൻനിറുത്തി, ഈ രംഗത്ത് യന്ത്രവൽക്കരണം അടിയന്തിരമായി തീർന്നിരിക്കുന്നു. ഇവയോട് അനുബന്ധിച്ച് മെറ്റൽ ക്രഷർ യൂണിറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

### ഇഷ്ടിക നിർമ്മാണം.

നമ്മുടെ പഞ്ചായത്തിൽ നേതാജിപുരം വാർഡിൽ കേന്ദ്രീകരിച്ചിരിക്കുന്നവയാണ് ഇഷ്ടിക നിർമ്മാണം. 9 ചൂളകളിലായി 155 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം ഈ രംഗത്ത് വിപുലീകരണത്തിനു സഹായകമായേക്കാം. വൻതോതിലുള്ള ഇഷ്ടിക നിർമ്മാണം സൃഷ്ടിക്കുന്ന പരിസ്ഥിക പ്രശ്നങ്ങൾ കൂടി ഉൾക്കൊള്ളാതെയുള്ള വികസനം ദോഷകരമായേക്കാം.

### വെട്ടുകല്ല്

ചെറിയ തോതിലാരംഭിച്ച ഈ കൂലിപ്പണി ക്രമേണ ഒരിടത്തരം വ്യവസായമായി മാറിയിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വെട്ടുകല്ല് വെട്ടിയെടുക്കുന്നതിനു അനുയോജ്യമായ പ്രദേശങ്ങളുണ്ട്. ഉൽപ്പന്നത്തിനു ധാരാളം ആവശ്യക്കാരുള്ളതിനാൽ വിപണനം പ്രശ്നമാകില്ല. വൻതോതിലുള്ള വെട്ടുകല്ല് നിർമ്മാണം പ്രകൃതി സംതുലനത്തെ സാരമായി ബാധിക്കാം. മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെടുന്ന കാര്യം വിസ്മരിക്കാൻ പാടുള്ളതല്ല.

### കൈതൊഴിലും കുടിൽ വ്യവസായങ്ങളും

പർപ്പടകനിർമ്മാണം പരമ്പരാഗതമായി ചില കുടുംബങ്ങൾ ചെയ്തുവരുന്ന തൊഴിലാണിത്. സ്ത്രീകൾക്ക് വീട്ടിലിരുന്ന് ചെയ്യാവുന്ന പണിയായതിനാൽ കൂടുതൽ പേരെ ഈ രംഗത്ത് കൊണ്ടുവരാൻ സാധിക്കും. വനിതാ തൊഴിൽ സംഘങ്ങൾക്ക് (പട്ടിക VI) വ്യവസായികാടിസ്ഥാനത്തിൽ ചെയ്യാൻ കഴിയും. വിപണിയുടെ കുറവ് ഈ വ്യവസായത്തെ ബാധിച്ചിട്ടുണ്ട്.

### ഈറ്റവ്യവസായം

ഈറ്റകൊണ്ടുള്ള ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നത് ഒരു കുടിൽ വ്യവസായമായി വ്യാപിച്ചിരുന്നതാണ്. ഈറ്റ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, പരിശീലനം നേടിയ പുതിയ തലമുറയിൽപ്പെട്ടവരുടെ കുറവ് ഇവ നിമിത്തം ഈ പരമ്പരാഗത കുടിൽ വ്യവസായം ഇന്നാകെ തകർച്ചയിലാണ്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടായാൽ ഈ വ്യവസായസംരംഭം വളർത്തിയെടുക്കാൻ കഴിയും.

### കൊല്ലപ്പണി

പരമ്പരാഗതകാർഷികോപകരണങ്ങൾ നിർമ്മിക്കുന്നതിനു സജീവമായി നിലകൊണ്ടിരുന്നതാണ് ആലകൾ. കാർഷികരംഗത്തെ മാറ്റം, ഈ രംഗത്തെ പിന്നോട്ടുവലിക്കുകയുണ്ടായി. പുതിയ ഉപകരണങ്ങളുടെ നിർമ്മാണത്തിനായി മുൻതൂക്കം നൽകുകയാണെങ്കിൽ ഈ രംഗത്ത് പുത്തനുണർവു സൃഷ്ടിക്കാൻ കഴിയും. പഞ്ചായത്തിലൊട്ടാകെ ഇപ്പോൾ 26ഓളം ആലകൾ പ്രവർത്തിക്കുന്നു. പുതിയ തലമുറയ്ക്ക് ഈ തൊഴി

## നിലവിലുള്ള വ്യവസായസ്ഥാപനങ്ങൾ

| ക്രമ നമ്പർ | വിഭാഗം | യൂണിറ്റുകളുടെ എണ്ണം | പു. | തൊഴിലാളികൾ സ്ത്രീ. | ആകെ |
|---|---|---|---|---|---|
| 1 | കയർ സ്വകാര്യമേഖല | 6 | - | 36 | 36 |
| 2. | തഴപ്പായ നിർമ്മാണം | 1 | - | 1 | 1 |
| 3. | ചൂരൽ വ്യവസായം | 2 | 2 | | |
| 4. | ഈറ വ്യവസായം | 6 | 4 | 15 | 19 |
| 5. | മൺപാത്രനിർമ്മാണം | 1 | 1 | 1 | 2 |
| 6. | പ്രിന്റിംഗ് പ്രസ് | 3 | 6 | 9 | 15 |
| 7. | ഹോളോ സിമന്റ് ബ്രിക്സ് | 3 | 66 | 66 | |
| 8. | ബേക്കറി | 9 | 18 | 3 | 21 |
| 9. | കൈത്തറി | 12 | - | 26 | 26 |
| 10. | എൻജിനീയറിംഗ് വർക്ക്ഷോപ്പ് | 5 | 49 | - | 49 |
| 11. | തടിവ്യവസായം | 4 | 27 | - | 27 |
| 12. | പർപ്പടക നിർമ്മാണം (കുടിൽ) | 13 | 15 | 23 | 38 |
| 13. | കാലിത്തീറ്റ നിർമ്മാണം | 1 | 5 | - | 38 |
| 14. | റൈസ്മിൽ | 9 | 18 | 10 | 28 |
| 15. | ഫ്ലവർമിൽ | 11 | 21 | 10 | 31 |
| 16. | ഓയിൽമിൽ | 7 | 14 | - | 14 |
| 17. | ആയുർവേദ മരുന്നു ഉൽപ്പാദനം | 2 | 5 | 3 | 8 |
| 18. | വനിതാതൊഴിൽ സംഘം (കറിപ്പൊടി) | 1 | - | 10 | 10 |
| 19. | അച്ചാർനിർമ്മാണം | 1 | - | 10 | 10 |
| 20. | കോഴിവളർത്തൽ | 6 | 5 | 8 | 13 |
| 21. | ചൂള (ഇഷ്ടികനിർമ്മാണം) | 9 | 81 | 74 | 155 |
| 22. | കരകൗശലവസ്തുനിർമ്മാണം | 2 | 3 | 2 | 5 |
| 23. | മറ്റുള്ളവ | 9 | - | - | - |

ലിനോടുള്ള താൽപ്പര്യകുറവ്, പുതിയ യന്ത്രങ്ങൾ ഉപയോഗ പ്പെടുത്തി മാറ്റാവുന്നതേയുള്ളു.

### കൈതയോലപ്പായ് നിർമ്മാണം

നേതാജിപുരം വാർഡിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു കുടിൽ വ്യവസായമായി. കൈതയോല സുലഭമായി ലഭിക്കുന്ന മറ്റു പ്രദേശങ്ങളിലും ഈ വ്യവസായം ആരംഭിക്കാവുന്നതാണ്. വനിതാ തൊഴിൽ സംഘങ്ങൾക്ക് ഇത് ഏറ്റെടുക്കാം. ഈ അടുത്തു സമയത്ത് തെറ്റിയാർ വാട്ടർഷെഡ് പദ്ധതിയുടെ ഭാഗമായി പോത്തൻകോട് മംഗളോദയം മഹിളാ സമാജം, കൈതയോലപ്പായ് നിർമ്മാണയൂണിറ്റ് രൂപീകരിക്കുന്നതിനുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### മരപ്പണി

എല്ലാ വാർഡുകളിലും വിദഗ്ദ്ധതൊഴിലാളികൾ പ്രവർത്തിക്കുന്ന ഒരു രംഗമാണിത്. ഏതാനും സ്വകാര്യവ്യക്തികൾ ഫർണിച്ചർ യൂണിറ്റുകൾ നടത്തുന്നുണ്ട്. ഏറ്റവുമധികം സാധ്യതകൾ, സഹകരണമേഖലയിലൂടെ ഉണ്ടാക്കാൻ കഴിയുന്ന ഈ മേഖല വളരെയധികം ശ്രദ്ധ അർഹിക്കുന്നു. തടികൊണ്ടുള്ള കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സാധ്യതകൾ ഏറെയാണ്. തടിയിൽ ശില്പങ്ങൾ നെയ്യുന്ന കലാവിരുതുള്ള ധാരാളം മരപ്പണിക്കാർ ഉള്ള പ്രദേശമാണിത്. ഈ കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ ധനസഹായം എത്തിച്ചുകൊടുക്കാനുള്ള നൂതനപദ്ധതികൾ ആവിഷ്കരിക്കേണ്ടതായുണ്ട്.

### തൊഴിൽ പരിശീലനകേന്ദ്രം

പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പല പരമ്പരാഗത തൊഴിലുകളും നാശോൻമുഖമാവുകയോ ശുഷ്കമാവുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയുടെ മുഖ്യകാരണം വിദഗ്ദരായ തൊഴിലാളികളുടെ അപര്യാപ്തതയാണെന്നു ഒറ്റനോട്ടത്തിൽ മനസ്സിലാകും. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ കുറവുതന്നെയാണിതിനു കാരണം. ഈ സാഹചര്യത്തിലാണ് തൊഴിൽ പരിശീലനകേന്ദ്രത്തിന്റെ പ്രാധാന്യം ഏറുന്നത്.

പഞ്ചായത്തു കേന്ദ്രത്തിൽ, തൊഴിൽ പരിശീലനം ഏകോപിക്കുവാനായി ഒരു തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിച്ചാൽ, ഏറെക്കുറെ ഈ പ്രശ്നത്തിനു പരിഹാരമാവും. വ്യത്യസ്ത തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ദൻമാരുടേയും, സ്ഥാപനങ്ങളുടേയും വിവിധ സർക്കാർ ഏജൻസികളുടെ സേവനവും സഹകരണവും ഈ രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയും. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക്. നിരവധി തൊഴിലുകളിൽ പരിശീലനം നൽകാനും, അവർക്ക് ഒറ്റയ്ക്കോ കൂട്ടായോ സ്വയം തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുവാനും കൂടുതൽ തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കാനും സാധിക്കും. ഏതെല്ലാം രംഗങ്ങളിൽ വിദഗ്ദ്ധന്മാരുടെ കുറവുണ്ടെന്ന് കണ്ടെത്തുകയും പരിശീലനം നൽകുകയുമാവാം.

നിലവിലുള്ള വ്യവസായിക യൂണിറ്റുകളിലെ തൊഴിൽ ചെയ്യുന്നവർക്ക്, റിഫ്രഷർ ട്രെയിനിംഗ് നൽകുവാനും ഇത്തരം തൊഴിൽ പരിശീലന കേന്ദ്രത്തിന് കഴിയും.

### പോത്തൻകോട് പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾ.

| ക്രമനമ്പർ | വിഭാഗം |
|---|---|
| 1. | തെങ്ങിൻതടി ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചർ സാധനങ്ങളും |
| 2. | ചിരട്ട (കരകൗശലവസ്തുക്കൾ കരിനിർമ്മാണം) കൊണ്ടുള്ള വ്യവസായങ്ങൾ, ചിരട്ടപ്പൊടിനിർമ്മാണം, മൈക്ക നിർമ്മാണം. |
| 3. | കൊപ്ര വ്യവസായം |
| 4. | തേങ്ങാപ്പൊടി. തേങ്ങാപ്പാൽ സംസ്കരണം |
| 5. | വെളിച്ചെണ്ണ |
| 6. | സോപ്പുനിർമ്മാണം (വാഷിംഗ്സോപ്പ്, കുളിസോപ്പ്) |
| 7. | തേങ്ങാവെള്ളം കൊണ്ടുള്ള പാനീയങ്ങൾ |
| 8. | ബേക്കറിയുൽപ്പന്നങ്ങൾ |
| 9. | അരിപ്പൊടി, മസാലപ്പൊടി, ഗോതമ്പുപ്പൊടി |
| 10. | തടികൊണ്ടുള്ള ഫർണിച്ചർ |
| 11. | വാഴനാര് ഉൽപ്പന്നങ്ങൾ |
| 12. | റബ്ബർതടിയുടെ ശാസ്ത്രീയമായ സംസ്കരണം ഉൽപ്പ |

ന്നനിർമ്മാണം

13. തഴപ്പായനിർമ്മാണം, വിപുലീകരണം

14. കരിങ്കൽ പൊടിച്ച് ചിപ്സ് ഉണ്ടാക്കുക

15. പേപ്പർപൾപ്പ് നിർമ്മാണവും അതുപയോഗിച്ചുള്ള വിവിധ ഉല്പന്നങ്ങളുടെ നിർമ്മാണവും

16. സിമെന്റ് ഉറകളുടെ നിർമ്മാണം

**പുതുതായി ആരംഭിക്കേണ്ട വ്യവസായ യൂണിറ്റുകൾ**

1. റബ്ബർ ഫാക്ടറി

റബ്ബർപാൽ സംസ്കരണവും ഉൽപ്പന്നനിർമ്മാണവും

റബർ ബാൻഡ്

കൈയ്യുറ

ബലൂൺ

ഓട്ടോ റബ്ബർ പാർട്സ്

പാദരക്ഷകൾ

ചവിട്ടുമെത്തകൾ

ഫോം ബെഡ്ഡുകൾ

2. പാറപ്പൊട്ടിക്കൽ

മെറ്റൽ ക്രഷർ യൂണിറ്റ്

അനുബന്ധ ഉൽപ്പന്നൾ

ഹോളോബ്രിക്സ്

3. നാളികേരം

കൊപ്രാസംസ്കരണം

വെളിച്ചെണ്ണയുൽപ്പാദനം

(സോൾവന്റ് എക്സ്ട്രാക്ഷൻ)

കാലിത്തീറ്റ (തേങ്ങാപ്പിണ്ണാക്കിൽ നിന്നും)

4. കളിമണ്ണ്

വയർകട്ട് ഇഷ്ടികനിർമ്മാണം

സൂപ്പർ ബ്രിക്സ്

ഹോളോ സൂപ്പർബ്രിക്സ്

.ദക്ഷത കൂടിയ അടുപ്പുനിർമ്മാണം

5. ഇലക്ട്രോണിക് വ്യവസായം

ഇലക്ട്രോണിക് ചോക്ക്

ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ

എമർജൻസി ലാമ്പ്

6. ജൈവവളം ജൈവകീടനാശിനിയുൽപ്പാദനം

ചാണകം, പച്ചില എന്നിവ കൊണ്ടുള്ള

വളം നിർമ്മാണം

വ്യത്യസ്തജൈവകീടനാശിനികൾ

7. പട്ടുനൂൽ വ്യവസായം

ഉൽപ്പാദനം

സംസ്കരണം

വസ്ത്രനിർമ്മാണം

8. ആയുർവേദമരുന്നുൽപ്പാദനം

ഔഷധസസ്യങ്ങളിൽ നിന്ന്

ശാസ്ത്രീയമായ രീതിയിലുള്ള

ആയുർവ്വേദമരുന്നുകൾ നിർമ്മിക്കൽ

9. തേനീച്ച വളർത്തൽ

തേൻശേഖരണം

വിപണനം

മെഴുക്ഉല്പന്നങ്ങൾ

10. മരച്ചീനി പല്പന്നങ്ങൾ

വറ്റൽ നിർമ്മാണം

സ്റ്റാർച്ച് നിർമ്മാണം

മൊളാസിസ് ഉല്പന്ന നിർമ്മാണം.

11. ഫുഡ്പ്രോസസിംഗ് യൂണിറ്റ്

12. കാലിത്തീറ്റ നിർമ്മാണയൂണിറ്റ്

13. നോട്ടുബുക്കുനിർമ്മാണം

14. കുടനിർമ്മാണം.

റബ്ബറും ക്ലേയും ഉപയോഗിച്ച് ചെരുപ്പ് നിർമ്മാണത്ത നാവശ്യമായ സാധനങ്ങൾ നിർമ്മിക്കാൻ കഴിയും. ഇവ രണ്ടു പഞ്ചായത്തിൽ ലഭ്യമാണ്.

മെഴുകുതിരി നിർമ്മാണം

ചന്ദനത്തിരി നിർമ്മാണം

കയറും കയറുല്പന്നങ്ങളും: തീരദേശത്ത് കയർതൊഴ ലാളികളെ ലഭിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഈ വ്യവസായ മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള തീവ്രശ്ര

നടക്കുകയാണ്. നിരവധി പേർക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള മേഖലയാണിത്. കയർ ഉപയോഗിച്ച് നിരവധി ഉല്പന്നങ്ങൾ നിർമ്മിക്കാൻ കഴിയും.

പ്ലാസ്റ്റിക് ഉല്പന്നങ്ങൾ:- പ്ലാസ്റ്റിക് കവറുകൾ, കണ്ടയിനറുകൾ, ബാഗുകൾ തുടങ്ങിയവയുടെ നിർമ്മാണം.

സ്റ്റീൽ ഫർണിച്ചർ:- വിവിധ സ്റ്റീൽ ഫർണിച്ചറുകൾ നിർമ്മിക്കാൻ വൈദഗ്ധ്യമുള്ള തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയുടെ കഴിവ് പ്രയോജനപ്പെടുത്തി ഫർണിച്ചർ നിർമ്മാണം ആരംഭിക്കാൻ കഴിയും.

പഠനോപകരണങ്ങളുടെ നിർമ്മാണം:-സ്ക്കൂൾകുട്ടികളുടെ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തിയുള്ള പഠന ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റിന് സാധ്യതയുണ്ട്.

വനിത തൊഴിൽ സംഘങ്ങൾ

*സാധ്യതകൾ, നിർദ്ദേശങ്ങൾ*

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വനിതാ തൊഴിൽ സംഘങ്ങൾ രൂപീകരിക്കുകയോ ഓരോ സംഘങ്ങൾക്കും പ്രാദേശികമായി ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടുള്ള ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

പ്രധാനപ്പെട്ടതും സാധ്യതകൾ ഉള്ളതുമായ തൊഴിൽ മേഖലകളുടെ പട്ടിക.

- ചക്ക, മാങ്ങ, കശുമാങ്ങ എന്നിവ ഉപയോഗിച്ചുള്ള ജാം, ജെല്ലി, സ്ക്വാഷ്, സിറപ്പ് എന്നിവയുടെ നിർമ്മാണം.
- ചിരട്ടകൊണ്ടുള്ള കരകൗശലവസ്തുക്കൾ
- ചക്കച്ചുള, നേന്ത്രക്കായ എന്നിവകൊണ്ടുള്ള മധുരപലഹാരങ്ങൾ
- അച്ചാർ നിർമ്മാണ യൂണിറ്റുകൾ
- കോഴിവളർത്തൽ യൂണിറ്റുകൾ
- കൃത്രിമപൂക്കൾ, പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള കൗതുകവസ്തുക്കൾ എന്നിവയുടെ നിർമ്മാണം.
- ക്ഷീരോൽപ്പന്ന നിർമ്മാണം
- ടെയ്ലറിംഗ്, എംബ്രോയ്ഡറി, ഗാർമെൻറ് മേക്കിംഗ് യൂണിറ്റുകൾ
- വനിതാ കാൻറീനുകൾ (ഉദാ: സേവാ മാതൃക)
- പേപ്പർപൾപ്പ്
- സ്ക്രീൻ പ്രിന്റിംഗ്
- ഫോട്ടോസ്റ്റാറ്റ് യൂണിറ്റ്
- വിവിധ ഭക്ഷണസാധനങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്

കാർഷിക പ്രാധാന്യമുള്ള മേഖലയായതിനാൽ കാർഷികയുൽപ്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള വ്യവസായ യൂണിറ്റുകൾക്കു മുൻതൂക്കം നൽകിക്കൊണ്ടായിരിക്കണം തൊഴിൽ സംഘങ്ങളുടെ രൂപീകരണം നടത്തേണ്ടത്.

ഇന്ന് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഫോട്ടോആൽബങ്ങൾ നിർമ്മിക്കുന്നതിനുള്ള ചെറുകിടവ്യവസായ യൂണിറ്റ് ആരംഭിക്കാൻ കഴിയും. വിപുലമായ രീതിയിൽ സംഘടിപ്പിക്കാൻ കഴിഞ്ഞാൽ മറ്റു വ്യവസായങ്ങളേക്കാൾ പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ വ്യവസായമാക്കി മാറ്റാൻ കഴിയും.

ടിംബർ ഡിപ്പോ സാമിൽ

ചൂരൽ വ്യവസായം ചൂരൽ ഉപയോഗിച്ചുള്ള വിവിധ ഗൃഹോപകരണങ്ങൾ നിർമ്മാണം.

ഔട്ട്വർക്കർ സംവിധാനം:- മാതൃസ്ഥാപനത്തിൽ നിന്ന് അസംസ്കൃത പദാർത്ഥങ്ങൾ കുടുംബയൂണിറ്റുകളിൽ എത്തിക്കുകയും കുടുംബയൂണിറ്റുകൾ ഉല്പന്നങ്ങൾ തിരികെ മാതൃസ്ഥാപനത്തിൽ എത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തുക

അലൂമിനിയം ഫാബ്രിക്കേഷൻ

വ്യവസായവികസന സമിതി രൂപീകരിക്കുക

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

വ്യവസായ സഹകരണസംഘം

ഗ്രാമീണ ഉൽപ്പന്നങ്ങളുടെ പൊതുവിപണനകേന്ദ്രം

സ്വയംതൊഴിൽ എക്സ്ചേഞ്ച് എന്നിവ രൂപീകരിക്കുക

**ഒരു വാർകിട സിമെന്റ് ഫാക്ടറി സ്ഥാപിക്കുക**

ഫൈബർ ഉല്പന്നങ്ങൾ

പ്ലാസ്റ്റർ ഓഫ് പാരീസ് ഉല്പന്നങ്ങൾ

മൺപാത്ര നിർമ്മാണം

എൻജിനീയറിംഗ്

പൗൾട്രിഫാം

ചൈനാക്ലേ ഉല്പന്നങ്ങൾ

ക്ഷീരോത്പന്ന നിർമ്മാണം.



മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - വേങ്ങോട്

# വിദ്യാഭ്യാസം

# 5.4

ഒരു നൂറ്റാണ്ടിലേറെ പഴക്കം അവകാശപ്പെടാവുന്ന ഔപചാരിക വിദ്യാഭ്യാസചരിത്രമാണ് പോത്തൻകോട് പഞ്ചായത്തിനുള്ളത്. കേരളത്തിലുടനീളം സാമൂഹികരംഗങ്ങളിൽ വന്ന മാറ്റങ്ങൾ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസരംഗത്തും പ്രതിഫലിച്ചിട്ടുണ്ട്. പോത്തൻകോട് തച്ചപ്പള്ളി, കല്ലൂർ, മണലകം എന്നിവിടങ്ങളിൽ ആരംഭിച്ച കുടിപ്പള്ളിക്കൂടങ്ങളാണ് ഇന്നത്തെ നിലയിലുള്ള വിദ്യാഭ്യാസവളർച്ചയ്ക്ക് അടിസ്ഥാനം. ഒട്ടേറെ ഉൽപ്പതിഷ്ണുക്കളുടെ അശ്രാന്ത പരിശ്രമങ്ങൾ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം അഭിവൃദ്ധിപ്രാപിക്കുന്നതിന് സഹായിച്ചു. ഇതിൽ സർവ്വശ്രീ. തച്ചപ്പള്ളി രാഘവൻപിള്ള, പാച്ചുപിള്ള, പോത്തൻകോട് മാധവൻപിള്ള, കൃഷ്ണപിള്ള, അസനാരുപിള്ള വി.ജി. തുടങ്ങിയവർ സ്മരിക്കപ്പെടുന്നവരിൽ ചിലർ മാത്രം. ഒരു ക്രിസ്ത്യൻ പുരോഹിതൻ സ്ഥാപിച്ച അയിരൂപ്പാറ എൽ.പി. സ്കൂൾ ഇന്നത്തെ നിലയിലുള്ള ഹൈസ്കൂൾ ആക്കിമാറ്റുന്നതിൽ ആ പ്രദേശത്തെ പ്രതിഭാധനൻമാർ നൽകിയ സേവനം ചെറുതല്ല. 1937ൽ ശ്രീമാൻ ഈശ്വരപിള്ള സ്ഥാപിച്ച ഈശ്വരവിലാസം അപ്പർ പ്രൈമറി സ്കൂളും 1964ൽ ശ്രീമാൻ കുഞ്ഞൻ സ്ഥാപിച്ച ലക്ഷ്മി വിലാസം ഹൈസ്കൂളും ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ നാഴികക്കല്ലുകളായി മാറി. നിലത്തെഴുത്തിൽ നിന്നു തുടങ്ങിയ വിദ്യാഭ്യാസം ഇന്ന് സർക്കാർ, എയിഡഡ് മേഖലകളിലുള്ള ഏഴുസ്കൂളുകളിലായി വ്യാപിച്ചുകിടക്കുന്നു.

ഈ പഞ്ചായത്തിന്റെ ആവിർഭാവത്തോടെ സ്ഥാപിക്കപ്പെട്ട വായനശാലകളും, ഗ്രന്ഥശാലകളും ഈ പ്രദേശത്തെ വിദ്യാഭ്യാസരംഗം പരിപോഷിപ്പിക്കുന്നതിൽ വളരെ സഹായിച്ചിട്ടുണ്ട്. സാക്ഷരതാ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി സംഘടിപ്പിക്കപ്പെട്ട പഞ്ചായത്താണിത്. ഓരോവാർഡിലും അഞ്ചുമുതൽ പത്തുവരെ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കപ്പെട്ട ഈ പ്രവർത്തനങ്ങൾ അനൗപചാരിക വിദ്യാഭ്യാസരംഗം തിളക്കമറ്റതാക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചു.

പഞ്ചായത്തിലെ സ്കൂളുകൾ

| | |
|---|---|
| ❑ എൽ.പി.എസ്സ്. | മണലകം (ഗവ.) |
| ❑ എൽ.പി.എസ്സ് | തച്ചപ്പള്ളി (ഗവ.) |
| ❑ യു.പി.എസ്സ് | കല്ലൂർ (ഗവ) |
| ❑ ഇവി.യു.പി.എസ്സ് | തോന്നയ്ക്കൽ (പ്രൈ.) |
| ❑ യു.പി.എസ്സ് | പോത്തൻകോട് (ഗവ.) |
| ❑ എൽ.വി.എച്ച്.എസ്സ് | പോത്തൻകോട് (പ്രൈ.) |
| ❑ എച്ച്.എസ്സ് | അയിരൂപ്പാറ (ഗവ.) |

പോത്തൻകോട് യു.പി.എസ്സ്, മഞ്ഞമല എൽ.പി.എസ്സ്. എന്നീ സ്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമറി സ്കൂളുകൾ പ്രവർത്തിക്കുന്നു. കൂടാതെ അംഗീകാരമില്ലാത്ത മൂന്ന് സ്കൂളുകൾ പോത്തൻകോട്, കല്ലൂർ ഇടത്തറ വാർഡുകളിലായി സ്ഥിതിചെയ്യുന്നു. സാങ്കേതികവിദ്യാഭ്യാസ സ്ഥാപനമായി സ്വകാര്യമേഖലയിൽ മഞ്ഞമല വാർഡിലുള്ള I.T.C യും പോത്തൻകോട് ജംഗഷൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രണ്ട് കമ്പ്യൂട്ടർ സെന്ററുകളും പതിമൂന്ന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമാണുള്ളത്. ഇവകൂടാതെ ബാലവാടികൾ, നെഴ്സറി സ്കൂളുകൾ, പാരലൽ കോളേജുകൾ തുടങ്ങിയവയും പ്രവർത്തിക്കുന്നു.

വിദ്യാഭ്യാസമേഖലയിൽ കാര്യമായ ശ്രദ്ധപതിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുന്നുണ്ട്. ഡിസ്ട്രിക്റ്റ് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം (ഡി.പി.ഇ.പി) വിദ്യാജ്യോതിപ്രവർത്തനങ്ങൾ, പ്രീപ്രൈമറി തലത്തിലും, പ്രൈമറിതലത്തിലും ഉള്ള ഉച്ചക്കഞ്ഞിക്കുള്ള സഹായങ്ങൾ വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ വിദ്യാലയത്തിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ സഹായങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസ സമിതിയും

രൂപീകരിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഏഴു സ്കൂളുകളിലായി അയ്യായിരത്തി അഞ്ഞൂറ്റി ഒന്ന് (5501) കുട്ടികളാണുള്ളത്. പട്ടികജാതിയിൽപ്പെട്ട 669 കുട്ടികൾ പഠിക്കുന്നു. 185 അധ്യാപകർ ഉള്ളതിൽ ഭൂരിഭാഗവും സ്ത്രീകളാണ്.

പഞ്ചായത്തിലെ സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങൾ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ S.S.L.C വിജയശതമാനം എന്നിവ പട്ടികയായി ചേർത്തിട്ടുണ്ട്.

സാമ്പത്തികമായിവളരെ പിന്നോക്കം നിൽക്കുന്ന വീടുകളിലെ കുട്ടികളാണ് അധികവും അതുകൊണ്ടുതന്നെ പഠനംനിർത്തി പിരിഞ്ഞ് പോകുന്ന സ്ഥിതി നിലവിലുണ്ട്. വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളിലൊന്നാണിത്. സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന കുട്ടികൾ തീരെക്കുറവാണ്.

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ അക്കാഡമിക് നിലവാരം വളരെതാഴ്ന്നുകൊണ്ടിരിക്കുന്നു. ഫലപ്രദമായ ഇടപെടൽ ഈ രംഗത്ത് ഉണ്ടായെങ്കിൽ മാത്രമേ വിദ്യാഭ്യാസമേഖലയെ പരിപോഷിപ്പിക്കുവാൻ സാധിക്കൂ. ഈ അവസരത്തിൽ P.T.A കളുടെ പ്രവർത്തനം പരിശോധിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും P.T.Aകൾ പ്രവർത്തിക്കുന്നുണ്ട്. പല സ്കൂളുകളിലും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും P.T.Aകളുടെ പ്രവർത്തനത്തിന്റെ ഫലമായി കഴിഞ്ഞിട്ടുണ്ട്. പോത്തൻകോട് U.P.Sലെ പ്രീപ്രൈമറികെട്ടിടം പണിയാനും അയിരൂപ്പാറ, കല്ലൂർ, മണലകം, തച്ചപ്പള്ളി എന്നീ സ്കൂളുകളിൽ താല്കാലിക ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനും പാചകപ്പുരകൾ കെട്ടുന്നതിനും ഈ കമ്മിറ്റികൾ വഹിച്ച പങ്ക് വമ്പിച്ചനേട്ടമായിതന്നെ കാണേണ്ടതുണ്ട്. ക്ലാസ്റും, P.T.Aകളുള്ളതും മാതൃസംഗമങ്ങൾ ചേരാറുള്ള സ്കൂളുകളും പഞ്ചായത്തിലുണ്ട്. എന്നാൽ ഈ കമ്മിറ്റികൾക്കൊന്നും തന്നെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ വേണ്ടുന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കുവഹിക്കാൻ കഴിഞ്ഞിട്ടില്ല.

വിദ്യാജ്യോതി പ്രവർത്തനങ്ങളുടെ ഫലമായി പഞ്ചായത്തുതല അധ്യാപകസംഗമം നടന്നു. അതിനെതുടർന്ന് സ്കൂൾ വിദ്യാജ്യോതി സമിതികൾ നിലവിൽ വന്നുകഴിഞ്ഞു. വിദ്യാഭ്യാസ സമിതികളുടെ കാര്യമായ പ്രവർത്തനം മൂലം വിദ്യാഭ്യാസഗുണനിലവാരം മെച്ചപ്പെടുത്തുവാൻ കഴിയും.

ലബോറട്ടറികളും ലൈബ്രറിസംവിധാനങ്ങളും പഠനോപകരണങ്ങളും ഏറിയും കുറഞ്ഞും ഉള്ള സ്കൂളുകൾ പഞ്ചായത്തിലുണ്ട്. യുവജനോത്സവങ്ങൾ, വാർഷികാഘോഷങ്ങൾ കായികമത്സരങ്ങൾ എന്നിവ കാലാകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളും സ്കൂളുകളിൽ നടക്കുന്നുണ്ട്.

ഔപചാരിക വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിലെ സമാന്തര സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. സ്കൂൾ തലത്തിൽ 15 ട്യൂട്ടോറിയൽ സ്ഥാപനങ്ങളും ഒട്ടേറെ ട്യൂഷൻ സെന്ററുകളും ഉണ്ട്. രണ്ട് ഹൈസ്കൂളുകളിലേയും വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ പാരലൽ സ്ഥാപനങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. കോളേജ് വിദ്യാഭ്യാസത്തിലും ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം ശ്രദ്ധേയമാണ്. പോത്തൻകോട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നാല് പാരലൽ കോളേജുകളാണ് നിലവിലുള്ളത്.

വിദ്യാഭ്യാസമേഖല സ്വകാര്യവൽക്കരിക്കപ്പെടുകയും വരേണ്യവൽക്കരിക്കപ്പെടുകയും ചെയ്യുന്ന രൂക്ഷമായ വിദ്യാഭ്യാസ പ്രതിസന്ധി നിലനിൽക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. സാമ്പത്തികമായി അല്പമെങ്കിലും മെച്ചപ്പെട്ട കുടുംബങ്ങൾ കുട്ടികളെ അവിടെവിടെയായി കൂണുകൾ പോലെ മുളച്ചു വരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്ക് പറഞ്ഞയക്കുന്ന സ്ഥിതി നമ്മുടെ പഞ്ചായത്തിലും അപൂർവ്വമല്ല. വിദ്യാഭ്യാസ മേഖലയിൽ വന്നിരിക്കുന്ന മൂല്യച്യുതിയ്ക്ക് ഒട്ടേറെ കാരണങ്ങൾ എടുത്തുപറയാനുണ്ട്.

*വിദ്യാഭ്യാസമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ*

- സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അഭാവം.
- വിദ്യാഭ്യാസഗുണനിലവാരം കുറയുന്നു.
- വിദ്യാർത്ഥി-അധ്യാപക അനുപാതത്തിലെ പോരായ്മ.
- പ്രീപ്രൈമറി സ്കൂളുകളുടെ അപര്യാപ്തത.
- സാങ്കേതികസ്ഥാപനങ്ങളുടെ കുറവ്
- പാഠ്യപദ്ധതിയിലെ പോരായ്മ.
- അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തത.

- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം.
- വികലമായ വിദ്യാഭ്യാസനയം.
- അശാസ്ത്രീയമായ ബോധനരീതികൾ.
- സ്കൂളുകളിൽ ലബോറട്ടറി, ലൈബ്രറി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
- പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാകുന്നില്ല.
- സിലബസ് പരിഷ്കരണത്തിലെ അശാസ്ത്രീയത.
- മൂല്യനിർണ്ണയത്തിലെ പോരായ്മകൾ.
- കലാകായിക പ്രവർത്തനങ്ങളിലെ പോരായ്മകൾ.
- അദ്ധ്യാപക പരിശീലനത്തിലുള്ള അപാകത.

*നിർദ്ദേശങ്ങൾ-സാദ്ധ്യതകൾ*

- അയിരൂപ്പാറ H.S, പോത്തൻകോട് U.P.S, തച്ചപ്പള്ളി L.P.S, L.V.H.S പോത്തൻകോട്, കല്ലൂർ U.P.S, മണലകം L.P.S. എന്നീ സ്കൂളുകളിൽ ചുറ്റുമതിലുകൾ നിർമ്മിക്കുകയും കളിസ്ഥലങ്ങൾ നിർമ്മിക്കുകയും ചെയ്യുക. കല്ലൂർ U.P.S, മണലകം L.P.S, തച്ചപ്പള്ളി L.P.S, അയിരൂപ്പാറ H.S എന്നീ സ്കൂളുകളിലെ താല്കാലിക ഷെഡ്ഡുകൾ മാറ്റി കോൺക്രീറ്റുകെട്ടിങ്ങൾ നിർമ്മിക്കുക.

  മണലകം L.P.Sലും കല്ലൂർ U.P.Sലും കുടിവെള്ള പ്രശ്നം പരിഹരിക്കുക. അയിരൂപ്പാറസ്കൂളിലെ വാട്ടർ ടാങ്ക് പുനർനിർമ്മിക്കുക.

  P.T.Aകളുടെ സജീവമയ ശ്രദ്ധയും അധ്യാപകരുടെ ആത്മാർത്ഥമായ സഹകരണവും, ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് സമിതികളുടെ സഹായവുംകൊണ്ട് സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കും.

- വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ ഉയർത്തുന്നതിനുവേണ്ട പരിപാടികൾ ആവിഷ്കരിക്കുക. അക്ഷരവേദി, വിജ്ഞാനവേദി, വിദ്യാജ്യോതി തുടങ്ങിയ പരിപാടികൾ മെച്ചപ്പെട്ടരീതിയിൽ സംഘടിപ്പിച്ച് പ്രൈമറി ക്ലാസ്സുകളിൽ അക്കബോധവും അക്ഷരബോധവും വർദ്ധിപ്പിക്കാൻ കഴിയും.
- അധ്യാപകവിദ്യാർത്ഥി അനുപാതം ശാസ്ത്രീയമായി പരിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. ഒരു ക്ലാസ് റൂമിലെ മുഴുവൻ കുട്ടികളേയും കാര്യമായി ശ്രദ്ധിക്കുന്നതിന് അദ്ധ്യാപകന് അതിലൂടെ കഴിയും.
- എല്ലാ പ്രൈമറിസ്കൂളുകളിലും പ്രീ പ്രൈമറിക്ലാസുകൾ ആരംഭിക്കുക. ഇതിനായി സ്ഥലം എല്ലാ സ്കൂളുകളിലും നിലവിലുണ്ട്. P.T.Aകൾ പ്രീപ്രൈമറിസ്കൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി മുൻകൈ എടുക്കേണ്ടതാണ്.
- സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ പഞ്ചായത്തു തലത്തിൽ സ്ഥാപിക്കുക. പഞ്ചായത്തിനകത്തുതന്നെ നിരവധി വിദഗ്ദ്ധൻമാരെ വാർത്തെടുക്കാൻ ഇതുവഴി സാധിക്കും.
- നിലവിലുള്ള പാഠ്യപദ്ധതിക്രമങ്ങൾ ജീവിതവുമായി ബന്ധപ്പെട്ടവയല്ല. മൽസര പരീക്ഷകളെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ വിദ്യാഭ്യാസ രീതി പാടെ തിരസ്കരിക്കേണ്ടതാണ്. സിലബസ് ലഘൂകരിക്കുകയും നിത്യജീവിതവുമായി ബന്ധപ്പെടുന്നവയുമാക്കുക. പ്രൈമറി വിദ്യാഭ്യാസബോധന മാധ്യമം മാതൃഭാഷയാക്കുക.
- ലൈബ്രറി ലബോറട്ടറി സംവിധാനങ്ങളുള്ള സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ഇന്ന് ഈ സംവിധാനങ്ങൾ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടാതെ പോകുന്ന സ്ഥിതിയാണ്. P.T.Aകളുടെ സജീവമായ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതുണ്ട്. എല്ലാ സ്കൂളുകളിലും ലൈബ്രറികൾ രൂപീകരിക്കുകയും മുഴുവൻ വിദ്യാർത്ഥികൾക്കും പുസ്തകങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. ഇതിലൂടെ വിദ്യാർത്ഥികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യബന്ധമുള്ളവരാക്കുന്നതിനും കഴിയും.
- തൊഴിലതിഷ്ഠിത വിദ്യാഭ്യാസം വ്യാപകമാക്കിക്കൊണ്ട് നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ പോരായ്മ പരിഹരിക്കുക. വിദ്യാർത്ഥികളുടെ വൈദഗ്ദ്ധ്യപോഷണത്തിന് അനുയോജ്യമായ വിദ്യാഭ്യാസരീതി സ്വീകരിക്കുക. ലക്ഷ്മിവിലാസം H.S., അയിരൂപ്പാറ H.S. എന്നീ സ്കൂളുകൾ ഹയർ സെക്കന്ററി സ്കൂളുകളാക്കി

ഉയർത്തുക.

- പഴഞ്ചൻ ബോധനരീതികൾ ഉപേക്ഷിച്ച് നൂതനമായ ബോധനസമ്പ്രദായങ്ങൾ ആവിഷ്കിരിക്കുക. പഠനോ പകരണങ്ങൾ എല്ലാ സ്കൂളുകളിലും ഉണ്ട്. ഇത് ശരി യായരീതിയിൽ ഉപയോഗപ്പെടുത്തുന്നു എന്ന് വിദ്യാ ഭ്യാസസമിതി ഉറപ്പുവരുത്തുക.

- അദ്ധ്യയനവർഷാരംഭത്തിൽ തന്നെ എല്ലാ ക്ലാസുകളി ലേയ്ക്കുമുള്ള പാഠപുസ്തകങ്ങൾ എത്തിക്കുന്നതിനുവേ ണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുക. പാഠപുസ്തക ങ്ങൾ കിട്ടാത്തസ്ഥിതിയും നിലവിലുണ്ട്. ഈ സ്ഥിതിക്ക് പരിഹാരമുണ്ടാക്കുക.

- സ്കൂളുകളിൽ സാഹിത്യസാമാജങ്ങൾ സ്ഥാപിക്കുക യും, കലാകായികമേളകളിൽ പങ്കെടുപ്പിച്ചുകൊണ്ട് കുട്ടി കളുടെ സർഗ്ഗവാസനകളെപരിപോഷിപ്പിക്കുകയും ചെയ്യുക. സ്കൂളുകളിൽ കൈയ്യെഴുത്തുമാസികാ പ്രവർത്തനങ്ങൾ വരുന്ന അദ്ധ്യയന വർഷങ്ങളിൽ ആരംഭിക്കുക. കലാ കായിക മേഖലകൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

- നിർദ്ധനരായ കുട്ടികൾക്കുള്ള ധനസഹായം വർദ്ധി പ്പിക്കുകയും അദ്ധ്യാപകനും വിദ്യാർത്ഥിയും രക്ഷ കർത്താവും തമ്മിലുള്ള ബന്ധം ദൃഢമാക്കുകയും ചെയ്യുക.

- സ്കൂൾ കോംപ്ലക്സുകൾ പഞ്ചായത്ത് തലത്തിൽ സംഘ ടിപ്പിക്കുകയും, അദ്ധ്യാപകർക്കുള്ള ശില്പശാലകൾ എല്ലാ മാസവും സംഘടിപ്പിക്കുകയും ചെയ്യുക.

- നേതാജിപുരം, പണിമൂല എന്നീ വാർഡുകൾ കേന്ദ്രമാക്കി പുതിയ പ്രൈമറി സ്കൂളുകൾ സ്ഥാപി ക്കുക. ഇതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരു ക്കുന്നതിന് തദ്ദേശവാസികൾ സന്നദ്ധരാണ്.

  മഴക്കാലങ്ങളിൽ തച്ചപ്പള്ളി സ്കൂളിലേയ്ക്ക് കുട്ടികൾ എത്തിചേരാനുള്ള വിഷമം നേരിടുന്നുണ്ട്. ഇതിനു പരി ഹാരമായി തച്ചപ്പള്ളിതോടിനു കുറുകേ ഒരു പാലം പണിയുക.

- വേങ്ങോട് പട്ടികജാതി കോളനിയിൽ ഒഴിഞ്ഞുകിട ക്കുന്ന സ്ഥലത്ത് ഒരു കോളേജ് സ്ഥാപിച്ചാൽ മുദാ ക്കൽ, മംഗലപുരം, മാണിക്കൽ, പോത്തൻകോട്, അണ്ടൂർകോണം, എന്നീ പഞ്ചായത്തിലെ വിദ്യാർത്ഥി കൾക്ക് ഉപരിപഠനത്തിന് സഹായകമായിരിക്കും.

- ജനവിദ്യാകേന്ദ്രങ്ങൾ വ്യാപിപ്പിക്കുകയും തുടർ സാക്ഷ രതാ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുകയും ചെയ്യു ക. ജനവിദ്യാകേന്ദ്രങ്ങൾക്ക് കെട്ടിടവും മറ്റ് ഭൗതിക സഹായങ്ങളും ലഭ്യമാക്കുക.

- സ്കൂളുകളിൽ ആറുമാസത്തിലൊരിക്കൽ ആരോഗ്യ പരിശോധനനിർബന്ധമാക്കുകയും ഹെൽത്ത് കാർഡു കൾ ഏർപ്പെടുത്തുകയും ഹെൽത്ത് ക്ലബ്ബുകൾ ആരംഭി ക്കുകയും ചെയ്യുക.

- സാമൂഹ്യസന്നദ്ധപ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുകയും സ്കൂളുകളിൽ പൂന്തോട്ടങ്ങൾ, പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കുകയും ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യുക.

- സമൂഹത്തന് വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടാനുള്ള അവസരങ്ങൾ ഉണ്ടാക്കുകയും വിദ്യാഭ്യാസ സ്ഥാപന ങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല സമൂഹം ഏറ്റെ ടുക്കുകയും ചെയ്യുന്നതിനുവേണ്ട ബോധവൽക്കരണം സംഘടിപ്പിക്കുകയും ചെയ്യുക.

- ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവാഹം സാധാരണ സ്കൂളുകളെ സാരമായി ബാധി ക്കുന്നുണ്ട്. ഇതിനെതിരെയുള്ള ബോധവൽക്കരണം സംഘടിപ്പിക്കുക.

- വികലമായ വിദ്യാഭ്യാസ നയം തിരുത്തുകയും വിദ്യാ ഭ്യാസ കച്ചവടം അവസാനിപ്പിക്കുകയും ചെയ്യുക. അൺ എയിഡഡ് സ്കൂളുകളും കോളേജുകളും നിർത്തലാക്കുക.

- അദ്ധ്യാപകർ അവരുടെ അവകാശങ്ങൾ നേടിയെടു ക്കുന്നതിനുവേണ്ടി കാണിക്കുന്ന ഉത്സാഹം അദ്ധ്യയ നത്തിൽ കാണുന്നില്ല. ഈ സ്ഥിതിക്ക് മാറ്റമുണ്ടാ യാൽ അദ്ധ്യയനനിലവാരം മെച്ചമാക്കാൻ കഴിയും.

- മാസത്തിലൊരിക്കലെങ്കിലും രക്ഷകർത്താക്കൾ സ്കൂളി ലെത്തി വിദ്യാർത്ഥികളുടെ പഠനകാര്യങ്ങളെക്കുറിച്ച്

അധ്യാപകരുമായി ചർച്ചചെയ്യുക.

- മൂന്നുമാസത്തിലൊരിക്കൽ മാതൃസംഗമം വിളിച്ചു ചേർക്കുകയും എല്ലാ അമ്മമാരും സംഗമത്തിൽ പങ്കെടുക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- വിദ്യാർത്ഥികേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുക.
- ഫലപ്രദമായ മോണിറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കണം.
- പാരലൽ കോളേജുകളും ട്യൂട്ടോറിയലുകളും പഞ്ചായത്ത് തലത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് സംവിധാനമേർപ്പെടുത്തുക.
- അധ്യായ ദിവസങ്ങളിൽ സ്കൂളിൽ അധ്യയനം ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് പഞ്ചായത്തു സമിതികൾ പരിശോധിച്ച് ഉറപ്പാക്കുക.
- അധ്യാപകരെ സർവ്വേകൾ പോലുള്ള പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കുകയും അത്തരം ജോലികൾക്ക് അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

**S.S.L.C. വിജയശതമാനം**

| L.V.H.S. പോത്തൻകോട് | | H.S. അയിരൂപ്പാറ | |
|---|---|---|---|
| 91-92 | 52.5% | 91-92 | 39% |
| 92-93 | 58% | 92-93 | 43% |
| 93-94 | 58% | 93-94 | 50% |
| 94-95 | 60% | 94-95 | 46% |
| 95-96 | 61% | 95-96 | 37% |



# അക്കാഡമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി | ലാബോറട്ടറി സയൻസ് കോർണർ | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ. & വി.സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ക്ലാസ് മുറികൾ: ആവശ്യമുള്ളത് | ക്ലാസ് മുറികൾ: നിലവിലുള്ളത് | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരത്തിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ | പൊതു അവധിമൂലം നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ | മാതൃസംഗമം | ക്ലാസ്സ് പി.ടി.എ. കൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. LPS [illegible] | പ്രവർത്തിക്കുന്നു | പ്രവർത്തിക്കുന്നു | വളരെ കുറച്ച് ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9 | 8 | 192 | ഇല്ല | 8 | സജീവം | ഇല്ല |
| 2. LPS [illegible] | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9 | 7 | 194 | ഇല്ല | 4 | സജീവം | പ്രവർത്തിക്കുന്നു |
| 3. LPS [illegible] | പ്രവർത്തനം ഉണ്ട് | പ്രവർത്തിക്കുന്നു | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 13 | 13 | 192 | ഇല്ല | 8 | സജീവം | പ്രവർത്തിക്കുന്നു. |
| 4. EV UPS | പ്രവർത്തിക്കുന്നു | പ്രവർത്തിക്കുന്നു | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 13 | 13 | 192 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നില്ല |
| 5. UPS [illegible] | പ്രവർത്തിക്കുന്നു | പ്രവർത്തിക്കുന്നു | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 22 | 22 | 193 | 1 | 3 | സജീവം | പ്രവർത്തിക്കുന്നില്ല. |
| 6. LVHS | പ്രവർത്തിക്കുന്നു | പ്രവർത്തിക്കുന്നു | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 35 | 31 | 194 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു. |
| 7. HS [illegible] | പ്രവർത്തിക്കുന്നു | പ്രവർത്തിക്കുന്നു | വളരെ ഇല്ല | ഇല്ല | പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഉണ്ട് | പ്രവർത്തനം ഇല്ല | ഇല്ല | ഇല്ല | 40 | 20 | 193 | ഇല്ല | ഇല്ല | സജീവം | ഇല്ല |

# സ്കൂളുകളുടെ ഭൗതിക സാഹചര്യം സംബന്ധിച്ചുള്ള വിവരം



വിദ്യാഭ്യാസം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | സ്ഥിരം | അസ്ഥിരം | താൽക്കാലികം | സ്ഥിരം | അസ്ഥിരം | താൽക്കാലികം | ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം / ഇനി ആവശ്യമുള്ള കെട്ടിടങ്ങളുടെ എണ്ണം | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളത് | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗ്യ ശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല കിണർ - പൈപ്പ് | വൈദ്യുതീകരണം ഉണ്ട്-ഇല്ല | പാചക മുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ/മതിയാകും/ഇല്ല | ഇനി ആവശ്യമുള്ളത്: ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ | ആകെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. LPS കണലകം | 8 | 7 | - | 1 | 10 | - | - | 3 | 1 | 1 2 | 1 | 1 | ഇല്ല | കിണർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 40 | | - | - | ഹെൽപ് 1 | 98 1/2 സെന്റ് |
| 2. LPS തച്ചപ്പള്ളി | 9 | 1 | - | 1 | 7 | - | 2 | 3 | ഉണ്ട് | 1 - | 2 | 1 | 1 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 15 | 25 | 6 | 10 | ഇല്ല | 57സെന്റ് |
| 3. LPS കല്ലൂർ | 13 | 1 | - | 1 | 11 | - | - | - | - | 3 - | - | 1 | - | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | | | | | | 1 ഏക്കർ 45 സെന്റ് |
| 4. EV UPS | 15 | 4 | - | - | 18 | - | - | - | - | 2 15 | 2 | 1 | - | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 25 | 5 | 5 | അലമാര 2 | 1 ഏക്കർ |
| 5. UPS പൊന്നംകോട് | 22 | 2 | 2 | - | 5 | - | - | 3 | ഉണ്ട് | 1 10 | 2 | 1 | - | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 110 | 40 | 12 | 14 | അലമാര 2 | 1 ഏക്കർ |
| 6. LVHS | 34 | 4 | - | - | 38 | - | - | - | ഉണ്ട് | [illegible] | 2 | 2 | ഉണ്ട് | പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 25 | 25 | 4 | 10 | | 1 ഏക്കർ |
| 7. HS അമ്പലപ്പാറ | 36 | 5 | 2 | 1 | 29 | 9 | 5 | 10 | ഉണ്ട് | 3 30 | 3 | -- | | കിണർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 75 | 50 | 20 | 20 | സ്റ്റീൽ അലമാര 5 എണ്ണം | 5 ഏക്കർ 17 സെന്റ് |

## കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

| സ്കൂൾ | തോറ്റു പഠിക്കുന്നവർ | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|
| | പട്ടികജാതി | മറ്റുള്ളവർ | ആകെ | പട്ടികജാതി | മറ്റുള്ളവർ | ആകെ |
| LPS മണലകം | 1 | 9 | 10 | - | | |
| LPS തച്ചപ്പള്ളി | 01 | 16 | 17 | - | | |
| UPS കല്ലൂർ | 13 | 22 | 35 | - | 09 | 09 |
| E.V.U.P.S | 09 | 47 | 56 | 01 | 07 | 08 |
| UPS പോത്തൻകോട് | 02 | 56 | 58 | - | - | - |
| L.V.H.S | - | 153 | 153 | - | 40 | 4 |
| H.S അയിരൂപ്പാറ | 04 | 102 | 106 | - | 31 | 31 |

## അദ്ധ്യാപകരെ സംബന്ധിച്ചുള്ള വിവരങ്ങൾ

| സ്കൂൾ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| LPS മണലകം | 8 | 8 | ഇല്ല |
| LPS തച്ചപ്പള്ളി | 9 | 9 | - |
| UPS കല്ലൂർ | 14 | 14 | - |
| E.V.U.P.S | 24 | 24 | - |
| UPS പോത്തൻകോട് | 28 | 27 | 1 |
| L.V.H.S | - | 53 | 53 |
| H.S അയിരൂപ്പാറ | 47 | 47 | - |

## വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ

| | കുട്ടികളുടെ എണ്ണം | | | പട്ടികജാതി | | |
|---|---|---|---|---|---|---|
| സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 L.P.S. മണലകം | 129 | 127 | 256 | 33 | 36 | 69 |
| 2 L.P.S. തച്ചപ്പള്ളി | 163 | 155 | 318 | - | - | - |
| 3 U.P.S. കല്ലൂർ | 230 | 205 | 435 | 66 | 44 | 110 |
| 4 E.V. U.P.S. | 322 | 307 | 629 | 42 | 48 | 90 |
| 5 U.P.S. പോത്തൻകോട് | 461 | 413 | 874 | 63 | 42 | 105 |
| 6 L.V.H.S. | 805 | 705 | 1510 | 104 | 85 | 193 |
| 7 H.S. അയിരൂപ്പാറ | 751 | 728 | 1479 | 59 | 53. | 112 |



അദ്ധ്യാപക സംഗമം.

# കുടിവെള്ളം പൊതുജനാരോഗ്യം

5.5

ഒരു ജനതയുടെ ആരോഗ്യത്തെ നിലനിറുത്തുന്ന പ്രധാനഘടകമാണ് ശുദ്ധജലം. ജൈവ ബന്ധമുള്ള ജീവിതരീതിയാണ് ഈ ഗ്രാമ പഞ്ചായത്തിൽ നിലനിന്നത്. നാട്ടുരീതികളുടെ തകിടം മറിച്ചിലിലൂടെ സംജാതമായിട്ടുള്ള പ്രതിസന്ധികളാണ് കുടിവെള്ളത്തിന്റേയും ആരോഗ്യത്തിന്റേയും മേഖലയിൽ ഇന്നു നാം അനുഭവിക്കുന്നത്. പരമ്പരാഗതമായ ജല സ്രോതസുകളെ സംരക്ഷിക്കുന്നതിനുവേണ്ടി ശാസ്ത്രീയമായ വീക്ഷണത്തിന്റെ അഭാവം ഈ മേഖലയിലെ പ്രതിസന്ധി രൂക്ഷമാക്കുന്നു. പൊതുവിൽ നോക്കിയാൽ ജലവിതരണവുമായി ബന്ധപ്പെട്ട ആസൂത്രിതമായ പരിപാടികൾ ഒന്നും തന്നെ മ്മുടെ പഞ്ചായത്തിലില്ല. അധ്വാനശീലരും ആരോഗ്യമുള്ളവരുമായ ഒരു ജനതയാണം നമ്മുടെ പഞ്ചായത്തിന്റെ പൂർവ്വകാലം പ്രതിനിധാനം ചെയ്തിരുന്നത്. എന്നാൽ ഇന്നു വികലമായ ജീവിതരീതികളിലൂടെ വിവിധ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന ഒരു സമൂഹമായി മാറിയിരിക്കുന്നു. ആരോഗ്യപ്രശ്നങ്ങൾ ഒന്നും തന്നെ ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടുള്ളവയല്ല. അമിത രാസവളപ്രയോഗം, കീടനാശിനിപ്രയോഗം എന്നിവയിലൂടെ നമ്മുടെ മണ്ണിനോടൊപ്പം മനുഷ്യാരോഗ്യവും ജീർണ്ണിച്ചുകൊണ്ടിരിക്കുന്നു. വരും കാലങ്ങളിൽ നാം അഭിമുഖീകരിക്കേണ്ടിവരിക, കാർഷിക വിഭവങ്ങളുടെ ഉപഭോഗം വഴി ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങളായിരിക്കും. നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നതും അഭിമുഖീകരിക്കാൻ പോകുന്നതുമായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ് ആരേയും ആഘാതമേല്പിക്കുന്നതായിരിക്കും. ഈ സംഗതികൾ ഒരു ബദൽ ആരോഗ്യസംസ്കാരത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ നമ്മെക്കൊണ്ടെത്തിക്കുന്നു.

കുടിവെള്ള ക്ഷാമം അടുത്തകാലത്തായി ഈ പഞ്ചായത്തിൽ വളരെ രൂക്ഷമാണ്. ജല സംഭരണികളായി നിലനിന്നിരുന്ന നെൽപ്പാടങ്ങൾ അനിയന്ത്രിതമായി നികത്തിയതു വഴി ജലം ഭൂമിയുടെ ഉള്ളറകളിലേയ്ക്ക് എത്താതെയായി.. നമ്മുടെ പഞ്ചായത്തിനെ ഹരിതാഭമാക്കിയിരുന്ന ഫലവൃക്ഷങ്ങളും മറ്റ് വൃക്ഷങ്ങളും വ്യാപകമായി നശിപ്പിക്കപ്പെട്ടതും ജലം വാർന്നുപോകുന്നതിന് ഇടയാക്കി. ഉള്ള ജല സ്രോതസുകൾ ഫലപ്രദമായി വിനിയോഗിക്കാൻ ശാസ്ത്രീയമായ സംവിധാനങ്ങൾ ഇനിയുമുണ്ടായിട്ടില്ല. മേൽ വിവരിച്ച കാര്യങ്ങൾ ഈ മേഖലയിലെ പ്രതിസന്ധിക്ക് പ്രധാനകാരണങ്ങളാണ്. ഉപരിവർഗ്ഗം ചെയ്തു തുടങ്ങിയ കുഴൽകിണറുകൾ ഇപ്പോൾ സാധാരണക്കാർ പോലും ഏറ്റെടുത്തിട്ടുള്ള സ്ഥിതിയും ഇവിടെയുണ്ട്. ഏറെ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്ന ഈ പ്രവണത വമ്പിച്ച ബോധവല്കരണത്തിലൂടെ അവസാനിപ്പിക്കേണ്ട സംഗതിയാണ്.

പോത്തൻകോട് പഞ്ചായത്തിന്റെ പ്രധാന കുടിവെള്ള സ്രോതസ് കിണറുകളാണ്. 95% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. 5% ജനങ്ങൾ മാത്രമാണ് പൈപ്പുവെള്ളത്തെ ആശ്രയിക്കുന്നത്. സ്വന്തമായി കിണറില്ലാത്തവർ, പഞ്ചായത്തിലെ ജനസംഖ്യയുടെ പകുതിയോളം വരും. പൊതുകിണറുകളെയാണ് ഇത്തരക്കാർ ആശ്രയിക്കുന്നത്. കുടിവെള്ള ക്ഷാമം നേരിടുമ്പോൾ നാലു കിലോമീറ്റർ നടന്നു പോയിവെള്ളം കൊണ്ടുവരുന്ന പ്രദേശങ്ങളും ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തുകിണറുകളും 33 കുഴൽകിണറുകളും 28 കുളങ്ങളുമാണ് ഈ പഞ്ചായത്തിലുള്ളത്

പൊതു ജലസ്രോതസ്സുകൾ

പഞ്ചായത്തുകിണർ 52, കുഴൽകിണർ 33, പൊതുകുളങ്ങൾ 28, തോടുകൾ 42

നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതികൾ ചിലതുണ്ടെങ്കിലും അതു പൂർണ്ണമായും പൊതുജനോപകാര പ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ ചില കേന്ദ്രങ്ങളിൽ കൂടി ജലസ്രോതസ്സുണ്ട്. അവ ഫലപ്രദമായി ചൂഷണം ചെയ്യാൻ കഴിഞ്ഞാൽ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കാൻ കഴിയും. സ്വന്തമായി കിണറുകുഴിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ളവരും, കുഴിച്ച കിണറിൽ ജലലഭ്യതയില്ലാത്തവരും ധാരാളമുണ്ട്.

ഈ പഞ്ചായത്തിലെ പ്രധാന ജല സ്രോതസ് ഇവയാണ്. പോത്തൻകോട്ടു കുളം, കല്ലൂർ കരിചിറ, പാടുകാണി ചിറ, ചെറുനെല്ലിക്കോടു ചിറ, തെങ്ങനാംകോടു ചിറ, അയിരൂപ്പാറ കാവിൽ കുളം, മഠത്തിൽകുളങ്ങര കുളം, കൈതപ്പുഴ കുളം, മണ്ണാറക്കോണം ചിറ, മുളവൂർകോണം ചിറ, മോട്ടൂർ ചിറ, പിരിയാട്ടുകോണം ചിറ, കരൂർകോണം ചിറ, നാറാണത്തുകോണം ചിറ, ആനക്കോട്ടു കുളം, പഴവൂർക്കോണം കുളം, കാപ്പിത്തോട്ടം കുളം, വേട്ടമ്പള്ളിക്കോണം കുളം, വലിയകുളം, പൊട്ടക്കുളം, ആക്കനാടുകുളം എന്നിവയാണ്. ഇവ വേനൽക്കാലത്തുപോലും വറ്റാത്ത ജലസ്രോതസുകളാണ്.

*പ്രശ്നങ്ങൾ*

- ഈ പഞ്ചായത്തിലെ 20% ആളുകൾക്ക് കുടിവെള്ളം ലഭ്യമല്ല.
- സാമ്പത്തിക ക്ലേശത്താൽ കിണർ കുഴിക്കാൻ കഴിയാത്തവരുണ്ട്.
- കിണർ കുഴിച്ചാൽ ശുദ്ധജലം കിട്ടാത്ത പ്രദേശങ്ങളുണ്ട്.
- തോന്നയ്ക്കൽ പട്ടികജാതി കോളനിയിലുള്ള വാട്ടർ ടാങ്കും ടാപ്പുകളും ഉപയോഗശൂന്യമാണ്. പൈപ്പുലൈനിൽ നിന്നും ജലം ലഭിക്കുന്നില്ല.
- ശുദ്ധജല ദൗർലഭ്യം മൂലം സാംക്രമികരോഗങ്ങൾ പകരുന്നു.

*നിർദ്ദേശങ്ങൾ*

- നിലവിലുള്ള കിണറുകൾ അറ്റകുറ്റപണികൾ ചെയ്ത് ഉപയോഗപ്രദമാക്കുക.
- തോന്നയ്ക്കൽ പട്ടികജാതികോളനിയിൽ കുഴിച്ചിട്ടുള്ള കിണറുകളും കുഴൽ കിണറുകളും ഉപയോഗപ്പെടുത്തി ആ പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുക.
- പഞ്ചായത്തു സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകളിലെ ഇരുമ്പുപൈപ്പുമാറ്റി P.V.C പൈപ്പ് ഇടുക. റോഡരുകിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളുടെ കേടുപാടുകൾ തീർക്കുക.
- ഉപേക്ഷിക്കപ്പെട്ടതോ മുടങ്ങിയതോ ആയ ശുദ്ധജല പദ്ധതികൾ നടപ്പിലാക്കണം.
- മഞ്ഞമല, പഴവൂർക്കോണം കുളത്തിന് 50 സെന്റ് വിസ്തൃതിയുണ്ട്. ഈ കുളം വൃത്തിയാക്കി മഞ്ഞമല, വാവറ അമ്പലം എന്നീ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുക.
- അയിരൂപ്പാറ കാവിൽകുളം, തെങ്ങനാംകോടു ചിറ ഇവ ശുദ്ധജല വിതരണ പദ്ധതിക്ക് സാധ്യമാക്കുക
- മണ്ണറ വാടവൂങ്കര കുളത്തിൽ നിന്ന് തെറ്റിച്ചിറ ഭാഗത്തേക്ക് ശുദ്ധജലമെത്തിക്കാം.
- നീർ തട പദ്ധതിക്കു പ്രാധാന്യം നൽകുക.
- അണ്ടൂർകോണം ആനതാഴ്ചിറ ജലവിതരണ പദ്ധതി കൂടുതൽ വിപുലീകരിക്കുക.
- പാടുകാണിച്ചിറ കാപ്പിത്തോട്ടം ചിറകൾ വൃത്തിയാക്കി ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ച് S.N പുരം, നേതാജിപുരം, മംഗലത്തുനട, കുന്നുംപുറം, ഇടയംകോട്, കരുപ്പൂകോണം പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുക.

## പൊതുജനാരോഗ്യം

ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സ് കുടികൊള്ളു. ആരോഗ്യമെന്നത് രോഗമില്ലാത്ത അവസ്ഥ മാത്രമല്ല, ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിരതയാണ്. ആയുർവേദത്തിലെ പാരമ്പര്യ വൈദ്യന്മാരാണ് കഴിഞ്ഞ തലമുറയിൽ നമ്മുടെ ആരോഗ്യ രംഗത്തുണ്ടായിരുന്നത്. മാതേവൻ വൈദ്യൻ, നാണൻ വൈദ്യൻ, രാഘവൻ വൈദ്യൻ, ഗംഗാധരൻ വൈദ്യൻ തുടങ്ങിയ വൈദ്യ ശ്രേഷ്ഠന്മാർ ഈ രംഗത്ത് പ്രസിദ്ധിയാർജ്ജിച്ചവരാണ്. കിഴക്കോട്ടുകോണം മാതുപിള്ള വൈദ്യനും വിഷഹാരി മാധവക്കുരിക്കളും പ്രാചീന വൈദ്യന്മാരായിരുന്നു.

ആയുർവേദം, സിദ്ധവൈദ്യം, അലോപ്പതി, ഹോമിയോപ്പതി, തുടങ്ങിയ ചികിത്സാ സമ്പ്രദായങ്ങൾ ഇവിടെ നിലനില്കുന്നുണ്ട്. ആരോഗ്യസംരക്ഷണ രംഗത്ത് കളരികൾ സ്തുത്യർഹമായ സേവനം നടത്തിയിരുന്നു. കാർഷികവൃത്തിയിലേർപ്പെട്ടു നടന്ന ജനങ്ങൾ പൊതുവിൽ നല്ല ആരോഗ്യമുള്ളവരായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ അലോപ്പതി ചികിത്സയുടെ ചരിത്രം ആരംഭിക്കുന്നത് ശ്രീമതി അന്നമ്മാജോർജിനെ 1957ൽ മിഡ് വൈഫായി നിയമിച്ചത് മുതലാണ്. ദാരിദ്ര്യവും പോഷകാഹാരക്കുറവും ഭക്ഷ്യദൗർലഭ്യവും മൂലം കോളറ തുടങ്ങിയ മാരകരോഗങ്ങൾ ജനങ്ങളെ ബാധിച്ചിരുന്നു. 1944 ലും 1953 കോളറ ബാധിച്ച് നിരവധി ആളുകൾ മരിച്ചിരുന്നു. വസൂരി ബാധിച്ച് മരിക്കാറായവരെ പാടുകാണികളിൽ ഉപേക്ഷിച്ചിരുന്നു. സർപ്പകോപം കൊണ്ട് ഉണ്ടാകുന്ന രോഗമാണ് കുഷ്ഠമെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു. ദേവിശാപംമൂലമാണ് വസൂരിയുണ്ടാകുന്നതെന്നും പേപ്പട്ടി വിഷമേൽക്കുന്നത് പേപ്പട്ടിക്കാവിൽ വിളക്ക് വയ്ക്കാത്തതുകൊണ്ടാണെന്നും അന്ധമായി ചിലർ വിശ്വസിച്ചിരുന്നു. മന്ത്രവാദവും മരുന്നും സംയോജിപ്പിച്ചുകൊണ്ടുള്ള ചികിത്സാരിതിയാണുണ്ടായിരുന്നത്. പ്രസവരക്ഷയ്ക്ക് എത്തിയിരുന്നത് നാടൻപതിച്ചികളായിരുന്നു. കുട്ടികൾക്ക് മൂന്നുമാസത്തിലൊരിക്കൽ ഉരമരുന്ന് (വിരമരുന്ന്) ഓരോ വീട്ടിലും അഞ്ചുവയസ്സുവരെ നല്കുമായിരിന്നു. 5 വയസ്സുവരെയെങ്കിലും കുഞ്ഞുങ്ങൾക്ക് മുലപ്പാൽ നല്കിയിരുന്നു. ഒറ്റമൂലികളും സസ്യൗഷധങ്ങളും സാർവ്വത്രികമായി ജനങ്ങൾ ഉപയോഗിച്ചിരുന്നു. നയനരോഗത്തിന് നാടൻ വൈദ്യന്മാർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. പനിക്കും ജലദോഷത്തിനും കൃഷ്ണ തുളസിയും കരുപ്പട്ടിയും കാച്ചിക്കൊടുത്തിരുന്നു. തുളസിത്തറയുടെ പ്രാധാന്യം അന്നത്തെ ജനങ്ങൾ കണ്ടറിഞ്ഞിരുന്നു. പ്രകൃതി വിഭവങ്ങൾ മുഴുവൻ ആരോഗ്യസംരക്ഷണത്തിനായി ഉപയോഗിച്ചിരുന്നതായി നമ്മുടെ ഭക്ഷണ വിഭവങ്ങൾ ചൂണ്ടിക്കാട്ടുന്നു. പ്രകൃത്യാലഭിച്ചിരുന്ന പ്രതിരോധശേഷി അക്കാലത്ത് ജനങ്ങൾക്കുണ്ടായിരുന്നു.

ഇന്ന് ലോകത്തിലാകെ മാതൃകയായിത്തീരാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പക്ഷെ ആരോഗ്യമെന്നത് ഇന്ന് ഏറ്റവും വലിയ കച്ചവടരംഗമായി മാറിയിരിക്കുകയാണ്. ഗവൺമെന്റ് ആശുപത്രികളും സംവിധാനങ്ങളും അവഗണിക്കപ്പെടുമ്പോൾ അന്തസ്സിന്റെ അടയാളമായി സ്വകാര്യ ആശുപത്രികളേ സമ്പന്നവാർഗ്ഗം തേടിപ്പോകുകയും ചെയ്യുന്ന പ്രവണത ഇന്ന് ഒരു ഫാഷനായി മാറിയിരിക്കുകയാണ്. ധർമ്മാശുപത്രികളിൽ അഭയം തേടുന്ന സാധാരണക്കാർക്ക് ഫലപ്രദമായ ചികിത്സ ലഭ്യമല്ല.

നാട്ടിൽ പുറത്തെ PHC കളിൽ നിന്നും ആധുനികാ ചികിത്സാരീതികളൊന്നും തന്നെ പാവപ്പെട്ടവർക്ക് ലഭ്യമല്ല. മരുന്നില്ല, ഉപകരണങ്ങളില്ല ജീവനക്കാരുടെ സേവനം 24 മണിക്കൂറും ലഭിക്കുന്നില്ല. ഇങ്ങനെ നൂറുകൂട്ടം പരാതികളാണ് ലഭിക്കുന്നത്. ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ് സർക്കാർ ആശുപത്രികളിലെ ചികിത്സാരംഗം അഴിമതിയിൽ മുച്ചൂടും മുങ്ങിത്താണിരിക്കുന്നു.

ആരോഗ്യമേഖലയിൽ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. അലോപ്പതി വിഭാഗത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമാണുള്ളത്. അത് വേങ്ങോടു വാർഡിൽ, പഞ്ചായത്തിന്റെ തെക്കേ അറ്റത്താണ് സ്ഥിതിചെയ്യുന്നത്. അതിന്റെ പ്രയോജനം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പേർക്കും ലഭ്യമല്ല എന്ന യാഥാർത്ഥ്യം നിലനില്കുകയാണ്. ഈ ആരോഗ്യ കേന്ദ്രത്തിന് ഉപകേന്ദ്രങ്ങളായി രണ്ടു കുടുംബക്ഷേമ കേന്ദ്രങ്ങളുണ്ട്. ഒന്ന് വേങ്ങോട് വാർഡിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. മറ്റൊന്ന് മഞ്ഞമല വാർഡിലും. വേങ്ങോട് വാർഡിൽ സ്ഥിതിചെയ്യുന്ന കുടുംബക്ഷേമ കേന്ദ്രത്തിന്റെ പ്രവർത്തനം വർഷങ്ങളായി നിലച്ചു പോയിരിക്കുകയാണ്. മഞ്ഞമല വാർഡിലെ കുടുംബക്ഷേമകേന്ദ്രം നാമമാത്രമായിപ്രവർത്തിക്കുന്നു. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകവഴി ഈ കുടുംബക്ഷേമ കേന്ദ്രങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്. നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും ചികിത്സക്കായി ആശ്രയിക്കുന്നത് തൊട്ടടുത്ത പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന അണ്ടൂർകോണം പ്രാഥമികാരോഗ്യകേന്ദ്രത്തേയും മംഗലപുരം പ്രാഥമികാരോഗ്യകേന്ദ്രത്തേയുമാണ്. ആയുർവേദത്തിന് സർക്കാർ ആശുപത്രി ഇടത്തറ വാർഡിൽ സ്ഥിതിചെയ്യുന്ന ആയുർവേദ ഡിസ്പെൻസറിയാണ്. ഇവ കൂടാതെ നിരവധി സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്.

*പ്രശ്നങ്ങൾ*

- ❑ ദൈനംദിന ജീവിതചര്യയിൽ വന്ന മാറ്റം സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ.
- ❑ ആരോഗ്യകരമല്ലാത്ത ഭക്ഷണക്രമം

- പ്രതിരോധശേഷിയിൽ വന്നിട്ടുള്ള കുറവ്.
- ഹോട്ടലുകളുടെയും പൊതുഭക്ഷണശാലകളുടെയും ശുചിത്വമില്ലായ്മയും, ഭക്ഷണത്തിൽ രുചിയേറ്റുന്ന മസാലകളുടെ അമിതോപയോഗം.
- പൊതുസ്ഥലങ്ങളിൽ പബ്ലിക് കംഫർട്ട്സ്റ്റേഷനുകളുടെ അഭാവം.
- ആരോഗ്യപരിപാലനത്തിന് ആശുപത്രികളുടെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും അപര്യാപ്തത.
- P.H.C. കളുടെയും ആശുപത്രികളുടെയും പ്രവർത്തന വൈകല്യം
- പൊതു സ്ഥലങ്ങളുടെ ശുചിത്വമില്ലായ്മ.
- ജലജന്യ, വായുജന്യ രോഗങ്ങളുടെ വ്യാപനം
- പകർച്ചവ്യാധികൾ ഉണ്ടാകുന്നു.
- ഈച്ച, കൊതുക്, മറ്റ് പ്രാണികൾ പരത്തുന്ന സാംക്രമിക രോഗങ്ങൾ.
- നേത്രരോഗം പടരുന്നു.
- ധനപരമായ കുറവുമൂലം നല്ല ചികിത്സ ലഭിക്കാത്ത അവസ്ഥ.
- പോക്കറ്റുഭക്ഷണങ്ങളുടെ ഗുണമേന്മക്കുറവ്.
- എല്ലാ വീടുകളിലും കക്കൂസില്ലായ്മ.
- സ്വയം ചികിത്സാ സമ്പ്രദായത്തിന്റെ കുഴപ്പങ്ങൾ അജ്ഞത.
- ആരോഗ്യവിദ്യാഭ്യാസത്തിന്റെ കുറവ്.
- മരുന്നുകളുടെ അമിതമായ ഉപയോഗം
- മരുന്നുകളുടെ അമിതവിലക്കയറ്റം.
- വികലമായ ഔഷധനയം
- മദ്യപാനം, പുകവലി മയക്കുമരുന്നുകൾ എന്നിവയുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ.
- ഔഷധ സസ്യങ്ങളുടെ നാശവും പാരമ്പര്യചികിത്സാ രീതികളുടെ അവഗണന.
- ആരോഗ്യമേഖലയിലെ വരേണ്യവൽക്കരണവും വ്യവസായവൽക്കരണവും
- ധർമ്മാശുപത്രികൾ അവഗണിക്കപ്പെടുന്നു.
- ഡോക്ടറന്മാരുടെ സ്വകാര്യപ്രാക്ടീസ്.
- ഗ്രാമപ്രദേശങ്ങളിലെ വ്യാജഡോക്ടർമാരും ക്ലിനിക്കൽ സംവിധാനങ്ങളും.
- സർക്കാർ ആശുപത്രികളിലെ ആധുനിക വൈദ്യസജ്ജീകരണങ്ങളുടെ അപര്യാപ്തത.
- കുട്ടികൾക്ക് മുലപ്പാൽ നിഷേധിക്കുന്നു.
- ബേബിഫുഡുകളുടെ വ്യാപകമായ പ്രചാരം
- മാധ്യമങ്ങളുടെ വഴിതെറ്റിക്കുന്ന വ്യാവസായികപരസ്യങ്ങൾ.
- പേപ്പട്ടി വിഷം. പാമ്പുവിഷം തുടങ്ങിയവയ്ക്ക് അടിയന്തിര ചികിത്സ ലഭിക്കാത്ത അവസ്ഥ.
- ലൈംഗികവിദ്യാഭ്യാസത്തിന്റെ കുറവ്.

*നിർദ്ദേശങ്ങൾ സാധ്യതകൾ*

- വേങ്ങോട് പ്രാഥമികാരോഗ്യകേന്ദ്രം 50 കിടക്കകളുള്ള ഒരു കമ്മ്യൂണിറ്റിഹെൽത്ത് സെന്ററായി ഉയർത്തണം.
- ആനയ്ക്കോട് മണ്ണറ കുടുംബക്ഷേമ സബ്സെന്റർ ഒരു പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തണം.
- പോത്തൻകോട് കേന്ദ്രമാക്കി ഒരു പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം.
- പോത്തൻകോട് ആയുർവേദ ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് 25 കിടക്കകളുള്ള ആശുപത്രിയാക്കി മാറ്റുക.
- മണലകം P.H.C. സബ് സെന്ററിൽ ഒരു പുതിയ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
- എല്ലാ വാർഡുകളിലും ഹെൽത്ത് സബ് സെന്ററുകൾ സ്ഥാപിക്കുകയും അവിടെ ഒരാഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം എത്തിക്കുകയും ചെയ്യുക.
- ആരോഗ്യ സമിതികൾ വാർഡുതലത്തിൽ രൂപീകരിക്കുക.

- ആരോഗ്യരംഗത്തെ പ്രവർത്തകർ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഭവനസന്ദർശനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ രൂപീകരിക്കുക.
- സാംക്രമിക രോഗങ്ങളെ സംബന്ധിച്ചും ലൈംഗിക രോഗങ്ങളെ സംബന്ധിച്ചും ആവശ്യമായ ബോധവൽക്കരണം നടത്തുക.
- കലാലയങ്ങളിൽ വ്യാപകമാകുന്ന മയക്കുമരുന്നുപയോഗം തടയുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
- പൊതു സ്ഥലങ്ങളിലെയും മാർക്കറ്റുകളിലെയും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക. ചപ്പുചവറുകൾ റോഡിൽ നിക്ഷേപിക്കുന്ന കടക്കാരിൽ നിന്നും ഫീസ് ഈടാക്കുക. പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ മാലിന്യ ബോക്സുകൾ സ്ഥാപിക്കുക.
- മലിനജലം ഒഴുക്കി വിടുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക. പോത്തൻകോട് ജംഗ്ഷനിലും പരിസരത്തും മഴക്കാലത്തുണ്ടാകാറുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്വേണ്ടി പുതിയ ഒടകൾ നിർമ്മിക്കുക.
- വേങ്ങോട്, വാവറയമ്പലം, ആയിരൂപ്പാറ എന്നിവിടങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.
- കക്കൂസില്ലാത്ത എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക.
- പഞ്ചായത്തിൽ ഒരു പൊതുശ്മശാനം നിർമ്മിക്കുക.
- ഔഷധ നയം പുനഃപരിശോധിക്കുകയും ആരോഗ്യകരമായ ഔഷധനയം രൂപവൽക്കരിക്കുകയും ചെയ്യുക.
- സന്നദ്ധ സംഘടനകളുടെ സഹായത്തോടെ മദ്യപാനം പുകവലി എന്നിവയ്ക്കെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുക.
- ഔഷധ സസ്യങ്ങളും, പാരമ്പര്യ ചികിത്സാ രീതികളും സംരക്ഷിക്കുക, ഔഷധസസ്യകൃഷിയ്ക്ക് ബാങ്ക്വായ്പകൾ ലഭ്യമാക്കുന്നതിനുവേണ്ട സംവിധാനങ്ങളുണ്ടാക്കുക.
- ധർമ്മാശുപത്രികളുടെ പ്രവർത്തനം ശക്തമാക്കുക.
- സ്വകാര്യ പ്രാക്ടീസ് കർശനമായി തടയുകയും ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- സ്വകാര്യാശുപത്രികൾക്ക് പഞ്ചായത്തുതലത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും സെസ്സ് ചുമത്തുകയും ചെയ്യുക.
- സ്വകാര്യ ആശുപത്രികളിലും, മെഡിക്കൽ സെന്ററുകളിലും പ്രവർത്തിക്കുന്നവർക്ക് നിശ്ചിത യോഗ്യത ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുക.
- കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടി പോഷകാഹാരപരിപാടി തയ്യാറാക്കുക.
- ബേബി ഫുഡുകളുടെ പരസ്യങ്ങൾ നിയന്ത്രിക്കുകയും മുലയൂട്ടലിന്റെ പ്രാധാന്യത്തെപ്പറ്റി വ്യാപകമായി പ്രചരണം നടത്തുകയും ചെയ്യുക.
- പാമ്പ് വിഷത്തിനും പേപ്പട്ടി വിഷത്തിനും സൗജന്യമായി പ്രതിരോധ മരുന്നുകൾ നൽകുക.
- ഹൈസ്കൂൾ തലത്തിൽ ലൈംഗിക വിദ്യാഭ്യാസം നൽകുക.
- മാദ്ധ്യമങ്ങളുടെ വഴിതെറ്റിക്കുന്ന വ്യാവസായിക പരസ്യങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും വിപണന വസ്തുക്കൾക്ക് ക്വാളിറ്റി ഉറപ്പ് വരുത്തുകയും ചെയ്യാൻ സർക്കാർ മുൻകൈ എടുക്കുകയും ചെയ്യുക.
- ആരോഗ്യപ്രദമായ ആഹാര രീതിക്ക് പ്രചാരം നല്കുക.
- ഹോട്ടലുകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ഭക്ഷ്യ പരിശോധന കർശനമാക്കുകയും കുറ്റക്കാരുടെമേൽ നടപടി സ്വീകരിക്കുകയും ചെയ്യുക.
- പഞ്ചായത്തുതലത്തിൽ ആരോഗ്യ സമിതി രൂപീകരിക്കുകയും ഈ സമിതിയുടെ നേതൃത്വത്തിൽ മുഴുവൻ കിണറുകളിലും യുദ്ധകാലാടിസ്ഥാനത്തിൽ ക്ലോറിനൈസേഷൻ നടത്തുന്നതിനുള്ള പദ്ധതി രൂപീകരിക്കുക.
- പായ്ക്ക് ചെയ്ത ആഹാരങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.
- ജീവൻ രക്ഷാമരുന്നുകളുടെയും മറ്റു മരുന്നുകളുടേയും വിലനിയന്ത്രിക്കുകയും പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുകയും വേണം.

# ഗതാഗതം, ഊർജ്ജം മാർക്കറ്റ്

5-6

പഞ്ചായത്തിൽ പൊതുവെ ഭേദപ്പെട്ട ഒരു റോഡ് ശൃംഖലയാണ് നിലവിലുള്ളത്. എന്നാൽ നാടിന്റെ ദ്രുതഗതിയുള്ള വ്യാവസായിക പുരോഗതിയും ഭവന നിർമ്മാണ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള കുതിച്ചുകയറ്റവും വാഹനങ്ങളുടെ ഉപഭോഗം വർദ്ധിച്ചുവരുന്നതും കൊണ്ട് നാം ഭേദപ്പെട്ടതെന്ന് കരുതുന്ന റോഡ് ശൃംഖല തീരെ അപര്യാപ്തമായിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ ഭൂഉപരിതല ഘടന അനുസരിച്ചും, ജനസാന്ദ്രത, കാർഷിക വിളകളുടെ വിപണനം തലസ്ഥാന നഗരവുമായിട്ടുള്ള അടുപ്പം. യൂണിവേഴ്സിറ്റി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മെഡിക്കൽ, ആയുർവേദ, ഹോമിയോ വിഭാഗങ്ങളുടെ സംസ്ഥാനത്തിലെ ഒന്നാം കിട ആശുപത്രികളും കോളേജുകളും, അവയുടെ റിസർച്ച് സെന്ററുകൾ, പ്രത്യേകിച്ച് എല്ലാ വകുപ്പുകളുടെയും സംസ്ഥാനതല ആഫീസുകൾ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിന്റെ വളരെ അടുത്തായി സ്ഥിതിചെയ്യുന്നു. ഇവയെയെല്ലാം ദൈനംദിനം ആശ്രയിക്കേണ്ടിവന്ന സാഹചര്യം ഉണ്ടായപ്പോൾ യാത്രാസൗകര്യം വളരെയധികം മെച്ചപ്പെടുത്തേണ്ടി വന്നു. എന്നാൽ അതിനനുസൃതമായി റോഡുകൾ വിപുലപ്പെടുത്തുകയോ പുതിയവ നിർമ്മിക്കപ്പെടുകയോ ചെയ്യാൻ പതിറ്റാണ്ടുകളായി നമ്മുക്ക് കഴിഞ്ഞിട്ടില്ല. എങ്കിലും ഇക്കാര്യത്തിൽ മുൻകാലങ്ങളിലും ഇപ്പോഴുമുള്ള പഞ്ചായത്തു സമിതികൾ വളരെ ശ്രദ്ധിച്ചിരുന്നതിന്റെ ഫലമായി വളരെക്കുറച്ച് കൊച്ചുകൊച്ചു റോഡുകൾ പ്രധാനറോഡുകളുമായി ബന്ധിപ്പിക്കുവാനും, അവയുടെ സഞ്ചാരയോഗ്യത ഒരു പരിധിവരെ മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം തന്നെ പൊതുജനങ്ങൾ സ്വമനസ്സാലെ റോഡുകൾക്കായി വിട്ടുകൊടുത്തതും. പൊതുജനങ്ങളുടെ കൂട്ടായ ശ്രമത്തിനും പഞ്ചയത്തു സമിതികളുടെ അത്മാർത്ഥമായ സഹകരണവും കൊണ്ട് നേടുയെടുത്തതുമാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ നമ്മുടെ പ്രദേശത്തിന്റെ ദ്രുതഗതിയിലുള്ള വികസനത്തിനനുസരിച്ച് റോഡുകളുടെ വികസനം നാമമാത്രമായി പോലും ഉണ്ടായിട്ടില്ല. ഭവനനിർമ്മാണപ്രവർത്തനങ്ങൾ അടുത്തകാലത്തായി അതിഭയങ്കരമാംവിധം വർദ്ധിച്ചുവന്നു. അതിന്റെ ഫലമായി റോഡുകളുടെ ആവശ്യം ഗ്രാമത്തിന്റെ ഉൾപ്രദേശങ്ങളിൽ പോലും ഒഴിവാക്കാൻ പറ്റാത്തതായി. ഇതിനായി വലിയവിലകൾ കിട്ടാവുന്ന വസ്തുക്കൾപോലും സൗജന്യമായോ നാമമാത്രമായ പ്രതിഫലം പറ്റിക്കൊണ്ടോ റോഡുകൾക്കായി വിട്ടുകൊടുക്കാൻ നല്ലൊരുഭാഗം ജനങ്ങളും തയ്യാറായി. എന്നാൽ ഇത്തരത്തിൽ ഉണ്ടായിട്ടുള്ള റോഡുകളിൽ എഴുപതു ശതമാനവും ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ലെന്നുള്ളതൊരു വസ്തുതയാണ്.

ഇതിന്റെ പ്രധാന കാരണങ്ങൾ, പല റോഡുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾ കേസുകളിൽ കുടുങ്ങി സ്തംഭനാവസ്ഥയിലാണ്.

ജനങ്ങളുടെ ശ്രമഫലമായുണ്ടാകുന്ന റോഡുകളിൽ പലതിലും തക്കസമയത്ത് ഓടകൾ.

ബണ്ടുകൾ, കലിങ്കുകൾ, പാലങ്ങൾ തുടങ്ങിയവ നിർമ്മിക്കാൻ കഴിയാത്തതുകാരണം റോഡിലേക്കുള്ള വെള്ളമൊഴുക്ക് നിയന്ത്രിക്കാൻ കഴിയാതെ വരികയും രണ്ടു റോഡുകൾ തമ്മിൽ ബന്ധിപ്പിക്കാൻ കഴിയാതെയും വരുന്നു.

പുതുതായി നിർമ്മിച്ച റോഡുകൾ മിക്കവയും തക്കസമയത്ത് മെറ്റിൽചെയ്യുന്നതിനോ, ടാർ ചെയ്യുന്നതിനോ, വൈദ്യുതീകരിക്കുന്നതിനോ, പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തതമൂലം കഴിയാതെ വരുന്നു. തൽഫലമായി നമ്മുടെ പഞ്ചായത്തിലെ പൊതുനിരത്തുകളുടെ അവസ്ഥ അത്യന്തം ശോചനീയമാണ്.

പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം 168 കി. മീറ്ററാണ്. അതിൽ 38. കി.മീ. ടാർ ചെയ്തതും 30 കി.മീ മെറ്റൽ ഇട്ടതും 100 കി.മീ ചരൽ റോഡുകളുമാണ്. നമ്മുടെ പഞ്ചായത്തിലുള്ള പ്രധാന റോഡുകൾ വഴി 72-ൽ പരം കെ. എസ്സ്. ആർ. റ്റി.സി. ബസ്സുകളും ആറ് പ്രൈവറ്റ് ബസ്സുകളും സർവീസ് നടത്തിവരുന്നു. ഇവയ്ക്ക് പുറമേ 122-ഓളം ടെമ്പോ വാനുകൾ, ട്രക്കറുകൾ എന്നിവ പാരലൽ സർവീസുകൾ നടത്തിവരുന്നു. പോത്തൻകോട് ജംഗഷനിൽ 62 ടാക്സി കാറുകൾ, 80 ഓട്ടോറിക്ഷകൾ, 30 മിനി ലോറികൾ, 20 ആട്ടോ പിക്കപ്പുകൾ എന്നിവ പാർക്ക് ചെയ്തു സർവീസുകൾ നടത്തുന്നുണ്ട്. കിളിമാനൂർ, ആറ്റിങ്ങൽ, തിരുവനന്തപുരം, നെടുമങ്ങാട്, മംഗലപുരം, കണിയാപുരം, വട്ടപ്പാറ, പൗഡിക്കോണം തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ നിന്നും വരുന്ന റോഡുകൾ പോത്തൻകോട് ജംഗ്ഷനിൽ കേന്ദ്രീകരിക്കുന്നതു മൂലം പോത്തൻകോട് ജംഗ്ഷനിൽ വലിയ തിരക്കനുഭവപ്പെടുന്നു. അമിതമായി വന്നെത്തുന്ന യാത്രക്കാരേയും വാഹനങ്ങളേയും ഉൾക്കൊള്ളാൻ നിലവിലുളള ജംഗ്ഷന്റെ സ്ഥല സൗകര്യം കൊണ്ടു കഴിയുന്നില്ല. യാത്രക്കാരായി വരുന്ന അമ്മമാരും കുട്ടികളും പ്രായമായവരും റോഡു മുറിച്ചുകടക്കുവാൻപോലും നന്നേ പ്രയാസപ്പെടേണ്ടി വരുന്നു. ഇതിനൊരു പരിഹാരം അടിയന്തിരമായി കൈകൊള്ളേണ്ടതായുണ്ട്. പോത്തൻകോട് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന ഏകദേശം 80% കച്ചവടസ്ഥാപനങ്ങളും സൗകര്യത്തിനുവേണ്ടി പൊതുനിരത്തും, ഫുഡ്പാത്തും കയ്യടക്കിയിരിക്കുന്നത് പോത്തൻകോട് ജംഗ്ഷന്റെ അമിതതിരക്കിനും ട്രാഫിക് തകരാറിനും കാരണമാകുന്നു. ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് സമഗ്രവികസനം ലക്ഷ്യമാക്കി ഒരു ബസ്സ് സ്റ്റാന്റും ട്രാഫിക് സംവിധാനവും അടിയന്തിരമായി ഉണ്ടാകേണ്ടതുണ്ട്.

പോത്തൻകോട് പ്രദേശത്തിന്റെ വ്യാവസായിക പ്രാധാന്യവും ഇവിടെ ഇപ്പോൾ നിലനിൽക്കുന്ന യാത്രാതിരക്കും, യാത്രാബുദ്ധിമുട്ടും കണക്കിലെടുക്കുമ്പോൾ ഒരു കെ. എസ്. ആർ.ടി.സി ബസ്സ് സ്റ്റേഷൻ അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. ഇത് സമീപട്ടണങ്ങളിലുള്ള ബസ്സ് സ്റ്റേഷനുകളെക്കാൾ ഫലപ്രദവും ആദായകരവും ആയിരിക്കും.

ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവരെ സംബന്ധിച്ചിടത്തോളം ബസ് യാത്ര ക്ലേശകരമാണ് പൊതുഗതാഗതത്തിന്റെ അപര്യാപ്തത. പാരലൽ സർവ്വീസുകളുടെ അമിതകൂലി, അശ്രദ്ധമായും അതിവേഗത്തിലുമുള്ള മത്സരഓട്ടങ്ങൾ തുടങ്ങിയവ പൊതുവേ യാത്രാ ദുരിതങ്ങൾ വർദ്ധിപ്പിക്കുന്നുണ്ട്. സുഗമവും സുരക്ഷിതവുമായ യാത്ര ഉറപ്പ് വരുത്തുവാൻ അടിയന്തിരശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ മറ്റു സന്നദ്ധ സംഘടനകൾ, തുടങ്ങിയവയെ കൂടി പൊതുഗതാഗത മേഖലയിൽ പ്രവർത്തിക്കുവാനുളള അവസരമുണ്ടാക്കിയാൽ ഒരു പരിധി വരെ യാത്രാ ദുരിതത്തിനു പരിഹാരമാകും. അതുപോലെ തന്നെ ഓ

രോ ഗ്രാമപ്രദേശങ്ങളിലും നടത്തേണ്ട ബസ്സ് സർവീസുകളുടെ ടൈം ഷെഡ്യൂളുകൾ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ടു് നടത്തിയാൽ ഉപയോഗപ്രദമായിരിക്കും. തിരുവനന്തപുരം, നെടുമങ്ങാട്ട്, കിളിമാനൂർ, ആറ്റിങ്ങൽ എന്നീ പ്രധാനപ്പെട്ട മൂന്നുഷ നാല് ബസ്സ് സ്റ്റേഷനുകളുടെ മദ്ധ്യത്തിൽസ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണ് നമ്മുടെ പഞ്ചായത്ത് തിരുവനന്തപുരം ജില്ലയിൽ വ്യാപാര രംഗത്ത് മുന്നിൽ നിൽക്കുന്ന പ്രദേശം എന്നാൽ പ്രധാനപ്പെട്ട വ്യവസായ കേന്ദ്രങ്ങളായ എറണാകുളം കോട്ടയം, നാഗർകോവിൽ പ്രദേശങ്ങളിലേക്ക് നേരിട്ട് യാത്രാസംവിധാനങ്ങൾ നാളിതുവരെയായിട്ടും ഇല്ലായെന്നുള്ളത് വളരെ ഖേദകരമാണ്

പോത്തൻകോട് ജംഗ്ഷനിൽ നാളിതുവരെ വാഹനങ്ങൾക്ക് പാർക്കുചെയ്യുവാനുളള സ്ഥലസൗകര്യമുണ്ടായിട്ടില്ല. ആയതുമൂലം ജംഗ്ഷനിൽ അനുഭവപ്പെടുന്ന ട്രാഫിക് കുരുക്കുകൾ വിവരണാതീതമാണ്. വാഹനങ്ങങ്ങൾ ടാർ ചെയ്ത റോഡുകളിലാണ് പാർക്ക് ചെയ്യുന്നത്. മേൽ വിവരിച്ച ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടി ഓരോ വിഭാഗം വാഹനങ്ങൾക്കും പാർക്കിംഗ് സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം പോത്തൻകോട്ട് ജംഗഷനിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് അറുതി വരില്ലായെന്നുള്ളത് നിശ്ചയമാണ്

പഞ്ചായത്തിലുളള വാഹനങ്ങൾ

| ക്രമ നംബർ | തരം | എണ്ണം |
|---|---|---|
| 1. | ലോറി | 13 |
| 2. | മിനി ലോറി | 37 |
| 3. | ടാക്സി കാർ | 112 |
| 4. | കാർ (ഓണേഴ്സ്) | 54 |
| 5. | ഓട്ടോ റിക്ഷാ | 147 |
| 6. | ഓട്ടോ പിക്കപ്പ് | 32 |
| 7. | സ്കൂട്ടർ/മോട്ടോർ സൈക്കിൾ | 472 |
| 8. | സൈക്കിൾ | 1372 |

## റോഡു ഗതാഗതം

നിർദ്ദേശങ്ങളും. സാദ്ധ്യതകളും

1. പോത്തൻകോട് ജംഗഷൻ കേന്ദ്രമാക്കി ഒരു കെ. എസ്.ആർ.ടി.സി ബസ്സ്സ്റ്റേഷൻ സ്ഥാപിക്കുക.
2. വിവിധയിനം വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാൻ വെവ്വേറെ പാർക്കിംഗ് സ്ഥലങ്ങൾ കണ്ടെത്തുക.
3. പോത്തൻകോട് ജംഗ്ഷനിലുള്ള കച്ചവടക്കാരുടെ റോഡു കൈയേറ്റംഅടിയന്തിരമായി നിയന്ത്രിക്കുക.
4. പോത്തൻകോട് ജംഗ്ഷനിൽ ഡിവൈഡറുകൾ നിർമ്മിച്ചു സുഗമമായ ട്രാഫിക് സൗകര്യമുണ്ടാകുക.
5. പുതിയ റോഡുകളിലും. നിലവിലുള്ളവയിലും പാലങ്ങൾ, കലുങ്കുകൾ, സൈഡ്വാൾ, തുടങ്ങിയവ യഥാസമയം തന്നെ നിർമ്മിക്കുക.
6. ബസ്സ് സർവീസുകളുടെ ടൈം ഷെഡ്യൂളുകൾ പഞ്ചായത്തു സമിതിയുമായി കൂടിയാലോചിച്ചു നടപ്പിലാക്കുക. ബസ്സ് സമയമറിയുന്നതിനു വേണ്ടി സമയ വിവര പ്പട്ടിക സ്ഥാപിക്കുക.
7. ട്രക്കർ ടെമ്പോ തുടങ്ങിയ പാരലൽ സർവ്വീസുകളുടെ മത്സര ഓട്ടങ്ങൾ കർശനമായി നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കുക.
8. റോഡുകളുടെ അറ്റകുറ്റപ്പണികൾ കാലതാമസം കൂടാതെ നടപ്പിലാക്കി അമിത ചെലവുകൾ ഒഴിവാക്കുക.
9. റോഡുകളുടെ മുഴുവനായുള്ള പണികളും അറ്റകുറ്റപ്പണികളും അതതു പ്രദേശത്തെ സന്നദ്ധസംഘടനകളിലൂടെയും തൊഴിലാളികളുടെയും സഹകരണത്തോടെ നടപ്പിലാക്കുക.
10. പോത്തൻകോട് ജംഗ്ഷനിൽ വെഞ്ഞാറമൂട്, നെടുമങ്ങാട് തിരുവനന്തപുരം, മുരുക്കുംപുഴ എന്നീ സ്ഥലങ്ങളിലേയ്ക്ക് പോകേണ്ട യാത്രക്കാർക്കു വേണ്ടി പ്രത്യേകം വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.
11. പഞ്ചായത്തിന് സ്വന്തമായി ഒരു വാഹനം (Light Motor) വാങ്ങുക.

## നിലവിലുള്ള റോഡുകൾ

*പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 168 കി.മി. ആണ്. അതിൽ 38 കി.മി. ടാർ ഇട്ടവയും 50 കി.മി. മെറ്റൽ ഇട്ടവയും, 80 കി.മി. ചരൾ റോഡുകളുമാണം. ഈ റോഡുകളിൽ പലതും സമീപ പഞ്ചായത്തുകളുമായി ബന്ധപ്പെടുന്ന നാഷണൽ ഹൈവേയുമായും മെയിൻ സെന്റെർ റോഡുകളുമായും ബന്ധപ്പെട്ടു കിടക്കുന്നു.*

### പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകളുടെ പട്ടിക

| ക്രമ നമ്പർ | റോഡിന്റെ പേര് | P.W.D. | പഞ്ചായത്ത് | നീളം | വീതി | ബസ്സ് സർവ്വീസ് | മറ്റ് യാത്രാ സൗകര്യം |
|---|---|---|---|---|---|---|---|
| 1 | പോത്തൻകോട് കോയ്ത്തൂർകോണം | ✓ | × | 4 km | 10m | ✓ | ✓ |
| 2 | പോത്തൻകോട് കാട്ടായിക്കോണം | ✓ | × | 2.5 km | 10m | ✓ | ✓ |
| 3 | പോത്തൻകോട് ആയിരൂപ്പാറ | ✓ | × | 3 km | 8m | ✓ | ✓ |
| 4 | പോത്തൻകോട് പണിമൂല | ✓ | × | 3 km | 8m | ✓ | ✓ |
| 5 | പോത്തൻകോട് പുലന്തറ | ✓ | × | 1km | 8m | ✓ | ✓ |
| 6 | വാവറ അമ്പലം വേങ്ങോട് | ✓ | × | 6 km | 8m | ✓ | ✓ |
| 7 | മഞ്ഞമല കല്ലൂർ | ✓ | × | 1.5 km | 8m | ✓ | ✓ |
| 8 | വാവറ അമ്പലം കാവുവിള | × | ✓ | 1.5 km | 8m | ✓ | ✓ |
| 9 | വാവറ അമ്പലം ശ്രീനാരായണപുരം | × | ✓ | 2 km | 8m | ✓ | ✓ |
| 10 | മോഹനപുരം ഖബറടി കല്ലൂർ | × | ✓ | 1.5 km | 8m | ✓ | ✓ |
| 11 | കൊയ്ത്തൂർകോണം കുന്നുകാട് | ✓ | × | 0.5 km | 8m | × | ✓ |
| 12 | വേങ്ങോട് തേരിക്കട | ✓ | × | 1 km | 6m | ✓ | ✓ |
| 13 | വേങ്ങോട് വെള്ളാണിക്കൽ | × | ✓ | 3 km | 8m | ✓ | ✓ |
| 14 | കരൂർ കല്ലുവിള | × | ✓ | 0.5 km | 5m | × | ✓ |
| 15 | കരൂർ പാലപ്പള്ളി | × | ✓ | 0.5 km | 5m | × | ✓ |
| 16 | പ്ലാമൂട് ചിറ്റിക്കര | × | ✓ | 0.5 km | 5m | × | ✓ |
| 17 | കാട്ടായിക്കോണം ശാന്തിപുരം | × | ✓ | 1 | 5m | × | ✓ |
| 18 | ആരിയോട്ടുകോണം കാട്ടായിക്കോണം | × | ✓ | 2 km | 6m | ✓ | ✓ |
| 19 | പണിമൂല പണിമൂല ക്ഷേത്രം | × | ✓ | 1 km | 6m | ✓ | ✓ |

## പഞ്ചായത്തിലെ ബസ്സ് റൂട്ടുകൾ

| SL.No. | റൂട്ടുകൾ |
|---|---|
| 1. | മുട്ടുക്കോണം-വേങ്ങോട് -തിരുവനന്തപുരം |
| 2. | വേങ്ങോട്-കളീക്കൽ-വെഞ്ഞാറമുട് |
| 3. | വേങ്ങോട് - കളീക്കൽ - നെടുമങ്ങാട് |
| 4. | വേങ്ങോട് - വാവറഅമ്പലം - നെടുമങ്ങാട് |
| 5. | വേങ്ങോട് - വാവറഅമ്പലം - തിരുവനന്തപുരം |
| 6. | മുരുക്കുംപുഴ - പോത്തൻകോട് - തിരുവനന്തപുരം |
| 7. | ആറ്റിങ്ങൽ - പോത്തൻകോട് - തിരുവനന്തപുരം |
| 8. | കിളിമാനൂർ - പോത്തൻകോട് - തിരുവനന്തപുരം |
| 9. | ശ്രീനാരായണപുരം - പോത്തൻകോട് - തിരുവനന്തപുരം |
| 10. | അടൂർ - പോത്തൻകോട് - തിരുവനന്തപുരം |
| 11. | ആറ്റിങ്ങൽ - കല്ലൂർ - പോത്തൻകോട് - തിരുവനന്തപുരം |
| 12. | ആറ്റിങ്ങൽ - ഖബറടി- പോത്തൻകോട് - തിരുവനന്തപുരം |
| 13. | പോത്തൻകോട് - ശാന്തിപുരം - സ്വാമിയാർ മഠം - തിരുവനന്തപുരം |
| 14. | പോത്തൻകോട് - അരിയോട്ടുകോണം - തിരുവനന്തപുരം |
| 15. | ശാന്തിഗിരി ആശ്രമം - പോത്തൻകോട് - തിരുവനന്തപുരം |
| 16. | പോത്തൻകോട് - അണ്ടൂർക്കോണം - തിരുവനന്തപുരം |
| 17. | കണിയാപുരം - വാവറ അമ്പലം - തിരുവനന്തപുരം |
| 18. | നെയ്യാറ്റിൻകര - പോത്തൻകോട് - വർക്കല ക്ഷേത്രം |
| 19. | തിരുവനന്തപുരം - പോത്തൻകോട് - പണിമൂല |
| 20. | നെടുമങ്ങാട് - കീഴാവൂർ - കണിയാപുരം - പെരുമാതുറ |

## ബസ്സ് സർവീസിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ

പുതുതായി ആരംഭിക്കേണ്ട ബസ് റൂട്ടുകൾ

| | |
|---|---|
| 1. | നെടുമങ്ങാട് - വെമ്പായം - പോത്തൻകോട് - ആറ്റിങ്ങൽ - എറണാകുളം - FP |
| 2. | ആറ്റിങ്ങൽ - മംഗലാപുരം - പോത്തൻകോട് - തിരുവനന്തപുരം - FP |
| 3. | തിരുവനന്തപുരം - ശ്രീകാര്യം - പോത്തൻകോട് - വെഞ്ഞാറമൂട് - കോട്ടയം - FP |
| 4. | വേങ്ങോട് - കട്ടിയാട് - ചെമ്പൂര് - വെഞ്ഞാറമൂട് - ORD |
| 5. | വേങ്ങോട് - വെഞ്ഞാറമൂട് - കിളിമാനൂർ - ORD |
| 6. | വാവറ അമ്പലം - പുളിക്കച്ചിറ - നേതാജിപുരം - കോലിയക്കോട് - വെഞ്ഞാറമൂട് ORD |
| 7. | വേങ്ങോട് - കണ്ടുകൃഷി - ഊരുപൊയ്ക - ആറ്റിങ്ങൽ - ORD |
| 8. | മുരുക്കുംപുഴ - പോത്തൻകോട് - കോലിയക്കോട് - വെഞ്ഞാറമൂട് - ORD |
| 9. | ആറ്റങ്ങൽ - വേങ്ങോട് - വാവറഅമ്പലം - പായിച്ചിറ - കണിയാപുരം - ORD |
| 10. | നെടുമങ്ങാട് - പോത്തൻകോട് - കല്ലൂർ - ശാസ്തവട്ടം - ചിറയിൻകീഴ് - ORD |
| 11. | വേങ്ങോട് - വെഞ്ഞാറമൂട് - പുത്തൻപാലം - നെടുമങ്ങാട് - ORD |
| 12. | വാവറഅമ്പലം - നേതാജിപുരം - S.N. പുരം - വേങ്ങോട് - ORD |
| 13. | തിരുവനന്തപുരം - പോത്തൻകോട് - വാവറഅമ്പലം - നേതാജിപുരം - ORD |
| 14. | നെടുമങ്ങാട് - പോത്തൻകോട് - കല്ലൂർ - മംഗലാപുരം - മുരുക്കുംപുഴ - ORD |
| 15. | തിരുവനന്തപുരം - പൗഡിക്കോണം - പോത്തൻകോട് - ഷട്ടിൽ സർവ്വീസ് - ORD |
| 16. | തിരുവനന്തപുരം - ശ്രീകാര്യം - ചെമ്പഴന്തി - പോത്തൻകോട് - ഷട്ടിൽ - സർവ്വീസ് - ORD |

## ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ

## അവയുടെ നിർദ്ദേശങ്ങൾ

| ക്രമ നംബർ | റോഡുകളുടെ പേര് | കി.മി. | നിർദ്ദേശം |
|---|---|---|---|
| 1. | വേങ്ങോട് - കട്ടിയാട് | 3 | ടാർ ചെയ്യുക |
| 2. | വേങ്ങോട് - ചേരൂർ - മലമുകൾ | 2 | പുനരുദ്ധാരണ പ്രവർത്തനം |
| 3. | മണലകം - മുത്തേടത്ത് - മലമുകൾ | 1.5 | റോഡ് നിർമ്മിക്കുക |
| 4. | അയ്യപ്പനാംകോണം-കളിക്കൽ-പന്നിത്താംകോണം | 4 | പുനരുദ്ധാരണം |
| 5. | ശാസ്താംകോണം-തെങ്ങറവിളാകം റോഡ് | 0.5 | ടാർ ചെയ്യുക |
| 6. | തോന്നയ്ക്കൽ കോളനി (112)-ചേരൂർ | 1 | ടാർ ചെയ്യുക |
| 7. | 162, തോന്നയ്ക്കൽ കോളനി റോഡ് | .75 | ടാർ ചെയ്യുക |
| 8. | പാൽസൊസൈറ്റി കോളനി | 0.50 | ടാർ ചെയ്യുക |
| 9. | തെങ്ങുവിള-ആമ്പല്ലൂർ റോഡ് | 0.75 | പുനരുദ്ധരിക്കുക |
| 10. | ചേനവിള-ആമ്പല്ലൂർക്കോണം റോഡ് | 1.00km | ടാർ ചെയ്യണം |
| 11. | തേരിക്കട-പുന്നശ്ശേരിക്കോണം | 0.5 | പുനരുദ്ധാരണം |
| 12. | മണലകം L.P.S-മുത്തേടത്ത് ഇടവഴി | 0.5 | ബന്ധിപ്പിക്കുക |
| 13. | വേങ്ങോട്-പുവണത്തുംമൂട് | 1. | പുനരുദ്ധരിച്ച് സ്ലാബ് നിർമ്മികുക. |
| 14. | വേങ്ങോട് ചന്തമുക്ക്-മഞ്ചാടിക്കുന്ന് | .05 | പുനരുദ്ധാരണ പ്രവർത്തനം |
| 15. | കളിക്കൽ-I.H.D.P കോളനി | 5 | പുനരുദ്ധാരണം |
| 16. | മുക്കോല (വെള്ളാണിക്കിൽ) | 1 | ടാർ ചെയ്യുക |
| 17. | കട്ടിയാട്-പോളച്ചിറ | 1 | ടാർ ചെയ്യുക (കലിങ്ക് നിർമ്മിക്കുക) |
| 18. | കല്ലുവെട്ടി-കുണ്ടേവാരം റോഡ് HS തോന്നയ്ക്കൽ | 0.5 | റോഡ് നിർമ്മിച്ച് ബന്ധിപ്പിച്ച് ടാർ ചെയ്യുക. |
| 19. | പുല്ലുവിള-മടത്തുവിളാകം-കുണ്ടേവാരം | 1. | ബന്ധിപ്പിക്കുക |
| 20. | ഊളൻ കാവ്‌വട്ടം-കുറവൻവിളാകം കുണ്ടേവാരം | 1. | ബന്ധിപ്പിക്കുക |
| 21. | കുരങ്ങില്ലാക്കോണം-പുല്ലിവിള-മടവൂർ | 1. | ബന്ധിപ്പിക്കുക. |
| 22. | പാറവിളാകം-കുരങ്ങില്ലാക്കോണം | 1. | ബന്ധിപ്പിക്കുക |
| 23. | തോന്നയ്ക്കൽ ലൈബ്രറി-ചക്കംവിളാകം കോളനി-കണിയാൻവിളാകം | .75 | നിർമ്മാണവും കലിങ്കും |

| | | | |
|---|---|---|---|
| 24. | മഞ്ഞമല-കല്ലുവെട്ടി റോഡ് | 2. | ടാർ ചെയ്യുക |
| 25 | കാർഷെഡ്-നേതാജിപുരം-പുളിക്കച്ചിറ | 3 | ബന്ധിപ്പിക്കുക, ടാർ ചെയ്യുക |
| 26 | മംഗലത്തുനട-S.N പുരം-കാപ്പിതോട്ടം | 2. | ബന്ധിപ്പിക്കുക, ടാർ ചെയ്യുക |
| 27. | മഞ്ഞമല റേഷൻ കട-തച്ചപ്പള്ളി ക്ഷേത്രം | 1.5 | ടാർ ചെയ്യുക |
| 28. | മൂലയിൽനട-പറങ്കിമാംവിള | 2. | ബന്ധിപ്പിക്കുക |
| | ശാസ്താംകോണം-തോന്നയ്ക്കൽ കോളനി | | |
| 29. | മൂലയിൽ നട-മുള്ളുകാട് | 1.5 | ബന്ധിപ്പിക്കുക. |
| 30. | ശാസ്താം ക്ഷേത്രം-പറങ്കിമാംവിള | 1 | പുനരുദ്ധരിക്കുക. |
| 31. | നേതാജിപുരം (പടിഞ്ഞാറ്)-കരിപ്പുക്കോണം സെറ്റിൽമെന്റ് കോളനി | 1. | റോഡ് നിർമ്മിക്കുക |
| 32. | പറങ്കിമാംവിള-കഴുത്തുംമൂട്-പാലോട്ടുകോണം | 2. | പുനരുദ്ധരിക്കുക |
| 33. | പൂതക്കുഴി-കോവറ-മുളയംപള്ളി-മംഗലത്തുനട | 2 | ബന്ധിപ്പിക്കുക |
| 34. | കണ്ടുമുഴി-മംഗലത്തുനട | 3 | റോഡ് നിർമ്മിക്കണം |
| 35. | പരമേശ്വരിക്ഷേത്രം-കാർഷെഡ് | 1 | ടാർ ചെയ്യണം |
| 36. | ഏറത്തുവിളാകം-കുന്നുകാട്-തയ്ക്കാവ് നട റോഡ് (ശ്രമദാനം) | 2 | പാലംപണിഞ്ഞ് റോഡ് ടാർ ചെയ്യുക |
| 37. | കല്ലൂർ-കല്ലുവെട്ടി റോഡ് (ശ്രമദാനം) | 1.5 | പാലം പണിത് റോഡ് ടാർ ചെയ്യണം |
| 38. | കുന്നത്ത് ഇടവഴി | 1.5 | ടാർ ചെയ്യുക |
| 39. | കബറഡി റോഡ് | 2 | ബന്ധിപ്പിച്ച് ടാർ ചെയ്യുക പാലം നിർമ്മിക്കുക |
| 40. | കല്ലുവെട്ടി റോഡ്-കല്ലൂർ U.P.S-മാവേലി ഇടവഴി | 1 | ബന്ധിപ്പിച്ച് പാലംകെട്ടി ടാർ ചെയ്യുക |
| 41. | നെടുങ്കോട്ട്കോണം ഇടവഴി | 1 | ടാർ ചെയ്യുക |
| 42. | തെങ്ങുവിളാകത്ത് ഇടവഴി | 1.5 | ടാർ ചെയ്യുക |
| 43 | ഇരമത്ത്-പൂവൻവീട് ഇടവഴി | 2 | ബന്ധിപ്പിക്കണം |
| 44. | തൊടിയിൽ ഇടവഴി-കുന്നുകാട് റോഡ് | 1 | ബന്ധിപ്പിക്കുക ടാർ ചെയ്യുക |
| 45. | ഇടയിലവീട് ഇടവഴി | 0.5 | ടാർ ചെയ്യുക |
| 46. | ആഴാവീട് ഇടവഴി-കല്ലൂർ റോഡ് | 1 | ബന്ധിപ്പിച്ച് ടാർ ചെയ്യുക |

| | | | |
|---|---|---|---|
| 47. | കൊയ്ത്തൂർക്കോണം-കുന്നുകാട് കൊച്ചുവീട്ടിൽ ഇടവഴി | 2 | ബന്ധിപ്പിച്ച് ടാർ ചെയ്യുക |
| 48. | മുളവിളാകം-കുന്നുകാട് റോഡ് | 1 | ബനധിപ്പിക്കുക |
| 49. | ആനക്കോട്-ബേക്കറി റോഡ്-മുളവിളാകം | 1. | ബന്ധിപ്പിക്കുക |
| 50. | കൊയ്ത്തൂർക്കോണം ചർച്ച്-ആനക്കോട് ദേവിക്ഷേത്രം-ബേക്കറി റോഡ് | 1 | ബന്ധിപ്പിക്കുക |
| 51. | പുളയിറവിളാകം-ബേക്കറി റോഡ് | 0.5 | ബന്ധിപ്പിക്കുക. |
| 52. | കൊയത്തൂർകോണം-നാറണത്ത്കോണം | 1.5 | ബന്ധിപ്പിക്കുക |
| 53. | ആനക്കോട് ചർച്ച്-നാറാണത്ത്കോണം | 1 | പുനരുദ്ധാരണ പ്രവർത്തനം നടത്തുക |
| 54. | ആനക്കോട്-കുന്നത്തൂർകോണം ഏല | 0.5 | പുനരുദ്ധരിക്കുക. |
| 55. | വാവറഅമ്പലം-പൊട്ടക്കുളം | 0.5 | ടാർ ചെയ്യുക |
| 56. | തച്ചപള്ളി സ്കൂൾ റോഡ്-മാത്തിൽ വീട് | 1 | ബന്ധിപ്പിക്കുക |
| 57. | മഞ്ഞമലകൊച്ചാലുംമൂട്-മംഗലത്ത് നട | 1 | ബന്ധിപ്പിക്കുക |
| 58. | വാവറഅമ്പലം-നേതാജിപുരം | 2 | ടാർ ചെയ്യുക |
| 59. | താളംകോട്-തിട്ടപ്പാറ-ചെറുവല്ലി | 2 | ബന്ധിപ്പിച്ച് ടാർ ചെയ്യുക |
| 60 . | പിരിയാട്ട്കോണം-കുന്നത്ത്കേഷത്രം-ചെറുവല്ലി | 1 | ബന്ധിപ്പിച്ച് ടാർ ചെയ്യുക |
| 61. | കൊച്ചുവിള-ചെറിയപ്പള്ളി-പാലോട്ടുകോണം പോത്തൻകോട് | 2 | പുനരുദ്ധരിച്ച് ടാർ ചെയ്യുക |
| 62. | അയണിമൂട്-വാറുവിളാകം | 1 | പുനരുദ്ധരിക്കുക |
| 63. | പിന്നിരിട്ട ഇടവഴി | 0.5 | വീതികൂട്ടുക |
| 64. | പുളക്കിച്ചിറ-തിട്ടപ്പാറ-പോത്തൻകോട്കുളം പോത്തൻകോട് | 2 | പുനരുദ്ധരിക്കുക |
| 65. | പോത്തൻകോട്-അണ്ടൂർകോണം | 2 | ഓടനിർമ്മിക്കുക |
| 66 . | കോട്ടുക്കോണം-മുഴിഭാഗം | 1 | ടാർ ചെയ്യുക |
| 67. | പേരുത്തല-അരിയോട്ട്കോണം | 1 | ബന്ധിപ്പിച്ച് ടാർ ചെയ്യുക |
| 68. | പാവുക്കോണം ഇടവഴി | 1 | വീതികൂട്ടുക |
| 69. | പോത്തൻകോട് ഇടവഴി | 1 | വീതികൂട്ടുക |

| | | | |
|---|---|---|---|
| 70. | കരൂർ-കല്ലുവിള-പണിമൂല റോഡ് | 1.5 | ടാർചെയ്യുക |
| 71. | കല്ലുവിള-പേഴുംമൂട് | .5 | വീതികൂട്ടിടാർചെയ്യുക |
| 72. | കരൂർ-തെറ്റിച്ചിറ-കാവുവിള-പണിമൂല | 1.5 | ബന്ധിപ്പുക്കുക |
| 73. | കാവുവിള-തെറ്റിച്ചിറ-പണിമൂലക്ഷേത്രം | 1.5 | ബന്ധിപ്പിക്കുക |
| 74. | തെറ്റിച്ചിറ-കുന്നുംപുറം-ആലുംമൂട് | 1 | ബന്ധിപ്പിക്കുക |
| 75. | മുഴിഭാഗം-പണിമൂല | 1 | റോഡ് നിർമ്മിക്കുക |
| 76. | അരിയോട്ടുകോണം-അരിയോട്ടുകോണം ക്ഷേത്രം | 1 | സൈഡ്വാൾകെട്ടുക |
| 77. | തെറ്റിമൂട്-പാങ്ങാത്തല | 1 | വീതികൂട്ടുക |
| 78. | പണിമൂലക്ഷേത്രം-അരിയോട്ടുകോണം | 1 | ബന്ധിപ്പിക്കുക |
| 79. | വലിയതോട്ടിൽ കിഴക്കേനട | | പാലം നിർമ്മിക്കുക |
| 80. | വാവറ അമ്പലം-വൈദ്യശാല നട<br>ആയിരവല്ലി-കൊടിപ്പറമ്പ് | 2 | ബന്ധിപ്പിച്ച് ടാർചെയ്യുക |
| 81. | കാവുവിള-വർത്തൂർ-മണ്ഠപക്കുന്ന് | 1 | പുനരുദ്ധരിക്കുക |
| 82. | പാറക്കാവ്-മണ്ഠപക്കുന്ന് മില്ല് | 25 | വീതികൂട്ടുക |
| 83. | കൊയ്തൂർകോണം-മണ്ണറ | 1 | ടാർ ചെയ്യുക |
| 84. | ചെറുനെല്ലിക്കോട്-കൈപ്പള്ളി | 0.5 | പിനുദ്ധീകരിക്കുക |
| 85. | പാലപ്പള്ളി റോഡ് | 1 | ടാർ ചെയ്യുക |
| 86. | കാവുവിള ട്രാൻസ്ഫോർമർ-മലഞ്ചെരിവ് | 0.5 | വീതികൂട്ടുക |
| 87. | തെറ്റിച്ചിറ-മുല്ലരിക്കോണം | 6.5 | പുനരുദ്ധരിക്കുക |
| 88. | കൊടിപ്പറമ്പ്-മുളവൂർ-കാവുവിള | 1 | ബന്ധിപ്പിക്കുക |
| 89. | പുളിമൂട്-പിരിയാട്ട്കോണം-മണ്ഠപകുന്ന് | 1 | ബന്ധിപ്പിക്കുക |
| 90. | അമ്മാണ്ടംവാരം തടം | 1 | ടാർ ചെയ്യുക |
| 91. | മേലേവിള-അയിരൂപ്പാറ | 1 | ടാർ ചെയ്യുക |
| 92. | സോമിയാർ മാം-ശാന്തിപുരം | 2 | റീ ടാർ ചെയ്യുക |
| 93. | രാമപുരത്ത് പൊയ്ക-അമ്മാണ്ടംവാരം | 3 | ബന്ധിപ്പിക്കുക |
| 94. | പോത്തൻകോട്-പൗഡീകോണം | 2 | ഫുട്പാത്ത് നിർമ്മിക്കുക |
| 95. | കർഷക സഹായി ഇടവഴി-കാട്ടായിക്കോണം | 1.5 | ബന്ധിപ്പിക്കുക |

| | | | |
|---|---|---|---|
| 96. | പ്ലാമൂട്-ചിററിക്കര റോഡ്-കാട്ടായിക്കോണം | 1.5 | ബന്ധിപ്പിച്ച് അറ്റകുറ്റപണികൾ തീർത്ത് ടാർ ചെയ്യുക |
| 97. | പോത്തൻകോട്-മലയിക്കോണം റോഡ് മോട്ടുക്കോണം-പാവൂക്കോണം തടം | 1 | പുനരുദ്ധീകരിച്ച് ടാർ ചെയ്യുക |
| 98. | മലയിൽക്കോണം ഇടവഴി-പോത്തൻകോട് | 1.5 | ബന്ധിപ്പിക്കുക |
| 99. | മഠത്തിൽ കുളങ്ങര തടം | 1 | ഓടനിർമ്മിച്ച് ടാർ ചെയ്യുക |
| 100. | പട്ടാരിയിൽ-ഈഞ്ചവിളാകം തടം | 1 | വീതികൂട്ടുക |
| 101. | കുളത്തിൻകര-വള്ളുവട്ടം | 1 | പുനരുദ്ധരിക്കുക |
| 102. | ഇടുപടിക്കൽ-കൊടുപ്പൂക്കോണം | 3/4 | പുരുദ്ധരിച്ച് ടാർ ചെയ്യുക |
| 103. | കുരങ്ങില്ലാകോണം-കുന്നിലിടവഴി | 1 | പുനരുദ്ധരിച്ച് ടാർ ചെയ്യുക |
| 104. | കരൂർ ടൂട്ടോറിയൽ-മണ്ഡപക്കുന്ന് പിരിയാട്ടുകോണം | 1 | പുനരുദ്ധരിക്കുക |
| 105. | തോന്നയ്ക്കൽ H.S-ഊളൻകാവ് വട്ടം | 1 | ടാർ ചെയ്യുക |



പോത്തൻകോട്
ജംഗ്ഷൻ

## ഊർജ്ജം

വികസന മേഖലയിൽ കേരളത്തിൽ ജനകീയാസൂത്രണത്തിന്റെ പുതിയൊരദ്ധ്യായം ആരംഭിക്കുകയാണ്. മുന്തിയ സാങ്കേതിക വൈദഗദ്ധ്യം ആവശ്യപ്പെടുന്ന വൻകിട പദ്ധതികൾ പോലും ജനങ്ങളുടെ കൂട്ടായ്മയിലൂടെ യാഥാർഥ്യമാക്കാൻ കഴിയുമെന്നാണ് ജനകീയാസൂത്രണ രംഗത്തെ അനുഭവങ്ങൾ തെളിയിക്കുന്നത്. ഒമ്പതാം പദ്ധതി വിഭാവനം ചെയ്യുന്ന ഉല്പാദനവും സാമ്പത്തിക വികസനവും കൈവരിക്കാൻ വൈദ്യുത മേഖലയിൽ ഉൽപാദന വർദ്ധന ഉണ്ടായേ തീരൂ. നമ്മുടെ സംസ്ഥാനത്തെപ്പോലെ ഉർജ്ജോല്പാദനത്തിന് ആവശ്യമായ അനുകൂല പരിസ്ഥിതി ഘടന ഉണ്ടായിട്ടും നമ്മുടെ ഉർജ്ജക്ഷാമത്തെ അതിജീവിക്കാൻ കഴിഞ്ഞിട്ടില്ല.

കാലകാലങ്ങളിൽ പരിസ്ഥിതിയിൽ വന്നിട്ടുള്ള വ്യതിയാനങ്ങൾ നമ്മുടെ ഊർജ്ജോല്പാദന ശേഷിയെ വളരെയധികം മന്ദീഭവിച്ചിട്ടുണ്ട്. അതിലുപരിയായി പ്രധാനമായും നാം ജലസ്രോതസ്സുകളെ മാത്രമേ ഊർജ്ജോല്പാദനത്തിന് വേണ്ടി ആശ്രയിച്ചിട്ടുള്ളൂ. പരമ്പരാഗത ഊർജ്ജസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുവാനും നമുക്ക് കഴിഞ്ഞിട്ടില്ല. എല്ലാറ്റിനും പുറമേ ലോകത്ത് സാങ്കേതികരംഗത്ത് മുൻപന്തിയിൽ നില്കുന്ന രാജ്യങ്ങൾ വിജയകരമായി പരീക്ഷിച്ച് നടപ്പാക്കി കഴിഞ്ഞ ഊർജ്ജോല്പാദന സംവിധാനങ്ങളായ Atomic Energy, Thermal Plant, Diesel Plant, Solar Energy, Wind Mill plants തുടങ്ങിയവ നമ്മുടെ സംസ്ഥാനത്ത് നാളിതുവരേയും വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രതിസന്ധികൾ വളരെ ഗൗരവമായിതന്നെ കണക്കിലെടുത്തുകൊണ്ട് നമ്മുടെ സർക്കാർ പ്രവർത്തിച്ചുവരികയാണ്. അതിന്റെ ആദ്യപടിയായി മുടങ്ങിക്കിടക്കുന്ന പദ്ധതി പുനരാരംഭിക്കുവാനും പണി നടന്നു കൊണ്ടിരിക്കുന്നവ പെട്ടെന്ന് പൂർത്തിയാക്കുവാനും ശ്രമിക്കുന്നുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതോടെ നമ്മുടെ സംസ്ഥാനത്തിന്റെ ഊർജ്ജം ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം. പോത്തൻകോട് പ്രദേശത്ത് ആദ്യമായി വൈദ്യുതി കടന്നുവന്നത് 1950കളിൽ, മണിമലകൊട്ടാരത്തിലാണ്. എന്നാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കാൻ ഇന്നേവരെ കഴിഞ്ഞിട്ടില്ല.. അറേബ്യൻ ഗൾഫ് രാജ്യങ്ങളിലേക്ക് ആളുകൾ ധാരാളമായി പോയിവരാൻ തുടങ്ങിയതോടെ, ഊർജ്ജോപഭോഗം ക്രമാനുസൃതമായി വർദ്ധിച്ചു. വിറക് അടുപ്പുകൾ ഉപയോഗിച്ചിരുന്നവരും ഗ്യാസടുപ്പുകളി ലേക്കും ഹീറ്ററുകളിലേക്കും തിരിഞ്ഞു. അരയ്ക്കുവാൻ മിക്സികളും ഗ്രൈൻഡറുകളും വസ്ത്രമലക്കാൻ വാഷിംഗ്മെഷീനുകൾ, പുര അടിച്ചുവാരാൻ വാകംക്ലീനറുകൾ, എ.സി, കൂളർ, ടി.വി, ഫ്രിഡ്ജ്, വി.സി.ആർ, വി.സി.പി തുടങ്ങിയവയുടെ ഉപയോഗവും വർദ്ധിച്ചുവന്നു. അതിനാനുപാതികമായോ അതിന്റെ പകുതി പോലുമോ ഊർജ്ജോല്പാദനത്തിൽ വർദ്ധനവുണ്ടായില്ല. അതുപോലെ എണ്ണ വിളക്കുകൾ 80% വീടുകളിൽ നിന്നും പോയ് മറഞ്ഞു. വൈദ്യുതി നിലച്ചുപോകുന്ന അവസരങ്ങളിൽ പോലും ഇലക്ട്രിക് ചാർജർ ലൈറ്റുകളാണ് മിക്കപ്പോഴും ഉപയോഗിച്ചു വരുന്നത്. ഇവയുടെ ഫലമായി നമുക്ക് ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതോർജ്ജക്ഷമത നന്നേ കുറയുവാൻ തുടങ്ങി. എന്നാൽ ഭൂരിഭാഗം ജനങ്ങളും വൈദ്യുതിയെ മാത്രം ആശ്രയിച്ചപ്പോൾ വളരെ ചെറിയ ന്യൂനപക്ഷം ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ, ഗോബർ ഗ്യാസ് തുടങ്ങിയവ ഉപയോഗിക്കുകയും ചെയ്യുന്നു. വിറകിന്റെ ദൗർലഭ്യം, നല്ലൊരു ശതമാനം വീട്ടമ്മമാരേയും മേൽപറഞ്ഞ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ നിർബന്ധിതമാക്കി. എന്നാൽ പെട്രോളിയം ഗ്യാസ്, മണ്ണെണ്ണ തുടങ്ങിയവ ആവശ്യാനുസരണം കിട്ടാത്ത അവസ്ഥയും നിലനില്ക്കുന്നു. ഇവയെല്ലാം ഗ്രാമസഭകൾ കൂടിയപ്പോൾ അടിയന്തിര പ്രാധാന്യത്തോടെ ഗ്രാമവാസികൾ ഉന്നയിക്കുകയുണ്ടായി..

നമ്മുടെ പഞ്ചായത്തിൽ മംഗലപുരം, കന്യാകുളങ്ങര, കഴക്കൂട്ടം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നുമാണ് വൈദ്യുതി വിതരണം നടത്തുന്നത്. പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ ഏഴ് കിലോമീറ്ററിലധികം സഞ്ചരിച്ചാണ് ചാർജ് ഒടുക്കുന്നത്. ഇതിന് പരിഹാരം കാണുന്നതിനുവേണ്ടി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് പോത്തൻകോട് കേന്ദ്രമാക്കി സ്ഥാപിക്കേണ്ടതാണ്. ഇപ്പോൾ പഞ്ചായത്തതിർത്തിയിൽ ഒരു ഓവർസിയർ ആഫീസ് മാത്രമേ നിലവിലുള്ളൂ. അതുപോലെ തന്നെ വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ടതും പരിഹരിക്കേണ്ടതുമായ ഒരു പ്രശ്നമാണ് വയറിംഗിനെ സംബന്ധിക്കുന്നത്. നമ്മുടെ പ്രദേശത്ത് വയറിംഗ് ലൈസൻസുള്ളവർ ഒന്നോ രണ്ടോപേർ മാത്രമാണ്. എന്നാൽ 90% വീടുകളും വയറിംഗ് നടത്തുന്നത് വയറിംഗിനെ സംബന്ധിച്ച് യാതൊരു സാങ്കേതിക പരിജ്ഞാനവുമില്ലാത്തവരാണ്. ഇവർ ആഫീസു കാര്യങ്ങൾക്കുവേണ്ടി മാത്രമേ അംഗീ

കൃതവയർമാൻമാരെ സമീപിക്കുന്നുള്ളൂ. ഇതിന്റെ ഫലമോ? വൈദ്യുതിമൂലമുണ്ടാകുന്ന അപകടങ്ങൾ, വൈദ്യുതി നഷ്ടം എന്നിവ വളരെ കൂടുതലായി ഉണ്ടാകുന്നുണ്ട്.

*നിർദ്ദേശങ്ങളും സാദ്ധ്യതകളും*

- പരമാവധി എല്ലാ പ്രദേശങ്ങളിലും ത്രീ ഫെയിസ് ലൈൻനുൾ സ്ഥാപിക്കുക.
- കാര്യക്ഷമത കൂടിയ മുന്തിയതരം ട്രാൻസ്ഫോർമറുകൾ ആവശ്യമായിടത്ത് സ്ഥാപിക്കുക.
- അംഗീകൃത വയർമാൻമാരുടെ മേൽനോട്ടത്തിൽമാത്രം ഉപയോഗിച്ച് വയറിംഗ് ജോലി നടത്തുവാനുള്ള സംവിധാനമുണ്ടാക്കുക.
- വൈദ്യുതി ലൈനുകളിൽ ഉരസി നില്ക്കുന്ന വൃക്ഷ ശിഖരങ്ങൾ യഥാസമയം മുറിച്ചു മാറ്റുക.
- അതാത് സെക്ഷൻ അതിർത്തിയിൽ ഉണ്ടാകുന്ന നിസ്സാര വൈദ്യുത തകരാറുകൾ വിവരം ലഭിച്ചാൽ ദ്രുതഗതിയിൽ പരിഹരിക്കാനുള്ള സംവിധാനമുണ്ടാക്കുക.
- പോത്തൻകോട് കേന്ദ്രമാക്കി ഒരു സെക്ഷൻ ആഫീസ് സ്ഥാപിക്കുക
- സദാ സമയവും വളരെ വേഗതയിൽ കാറ്റുവീശിയടിക്കുന്ന വെള്ളാണിക്കൽ കൊടിതൂക്കിമല തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച്

## ട്രാൻസ്ഫോമറുകൾ

| | നിലവിലുള്ളത് | | സ്ഥാപിക്കേണ്ടത് |
|---|---|---|---|
| 1. | കരൂർ | 1. | ഖബറഡി |
| 2. | വാവറഅമ്പലം പാർട്ട് | 2. | കുന്നുകാട് |
| 3. | നേതാജിപുരം പാർട്ട് | 3. | മഞ്ഞമല |
| 4. | മംഗലത്തുനട | 4. | ഏളിക്കച്ചിറ |
| 5. | കല്ലുവെട്ടി | 5. | തെറ്റിച്ചിറ |
| 6. | വേങ്ങോട് പാർട്ട് | 6. | കല്ലുവിള |
| 7. | കല്ലൂർ പാർട്ട് | 7. | ചിറ്റിക്കര |
| 8. | ശാസ്താംകാവ് പാർട്ട് | 8. | ചുമട്താങ്ങിവിള (ഇടത്തറ) |
| 9. | കീഴ്തോന്നയ്ക്കൽ | 9. | പ്ലാമൂട് (പോത്തൻകോട്) |
| 10. | പോത്തൻകോട് പാർട്ട് 1 | 10. | പോത്തൻകോട് ജംഗ്ഷൻ |
| 11. | പോത്തൻകോട് പാർട്ട് 2 | 11. | കുരങ്ങില്ലാക്കോണം |
| 12. | അരിയോട്ട്കോണം | | |
| 13. | പണിമൂല | | |
| 14. | കാട്ടായിക്കോണം | | |
| 15. | കല്ലടിച്ചവിള | | |

പഞ്ചായത്ത് പ്രദേശത്ത് പൊതുവൈദ്യുത വിതരണം നടപ്പിൽ വരുത്തുക.

- അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കി പൊതുവിതരണം നടത്തുക.
- ഗോബർ ഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണത്തിലുള്ള അശാസ്ത്രീയത പരിഹരിക്കുകയും ഈ മേഖലയിൽ വിദഗ്ദ്ധതൊഴിലാളികളുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക.
- ദക്ഷത കൂടിയ അടുപ്പുകളുടെ പ്രചാരണവും ബോധവല്ക്കരണവും വ്യാപകമാക്കുക. ഇത്തരം അടുപ്പുകൾ വീടുകളിൽ സ്ഥാപിക്കുന്നതിനാവശ്യമായ പരിശീലനം നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
- ആഘോഷങ്ങളോടനുബന്ധിച്ച് പൊതുസ്ഥലങ്ങളിൽ വൈദ്യുതദീപാലങ്കാരങ്ങൾ നടത്തുന്നത് ജനറേറ്ററുകൾ മുഖാന്തിരമാക്കുക.
- വൈദ്യുതി മോഷണം തടയുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുക.
- കാർഷിക, ഗാർഹിക ആവശ്യങ്ങൾക്കായുള്ള വൈദ്യുതി കണക്ഷനുകൾ നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

  പഞ്ചായത്തിൽ വൈദ്യുതി വിതരണം നടത്തുന്ന ട്രാൻസ്ഫോമറുകളിൽ പലതും ഫലപ്രദമായി പ്രവർത്തിക്കുന്നവയല്ല.
- പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലും കവലകളിലും ട്യൂബ്/മെർക്കുറി വേപ്പർ/സോഡിയം വേപ്പർ തുടങ്ങിയ വെളിച്ചമേറിയ ലൈറ്റുകൾ യഥോചിതം സ്ഥാപിക്കുക.
- കുറഞ്ഞ വൈദ്യുതി ചെലവിൽ പ്രവർത്തിക്കുന്ന പ്രകാരം കൂടിയ സി.എഫ്.എൽ. ബൾബുകൾ ഉപ

**പഞ്ചായത്ത് വൈദ്യുതീകരിച്ച പട്ടികജാതി/ലക്ഷം വീട് കോളനി വിവരം**

| ക്രമനമ്പർ | കോളനികൾ/ലക്ഷം വീട് | കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യസ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾ | പണം നല്കുന്നവർ |
|---|---|---|---|---|
| 1. | പാണൻവിള | 14 | 3 | 11 |
| 2. | കളീക്കൽ | 20 | 5 | 15 |
| 3. | തോന്നയ്ക്കൽ മാതൃക പട്ടികജാതി കോളനി | 160 | 40 | 120 |
| 4. | ചക്കംവിളാകം | 20 | 3 | 17 |
| 5. | കുന്നുകാട് | 20 | 6 | 14 |
| 6. | വാവറഅമ്പലം (ആനയ്ക്കോട്) | 20 | — | – |
| 7. | പാരിജാതം | 8- | -- | 08 |
| 8. | പേരുത്തല | 5– | – | 5 |

പാരിജാതം, പേരുത്തല കോളനികളിൽ പഞ്ചായത്ത് ചെലവിൽ വയറിംഗ് നടത്തിയെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ല.

യോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുക. പ്രതിവർഷം 250 വീടുകളിൽ ഇത്തരം ബൾബുകൾ സ്ഥാപിച്ചാൽ വമ്പിച്ച വൈദ്യുതി ലാഭം ഉണ്ടാക്കാൻ കഴിയും.

- സമഗ്ര ഊർജ്ജസമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.
- പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചെലവ്, പ്രത്യേക മീറ്റർ റീഡിംഗ് ഏർപ്പെടുത്തി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കുന്ന സമ്പ്രദായം നടപ്പിലാക്കുക.
- വേങ്ങോട് കേന്ദ്രമാക്കി ഒരു ഇലക്ട്രിക്കൽ സബ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുക

| പുതുതായി വൈദ്യുതീകരിച്ച് തെരുവുവിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങളും വൈദ്യുതി വിളക്കുകൾ മാത്രം സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | ദൂരം കിമീ |
|---|---|
| വെള്ളയാണിക്കൽ-കാർഷെഡ്-ശ്രീനാരായണപുരം, കാപ്പിത്തോട്ടം-കിഴക്കേനേതാജിപുരം | 6 |
| തോന്നയ്ക്കൽ H.S, കുളത്തിൻകര | 1 |
| ചക്കംവിളാകം, കുരങ്ങില്ലാകോണം തോപ്പിൽ | 2 |
| കുണ്ടെവാരം ഊളൻകാവുവെട്ടം | 2 |
| കൊയ്ത്തൂർക്കോണം മണ്ണൈറ | 1 |
| കാവുവിള-ട്രാൻസ്ഫോമർ-മലഞ്ചെരിവ് | 5 |
| തെറ്റിച്ചിറ മുല്ലരിക്കോണം | 1 |
| വാവറയമ്പലം ആയിരവല്ലി കൊടിപറമ്പ് | 1.5 |
| മണ്ഡപകുന്ന്വാട്ടർടാങ്ക് കരൂർട്യൂട്ടോറിയൽ | 0.5 |
| കാവുവിള പുളിക്കവിളാകം | 1 |
| മണ്ഡപകുന്ന് പാലപ്പള്ളിത്തോട്ടംവരമ്പ് | 1 |
| കരൂർ-പാലപ്പള്ളിനട | 1 |
| മുളുംകാട്-പുല്ലുപറമ്പ് മൂലയിൽഭാഗം | 1.5 |
| കഴുത്തുംമൂട് പാലോട്ടുകോണം | 0.5 |
| മുളയംപള്ളി ഇടവഴി | 0.5 |
| പുളിക്കച്ചിറ നേതാജിപുരം | 1 |
| രാമപുരത്ത് പൊയ്ക (അയിരൂപ്പാറ) | 0.5 |
| അയിരൂപ്പാറ എറുപാറകോട് | 1 |
| തെങ്ങിനാംകോട് അമ്മാണ്ഡൻവാരം | 1 |
| തിപ്പല്ലികോണം (വയൽഭാഗം) | 1.5 |
| കുന്നിൻപുറം മുറമേൽ മേലേവിളഭാഗം | 3.5 |
| പോത്തൻകോട് L.P.S. പാവൂകോണം | 0.5 |
| മോട്ടുകോണം പാവുകോണം | 1 |
| മാഞ്ചരികുഴി കൊടുപ്പൂർ | 1 |
| പിരിയാട്ടുകോണം കുന്നത്ത്ക്ഷേത്രം | 0.75 |
| കാവുവിള മുളവൂർ | 0.5 |
| മണ്ണറ കൊടിപ്പറമ്പ് മുളവൂർ കാവുവിള | 1.5 |
| മണ്ഡപക്കുന്ന് പാലപള്ളി പഞ്ചായത്ത്തോട്ട്വരമ്പ് | 1 |
| കാവുവിള പള്ളിമുക്ക് ചെറുനെല്ലികോട്കുളം | 0.5 |
| കൂനയിൽക്കോണം (ഇടത്തറ) | 0.25 |
| മുട്ടലുമൂട് പണയിൽവിളാകം | 1 |
| കല്ലുവിള കുരുവിത്തറ | 0.5 |
| ചുമടുതാങ്ങിവിള പൊയ്കവിള | 1 |
| അരിയോട്ടുകോണം കാട്ടായിക്കോണം | 1.5 |
| അരിയാട്ടുകോണം പാക്യക്കോണം | 0.5 |
| അരിയോട്ടുകോണം തമ്പുരാൻക്ഷേത്രം | 0.5 |
| പേരുത്തലകോളനി | 1 |
| മുഴിഭാഗംതോട്ടുവരമ്പ് | 1 |
| കല്ലുവിള ഇടത്താട്ട്ഭാഗം തടം | 0.5 |
| ഒരുമാമൂല മുഴിഭാഗംകലുങ്ക് | 0.5 |
| ചാണിക്കൽ പാലോട്ടുകോണം | 0.5 |
| അനക്കോട് ബേക്കറിറോഡ് മുളവിളാകം | 1 |

| | |
|---|---|
| ❑ കൊയ്ത്തൂർകോണം കുന്നുകാട് കല്ലൂർ | 1 |
| ❑ കുന്നത്ത് ഇടവഴി | |
| ❑ മോഹനപുരം ഖബറഡി, കല്ലൂർ റോഡ് | 2 |
| ❑ ആഴാവീട് ഇടവഴി | 500 |
| ❑ കല്ലൂർ കല്ലുവെട്ടി പുതിയ റോഡ് | 1.5 |
| ❑ ഇരമത്ത് ഇടവഴി | 0.75 |
| ❑ ഇടയില വീട് ഇടവഴി | 0.75 |
| ❑ നെടുങ്കോട്ട് കോണം മുടിപ്പുരക്ഷേത്രം ഇടവഴി | 1 |
| ❑ കൊയ്തൂർക്കോണം നാറാണത്ത്കോണം നിലവിളാകം കുന്നത്ത് റോഡ് | 1 |
| ❑ ആനയ്ക്കോട് കുന്നത്തൂർക്കോണം ഏല | 0.5 |
| ❑ വാവറഅമ്പലം പൊട്ടക്കുളം തടം | 0.7 |
| ❑ കളിയിലിൽ ഇടവഴി | 0.5 |
| ❑ ശീപ്പെട്ടികുന്നി മൂലവിളാകം | 0.5 |
| ❑ പ്ലാമൂട്, D.M. കോൺവെന്റ് റോഡ് | 0.5 |
| ❑ പ്ലാമൂട് കർഷകസഹായി തടം | 0.75 |

| | |
|---|---|
| ❑ പ്ലാമൂട് മഠത്തിൽ കുളങ്ങരതടം | 0.5 |
| ❑ പ്ലാമൂട് ചിറ്റിക്കര | 0.5 |
| ❑ അയ്യപ്പനാംകോണം പന്നിത്താംകോണം | 0.75 |
| ❑ കട്ടിയാട് പോളച്ചിറ | 0.9 |
| ❑ മുത്തേടത്ത് മലമുകൾ | 0.8 |
| ❑ ഏറത്തുവിളാകത്ത് ഇടവഴി കല്ലൂർ | 1 |
| ❑ തെങ്ങുവിള ആമ്പല്ലൂർകോണം | 0.5 |
| ❑ പറങ്കിമാംവിള വേടൻവിളാകം | 0.8 |
| ❑ DWCRA യൂണിറ്റ് അരിയോട്ടുകോണം | 200 |
| ❑ പട്ടാരി ഈഞ്ചവിളാകം | 0.5 |
| ❑ ചക്കംവിളാകം കണിയംവിളാകം ഇടവഴി | 1 |
| ❑ പുല്ലുവിളാകം മടവൂർറോഡ് | 0.75 |
| ❑ കല്ലുവെട്ടി മന്ത്രവിളാകംറോഡ് | 0.5 |
| ❑ കുരങ്ങില്ലാക്കോണം ഇടവഴിയിൽ | 1 |
| ❑ കല്ലുവെട്ടി വേട്ടംപള്ളികോണംചിറ | |

നിലവിലുള്ള ഉപഭോക്താക്കൾ

| ഗാർഹികം | വ്യാപാരം | വ്യവസായം | കാർഷികം |
|---|---|---|---|
| 4752 | 803 | 36 | 91 |

**കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവർ**

| ഓർഡിനറി | ഒ.റ്റി.പി | ഒ.വൈ.ഇ.സി |
|---|---|---|
| 302 | 31 | 143 |

## മാർക്കറ്റ്

കാർഷികരംഗത്തെക്കുറിച്ച് മാത്രം ചിന്തിക്കുകയും വിവിധതരം കൃഷികൾ ശീലിക്കുകയും ചെയ്ത കർഷക പൂർവ്വികരാണ് നമ്മുടെ പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ ഉണ്ടായിരുന്നത്. നമ്മുടെ ഭൂപ്രകൃതിയും മണ്ണിലെ ഫലഭൂയിഷ്ടതയും, ജലസേചനസൗകര്യങ്ങളുമായിരിക്കാം ഒരു പക്ഷേ ഇതിനവരെ പ്രേരിപ്പിച്ചത്. അത്കൊണ്ടാകാം വളരെ പണ്ടുമുതലേ തന്നെ കാർഷിക വിളകൾ വിറ്റഴിക്കുന്നതിന് വേണ്ടി ഒരു മാർക്കറ്റ് ഇവിടെ രൂപം കൊണ്ടത്. ഇന്ന് അത് വളർന്ന് തിരുവനന്തപുരം ജില്ലയിലെ തന്നെ രണ്ടാമത്തെ വലിയ മാർക്കറ്റായി ഉയരുകയും പോത്തൻകോടിനെ ഒരു പ്രധാന വ്യാപാരകേന്ദ്രമാക്കി മാറ്റുകയും ചെയ്തു. റോഡുകളും ഗതാഗതസൗകര്യങ്ങളും വർദ്ധിച്ചതോടെ നെടുമങ്ങാട്, തിരുവനന്തപുരം, ചിറയിൻകീഴ്, മുരുക്കുംപുഴ, വെഞ്ഞാറമൂട് തുടങ്ങിയ ദൂരദേശങ്ങളിൽ നിന്നും ജനങ്ങൾ പേത്തൻകോട് പൊതു മാർക്കറ്റിനെ ആശ്രയിച്ച് കൊണ്ടിരിക്കുന്നു. ഇതൊക്കെകൊണ്ടുതന്നെ പോത്തൻകോട് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായി പോത്തൻകോട് മാർക്കറ്റ് മാറിക്കഴിഞ്ഞു.

പോത്തൻകോട് പഞ്ചായത്തിൽ പോത്തൻകോട് മാർക്കറ്റ്, വോങ്ങോട് മാർക്കറ്റ് എന്നീ രണ്ട് അംഗീകൃതമാർക്കറ്റുകളാണുള്ളത്. ഈ മാർക്കറ്റുകളിൽ വിപുലമായ മത്സ്യമാംസ കച്ചവടവും, കാലിച്ചന്തയും എല്ലായിനം പച്ചക്കറികളും വാഴക്കുല, വെറ്റില, തേങ്ങ, അടയ്ക്ക എന്നിവയുടെ അതിവിശാലമായ വിപണനം നടന്നുവരുന്നു. കൂടാതെ വാവറഅമ്പലം, നേതാജിപുരം എന്നിവിടങ്ങളിൽ രണ്ട് സ്വകാര്യ ചന്തകളും അയിരൂപ്പാറ കേന്ദ്രീകരിച്ച് ഒരു വഴിയോര ചന്തയുമാണ് പ്രവർത്തിക്കുന്നത്. ഇതൊക്കെകൊണ്ട് തന്നെ പോത്തൻകോട് പഞ്ചായത്ത് കേന്ദ്രം ഒരു വാണിജ്യവ്യാപാരകേന്ദ്രമായി കുതിച്ചുയർന്ന് കൊണ്ടിരിക്കുകയാണ്.

ഇതൊക്കെയാണെങ്കിലും ഇവിടത്തെ ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ഒരു പ്രധാന വിഷയം പോത്തൻകോട് മാർക്കറ്റിന്റെ ഇന്നത്തെ ശോചനീയാവസ്ഥയാണ് പോത്തൻകോട് ജംഗ്ഷൻ കേന്ദ്രീകരിച്ച് യാത്ര ചെയ്യുന്ന നിരവധി യാത്രക്കാർ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ ഇല്ലാത്തതിനാൽ ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന മാർക്കറ്റിനെ വൈകുന്നേരങ്ങളിൽ പ്രാഥമികാവശ്യത്തിനുള്ള സ്ഥലമായി ഉപയോഗിക്കുന്നു. ഇത് കാരണം ഈ സ്ഥലത്ത് വച്ച് വിപണനം നടത്തുന്ന പച്ചക്കറികളിലൂടെയും മത്സ്യമാംസങ്ങളിലൂടെയും ഇവിടെ കുന്നുകൂടുന്ന ചപ്പു ചവറുകളിലൂടെയും സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നതിലൂടെ ആരോഗ്യരംഗത്ത് വളരെ ഗുരുതരമായ ഒരു പ്രശ്നം തന്നെ സൃഷ്ടിക്കുകയാണ്.

കഴിഞ്ഞ പത്തു വർഷമായി പോത്തൻകോട് ജംഗ്ഷനിൽ സർക്കാർ ആരംഭിച്ച ഒരു മാവേലിസ്റ്റോറും രണ്ട് സഹകരണ മാവേലിസ്റ്റോറും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. എന്നാൽ വിവിധഗ്രാമങ്ങളിലെ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് വേണ്ടി ഓരോ വാർഡിലും ഓരോ മാവേലിസ്റ്റോറുകൾ പ്രവർത്തിപ്പിക്കുകയോ സ്ഥാപിക്കുകയോ ഒരു മൊബൈൽ മാവേലിസ്റ്റോർ ചെയ്താൽ നന്നായിരിക്കും.

നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ അറവുശാലകളിൽ വിൽക്കപ്പെടുന്ന മാംസങ്ങളുടെ ഗുണനിലവാരം മനസ്സിലാക്കാൻ ഇന്ന് യാതൊരു വിധ സംവിധാനവും നിലവിലില്ലാത്തതിനാലും അനധികൃത കശാപ്പ് തടയുന്നതിനും, ശാസ്ത്രീയമായി അംഗീകൃത അറവുശാലകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിക്കാനും ലൈസൻസ് ഏർപ്പെടുത്താനുമുള്ള സംവിധാനമുണ്ടാക്കുക. പൊതുമാർക്കറ്റുകളിൽ കുന്നുകൂടുന്ന ചപ്പ്ചവറുകൾ അനുയോജ്യമായ സ്ഥലത്തേക്ക് നീക്കം ചെയ്യുവാൻ ഒരു ജീപ്പ് കം ട്രെയ്ലർ വാങ്ങി മാർക്കറ്റ് ശുചീകരണ പ്രവർത്തനം നടത്തി ശാസ്ത്രീയമായ രീതിയിൽ ചപ്പ് ചവറുകൾ വളം ആക്കി മാറ്റാനുമുള്ള സംവിധാനവും ഉണ്ടാക്കുക.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

- പോത്തൻകോട് മാർക്കറ്റ് ചുറ്റുമതിൽ കെട്ടി ഗേറ്റിട്ട് പൂട്ടുവാനുള്ള നടപടിയുണ്ടാക്കുക
- ഓരോ ദിവസവും ഉണ്ടാകുന്ന ചപ്പുചവറുകൾ അതതു ദിവസം തന്നെ പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് നിക്ഷേപിക്കുക
- മാംസാവശിഷ്ടങ്ങൾ തുടങ്ങിയവ മറ്റ് ചപ്പ്ചവറുകൾ സൂക്ഷിക്കുന്നിടത്ത് നിക്ഷേപിക്കുന്നത് ഒഴിവാക്കുക
- പഞ്ചായത്ത് നിശ്ചയിച്ച റേറ്റിൽ പ്രദർശിപ്പിക്കുന്ന റേറ്റുകൾ അനുസരിച്ച് മാത്രം ചന്തപ്പിരിവ് നടത്തുന്നതിനുള്ള നടപടികൾ എടുക്കുക.

- ചന്ത സ്റ്റാൾ ലേലം കേൾകുന്ന കോൺട്രാക്ടർ തന്നെ ലേലകാലയളവു തീരുന്നതുവരെ വൃത്തിയായി സൂക്ഷിക്കുക
- ഓരോ വിഭാഗം കച്ചവടക്കാർക്കും സുഗമമായി കച്ചവടം നടത്തുന്നതിനും ഉപഭോക്താക്കൾക്ക് സൗകര്യമായി സാധനങ്ങൾ വാങ്ങുന്നതിനും വേണ്ടി പ്രത്യേകം സ്റ്റാളുകൾ കെട്ടി തിരിക്കുകയും ഓരോ വിഭാഗത്തിന്റേയും ബോർഡുകൾ പ്രദർശിപ്പിക്കുകയും ചെയ്യുക.
- മത്സ്യക്കച്ചവടവും മാംസക്കച്ചവടവും നടത്തുന്ന സ്റ്റാളുകളിൽ അഴുക്കുചാലുകൾ നിർമ്മിക്കുകയും അവ ഒരു സേഫ്റ്റി ടാങ്കിൽ എത്തിച്ച് ദുർഗന്ധം ഒഴിവാക്കുകയും ചെയ്യുക.
- വേങ്ങോട് മാർക്കറ്റ് സ്റ്റാളുകൾ കെട്ടിതിരിച്ച് കച്ചവടത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുക.
- മംഗലത്തുനടയിൽ ഒരു മാർക്കറ്റ് സ്ഥാപിക്കുക
- അരിയോട്ടുകോണത്ത് ഒരു പുതിയ മാർക്കറ്റ് സ്ഥാപിക്കുക.
- കല്ലൂരിൽ ഒരു പിതിയ മാർക്കറ്റ് സ്ഥാപിക്കുക
- പോത്തൻകോട് ജംഗ്ഷനിലുള്ള വഴിവാണിഭക്കാരെ നിർബന്ധമായും മാർക്കറ്റിനുള്ളിൽ ഇരിക്കാനുള്ള സംവിധാനമുണ്ടാക്കുക.
- നേതാജിപുരം, വാവറ അമ്പലം എന്നീ സ്ഥലങ്ങളിലുള്ള പ്രൈവറ്റ് മാർക്കറ്റ് വൃത്തിയാക്കി സൂക്ഷിക്കുക.
- പോത്തൻകോട് പബ്ലിക് മാർക്കറ്റിനുള്ളിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.
- ദൈനംദിനമുള്ള മാർക്കറ്റ് ശുചീകരണത്തിനുള്ള വെള്ളം ലഭ്യമാക്കുക.
- ദൈനംദിനമുള്ള മാർക്കറ്റ് ശുചീകരണത്തിനാവശ്യമായ ജീവനക്കാരെ ഷിഫ്റ്റ് സമ്പ്രദായത്തിൽ നിയമിക്കുക.



പോത്തൻകോട് - ചന്ത

# പാർപ്പിടം സാമൂഹ്യക്ഷേമം

# 5-7

## പാർപ്പിടം

നാഗരിക സംസ്കാരത്തിന്റെ വളർച്ചയിൽ മനുഷ്യന്റെ പ്രഥമികാവശ്യങ്ങളിൽ പ്രഥമസ്ഥാനം പാർപ്പിടം കൈയ്യടക്കി കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ച നാലുകെട്ടുകളെ നാമാവശേഷമാക്കി. പകരം പാശ്ചാത്യമാതൃകയിലുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ കൂണുപോലെ മുളയ്ക്കാൻ തുടങ്ങി. വീടുകളുടെ ആരോഗ്യപരമായ ധർമ്മത്തെ അവഗണിച്ചുകൊണ്ട് ആഢ്യത്വവും, ആർഭാടവും, ധൂർത്തും നടമാടുന്ന രംഗമായി ഈ മേഖല അധഃപതിച്ചു. പ്രത്യുല്പാദന പരമല്ലാത്ത ഈ മേഖല സമ്പത്തിന്റെ സിംഹഭാഗവും കവർന്നെടുക്കുന്നു.

ഭവന നിർമ്മാണരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. എങ്കിലുംകഴിഞ്ഞ രണ്ടു ദശകങ്ങളായി നാം കൈവരിച്ചപുരോഗതി ചെറുതല്ല. പഞ്ചായത്തു കേന്ദ്രമായ പോത്തൻകോട് ജംഗ്ഷൻ വളരെപ്പെട്ടെന്നാണ് ഒരു വാണിജ്യ കേന്ദ്രമായി ഉയരുന്നതിനനുസരിച്ച് ജനസാന്ദ്രതയും വർദ്ധിച്ചു ഒപ്പംവീടുകളുടെ എണ്ണവും കൂടി P.W.D., പഞ്ചായത്തുറോഡുകളുടെ വശങ്ങളിലുള്ള വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്. എങ്കിലും ശുദ്ധജലലഭ്യത ഇവിടത്തെ ഒരു പ്രധാന പ്രശ്നമാണ്. ഈ ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ കക്കൂസ്, വൈദ്യുതാ ഗതാഗതം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾതീരെയില്ല.

സ്വന്തമായിഒരു വീടുവേണമെന്ന് ആഗ്രഹിക്കാത്തവരായി ആരും തന്നെനന്ന ാണുമെന്ന് തോന്നുന്നില്ല. എന്നാൽ കെട്ടിട നിർമ്മാണസാമഗ്രികളുടെ വിലയിലുണ്ടായ കുതിച്ചു കയറ്റം താങ്ങാനാകാതെ സാധാരണക്കാരുടെ ഈ ആഗ്രഹം തളച്ചിടപ്പെടുന്നു.

അഞ്ചിൽപ്പരം പാറപൊട്ടിക്കൽ കേന്ദ്രങ്ങളും, ഒൻപത് ഇഷ്ടിക നിർമ്മാണകേന്ദ്രങ്ങളും മൂന്ന് ഹോളോബ്രിക്സ് നിർമ്മാണ കേന്ദ്രങ്ങളും, ഒട്ടേറെ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകളും അഞ്ച് തടിമില്ലുകളും, ഏറെ ഫർണിച്ചർമാർട്ടുകളും ഈ പഞ്ചായത്തിലുണ്ട്. ഈ യൂണിറ്റുകൾക്കുതന്നെ ഫലപ്രദമായിവരുന്നവരാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ യൂണിറ്റുകൾ സജ്ജീവമാക്കുകയും ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണരീതികൾ അവലംബിക്കുകയും ചെയ്യാൽ മാത്രമേ പാർപ്പിടരംഗത്ത് നമുക്ക് മുന്നേറാൻ കഴിയൂ.

പഞ്ചായത്തിലെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരിൽ നല്ലൊരു വിഭാഗത്തിനും വിടുകൾ ഇല്ലാത്ത സ്ഥിതിയാണ്. താമസിക്കാൻ യോഗ്യമല്ലാത്ത വീടുകൾ ഉള്ളവരും. ചെറ്റകുടിലിൽ താമസിക്കുന്നവരും. സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്തവരും

ഇതിൽപ്പെടും. പഞ്ചായത്ത് അതിർത്തിയിലുള്ള മിച്ച ഭൂമികണ്ടെത്തി വീടുവയ്ക്കാൻ ഇടമില്ലാത്ത ആളുകൾക്ക് നൽകണമെന്നാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള അഭിപ്രായം. ഇത്തരണത്തിൽ വിതരണം ചെയ്യുന്ന ഭൂമി അർഷഹതയുള്ള വർക്കുതന്നെ കിട്ടുന്നുവെന്നുള്ള പരിശോധനയും ആവശ്യമാണ്. പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിന് ലഭിക്കുന്ന ധനസാഹായം അപര്യാപ്തമാണന്നെ അഭിപ്രായവുമുണ്ട്.

ആകെ 8155 കെട്ടിടങ്ങൾ ഉള്ളതിൽ 3970 കെട്ടിടങ്ങളും ഓലമേഞ്ഞതാണ്. കോൺക്രീറ്റ് കെട്ടിടങ്ങളുടെ എണ്ണം. 1447 ആണ്. ഇതുകൂടാതെ 193 ബഹുനില കെട്ടിടങ്ങളും ഉണ്ട്. 2416 ഓടുമേഞ്ഞ കെട്ടിടങ്ങളും 129 ഷീറ്റും മറ്റുംമേൽക്കൂരയായ കെട്ടിടങ്ങളും ഉണ്ട്. കെട്ടിടങ്ങളുടെ പൊതുവിവരം പട്ടികയായി ചേർത്തിട്ടുണ്ട്. നിർമ്മാണാവശ്യത്തിനുള്ള തടിയുടെ ലഭ്യത ക്കുറവ് കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലേയ്ക്ക് ജനങ്ങളെ ചിന്തിപ്പിക്കുന്നു.

കെട്ടിടങ്ങളുടെ പൊതുസ്ഥിതി.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ബഹുനില | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1. വേങ്ങോട് | 702 | 10 | 86 | 340 | 247 | 19 |
| 2. നേതാജിപുരം | 604 | 115 | 178 | 409 | 1 | 1 |
| 3. തച്ചപ്പള്ളി | 681 | 11 | 151 | 188 | 325 | 6 |
| 4. കല്ലൂർ | 715 | 16 | 161 | 177 | 352 | 9 |
| 5. മഞ്ഞമല | 736 | 14 | 142 | 205 | 357 | 18 |
| 6. മണ്ണറ | 576 | 9 | 91 | 168 | 288 | 20 |
| 7. പുലിവീട് | 1054 | 12 | 260 | 298 | 481 | 3 |
| 8. പണിമൂല | 655 | 7 | 56 | 196 | 392 | 4 |
| 9. ഇടത്തറ | 803 | 28 | 185 | 280 | 298 | 12 |
| 10. പോത്തൻകോട് | 981 | 80 | 235 | 252 | 385 | 29 |
| 11. ആയിരൂപ്പാറ | 648 | 5 | 65 | 134 | 436 | 8 |
| ആകെ | 8155 | 193 | 1447 | 2416 | 3970 | 129 |

അവലംബം : കെട്ടിട നികുതി രജിസ്റ്റർ

കെട്ടിടങ്ങളുടെ വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | 1992-93 | 1993-94 | 1994-95 | 1995-96 | 1996-97 |
|---|---|---|---|---|---|
| 1. വെഞ്ഞോട് | 689 | 691 | 693 | 696 | 702 |
| 2. നേതാജിപുരം | 594 | 596 | 599 | 603 | 604 |
| 3. തച്ചപ്പള്ളി | 651 | 654 | 664 | 679 | 681 |
| 4. കല്ലൂർ | 684 | 686 | 695 | 713 | 715 |
| 5. മഞ്ഞമല | 693 | 699 | 710 | 730 | 736 |
| 6. മണ്ണറ | 548 | 549 | 557 | 574 | 576 |
| 7. പുലിവീട് | 988 | 1003 | 1028 | 1048 | 1054 |
| 8. പണിമൂല | - | - | - | - | 655 |
| 9. ഇടത്തറ | 751 | 762 | 774 | 793 | 803 |
| 10. പോത്തൻകോട് | 912 | 923 | 935 | 954 | 981 |
| 11. അയിരൂർപ്പാറ | 616 | 619 | 632 | 645 | 648 |

അവലംബം : കെട്ടിട നികുതി രജിസ്റ്റർ

ഇനി ഓരോ വാർഡുകളിലും ആവശ്യമായ വീടുകളുടെ എണ്ണം പരിശോധിക്കാം.

ആവശ്യമായ വീടുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | എണ്ണം |
|---|---|
| 1. വെഞ്ഞോട് | 150 |
| 2. നേതാജിപുരം | 200 |
| 3. തച്ചപ്പള്ളി | 120 |
| 4. കല്ലൂർ | 200 |
| 5 മഞ്ഞമല | 125 |
| 6. മണ്ണറ | 135 |
| 7 പുലിവീട് | 175 |
| 8. പണിമൂല | 130 |
| 9. ഇടത്തറ | 210 |
| 10. പോത്തൻകോട് | 110 |
| 11. ആയിരൂപ്പാറ | 130 |
| ആകെ | 1685 |

അവലംബം ഗ്രാമസഭാറിപ്പോർട്ട്

പുറമ്പോക്ക് ഭൂമിസംബന്ധിച്ച്

| | വില്ലേജ് | ഭൂമിയുടെ വിസ്തീർണ്ണം |
|---|---|---|
| 1. | കീഴ്തോന്നയ്ക്കൽ | 78.4642 |
| 2. | മേൽതോന്നയ്ക്കൽ | 10.9115 |
| 3. | അയിരൂർപ്പാറ | 17.0550 |
| 4 | അണ്ടൂർക്കോണം | 17.4285 |

അവലംബം വില്ലേജ് ആഫീസ്രേഖ.

ചെലവ് കുറഞ്ഞ വീടുനിർമ്മാണത്തിന് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്യാവശ്യമാണ്. കെട്ടിടനിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ ഇറക്കുമതിചെയ്യുന്നതിനു പകരം ഇവിടെനിന്നും ലഭിക്കുന്ന സാധനങ്ങൾ മാത്രം ഉപയോഗിച്ചു

കൊണ്ടുള്ളകെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നിശ്ചിത വലുപ്പത്തിലുള്ള കെട്ടിടങ്ങൾ മാത്രമേ നിർമ്മിക്കാവൂവെന്ന നിയമം നിർമ്മിക്കുകയും, ഈ പരിധിക്ക് മുകളിൽ നിർമ്മിക്കുന്നകെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തേണ്ടതുമാണ്.

ഗൾഫ് മേഖലയിൽ പണിയെടുക്കുന്നവരും മറ്റു സമ്പന്നവിഭാഗങ്ങളും വൻതുക മുടക്കി കൂറ്റൻ വീടുകൾ നിർമ്മിക്കുന്ന പ്രവണതനമ്മുടെ പഞ്ചായത്തിലുണ്ട്. നിശ്ചിത വരുമാനക്കാരുടെയിടയിലും താഴ്ന്നവരുമാനക്കാരുടെയിടയിലും മേൽപ്പറഞ്ഞ സ്വാധീനം ദൃശ്യമാകുന്നുണ്ട്.

## പ്രശ്നങ്ങൾ

1. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ദൗർലഭ്യവും.
2. വിദഗ്ദരായ നിർമ്മാണത്തൊഴിലാളികളുടെ കുറവ്
3. സാമ്പത്തിക പരാധീനത, വായ്പ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട് ഉയർന്ന പലിശനിരക്കും സങ്കീർണ്ണമായ ഉപാധികളും
4. വീട് പുതുക്കി പണിയുന്നതിന് ധന സഹായം ലഭ്യമല്ല.
5. പട്ടികജാതി കോളനികളുടെയും ലക്ഷംവീടുകളുടെയും ശോചനീയാവസ്ഥ.
6. ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത.
7. രജിസ്റ്റർ ഓഫീസിലെ അമിതമായ ഫീസും കാലതാമസവും.
8. പ്രകൃതിക്ഷോഭം മൂലം നഷ്ടമുണ്ടാകുന്നവീടുകളുടെ ധനസഹായം കിട്ടാതിരിക്കുകയോ, കിട്ടിയാൽതന്നെ ആതുക പരിമിതമാവുകയോ ചെയ്യുന്ന അവസ്ഥ.
9. ഭവന നിർമ്മാണത്തിന് അവശ്യം വേണ്ട രേഖകൾ വിവിധ ഓഫീസുകളിൽ നിന്നുംലഭ്യമാകുന്നതിലുള്ള കാലതാമസം.
10. ഭവനനിർമ്മാണ സഹകരണസംഘത്തിന്റെ അഭാവം

## നിർദ്ദേശങ്ങൾ, സാധ്യതകൾ

1. സഹകരണ സ്ഥാപനങ്ങൾ വഴി ഭവന നിർമ്മാണ സാധനങ്ങൾ വിലകുച്ചു നൽകുക. വളരെ പെട്ടെന്ന് ഭവന വായ്പ നൽകുവാൻ കഴിയുന്ന വിധത്തിൽ ഒരു ഭവന നിർമ്മാണ സഹകരണസംഘം സ്ഥാപിക്കാൻ കഴിഞ്ഞാൽ നാമിന്ന് ഭവന നിർമ്മാണ രംഗത്ത് നേരിടുന്ന പ്രതിസന്ധിതരണം ചെയ്യാൻ സാധിക്കും. ഇന്ന് നിലവിലുള്ള സഹകരണ സംഘങ്ങൾ വഴി ഭവനരഹിതർക്ക് വായ്പ ലഭിക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ ലഘൂകരിച്ച് വിഹിതം കൂടുതൽ നൽകുന്നതിനു നടപടികൾ സ്വീകരിക്കുക. അതുപോലെതന്നെ കെട്ടിടനിർമ്മാണ സാമഗ്രികൾ ഈ സംഘത്തിന്റെ കീഴിൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ എത്തുക്കുന്നതിനും കഴിയും.
2. നിർമ്മാണസാമഗ്രികളുടെ ക്രമാതീതമായി വർദ്ധിച്ചുവരുന്ന വില, കൂലി മറ്റുള്ളബുദ്ധിമുട്ടുകൾ ഇവയൊക്കെ കണക്കുകൂട്ടിയാൽ സാ

ധാരാണക്കാരന് ഇപ്പോൾ അനുവദി ക്കുന്നതുക കൊണ്ട് വീടുനിർമ്മിക്കുവാൻ സാധിക്കുകയില്ല. അതിനാൽ ഭവനനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

3. പഞ്ചായത്തിലെ കോളനികളുടെ പ്രശ്നങ്ങൾ പഠിച്ച് സമഗ്രമായ മാറ്റം വരുത്തുക. ലക്ഷം വീട് കോളനികൾ ഒരു വീട്ടിൽ ഒരു കുടുംബത്തെ മാത്രം പാർപ്പിക്കാനുള്ള പദ്ധതിതയ്യാറാക്കുക. പട്ടികജാതി കോളനികൾ, ലക്ഷം വീടുകൾ എന്നിവിടങ്ങളിലെ താമസക്കാരുടെ വെൽഫയർ കമ്മറ്റി രൂപീകരിക്കുക. വാർഡുമെമ്പറൻമാർ അദ്ധ്യക്ഷനായുള്ള ഈ കമ്മറ്റിതന്നെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

4. രജിസ്റ്റർ ഓഫീസിലെ അമിതമായ ഫീസ് നിരക്ക് സാധാരണക്കാരെ ദു:ഖിപ്പിക്കുന്നതരത്തിലുള്ളതാണ്. ഈ ഫീസ് വർദ്ധന ലഘുകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ആഫീസുകളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുകയും ചെയ്യുക. പഞ്ചായത്തിലെ, വസ്തു ക്രയവിക്രയരംഗത്ത് യോഗ്യരായ സർവയർ മാർക്ക് രജിസ്ട്രേഷൻ നൽകി, വസ്തുവിന്റെ പ്ലാൻ, സ്കെച്ച് മുതലായവ രജിസ്ട്രേഷൻ സമയത്തുതന്നെ തയ്യാറാക്കി സമർപ്പിപ്പന്നതിനുള്ള അംഗീകാരം നൽകുക.

വിക്കുന്ന ഭവനങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് പരമാവധി 250 രൂപയാണ് ധനസഹായം നൽകുന്നത്. ഈ തുക വളരെ വർഷങ്ങൾക്കു മുമ്പുതന്നെ നിലവിൽ വന്നതാണ്. ഇതിലെ അശാസ്ത്രീയത മനസ്സിലാക്കുകയും നഷ്ടത്തിനനുസരിച്ച് ധനസഹായം ലഭ്യമാക്കുന്നതിനും വേണ്ട നൂതന നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

6. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരണം നൽകുക. ഈ രീതിയിലുള്ള വീടു നിർമ്മാണത്തിൽ കൂടുതൽ ചെറുപ്പക്കാർക്ക് പരിശീലനം നൽകുകയും, പരിശീലനം സിദ്ധിച്ചവരെ പ്രയോജനപ്പെടുത്തി പഞ്ചായത്തിലെ ഭവനനിർമ്മാണത്തിന് കർമ്മപദ്ധതി രൂപീകരിക്കുകയും ചെയ്യുക. നിർമ്മിതി കേന്ദ്രത്തിന്റെ ഒരു എക്സ്റ്റെൻഷൻ കൗണ്ടർ പഞ്ചായത്തിൽ ആരംഭിക്കുക. മൈത്രീ ഭവന പദ്ധതി നടപ്പിലാക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക.

7. പഞ്ചായത്തിലുള്ള പുറമ്പോക്കു ഭൂമി ഭൂരഹിതരായിട്ടുള്ള പാവപ്പെട്ട ആളുകൾക്ക് വിതരണം ചെയ്യുകയോ, വീടു വച്ചു കൊടുക്കുകയോ ചെയ്യാവുന്നതാണ്. കീഴ്തോന്നയ്ക്കൽ വില്ലേജിൽ മിച്ച ഭൂമിയായി സർക്കാർ പ്രഖ്യാപിച്ച, റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ പഞ്ചായത്ത് മിനിസിവിൽ സ്റ്റേഷൻ സ്ഥാപിക്കുക.

8. പോത്തൻകോട് ഗ്രാമപഞ്ചായത്ത് ആഫീസ്മന്ദിരം ഏതു നിമിഷവും നിലം പൊത്താവുന്ന അവസ്ഥയിലാണ്. ഈ സ്ഥിതി പരിഹരിക്കുന്നതിനായി പുതിയ ആഫീസ്മന്ദിരം പണിയുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക.
9. സർക്കാർ വിവിധ സ്കീമുകളിൽ ഭവന രഹിതർക്കു നൽകുന്ന ഗ്രാന്റുപയോഗിച്ച് നിർമ്മിക്കുന്ന വീടുകളുടെ കൈമാറ്റം നിയമം മൂലം തടയുക.

## സാമൂഹ്യക്ഷേമം

സ്വതന്ത്ര ഭാരതത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ജീവിതനിലവാരം മെച്ചപ്പെടുത്തുനാനുള്ള പദ്ധതികൾ ഭരണഘടന വുഭാവനം ചെയ്യുന്നുണ്ട്. സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്നതിന് വേണ്ടിയുള്ള ധാരാളം കർമ്മ പദ്ധതികൾ ഇതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ എട്ടു പഞ്ചവൽസര പദ്ധതികളിലൂടെ ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടം ചെറുതല്ലായെങ്കിലും സാമൂഹ്യക്ഷേമ പദ്ധതികളൂടെ രൂപീകരണത്തിലും നടത്തിപ്പിലും ശാസ്ത്രീയമായ വീക്ഷണത്തിന്റെ അഭാവം, ഈ സംവിധാനത്തെ കാര്യമായി പിന്നോട്ട് നയിച്ചിട്ടുണ്ട് എന്ന സത്യം തള്ളികളയാവുന്നതല്ല. ഈ പദ്ധതികൾ മൂലം ഗുണം കിട്ടേണ്ട ബഹുഭൂരിപക്ഷത്തിനും അതു ലഭിക്കാത്ത സാഹചര്യത്തിലാണ്.

ജനകീയ പങ്കാളിത്തത്തോടും വികേന്ദ്രീകൃത ആസൂത്രണത്തോടും കൂടി നടപ്പിലാക്കാൻ പോകുന്ന ഒമ്പതാം പദ്ധതിയുടെ സാദ്ധ്യതകളെ വിലയിരുത്തേണ്ടത്. സാമൂഹ്യക്ഷേമ പ്രവർത്തനം വഴി ചെലവഴിക്കുന്ന ധനം പ്രത്യുല്പാദനപരമല്ലായെന്ന് വാദിക്കുന്നവരും അപൂർവ്വമല്ല. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെ നാം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനുതന്നെ ഒരു"പുത്തൻ മാതൃകയായി തീർന്ന കാര്യം ഇത്തരക്കാർ വിസ്മരിക്കുകയാണ്. ആരോഗ്യമേഖലയിലും, സാമൂഹ്യരംഗത്തും, വിദ്യാഭ്യാസമേഖലയിലും, സാക്ഷരതാ പ്രവർത്തനങ്ങളിലും നാം ലോകോത്തരമെന്നു പറയാവുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എന്നാൽ ഈ മേഖലകളിൽ നാം നേടിയെടുത്തവയോരോന്നും അപ്രത്യക്ഷമാക്കുന്ന അതിഭയങ്കരമായ ചിത്രം നമ്മെ ഏവരെയും അമ്പരപ്പിക്കുന്നതാണ്. സാമൂഹ്യക്ഷേമ പ്രവർത്തന രംഗങ്ങളിൽ വേഗത്തിൽ കടന്നു കയറി ആധിപത്യം സ്ഥാപിക്കാൻ സാമ്രാജ്യത്വ കഴുകൻമാർ നടത്തുന്ന ശ്രമങ്ങൾ കണ്ടില്ലെന്നു നടിക്കുക വഴി നമുക്ക് നഷ്ടമാകുന്നത് നാം തലമുറകളായി കെടാതെ സൂക്ഷിച്ച കൈത്തിരിനാളങ്ങളാണെന്ന തിരിച്ചറിവുണ്ടാകേണ്ടതുണ്ട്.

വനിതകളെ സാമൂഹ്യ പ്രവർത്തന രംഗങ്ങളിലേക്കു കൊണ്ടു വരാനുള്ള ശക്തമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. വനിതകളുടെ ഐക്യവേദികൾ രൂപീകരിച്ചുകൊണ്ട് അതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സ്ത്രീകളെ കൈ പിടിച്ചു ഉയർത്താൻ കഴിയണം.

സാമൂഹ്യക്ഷേമ രംഗത്ത് ഏറെ പുരോഗതി കൈവരിച്ചിട്ടുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. എന്നാൽ ജനങ്ങളെ മുഴുവനും പങ്കാളിയാക്കികൊണ്ട് ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ഇതുവരെയും

കഴിഞ്ഞിട്ടില്ല. നിസ്വാർത്ഥമായി സാമൂഹ്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന വളരെയേറെ സംഘടനകൾ ഈ പഞ്ചായത്തിലുണ്ട്.

ജെ. ആർ. വൈ, ഐ. ആർ. ഡി. പി, ഐ. എ. വൈ, എം. ഡബ്ലിയു. സ്കീമുകൾ മുഖാന്തിരം സഹായം ലഭിച്ചിട്ടുള്ളവർ 154 പേരാണ്. I.R.D.P. സർവ്വെ പ്രകാരം 2116 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ഇതിൽ 154 കുടുംബങ്ങൾക്ക് ഇതിനകം സഹായം ലഭിച്ചിട്ടുണ്ട്.

പ്രഭാതം മുതൽ പ്രദോഷം വരെ കഠിനാധ്വാനം ചെയ്ത് കുടുംബത്തിൽ ഒതുങ്ങി കഴിയുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളാ കുടുംബ വരുമാനത്തിൽ ചെറിയ പങ്ക് പോലും വഹിക്കാൻ കഴിയാതെ മാനസിക പീഡനമനുഭവിക്കുന്ന ഗ്രാമീണ വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ഗ്രാമവികസന വകുപ്പ്, 18 നും 35 നും മദ്ധ്യ പ്രായമുള്ള വനിതകളെ സംഘടിപ്പിച്ച്, കൂട്ടായി തൊഴിൽ ചെയ്യാനുള്ള പദ്ധതിയാണ് D.W.C.R.A. ഈ പദ്ധതി പ്രകാരം 1995-1996ൽ നേതാജി പുരത്ത് 'തനിമ' കറിപൗഡർ യൂണിറ്റിനും 1996-1997ൽ ഇടത്തറ വാർഡിൽ അംഗന പൗൾട്രിഫാമിനും സഹായം ലഭിച്ചു.

I.R.D.P. സർവ്വേ പ്രകാരം സഹായം ലഭിച്ചവർ

| വർഷം | സഹായം ലഭിച്ചവർ | പട്ടികജാതി | മറ്റുള്ളവർ | വനിതകൾ | വികലാംഗർ |
|---|---|---|---|---|---|
| 1992-93 | 35 | 19 | 16 | 18 | 2 |
| 1993-94 | 39 | 20 | 19 | 23 | 1 |
| 1994-95 | 45 | 28 | 17 | 33 | 1 |
| 1995-96 | 35 | 16 | 19 | 26 | 1 |
| ആകെ | 154 | 83 | 71 | 100 | 5 |

I.R.D.P. സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

| വാർഡ് | സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | എസ്.സി/എസ്.ടി കുടുംബങ്ങൾ |
|---|---|---|
| 1. വേങ്ങോട് | 164 | 42 |
| 2 നേതാജിപുരം | 257 | 8 |
| 3 തച്ചപ്പള്ളി | 164 | 13 |
| 4 കല്ലൂർ | 118 | 25 |
| 5 മഞ്ഞമല | 190 | 17 |
| 6 മണ്ണറ | 303 | 36 |
| 7 പുലിവീട് | 236 | 14 |
| 8 പണിമൂല ഇടത്തറ | 256 | 27 |
| 9 പോത്തൻകോട് | 186 | 5 |
| 10 അയിരൂപ്പാറ | 288 | 6 |
| ആകെ | 2116 | 193 |

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ |
|---|---|---|---|
| നേതാജിപുരം | കറിപൗഡർ തനിമ കറിപൗഡർ യൂണിറ്റ് | 1995-96 | 10 |
| ഇടത്തറ | അംഗന പൗൾട്രിഫാം | 1996-97 | 10 (Sc 4) |
| അയിരൂപ്പാറ | ഗ്രാമസ്വരാജ് അച്ചാറു നിർമ്മാണം | 1995-96 | 10 |

R.A.P. (റൂറൽ ആർട്ടിസാന്റ് പ്രോഗ്രാം)

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്. 1993-1995 വരെ 29 പേർക്ക് ഈ പദ്ധതി പ്രകാരമുള്ള സഹായം ലഭിച്ചു.

R.A.P. പ്രകാരം സഹായം ലഭിച്ചവർ

| വർഷം | എണ്ണം |
|---|---|
| 1993-94 | 14 |
| 1994-95 | 15 |
| ആകെ | 29 |

പഞ്ചായത്തുമേഖലയിൽ 12 ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 6 എണ്ണത്തിൽ ഫീഡിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട് നേതാജിപുരത്ത് പഞ്ചായത്തിറ്റേതായ ഒരു ശിശു സംരക്ഷണ കേന്ദ്രവും ഉണ്ട്. രണ്ട് സർക്കാർ സ്ക്കൂളുകളിൽ പ്രീപ്രൈമറി ക്ലാസുകൾ നടത്തുന്നുണ്ട്. പതിമൂന്ന് മഹിളാസമാജങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളുടെ പ്രവർത്തനം ഇല്ല.

**ട്രൈസം**

ട്രൈസം പദ്ധതി പ്രകാരം 18 നും 35 നും മദ്ധ്യ പ്രായമുള്ളവരും I.R.D.P. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമായ 26 പേർക്ക് തൊഴിൽ പരിശീലനം ലഭിച്ചു. ഇവരെല്ലാം തന്നെ സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

| പരിശീലന വിഷയത്തിന്റെ പേര് | വർഷം | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | പട്ടികജാതി |
|---|---|---|---|---|
| തൈയ്യൽ | 1992-93 | 3 | 3 | |
| | 1993-94 | 9 | 9 | |
| | 1994-95 | 2 | 2 | |
| കറിപൗഡർ പാക്കിംഗ് | 1995-96 | 12 | 10 | 2 |
| ആകെ | | 26 | 24 | 2 |

## മഹിളാസമാജങ്ങൾ

1. പ്രസന്നോദയം മഹിളാസമാജം
2. നേതാജിപുരം മഹിളാസമാജം
3. സുവർണ്ണാ മഹിളാസമാജം
4. അയണിമൂട് മഹിളാസമാജം
5. പ്രിയദർശിനി മഹിളാസമാജം
6. അരിയോട്ടുകോണം മഹിളാസമാജം
7. മോട്ടുക്കോണം മഹിളാസമാജം
8. മംഗളോദയം മഹിളാസമാജം
9. മെയ്പറമ്പ് മഹിളാസമാജം
10. രാമപുരം മഹിളാസമാജം
11. ഗ്രാമ സ്വരാജ് മഹിളാസമാജം
12. ജനശക്തി മഹിളാസമാജം.
13. ജ്യോതിർപ്രഭ മഹിളാസമാജം. മംഗലത്തുനട

## ഭവനസഹായ പദ്ധതി

J.R.Y. പദ്ധതി പ്രകാരം ഇതിനകം 47 വീടുകൾ നിർമ്മിച്ചുകൊടുക്കുകയുണ്ടായി ഇതിൽ 37 വീടുകൾ പട്ടികജാതിയിൽപ്പെട്ടവർക്കാണു കൊടുത്തത്. 10 വീടുകൾ മറ്റു വിഭാഗക്കാർക്കും ലഭിക്കുകയാണ്ടായി. ഇതു കൂടാതെ 32 കക്കൂസുകളും നിർമ്മിച്ചുകൊടുക്കുകയുണ്ടായി.

| ബാലവാടികൾ | |
|---|---|
| ഫീഡിംഗ് ഉള്ളവ | ഫീഡിംഗ് ഇല്ലാത്തവ |
| 1. പ്രസന്നോദയം ബാലവാടി | 1. ശിശുവിഹാർ നേതാജിപുരം |
| 2. നേതാജിപുരം ബാലവാടി | 2. സുവർണ്ണ മഹിളാസമാജം ബാലവാടി |
| 3. അയണിമൂട്ബാലവാടി | 3. അരിയോട്ടുകോണം മഹിളാസമാജം |
| 4. മംഗളോദയം ബാലവാടി | 4. പണിമൂല ബാലവാടി |
| 5. കളീക്കൽ ബാലവാടി | 5. പ്ലാമൂട് ബാലവാടി |
| 6. ഗ്രാമസ്വരാജ് ബാലവാടി | 6. മേലേവിള ബാലവാടി |

വീടുകൾ. I.A.Y. J.R.Y. M.W. സ്കീമുകൾ പ്രകാരം

| വർഷം | എണ്ണം | പട്ടികജാതി | മറ്റുള്ളവർ |
|---|---|---|---|
| 1992-93 | 5 | 5 | |
| 1993-94 | 6 | 6 | 2 |
| 1994-95 | 20 | 15 | 5 |
| 1995-96 | 16 | 11 | 3 |
| ആകെ | 47 | 37 | 10 |

കക്കൂസ്

| വർഷം | എണ്ണം |
|---|---|
| 1993-94 | 7 |
| 1994-95 | 12 |
| 1995-96 | 13 |
| ആകെ | 32 |

സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം 1992-93 വർഷത്തിൽ പോത്തൻകോട് മഹിളാസമാജം 10020 തൈകളും ശാന്തിപുരം ഗ്രാമസ്വരാജ്മഹിളാസമാജം 10250 തൈകളും ഉൽപ്പാദിപ്പിച്ചു വിതരണം നടത്തിയിട്ടുണ്ട്. അൽബീസിയ, അമ്പഴം, ആഞ്ഞിൽ, കണിക്കൊന്ന, പേര, അരണമരം, ബദാം, പുന്ന, ഇലവ്,നെല്ലി എന്നീ ഇനത്തിൽപ്പെട്ട തൈകളാണ് വിതരണം നടത്തിയത്.

അഭ്യസ്തവിദ്യരും 18നും 35നും മദ്ധ്യേ പ്രായമുള്ളവരുമായ ധാരാളം യുവതീ യുവാക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്ട്രർ ചെയ്തു തൊഴിലിനുവേണ്ടി കാത്തിരിക്കുന്നുണ്ട്. ഇവരെ ഏകോപിപ്പിച്ച് പുതിയ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കാൻ കഴിയാമോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ
2. അംഗൻവാടികൾ, ക്രഷുകൾ തുടങ്ങിയവയുടെ അപര്യാപ്തത.
3. മഹിളാസമാജങ്ങളുടെ പ്രവർത്തനം എല്ലാ വാർഡിലും ഇല്ല.
4. ആധുനികരീതിയിലുള്ള കമ്മ്യൂണിക്കേഷന്റെ അഭാവം.
5. നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിൽ വരുത്തുന്നതിലുള്ള കാലതാമസം.
6. ക്ഷേമനിധികളുടെ ആനുകൂല്യം അർഹരായിട്ടുള്ളവർക്ക് നിഷേധിക്കുന്നതും അനർഹരായിട്ടുള്ളവർക്ക് നൽകുന്നതും.
7. അർഹരായവർക്ക് മിച്ചഭൂമി ലഭിക്കാത്ത അവസ്ഥ.
8. പബ്ലിക്ക് കംഫർട്ടുസ്റ്റേഷനുകൾ ഇല്ലാത്തത്.
9. പൊതുശ്മശാനങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള വിഷമതകൾ.
10. സർക്കാർ സ്ഥാപനങ്ങളിലെ അഴിമതിയിലൂടെ കൈക്കൂലിയും.

## നിർദ്ദേശങ്ങൾ സാധ്യതകൾ

1. തൊഴിലില്ലായ്മ പരിഹരിക്കാനായി ചെറുകിട വ്യവസായ സംരംഭങ്ങൾ, കുടിൽ വ്യവസായങ്ങൾ എന്നിവ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കുക.
2. ബാലവാടികൾ കാര്യക്ഷമമാക്കുക, ക്രെഷുകൾ സ്ഥാപിക്കുക.
3. പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കുവാ

നായി ഒരു സാംസ്കാരികകേന്ദ്രം സ്ഥാപിക്കുക.

4. പഞ്ചായത്തിന് പുതിയ കോൺഫറൻസ് ഹാൾ ഉണ്ടാക്കുക.

5. സർക്കാർ സ്ഥാപനങ്ങളിൽ കൈക്കൂലിയും അഴിമതിയും നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ മേൽ കർശന നടപടികൾ സ്വീകരിക്കുക.

6. സജീവമായി പ്രവർത്തിക്കുന്ന വനിതാ സംഘടനകൾക്കും, സന്നദ്ധസംഘടനകൾക്കും ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.

7. എല്ലാ വാർഡുകളിലും പ്രധാന കേന്ദ്രങ്ങളിൽ ടെലിവിഷൻ കിയോസ്ക്കുകൾ സ്ഥാപിക്കുക.

8. സാധ്യമായ പ്രദേശങ്ങളിൽ മിൽമാ ബൂത്തുകൾ തുടങ്ങുക.

9. വാർദ്ധക്യ കാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ; അഗതി പെൻഷൻ, അവശ കലാകാരൻമാർക്കുള്ള പെൻഷൻ തുടങ്ങിവ അർഹമായ എല്ലാപേർക്കും യഥാസമയം പഞ്ചാത്തിലൂടെ ലഭ്യമാക്കുക.

10. എല്ലാ വാർഡുകളിലും സർവ്വേയുടെ അടിസ്ഥാനത്തിൽ അംഗൻവാടികൾ സ്ഥാപിക്കുക. ഇതിനുവേണ്ടി സ്ഥലം നൽകാൻ പൊതുജനങ്ങൾ തയ്യാറാണ്.

11. പഞ്ചായത്തുകേന്ദ്രീകരിച്ചു വൃദ്ധമന്ദിരം സ്ഥാപിക്കുക.

12. ഒരു പൊതു ശ്മശാനം ഉണ്ടാക്കുക.

13. സർക്കാർ മാവേലി സ്റ്റോറുകൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിച്ച് ന്യായവിലയ്ക്ക് അത്യാവശ്യസാധനങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാക്കുക.

14. റവന്യൂ കാർഡുകൾ ലഭ്യമാക്കുക.

15. ഉപഭോക്തൃബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

16. അംഗ വൈകല്യം സംഭവിച്ചവരും, മന്ദബുദ്ധികളുമായ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേകപദ്ധതി തയ്യാറാക്കുക.

17. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മാതൃതയിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി പഞ്ചായത്തിൽ രൂപീകരിക്കുക.

18. ഗ്രാമപഞ്ചായത്ത് ഒരു ആംബുലൻസ് വാങ്ങി ആവശ്യക്കാർക്ക് വാടകയ്ക്ക് നൽകുക.

19. വേങ്ങോട് കേന്ദ്രമാക്കി പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഒരു വർഷക്കാലം വേങ്ങോട് പഞ്ചായത്ത് രൂപീകരിക്കുന്നതിനായി ഓഫീസ് വാടകയ്ക്കെടുത്തു പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ഇതുവരെയും പഞ്ചായത്തു രൂപീകൃതമായിട്ടില്ല.

20. പഞ്ചായത്തിൽ ഒരു കമ്യൂണിറ്റിഹാൾ നിർമ്മിക്കുക.

| കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾ | |
|---|---|
| വേങ്ങോട് | 102 |
| നേതാജിപുരം | 148 |
| തച്ചപ്പള്ളി | 133 |
| കല്ലൂർ | 160 |
| മഞ്ഞമല | 147 |
| മണ്ണറ | 124 |
| പുലിവീട് | 179 |
| പണിമൂല | 75 |
| ഇടത്തറ | 125 |
| പോത്തൻകോട് | 80 |
| അയിരൂപ്പാറ | 95 |

ജനവിദ്യാകേന്ദ്രങ്ങൾ - സാമൂഹ്യക്ഷേമം

1. വയലാർ സാസ്കാരികവേദി ജനവിദ്യാകേന്ദ്രം - കല്ലുവിള
2. ജ്യോതിർ പ്രഭ ജന വിദ്യാകേന്ദ്രം മംഗലത്തുനട
3. കളിക്കൽ ജനവിദ്യാകേന്ദ്രം

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

# 5-8

നമ്മുടെ പഞ്ചായത്തിൽ ഒരു കാലത്ത് ഉണ്ടായിരുന്നതും ഇപ്പോൾ ആരും തന്നെ അവശേഷിക്കാത്തതുമായ ഒരു വർഗ്ഗമാണ് പട്ടികവർഗ്ഗം. വെള്ളാണിക്കൽക്കുന്നിന്റെ താഴ്‌വാരങ്ങളിൽ നിറഞ്ഞുനിന്ന വനസൗഭാഗ്യങ്ങളിൽ നിന്ന് ജീവിതം കണ്ടെത്തിയിരുന്ന ആദിമ ഗോത്രത്തിലെ കറുത്ത മക്കൾ ഇന്നിവടെ കാണാനില്ല. ഹരിത വനങ്ങളുടെ കുളിർമ്മയോടൊപ്പം പൊലിഞ്ഞു പോയത് അവരുടെ സ്വപ്നങ്ങളും. കാട്ടുതടിയുടെ മാറിൽ മഴുപ്പാടുകൾ വീഴ്ത്തിയ ആധുനിക നാഗരികതയുടെ ശുഷ്കമനസ്സുകൾക്കുമുന്നിൽ ഓർമ്മകളായി അവശേഷിച്ചത് കാട്ടുജാതിക്കാരന്റെ ഇഷ്ടദേവതകളെ ആവാഹിച്ചിരുന്ന പാറകൾ മാത്രം. എന്തുകൊണ്ടോ ക്ഷതം വരാത്ത വിശ്വാസങ്ങളുടെ ദൃഷ്ടാന്തങ്ങളായി അവരുടെ പൂജാവിധികളും, അനുഷ്ടാനങ്ങളും തുടരുന്നു. അതിനു മുന്നിൽ രണ്ടു കൊച്ചു ക്ഷേത്രങ്ങളും പുതിയ മനുഷ്യരുടെ വകയായിവന്നു.

പട്ടികജാതിക്കാരുടെ ജാതിപ്പേരുകൾ തിരിച്ചുപറയാതെ തന്നെ ഒന്നറിയാം, ഈ മണ്ണിനെ ധന്യമാക്കിയതവരായിരുന്നു. അവരുടെ വിയർപ്പിന്റെ ഗന്ധം നിറഞ്ഞ മണ്ണിൽ നിന്ന് കൊയ്തെടുത്ത ധാന്യമണികൾ കൊണ്ട് പള്ള വീർത്ത പത്തായങ്ങൾ പോലും അവരെ അകറ്റി നിർത്തി. ചായക്കടയുടെ പിന്നാമ്പുറത്ത് മുളം ചാലുകളിലൂടെ ഒഴുകിയെത്തുന്ന ചായ ചിരട്ടയിലേറ്റു വാങ്ങി മോന്താൻ വിധിക്കപ്പെട്ട കാലത്തും അവനിൽ സ്വപ്നങ്ങളുണ്ടായിരുന്നു. സ്വന്തമായിട്ടൊരു തുണ്ട് ഭൂമിയും, അതിലൊരു കൂരയും, ഓരത്തൊരു കുലവാഴയും, തെങ്ങും ചേർന്നൊരു വലിയ ലോകം. അവരുടെ കൊച്ചു കൊച്ചു സ്വപ്നങ്ങൾ യാഥാർത്ഥ്യമാകാൻ ഇടതുപക്ഷപ്രസ്ഥാനങ്ങൾ ഒരുക്കിയ വഴിത്താരയിലൂടെ ഒട്ടേറെ ദൂരം പിന്നിടേണ്ടി വന്നു. വഴിയിലൊഴുകിയ ചോരച്ചാലുകളിൽ നിന്ന് പോരാളികളുടെ ഇതിഹാസമുണ്ടായി. അങ്ങനെ മനുഷ്യനായിട്ട് അംഗീകരിച്ചുകിട്ടാൻ ചോര അർപ്പിക്കേണ്ടി വന്നൊരു സമൂഹത്തിന് ഒരു ജീവിതവും സാമൂഹ്യനീതിയും ഉറപ്പാക്കാൻ ഒരു പാടുകാര്യങ്ങൾ ബാക്കി കിടക്കുന്നു. തൂമ്പയേന്തിയ കറുത്ത പേശിയുടെ കരത്തറിയാൻ മോഹിക്കുന്ന ഈ മണ്ണ് അതിന്റെ നേരവകാശിയെ കാത്തിരിക്കുമ്പോൾ കട്ടകളിനിയുമുണ്ടെന്ന് തിരിച്ചറിവാണ് നമ്മെനയിക്കുന്നത്.

പോത്തൻകോട് പഞ്ചായത്തിന്റെ കാർഷികമേഖലയിൽ ഏറെ സംഭാവന ചെതിട്ടുള്ളവരാണ് പട്ടികജാതി വിഭാഗക്കാർ. ആകെയുള്ള കർഷകതൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ഈ വിഭാഗക്കാരായിരുന്നു. മണ്ണിൽ കനകം വിളയിച്ച അദ്ധ്വാന സമ്പത്തിന്റെ ഉടമകൾ ജന്മിമാരുടെ ഭൂമിയിൽ മാടുകളെ പോലെ പണിയെടുത്തപ്പോഴും നിറത്തിന്റെയും, ജാതിയുടെയും പേരിൽ എല്ലാ മേഖലകളിലും അയിത്തം കല്പിച്ചു മാറ്റി നിർത്തിയിരുന്ന കാലം പഴങ്കഥയായി. നമ്മുടെ പഞ്ചായത്തിന്റെ ഏതാണ്ടെല്ലാ പ്രദേശത്തും ഈ വിഭാഗമുണ്ട്. അവർ സമൂഹജീവിതത്തിന്റെ വിവിധ മേഖലകളിൽ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തിയിരിക്കുന്നു. എന്നിരുന്നാലും സാമൂഹ്യനീതി യാഥാർത്ഥ്യമാക്കി, സമത്വത്തിന്റെയും.

അധികാരത്തിന്റെയും ഗിരിസൃംഗങ്ങളിലേക്ക് കൈ പിടിച്ചുയർത്തുകയാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്ന കടമകളിൽ പ്രധാനം

| | |
|---|---|
| പഞ്ചായത്തിലെ സംഖ്യ | 24995 |
| പട്ടിക ജാതി | 2600 |
| പുരുഷൻ | 1295 |
| സ്ത്രീകൾ | 1305 |

പട്ടികജാതി കേളനികൾ വലതും ചെറുതുമായി നിലവിലുണ്ട് കൂടാതെ പട്ടികജാതിക്കാർ കൂടുതലായിട്ടുള്ള ലക്ഷം വീടുകോളനികൾ കുന്നുകാട്, ആനയ്ക്കോട് , പാലോട്ടുകോണം, പേരുത്തല എന്നി പ്രദേശത്തായി സ്ഥിതി ചെയ്യുന്നു.

ഇതിൽ വേങ്ങോട് മാതൃകാ പട്ടിക ജാതി കോളനി പോത്തൻകോട് പഞ്ചായത്തിന്റേയും കുറച്ചുഭാഗം മംഗലപുരം പഞ്ചായത്തിന്റേയും പ്രദേശങ്ങളിലായി 511 ഏക്കറോളം പ്രദേശത്ത് വ്യാപിച്ചുകിടക്കുന്നു. ഈ മാതൃകാ പട്ടികജാതി കോളനി ഇൻഡ്യയിലെ തന്നെ ഏറ്റവും മികച്ച മാതൃകയായി ചൂണ്ടിക്കാട്ടാൻ പോന്നതാണെന്നസത്യം ഞങ്ങൾ അഭിമാനത്തോടെ പറയുന്നു. അരയേക്കർ സ്ഥലത്ത് ഒരു വീടും മറ്റും പാർപ്പിട സൗകര്യങ്ങളും, കൂടാതെ കൃഷിയിടമായി രണ്ടേക്കർ ഭൂമി വേറെയും ഒരോ കുടുംബത്തിനും നൽകി ജില്ലയുടെ വിവധ ഭാഗങ്ങളിൽ നിന്നുയായി നൂറ്റിഎൺപതോളം കുടുംബങ്ങളെ പാർപ്പിച്ചിരിക്കുന്നത് കണ്ടാൽ അപരിചിതർ അത്ഭുതപ്പെട്ടുപോകം. റബ്ബർ ബോർഡിന്റെ സഹായത്തോടെ രണ്ടേക്കർ വരുന്ന പ്രദേശങ്ങളിലെല്ലാം റബ്ബർ കൃഷി നടത്തി ഇപ്പോൾ ആദായമെടുത്തു തുടങ്ങിയിട്ടുണ്ട്. മുഴുവൻ വീടുകൾക്കുമുന്നിലും ഗതാഗതസൗകര്യം, മുഴവൻ വീടുകൾക്കും വൈദ്യുതി, സാനിട്ടേഷൻ സൗകര്യം, ശുദ്ധജലസൗകര്യം, ഈ നിലയിൽ പ്രാഥമിക പാർപ്പിടസൗകര്യങ്ങൾ എല്ലാം പൂർണ്ണമായി നൽകികൊണ്ട് ആരംഭിച്ച ഈ കോളനിയിൽ ഒരു യാഥാർത്ഥ കോളനിയുടേതായ സമ്പൂർണ്ണത ലക്ഷ്യമാക്കിയുള്ള മറ്റു പ്രവർത്തനങ്ങളും നടന്നു വരുന്നു

1972 ലാണ് ഈ കോളനി ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 180 പട്ടികജാതിക്കാരായ അഭ്യസ്ഥവിദ്യർക്കാണ് ഈ കോളനിയിൽ വീടുകൾ നല്കിയത്. സ്വയം പര്യപ്തതലക്ഷ്യമാക്കി വൃക്ഷതൈകൾ, പച്ചക്കറിവിത്തുകളും, വളവും, കോഴികുഞ്ഞ്, കോഴിവളർത്തൽ സൗകര്യങ്ങൾ പശുവളർത്തൽ സൗകര്യങ്ങൾ തുടങ്ങിയവ ഈ കോളനിയിൽ വിതരണം നടത്തിയിരുന്നു കൂടാതെ കോളനി വാസികളായ ആളുകൾക്ക് അംഗത്വം കൊടുത്തുകൊണ്ട് നടത്തുന്ന ജോയിന്റ് ഫാമിംഗ് സഹകരണ സംഘം, രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. കൂടാതെ ഒരു മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റുമുണ്ട് ഇതിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒരു പൊതുമന്ദിരവും ഇതിനകത്തുണ്ട്.

## മറ്റുകോളനികൾ

വേങ്ങോട് പട്ടികജാതി കോളനി കൂടാതെ കളിയ്ക്കൽ , തെറ്റിച്ചിറ, കണ്ടു കുഴി തെറ്റിച്ചിറ പേരുത്തല, പാണൻവിള, മണ്ഡപകുന്ന് എന്നീ കോളനികൾ നിലവിലുണ്ട് . അതിൽ കളിയ്ക്കൽ കോളനി മാത്രമാണ് I .H.D.P. കോളനിയായി അംഗികരിച്ചിട്ടുള്ളത്. മറ്റുകോളനികളിൽ പട്ടികജാതി വിഭാഗക്കാർ ഭൂരിപക്ഷമുള്ള കോളനികളാണ്. അവയെല്ലാം തന്നെ. I.H.D.P. കോളനിയാക്കി അംഗീകരിച്ച് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

കൂടാതെ കട്ടിയാട് മലമുകൾ, തച്ചപള്ളിയിലെ ഊളൻകാവു വട്ടം ചക്കം വിളാകം, ശ്രീനാരയണപുരം, ഖബറടി കുറ്റിക്കാട് പ്രദേശം, പുല്ലുവിളാകം കുരങ്ങില്ലാകോണം മഞ്ഞമല കമ്പ

റവിളാകം, പുലിവീട്ടിൽ ഇടയംകോട്, പണിമൂല യിൽ തെറ്റിച്ചിറകിഴക്ക് കേന്ദ്രങ്ങൾ തുടങ്ങിയവ പട്ടികജാതി സങ്കേതങ്ങളാക്കി അംഗീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

നിലവിലുള്ള പട്ടികജാതി സങ്കേതങ്ങളുടെ സ്ഥിതി വളരെ ശോചനിയമാണ്. മിക്കവാറും വീടുകൾ നാലോ അതിൽ താഴയോ സെന്റ് സ്ഥലത്തിനകത്താണ് വച്ചിരിക്കുന്നത്. വിടുകൾ എന്നു പറയാൻ കഴിയാത്തവിധത്തിലുള്ള ചെറിയ കൂരകളാണ് ഏറിയപങ്കും. ഭൂരിപക്ഷം വിടുകൾക്കും വൈദ്യതി ലഭിച്ചിട്ടില്ല. ചില ഭാഗങ്ങളിൽ വൈദ്യുതി എത്തിച്ചേർന്നിട്ടുപോലുമില്ല. ഗതാഗാതസൗകര്യം തീരെയില്ലാത്ത ഭാഗങ്ങളിലാണ് പല പട്ടികജാതി സങ്കേതങ്ങളും സ്ഥിതിചെയ്യുന്നത്ഭ വീടുകളുലെ ഘടനതന്നെ കാറ്റും വെളിച്ചവും തീരെ ലഭിക്കാത്ത തരത്തിലുള്ളതായാതിനാൽ ഇവിടെ താമസിക്കുവരുടെ ആരോഗ്യസ്ഥിതി മോശമാകുന്നതിനുള്ള സാദ്ധ്യതകൾ ഏറെയുണ്ട് പ്രാഥമികാവശ്യയങ്ങൾക്കുള്ള സൗകര്യങ്ങൾ മിക്കവാറും വീടുകളിൽ ഇല്ലാത്തസഥിതിയാണ്. അതുപോലെ ശുദ്ധജലക്ഷാമവും വളരെ ഗുരുതരമായ അരോഗ്യപ്രശ്ണങ്ങൾ ഉയർത്തുന്നു. ഈ പ്രദേശങ്ങളിൽ എല്ലാ കാലത്തും പകർച്ചവ്യാധി ഭീഷണി നിലനില്ക്കുന്നു.

## ലക്ഷം വിടുകോളനികൾ

കുന്നുകാട്, ആനയ്ക്കോട്, പാലോട്ടുകോണം, പേരുത്തല, എന്നിലക്ഷംവിടുകോളനികളിലായി 65 വീടുകളും അതിൽ 130 കുടുംബങ്ങളും താമസിക്കുന്നുണ്ട്. 80 ഓളം കുടുംബങ്ങളും പട്ടിക ജാതി വിഭാഗക്കാരാണ് . ഓരോ കെട്ടിടത്തിലും രണ്ടും വ്യത്യസ്ഥകുടുംബങ്ങൾ വീതമാണ് താമസിക്കുന്നത് ഈ സംവിധാനം കൊണ്ട് ജീവിതത്തിന്റെ സ്വകാര്യത നഷ്ടപ്പെടുകയും, കലഹത്തിന്റെയും സംഘർഷത്തിന്റെയും അന്തരിക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു. ഒരു കെട്ടിടം രണ്ടു വ്യക്തികൾ കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി കേടുപാടുകൾ തീർക്കുന്നതിൽ അലംഭാവം വരുത്തുന്ന അവയസ്ഥ കാണുന്നുണ്ട്. മരണം, വിവാഹം തുടങ്ങിയവയുമായി ബന്ധപ്പെട ചടങ്ങുകൾക്ക്ണ സൗകര്യം തിരെയില്ലാത്തതുകൊണ്ട് സാമൂഹിക പ്രശനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മിക്കവാറും വീടാകളെല്ലാം തന്നെ അടിയന്തിരമായി അറ്റകുറ്റപ്പണികൾ തീർത്താലെ സുരക്ഷിതത്വ ബോധത്തോടുകൂടിയ ഒരു ജീവിതം അവിടെ സാധ്യമാകു.

പട്ടികജാതി സങ്കേതങ്ങൾക്ക് പുറത്ത് ഒറ്റപ്പെട്ടു കഴിയുന്ന ഒട്ടേറെപ്പേരുണ്ട്.ഇവരിൽ ത്തന്നെ വളരെ കുറച്ചുപേർക്ക്മാത്രമാണ് അല്പസ്വല്പം മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളുള്ളത്. മഹാഭൂരിപക്ഷത്തിനും ഭൂതകാലത്തിന്റെ ഓർമ്മകളുണർത്തുന്ന ദുരിതങ്ങൾ തന്നെയാണ് ഇപ്പോഴും നിലനില്കുന്നത്.സർക്കാരിൽ നിന്നും ഇന്നേവരെ ലഭിച്ചിട്ടുളള ആനുകൂല്യങ്ങൾ തന്നെ വളരെ പരിമിതവും അശാസ്ത്രീയവുമായിരുന്നു. തികച്ചും ശാസ്ത്രീയവും, സ്ഥായിയായ ഗുണം ലഭിക്കേണ്ടതുമായ ഒട്ടേറെ പദ്ധതികൾക്ക് രൂപം നല്കിക്കൊണ്ട് മാത്രമേ ഈ വിഭാഗത്തെ സാമ്പത്തികമായും, വിദ്യാഭ്യാസ പരമായും കൂടുതൽ ഉദ്ധരിക്കുന്നതിനും അതിലൂടെ ഈ അടിസ്ഥാന വർഗ്ഗത്തിന് സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനും കഴിയൂ.

### പട്ടികജാതി ക്ഷേമപ്രവർത്തനങ്ങളിലുള്ള പ്രശ്ണങ്ങൾ

1. എല്ലാവർക്കും സ്വന്തമായി സ്ഥലവും വീടും ഇല്ല.
2. ഭവന തിർമ്മാണ ധനസഹായത്തിന്റെ അപര്യാപ്തത
3. പ്രാഥമിക സൗകര്യങ്ങളുടെ കുറവ്.
4. പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും വേണ്ടത്ര ഇല്ല.

5. ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെട്ട വയല്ല.
6. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങ ളുടെ ചികിസ്തക്കും പെൺമക്കളുടെ വിവാഹത്തിന് ആവശ്യമായ ധനസഹാ യം ലഭ്യമല്ല.
7. പട്ടികജാതി പട്ടികവർഗക്ഷേമത്തിനാ യുള്ള പദ്ധതികളെ സംബന്ധച്ചുള്ള അറിവില്ലായ്മ.
8. ക്ഷേമസേവന പദ്ധതികൾ യഥാസമയം ലഭിക്കുന്നില്ല.
9. തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു.
10. ഈ വിഭാഗക്കാരുടെ ജീവിത നിലവാ രത്തകർച്ച.
11. വിദ്യാസപരമായ പിന്നോക്കാവസ്ഥ.
12. സാമൂഹ്യമായ പിന്നോക്കാവസ്ഥ.

## പരിഹാര നിർദ്ദേശങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്ന മനത്തിനും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോ ധവത്ക്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പദ്ധതികളുടെ നടത്തിപ്പിൽ ഈ വിഭാഗക്കാരുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുക.

പഞ്ചായത്തുതലത്തുൽ ഈ വിഭാഗക്കാ രിലുള്ള വിദഗ്ദ്ധരെ കണ്ടെത്തുന്നതിനുള്ള നട പടികൾ സ്വീകരിക്കുക.

ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന അഭി പ്രായം, ദളിത് ക്രൈസ്ത വരെ സംവരണത്തിൽ ഉൾപ്പെടുത്തുകയും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം എല്ലാമേഖലകളിലും നൽകുകയും ചെയ്യുന്നതിനു വേണ്ടുന്ന നടപടികൾ കൈക്കൊ ള്ളണമെന്നതാണ്. ഇവരുടെ, ജാതി മത സർട്ടി ഫിക്കറ്റുകൾ പഞ്ചായത്തു മുഖാന്തിരം നൽ കാനുള്ള നടപടികൾ സ്വീകരിക്കുക.

പട്ടികജാതി സങ്കേതങ്ങളിൽ കുലത്തൊ ഴിലുകളിൽ ഏർപ്പെട്ടിരുക്കുന്നവരെ സഹായിക്കു ന്നതിനു വേണ്ടുന്ന പദ്ധതികൾ രൂപീകരിക്കുക യും, പഞ്ചായത്തിൽ ഒരു പട്ടിക ജാതി ക്ഷേമ സഹകരണസംഘം രൂപീകരിക്കുകയും ചെയ്യുക.

പട്ടികജാതി സങ്കേതങ്ങളിൽ വനിതകൾ ക്കുവേണ്ടിയുള്ള തൊഴിൽ സംഘങ്ങൾ സ്ഥാപി ച്ചുകൊണ്ട് ഈ മേഖലയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുക.

ഈ വിഭാഗക്കാരിലുള്ള നിരക്ഷരരെ കണ്ടെത്തുകയും തുടർ സാക്ഷരതാ പ്രവർത്ത നങ്ങൾ ആരംഭിക്കുകയും പട്ടികജാതിക്കോളനി കളിൽ വായനശാലകൾ സ്ഥാപിക്കുകയും ചെ യ്യുക.

നിലവിലുള്ള പട്ടികജാതി കോളനികൾ ഐ.എച്ച്.ഡി.പി. സ്കീമിൽ ഉൾപ്പെടുത്തുകയും ക്ഷേമപ്രവർത്തനങ്ങൾ സജീവമാക്കുകയും ചെ യ്യുക.

ഭൂ രഹിതരായവർക്ക് പഞ്ചായത്തിലെ പുറംമ്പോക്ക് ഭൂമി പതിച്ചുകൊടുക്കുകയും വീട്, കക്കൂസ് എന്നിവയ്ക്കുള്ള ധനസഹായം വർദ്ധി പ്പിക്കുകയും ചെയ്യുക

പട്ടികജാതിയിൽപ്പെട്ട കുട്ടികൾ സ്കൂ ളുൽ പോകാതിരിക്കുകയോ, പഠിത്തം നിർത്തു കയോ ചെയ്യുന്ന സ്ഥിതിയുണ്ട്. ധനസഹായങ്ങൾ ലഭിച്ചിട്ടും ഇത്തരം പ്രവർണത കൂടിവരുന്നതാ യിക്കാണാം ഇത് പരിഹരിക്കുന്നതിനു വേണ്ടി വ്യാ പകമായ ബോധവത്ക്കരണം സംഘടിപ്പിക്കേണ്ട തായുണ്ട്.

പഞ്ചായത്തിലുള്ള പട്ടികജാതി തൊഴിൽ സംഘങ്ങൾ വേണ്ടത്ര ഫലപ്രദമായി നടത്തുന്ന തിനുവേണ്ട സഹായങ്ങൾ ലഭ്യമാക്കുകയും ഈ രംഗത്തേയ്ക്ക് പരിശീലനം സിദ്ധിച്ച ആളുകളെ ഉൾപ്പെടുത്തി വിപുലീകരിക്കുകയും ചെയ്യുക.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാ ഹ ധനസഹായം 10000 രൂപയാക്കി ഉയർത്തുക.

എല്ലാ പട്ടികജാതി സങ്കേതങ്ങളിലും ശുദ്ധജലവിതരണസംവിധാനങ്ങൾ ഏർപ്പെടുത്തുക. നിലവിലുള്ള ഉപയോഗശൂന്യമായ ജലവിതരണ സംവിധാനങ്ങൾ പുനരുദ്ധീകരിക്കുക.

വൈദ്യുതീകരണത്തിനായി വയറിംഗ് ചെയ്തിട്ട വീടുകളിൽ വളരെ പെട്ടെന്ന് വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക. വൈദ്യുതി എത്തിച്ചേരാത്തിടങ്ങളിൽ വേണ്ട സംവിധാനങ്ങൾ ഉണ്ടക്കി വൈദ്യുതിയെത്തിക്കുക.

പട്ടികജാതി സങ്കേതങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

ലക്ഷംവീട് കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുക. നിലവിലുള്ള ലക്ഷം വീടുകളിൽ രണ്ടു കുടുംബങ്ങൾ എന്നതൊഴിവാക്കി ഒരു കുടുംബത്തിന് ഒരു വീട് എന്നതരത്തിൽ നൽകി താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

പട്ടികജാതി സങ്കേതങ്ങളിൽ T.V കോസ്കൂകൾ സ്ഥാപിക്കുക. പട്ടിക ജാതിക്കാർക്കായി അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം വിതരണം ചെയ്യുക.



പഞ്ചായത്ത്തല
ശില്പശാല

# വനിതാക്ഷേമം 5.9

വനിതാ വിമോചന പ്രസ്ഥാനങ്ങളുടെ ജാജ്വല്യമാനമായ മുന്നേറ്റങ്ങൾകൊണ്ട് വിസ്മയം കൊള്ളുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. എന്നിരുന്നാലും ഈ സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം എന്ത്? സ്ത്രീ എവിടെ നില്ക്കുന്നു? ഈ ചോദ്യങ്ങൾക്ക് മുന്നിൽ വിറങ്ങലിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളാണ് നമ്മെ തുറിച്ചു നോക്കുന്നത്. വേദോപനിഷത്തുകളിലൂടെ പൗരാണിക കാലഘട്ടങ്ങളിൽ സ്ത്രീയ്ക്ക് ഗണ്യമായ സ്ഥാനവും തുല്യതയും ലഭിച്ചിരുന്നുവെന്ന് ആദിമ മന്ത്രങ്ങൾ നമ്മോടോതുന്നു. ഉല്പാദന ബന്ധങ്ങളുടെയും ഉല്പാദന ശക്തികളുടെയും പടയോട്ടങ്ങൾക്കിടയിൽ വർഗ്ഗതാത്പര്യങ്ങളുടെ യാഗാഗ്നിയിൽ സ്ത്രീസ്വാതന്ത്ര്യം ബലിമൃഗമായി മാറിയതും ചരിത്രം കണ്ടു. സ്ത്രീക്കെതിരെയുള്ള കടന്നാക്രമണങ്ങളും നീതിനിഷേധിക്കലും സ്ത്രീ പീഢനത്തിനെതിരെ രോഷാഗ്നി ഉയർത്തുമ്പോൾ തന്നെ സ്ത്രീയെ തന്ത്രപൂർവ്വം കെണിയിലാക്കി വെറും വളർത്തുമൃഗമാക്കി മാറ്റുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും ഒരേ കൈകൾ കൊണ്ട് ചെയ്യുന്നത് നാം കാണുന്നു.

പുത്തൻ ലോകക്രമത്തിന്റെയും ലോകവ്യാപാരകുത്തകകളുടേയും വക്താക്കളായ ഗന്ധർവ്വ കുമാരന്മാർ സ്ത്രീയെ അംഗലാവണ്യത്തിന്റെ ചായം തേച്ച മത്സരവേദികളിൽ കാഴ്ചവസ്തുവാക്കുന്നത് സ്ത്രീയോടുള്ള ആദരവുകൊണ്ടല്ല. മറിച്ച് തങ്ങളുടെ ഉല്പന്നങ്ങളുടെ വിപണിയോടുള്ള ആദരവുകൊണ്ടാണ്. വനിതകളെ ഉദ്ധരിക്കുവാനെന്നു പറഞ്ഞ് അലങ്കാരവസ്തുക്കളുടെ അകമ്പടിയോടെ മിന്നുന്ന ആടയാഭരണങ്ങളാൽ അണിഞ്ഞൊരുങ്ങി എത്തുന്ന വനിതാ മാസികകൾ പോലും സ്ത്രീയെ സ്വയം കാഴ്ച വസ്തുവാക്കുവാൻ പഠിപ്പിക്കുന്നു. അക്ഷരങ്ങളുടെ ലോകത്തേക്ക് നുഴഞ്ഞുകയറി ജലസസ്യങ്ങൾ പോലെ ഉപരിതലത്തിൽ പടന്നു കിടക്കുന്ന പൈങ്കിളി സാഹിത്യവാരികകളും ചെയ്യുന്ന ധർമ്മം സ്ത്രീയെ അവരുടെ ലോകത്തിൽ നിന്നും അകറ്റി മറ്റേതോ ലോകത്തേക്ക് നയിക്കുക എന്നതാണ്. സർവ്വ വ്യാപിയായി മാറിയ ശ്രവ്യദൃശ്യ വാർത്താമാദ്ധ്യമങ്ങളും സ്ത്രീയെ മോഹിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും അനുനയിപ്പിക്കുകയും ചെയ്തുകൊണ്ട് സ്വയം തീർക്കുന്ന തടവറകളിൽ കിടക്ക വിരിപ്പിക്കുകയാണ്.

സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ദിശാബോധത്തിന്റെ ആയുധമണിഞ്ഞ് സാമൂഹ്യമാറ്റങ്ങളുടെ പൊതുധാരയിലേക്ക് കടന്നുവരുന്നതിലൂടെ മാത്രമേ ചെറുത്തുനില്പും മുന്നേറ്റവും യാഥാർത്ഥ്യമാകൂ എന്ന് ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളിൽ സജീവസാന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയരായ വനിതകൾ നമ്മുടെ പ്രദേശത്തില്ലായെങ്കിലും അനുസ്മരണപോരാട്ടങ്ങളിലെ നായകന്മാരെ ത്യാഗപൂർവ്വം സംരക്ഷിക്കുകയും അവർക്ക് ഒളിത്താവളങ്ങൾ ഒരുക്കി സമനുരഹസ്യങ്ങൾ പ്രണനേക്കാളേറെ പ്രാധാന്യം കൊടുത്ത് സൂക്ഷിക്കുകയും ചെയ്ത് സാഹസികതയുടെ പര്യായങ്ങളായി തീർന്ന വീട്ടമ്മമാരുണ്ടായിരുന്നു. പക്ഷെ ചരിത്രത്തിന്റെ താളുകളിൽ അവർക്കിടം കിട്ടിയില്ല.

ജനാധിപത്യസംവിധാനത്തിൽ സ്ത്രീകൾക്കുണ്ടാകേണ്ട സ്വാഭാവിക പങ്കാളിത്തത്തിനു വേണ്ടി നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ നമ്മുടെ പഞ്ചായത്തിലും വനിതാപ്രാതിനിധ്യം വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും വികസനപ്രക്രിയയിൽ കുറഞ്ഞ പങ്കാളിത്തം മാത്രമാണ് കാണുന്നത്. വ്യത്യസ്ത കാഴ്ചപ്പാടുകൾ വെച്ചു പുലർത്തുന്ന വനിതാസംഘടനകളുടെ പ്രവർത്തനങ്ങൾ പരിമിതമായിട്ടുണ്ടെങ്കിലും സ്ത്രീകളുടെ സാമൂഹിക പദവിക്കെതിരായി നിലനില്ക്കുന്ന ഘടകങ്ങളെ സൂക്ഷ്മമായി തിരിച്ചറിയാനും അവ പരിഹരിക്കാനുമുള്ള മൂർത്തമായ പരിപാടികൾ ആവിഷ്കരിക്കുന്നതിൽ ഇനിയുമെത്രയോ മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്.

എഴുപതുകളിൽ സജീവമായി ഉയർന്നുവന്ന കുടുംബ ക്ഷേമ പരിപാടികളുടെ പ്രായോഗിക പ്രവർത്തനങ്ങൾ ഏറ്റെടുത്തത് നമ്മുടെ നാട്ടിൽ അന്ന് രൂപം കൊണ്ട മഹിളാസമാജങ്ങളാണ്. സന്നദ്ധസേവനരംഗത്ത് പുത്തൻമാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് മഹിളകൾ തങ്ങളുടെ സേവനവൈഭവം തെളിയിച്ചിട്ടുണ്ട്. 89-ൽ നടന്ന സാക്ഷരതായജ്ഞത്തിൽ നമ്മുടെ പഞ്ചായത്തിലെ വനിതാപങ്കാളിത്തം ശ്രദ്ധേയമായിരുന്നു. അവസരങ്ങളുടെ ധന്യമുഹൂർത്തങ്ങളിൽ കർമ്മശേഷി കെട്ടഴിച്ചുവിടാൻ കഴിയുമെന്ന് വനിതാസമൂഹം ഒന്നിലധികം തവണ തെളിയിച്ചുകഴിഞ്ഞു. വികസനപ്രക്രിയയുടെ ഊഷരഭൂമികളിൽ സ്ത്രീ സമൂഹത്തിന്റെ കഴിവുകൾ പ്രയോജനപ്പെടുത്താൻ ഈ കാലഘട്ടത്തിനു കഴിയണം.

ജനാധിപത്യമഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്, മഹിളാ സംഘം തുടങ്ങിയ മഹിളാ പ്രസ്ഥാനങ്ങളുടെ ഘടകങ്ങൾ നേരിയതോതിൽ ഈ പഞ്ചായത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും ഇതിലെല്ലാം കൂടി പ്രവർത്തിക്കുന്ന മഹിളകളുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പ്രദേശത്ത് പതിമൂന്ന് മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയെല്ലാം ക്രോഡീകരിച്ചു പ്രവർത്തിച്ചാൽ പ്പോലും വനിതകൾ നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള യത്നങ്ങൾക്ക് നേതൃത്വം നൽകാൻ പ്രാപ്തിയായിട്ടില്ലെന്നതാണ് സത്യം. അതുകൊണ്ട് കൂടുതൽ മഹിളാസമാജങ്ങളും മറ്റു സാംസ്കാരിക സംഘടനകളുമായി ബന്ധപ്പെട്ടിട്ടുള്ള മഹിളാ പ്രവർത്തനങ്ങളും അതിന് കേന്ദ്രീകൃതമായി നയിക്കുന്നതിനാവശ്യമായ പഞ്ചായത്ത് തലസമിതിയും കാര്യാലയവും കൂടിയേ തീരൂ.

ഇപ്പോൾ പതിനൊന്ന് വാർഡുകളുള്ള പഞ്ചായത്തിൽന്ന് 11 (പതിനൊന്ന്) മഹിളാ സമാജങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ ചിലതിന്റെ പ്രവർത്തനം പരിമിതമായ നിലയിൽ മാത്രമാണ്. 4 മഹിളാ സമാജങ്ങളോടൊപ്പം ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇനിയുമെത്രയോ ബാലവാടികൾ കൂടിയുണ്ടായാലേ മാതൃശിശു ക്ഷേമരംഗത്തെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുകയുള്ളു. അതു സംഘടിപ്പിക്കുന്നതിനുള്ള മഹിളാ സമാജങ്ങൾ പുതിയതായി രൂപീകരിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നിലവിലുള്ളതും ഇനി സംഘടിപ്പിക്കേണ്ടതുമായ മഹിളാസമാജങ്ങൾക്ക് പുതിയ മാർഗ്ഗരേഖ തയ്യാറാക്കി അവയുടെ പ്രവർത്തനശൈലി കുറെക്കൂടി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ആധുനിക ഇലക്ട്രോണിക് വാർത്താമാദ്ധ്യമങ്ങളുടെ ഗുണപരമായ വശങ്ങൾ പ്രയോജനപ്പെടുത്തി വനിതകളുടെ പൊതുവിജ്ഞാനം നിലവാരം മെച്ചപ്പെടുത്തുന്നതിന് മഹിളാസമാജങ്ങൾ വഴി സാധിക്കും. അതുവഴി മഹിളാസമാജങ്ങൾ, സ്ത്രീ സമൂഹത്തിന്റെ അദ്ധ്യാപകരായിത്തീരുന്ന കാലം വിദൂരമല്ല. ആകെയുള്ള ജനസംഖ്യയുടെ പകുതിയിലധികം വരുന്ന 12729 ആണ് ഈ പഞ്ചായത്തിലെ വനിതകളുടെ എണ്ണം. അതിൽ 9384 പേർ ഔപചാരിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സാക്ഷരരായവരും 3345 പേർ സാക്ഷരതാ യജ്ഞത്തിന്റെ ഫലമായി സാക്ഷരത നേടിയവരുമാണ്. അതിൽ തന്നെ ചെറിയൊരു ഭാഗം ഇപ്പോഴും നിരക്ഷരർ തന്നെയാണ്. വനിതാ ക്ഷേമരംഗത്ത് നാം ഇനിയുമെത്രയോ കാതംഅകലെ സഞ്ചരിക്കേണ്ടിയിരിക്കുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

*പ്രശ്നങ്ങൾ*

വനിതകളെ നേരിട്ടു ബാധിക്കുന്നതും പരോക്ഷമായി ബാധിക്കുന്നതുമായ ഒട്ടേറെ പ്രശ്നങ്ങളുടെ കൂമ്പാരം തന്നെ നമ്മുടെ മുന്നിലുണ്ട്. ആയതിനാൽ പ്രത്യക്ഷമായി ബാധിക്കുന്ന ചില പ്രശ്നങ്ങളിലേക്ക് അടിയന്തിര ശ്രദ്ധ തിരിയേണ്ടതായിരിക്കുന്നു. മറ്റു പ്രശ്നങ്ങൾ പൊതുവികസനപ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

- നിലവിലുള്ള മഹിളാ പ്രസ്ഥാനങ്ങളുടേയും മഹിളാ സമാജങ്ങളുടേയും മാത്രം പ്രവർത്തനം സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങളെ നേരിടുന്നതിന് തീരെ പര്യാപ്തമല്ല.
- ഔപചാരകവിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളാണ് ആൺകുട്ടികളെ അപേക്ഷിച്ച് കൂടുതൽ മികച്ച വിജയങ്ങൾ നേടുന്നത്. എന്നാൽ തൊഴിൽപരമായ മത്സരപരിക്ഷയിലും മറ്റും ആനുപാതികമായി മികച്ച നിലവാരം പുലർത്തിക്കാണുന്നില്ല.
- കൂലിപ്പണിമേഖലയിൽ പ്രവർത്തിയെടുക്കുന്ന സ്ത്രീകൾ പോലും, കുറച്ചുകൂടി കായികാദ്ധ്വാനം കുറഞ്ഞ കാർഷികവൃത്തിയിൽ ഏർപ്പെടാതിരിക്കുന്ന അവസ്ഥ നിലനില്ക്കുന്നു.

- സമ്പത്തുല്പാദന മേഖലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം തീരെ കുറവായിത്തീരുന്നത് ദേശീയ വരുമാനത്തിന്റെ കാര്യത്തിൽ വലിയ തിരിച്ചടികൾ ഉണ്ടാക്കുന്നുണ്ട്.
- കന്നുകാലിവളർത്തൽ മേഖലയിൽ വായ്പകളും മറ്റും ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമല്ലാത്തത് സ്ത്രീകളെ ആ രംഗത്ത് നിന്ന് പിന്തിരിപ്പിക്കുന്നു.
- സ്ത്രീപീഡനത്തിനും, ലൈംഗികചൂഷണത്തിനുമെതിരെയുള്ള ചെറുത്തുനില്പിനും, നിയമനടപടികൾക്കുമുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അറിവില്ലായ്മ.
- കായികരംഗത്തെ പ്രവർത്തനങ്ങളിലും, കൂട്ടായ്മയുള്ള പ്രവർത്തനങ്ങളിലും പങ്കെടുക്കാനുള്ള അവസരങ്ങളുടെ കുറവ്.
- അച്ചടിമാദ്ധ്യമങ്ങൾ സ്ത്രീകൾക്കിടയിലുള്ള വായനാശീലത്തെ മുതലെടുത്ത് അവരുടെ സാമൂഹ്യബോധത്തെ വികലമാക്കുന്ന പ്രവണത.
- ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെയുള്ള വാണിജ്യപരസ്യങ്ങളും, മറ്റുപരിപാടികളും സ്ത്രീയെ അവഹേളിക്കുകയും, മാനസികമായി ദുർബലരാക്കിത്തീർക്കുകയും ചെയ്യുന്നു.
- സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മയും അവയുയർത്തുന്ന കുടുംബപ്രശ്നങ്ങളും
- സ്ത്രീപീഡനവും, സ്ത്രീധനസമ്പ്രദായത്തിന്റെ രൂക്ഷതയും അച്ഛനമ്മമാരിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ.
- സ്ത്രീധന സമ്പ്രദായവും, വിവാഹച്ചെലവുകളിൽ വന്നിട്ടുള്ള ഭാരിച്ച വർദ്ധനയും മുന്നിൽക്കണ്ടുകൊണ്ട് പെൺകുട്ടികളെ വ്യത്യസ്തരീതിയിൽ വളർത്തുന്നത്.
- സ്ത്രീകൾക്കിടയിൽ വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കപ്പെട്ടതായ പുത്തൻ സ്ത്രീസൗന്ദര്യസങ്കല്പങ്ങളും, സൗന്ദര്യവർദ്ധകവസ്തുക്കളുടെ അമിതമായ ഉപയോഗവും വരുത്തുന്ന ആരോഗ്യപ്രശ്നങ്ങളും, സാമ്പത്തിക പ്രശ്നങ്ങളും.
- സ്ത്രീമാസികകൾ ബോധപൂർവ്വം സ്ത്രീകളിൽ അടിച്ചേൽപ്പിച്ച പൊങ്ങച്ച സംസ്കാരവും അതിലൂടെ ശിശുപരിപാലന രംഗത്തും, കുട്ടികളുടെ വിദ്യാഭ്യാസരംഗത്തും ഉയർന്നു വന്ന പുതിയ പ്രശ്നങ്ങൾ.
- മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, തുടങ്ങിയവയിൽ നിന്നുളവാകുന്ന പ്രശ്നങ്ങൾ ആത്യന്തികമായി സ്ത്രീയാണ് അതിന്റെ ദുരിതങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നത്.
- സ്ത്രീകൾക്കിടയിൽ വന്നിട്ടുള്ള നിർദ്ദോഷകരമായ ഫാഷൻ ഭ്രമം, മുതലെടുക്കുന്നതിന് വ്യാപാര സിനിമാരംഗത്തെ ഫാഷൻ മേക്കർമാരുടെ ശ്രമങ്ങൾ.
- വിവാഹവും അനുബന്ധമായിട്ടുള്ള മതപരമായ ചടങ്ങുകളിലും വന്നിട്ടുള്ള പുതിയ പരിഷ്കാരങ്ങളും സാമ്പത്തികച്ചെലവ് വർദ്ധിപ്പിക്കുന്ന ആർഭാടങ്ങളും.
- പ്രാകൃതമായ സദാചാരചിന്തകളും മാനസിക ശാരീരികാരോഗ്യപ്രശ്നങ്ങളിലുള്ള അറിവില്ലായ്മയും.
- അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, പൂർണ്ണമായി മാറിക്കിട്ടാത്തത്.

*പരിഹാരങ്ങളും നിർദ്ദേശങ്ങളും*

വനിതാക്ഷേമരംഗത്തെ മുഴുവൻ പ്രശ്നങ്ങളും ഇവിടെ ഉന്നയിച്ചിട്ടില്ലായെന്നതുപോലെ തന്നെ വന്നിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരനിർദ്ദേശങ്ങൾ പൂർണ്ണമായി ഇവിടെ രേഖപ്പെടുത്തുന്നില്ല. കൃഷി, വ്യവസായം, സാമൂഹ്യക്ഷേമം, പൊതുജനാരോഗ്യം തുടങ്ങിയ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ സ്ത്രീകളെ ബാധിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമായി ത്തീരുന്നതാണ്. തികച്ചും അടിയന്തിര പ്രാധാന്യം കൊടുക്കേണ്ടതായ വിഷയങ്ങൾ മാത്രം പരാമർശിക്കുന്നു.

- സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ മുന്നിൽക്കണ്ടുകൊണ്ട് എല്ലാ പഞ്ചായത്ത് വാർഡുകളിലും വനിതാ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് ഓരോ പ്രദേശത്തേയും സാദ്ധ്യതകൾക്കനുസരിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. DWCRA, Thrift & Credit unit കൾ റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണം

  കളിപ്പാട്ടം നിർമ്മാണം

  ബുക്ക്ബൈന്റിംഗ്

  സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി, എഴുതാനുള്ള

ചോക്ക്, നിർമ്മാണയൂണിറ്റ്.

തീപ്പെട്ടിനിർമ്മാണം.

അച്ചാർ, പർപ്പടകം, എന്നിവയുടെ നിർമ്മാണം

കാർഷികവിഭവങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷ്യസംസ്ക രണം

ചൂരൽ കൊണ്ടുള്ള ഫർണിച്ചറുകൾ നിർമ്മാണം.

ഈറ, കൈതതോല, ഇവ ഉപയോഗിച്ചുള്ള വീട്ടുപക രണങ്ങളുടെ നിർമ്മാണം.

പാൽ അസംസ്കൃതവസ്തുവാക്കിക്കൊണ്ടുള്ള ഉത്പന്ന ങ്ങളുടെ നിർമ്മാണം.

കൈത്തറിയുടെയും, കരകൗശലവസ്തുക്കളുടേയും നിർമ്മാണം ഇവ സഹകരണ സംഘങ്ങൾ വഴി നട പ്പിലാക്കാവുന്നതാണ്.

- ❑ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള സിനിമക ളും അശ്ലീലപോസ്റ്ററുകളും നിരോധിക്കുക.
- ❑ ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ വഴിയുള്ള അശ്ലീലച്ചുവ യുള്ള പരസ്യങ്ങൾ നിരോധിക്കുക.
- ❑ മദ്യപാനശീലത്തിനും, മയക്കുമരുന്നിനുമെതിരേ വ്യാപ കമായ ബോധവൽക്കരണം ആരംഭിക്കുകയും, തുടർ ന്നുള്ള മദ്യനിരോധനവും അടിയന്തിരമായി നടപ്പിലാ ക്കുകയും ചെയ്യുക. ഇതിൽ സ്ത്രീകളുടേയും സന്നദ്ധ സംഘടനകളുടേയും നിലവിലുള്ള മഹിളാസമാജങ്ങ ളുടെയും സേവനം ഉറപ്പുവരുത്തുക. ജനകീയ കമ്മി റ്റികൾ, സ്ക്വാഡുകൾ തുടങ്ങിയവ രൂപീകരിക്കുക.
- ❑ വിവിധപെൻഷൻ വിതരണത്തിലുള്ള അപാകതകൾ പരിഹരിക്കുക.
- ❑ പുരുഷനാൽ ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകളുടെ 15 വയ സിനകത്തുള്ള കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ അവസ്ഥ ഇവ പരിശോധിക്കുന്നതിനും ശ്രദ്ധി ക്കുന്നതിനും മറ്റും വേണ്ടിയുള്ള പഞ്ചായത്ത് തല ത്തിലുള്ള വനിതാസെൽ രൂപീകരിക്കുക.
- ❑ ഒരു വനിതാ ക്ഷേമ കാര്യാലയം പഞ്ചായത്താഫീസി നോടനുബന്ധിച്ച് സ്ഥാപിച്ച് സ്ത്രീകളുടെ സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനുള്ള പ്രശ്നങ്ങൾ കൈകാ[illegible] ചെയ്യാവുന്നതാണ്.
- ❑ തൊഴിൽ രംഗത്തു പ്രവർത്തിക്കുന്നവരുടെ കുട്ടിക[illegible] ഉദ്ദേശിച്ച്, ശിശുവിഹാർ, ഡേകെയർ സെന്റർ, ക്രഷ് എന്നിവകൾ വ്യാപകമായി സ്ഥാപിക്കുക[illegible] പ്രവർത്തനം ശാസ്ത്രീയമാക്കുകയും വേണം.
- ❑ അംഗീകാരമുള്ളതും, ഗ്രാന്റ് ലഭിക്കുന്നതുമായ ക[illegible] സമിതികൾ, സ്പോർട്ട്സ് ക്ലാസ്സുകൾ, വായനശാലക[illegible] ഇവയിൽ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തു[illegible] മഹിളാ സംഘടനകൾക്കും സജീവ വനിതാ സാമൂഹ്[illegible] പ്രവർത്തകർക്കും പ്രോത്സാഹനം നൽകുക.
- ❑ കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ വനി[illegible] കൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമാ[illegible] ബോധവൽക്കരണവും, ആകർഷകമായ വായ്പാ പദ്[illegible] തികളും ആവിഷ്കരിക്കുക. ഇൻസന്റീവ് അവാർഡു[illegible] കൾ ഏർപ്പെടുത്തുക
- ❑ വനിതാ സഹകരണ സംഘങ്ങൾ, ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ ഇവയുടെ രജിസ്ട്രേഷൻ നട പടികൾ ലളിതമാക്കുകയും, അത്തരം സന്ദർഭങ്ങളിൽ ആവശ്യമായ സഹായത്തിന് പഞ്ചായത്ത് തലത്തിൽ സംവിധാനങ്ങൾ ഉണ്ടാക്കുക.
- ❑ വനിതകളുടേതു മാത്രമായ വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി കണക്ഷനുള്ള കാലതാമസം ഒഴിവാക്കുന്ന തിനുള്ള സംവിധാനമുണ്ടാകണം.
- ❑ വനിതകൾക്കിടയിൽ സാക്ഷരതാ പ്രവർത്തനം തുടർന്ന് മുന്നോട്ടുകൊണ്ടു പോവുകയും, പൊതു വിജ്ഞാന മേഖലയിലേക്ക് കൂടി വ്യാപിപ്പിച്ച് സ്ഥിരം സംവിധാ നമാക്കുകയും വേണം. വനിതാ സാക്ഷരതാ പ്രവർത്ത കർക്ക് ഔദ്യോഗികതലത്തിലും, വിദ്യാഭ്യാസ മേഖല യിലും തസ്തികരണം ഏർപ്പെടുത്തുക.
- ❑ പരിസര ശുചീകരണം, അടുക്കളയുമായി ബന്ധപ്പെട്ട ഊർജ്ജ പ്രതിസന്ധി, രോഗപ്രതിരോധം, വീട്ടുജോ ലികൾ ഇവ എളുപ്പമാക്കുന്നതിനുള്ള ലളിതവും ആധു നികവുമായ മാർഗ്ഗങ്ങൾ സമഗ്രമായ ബോധവൽക്ക രണ പരിപാടിയിലൂടെ ആവിഷ്കരിക്കുക.

- മഹിളാ സമാജങ്ങളുടെ പ്രവർത്തനം വീടുകൾക്ക് ഒന്ന് എന്ന ക്രമത്തിൽ വ്യാപകമാക്കുകയും സജീവമാക്കുകയും ചെയ്യുക. വനിതകളുടെ പ്രവർത്തിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സമാജങ്ങൾ അപ്പോഴപ്പോൾ പഞ്ചായത്ത് വനിതാ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും വേണം.
- സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങൾക്കെതിരെ ഒട്ടേറെ നിയമപരിരക്ഷകൾ വ്യവസ്ഥചെയ്യുന്നുണ്ട്. അവയെക്കുറിച്ചുള്ള അജ്ഞത നിയമസാക്ഷരതാ പ്രവർത്തനത്തിലൂടെ പരിഹരിക്കുകയും, പഞ്ചായത്ത് തലത്തിൽ നിയമസഹായസെൽ രൂപീകരിക്കേണ്ടതുമാണ്.
- നൂതനവും വൈവിദ്ധ്യമുള്ളതുമായ തൊഴിൽ മേഖലയെ പരിചയപ്പെടുന്നതിലേക്ക് പരിശീലനത്തിനും, വൈദഗ്ദ്ധ്യപോഷണത്തിനുമുള്ള പഞ്ചായത്ത്തല സംവിധാനം രൂപപ്പെടുത്തണം.
- സ്ത്രീകൾ കേന്ദ്രീകരിച്ച് പണിയെടുക്കുന്ന തൊഴിൽ മേഖലകളിൽ പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ നിയമപരമായി ഉറപ്പുവരുത്തുക
- അഭ്യസ്ഥവിദ്യരായ വനിതകൾക്ക് മത്സരപ്പരീക്ഷകളിൽ വിജയം വരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ സൗജന്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.
- നെയ്ത്ത്, പ്ലാസ്റ്റിക് ഉപകരണങ്ങൾ നിർമ്മിക്കുക, എംബ്രോയിഡറി & നീഡിൽ വർക്ക്, കരകൗശലവസ്തുക്കൾ നിർമ്മിക്കുക റബ്ബർ ഉപയോഗിച്ച്കൊണ്ടുള്ള ഉല്പന്നങ്ങൾ എന്നിവക്കായി ഒരു പരിശീലന കേന്ദ്രം ഉണ്ടാക്കുക. പ്രധാനകേന്ദ്രങ്ങളിൽ ഉല്പന്നങ്ങളുടെ സംഭരണ വിതരണ കേന്ദ്രം സ്ഥാപിക്കണം.
- പുഷ്പകൃഷി ചെലവ് കുറഞ്ഞരീതിയിൽ നടത്തുന്നതിന് വനിതകൾക്ക് പരിശീലനം നൽകുക
- പുഷ്പ ഫല പച്ചക്കറി സംഭരണവിതരണ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ ഉണ്ടാവണം.
- വനിതകൾക്കായി കുടിൽ വ്യവസായം നടപ്പിലാക്കുക
- അശരണരായ സ്ത്രീകൾക്കായി അഭയകേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക
- സ്ത്രീധന നിരോധനനിയമം കർശനമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള നിയമം കൂടാതെ ജനകീയ ക്ലാസുകൾ സംഘടിപ്പിച്ച് ആ കിരാതാവസ്ഥയ്ക്കറുതി വരുത്തി വനിതകളുടെ സാമൂഹ്യ നീതി ഉറപ്പുവരുത്തേണ്ടതാണ്.



# സംസ്കാരം 5.10

വികസനത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ആത്യന്തിക വിജയത്തിന് ആസൂത്രണപ്രക്രിയയിലാകെ സാംസ്കാരത്തിനും സാംസ്കാരിക സ്ഥാപനങ്ങൾക്കും മുഖ്യമായ സ്ഥാനം നൽകിയേ തീരൂ. സാസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമ്മികമായ വിശ്വാസങ്ങളും, മൂല്യബോധവും, ആചാരാനാചാരങ്ങളും, അനുഷ്ഠാനങ്ങളും, എല്ലാം അതിൽപ്പെടും. സാംസ്കാരം മനുഷ്യരുടെ ജൈവ വാസനകളെ സാമൂഹ്യ പ്രചോദനങ്ങളാക്കി മാറ്റുകയും അവയെ കർമ്മനിരതമാക്കി ജീവിത സാക്ഷാത്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഒരു കാർഷികസംസ്കാരത്തിന്റെ ലാളിത്യവും, ലാവണ്യബോധവും, ചാരുതയുമെല്ലാംകൊണ്ട് കർമ്മകണ്ഠങ്ങൾ രചിച്ചവരാണല്ലോ നമ്മുടെ പൂർവ്വസൂരികൾ. അങ്ങനെ സമുജ്ജ്വലമായൊരു സംസ്കാരിക പൈതൃകത്തെ ഉൾപ്പുളകത്തോടെ നെഞ്ചേറ്റി നടക്കുന്നവരാണ് ഈ ഗ്രാമവാസികൾ. ഋതുഭേദങ്ങളുടെ സ്വരരാഗ താളലയങ്ങൾക്കൊത്ത് നൃത്തം ചെയ്യുന്ന മനസ്സുകൾക്കെവിടയോ താളപ്പിഴവന്നുവോ? ജന്മിനാടുവാഴിത്തം അരങ്ങുതകർത്തിരുന്ന കാലഘട്ടത്തിൽ പോലും, ശംഖനാദങ്ങളും, ബാങ്കുവിളികളും, പള്ളിമേടയിലെ മണിയൊച്ചയുമെല്ലാം സംഗീതം പോലെ ആസ്വദിച്ചിരുന്ന മനസ്സുകളിൽ എവിടെയോ ശ്രുതിഭംഗംവന്നുവോ?

"തലയാട്ടം കളിച്ചെന്റെ, തലയെല്ലാം കുഴയുന്നു

വണ്ടാർകുഴലിയാളെ, ചൊട്ടെണ്ണതായോ"

പോയ്പ്പോയ ഓണ നാളുകളിൽ സ്ത്രീകൾ കളിച്ചിരുന്ന തലയാട്ടം കളിയിലെ ഈരടികളാണിത് ഇതിൽ പലതും അമ്മുമ്മമാരുടെ നാവിൻ തുമ്പിൽ അന്ത്യവിശ്രമം കൊള്ളുന്നു. കൂടാതെ കൈകൊട്ടിക്കളി, തിരുവാതിരകളി, ഓണക്കളി, തുമ്പിതുള്ളൽ തുടങ്ങിയ കളികൾക്ക് പാട്ടുകളായിരുന്ന നാടൻശീലുകൾ കേൾക്കാനില്ല. നെൽകൃഷിയുടെ കാലം കഴിഞ്ഞതോടെ ഞാറ്റുപാട്ടും കാലം ചെയ്തു. ക്ഷേത്രവും, വിശ്വാസങ്ങളും അവശേഷിക്കുന്നതു കൊണ്ട് തോറ്റം പാട്ട് ആളില്ലാ വേദിയിൽ പാടുന്നത് ഉച്ചഭാഷിണിയിലൂടെ അകലെ കേൾക്കാം. ഓണക്കളിയും, കമ്പടവുകളിയും, കടുവാകളിയും, തോലുമാടനുമൊക്കെ. ടൂറിസം വാരാഘോഷത്തിന് നഗരവീഥിയിൽ മാത്രം അരങ്ങേറുന്നു. കുട്ടികൾകളിച്ചിരുന്ന തലപ്പന്ത്കളി, കിളിത്തട്ടുകളി, കുട്ടീം കോലും തുടങ്ങിയ കളികളെക്കുറിച്ച് കുട്ടികളോടു പറഞ്ഞാൽ അവർ അത്ഭുതംകൊള്ളും.

വെള്ളാണിക്കക്കുന്നിലെ ഗോത്രവർഗ്ഗക്കാരുടെ കാളീക്ഷേത്രത്തിൽ പാടിയിരുന്ന ചാറ്റു പാട്ടും, തേരുവിളക്കും, കരിക്കുനൈവേദ്യവും, ഗുരുസിയുമെല്ലാം അന്യം നിന്നുപോയെ ആദിവാസി സംസ്കാരത്തിന്റെ തെളിവുകളായി അവശേഷിക്കുന്നു.

ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചു നടക്കുന്ന കുലവാഴച്ചിറപ്പും, വില്ലിന്മേൽ തൂക്കവും, ഊട്ടും പാട്ടുമെല്ലാം കഴിഞ്ഞുപോയ കാർഷിക സംസ്കാരത്തിന്റെ ബാക്കിപത്രങ്ങളാണ്.

സംസ്കാരത്തിന്റെ വാഹനം സംവേദനമാധ്യമങ്ങളാണല്ലോ. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറിവന്ന സംവേദനരീതികൾ ഉച്ചനീചത്വ സമൂഹത്തിൽ ഭൂരിപക്ഷത്തിന് അനഭിഗമ്യമായിരുന്നു. എഴുത്തും, അച്ചടിയും വരമൊഴിയായി വന്നതോടൊപ്പം തന്നെ ദേശീയ പ്രസ്ഥാനങ്ങളുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടേയും മുന്നേറ്റങ്ങൾ അക്ഷരങ്ങളുടെ അനന്തമായ ലോകത്തേയ്ക്ക് സമൂഹത്തെ ആകെ തുറന്നു വിടുന്ന അവസ്ഥ സംജാതമാക്കി.

മാദ്ധ്യമങ്ങളും, ദേശീയ പ്രസ്ഥാനങ്ങളും ഒത്തുചേർന്ന് സംസ്കാരിക മേഖലയിൽ വരുത്തിത്തീർത്ത മാറ്റങ്ങളുടെ ഹൃദയതാളം ഏറ്റുവാങ്ങാൻ നമ്മുടെ കൊച്ചുഗ്രാമത്തിനും കഴിഞ്ഞിട്ടുണ്ടെന്ന് ഈ പ്രദേശത്തിന്റെ ചരിത്രം വെളിവാക്കുന്നു.

കഴിഞ്ഞിട്ടില്ല. നിസ്വാർത്ഥമായി സാമൂഹ്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന വളരെയേറെ സംഘടനകൾ ഈ പഞ്ചായത്തിലുണ്ട്.

ജെ. ആർ. വൈ, ഐ. ആർ. ഡി. പി, ഐ. എ. വൈ, എം. ഡബ്ലിയു. സ്കീമുകൾ മുഖാന്തിരം സഹായം ലഭിച്ചിട്ടുള്ളവർ 154 പേരാണ്. I.R.D.P. സർവ്വെ പ്രകാരം 2116 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ഇതിൽ 154 കുടുംബങ്ങൾക്ക് ഇതിനകം സഹായം ലഭിച്ചിട്ടുണ്ട്.

പ്രഭാതം മുതൽ പ്രദോഷം വരെ കഠിനാധ്വാനം ചെയ്ത് കുടുംബത്തിൽ ഒതുങ്ങി കഴിയുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളാ കുടുംബ വരുമാനത്തിൽ ചെറിയ പങ്ക് പോലും വഹിക്കാൻ കഴിയാതെ മാനസിക പീഡനമനുഭവിക്കുന്ന ഗ്രാമീണ വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി ഗ്രാമവികസന വകുപ്പ്, 18 നും 35 നും മദ്ധ്യേ പ്രായമുള്ള വനിതകളെ സംഘടിപ്പിച്ച്, കൂട്ടായി തൊഴിൽ ചെയ്യാനുള്ള പദ്ധതിയാണ് D.W.C.R.A. ഈ പദ്ധതി പ്രകാരം 1995-1996ൽ നേതാജി പുരത്ത് 'തനിമ' കറിപൗഡർ യൂണിറ്റിനും 1996-1997ൽ ഇടത്തറ വാർഡിൽ അംഗന പൗൾട്രിഫാമിനും സഹായം ലഭിച്ചു.

I.R.D.P. സർവ്വേ പ്രകാരം സഹായം ലഭിച്ചവർ

| വർഷം | സഹായം ലഭിച്ചവർ | പട്ടികജാതി | മറ്റുള്ളവർ | വനിതകൾ | വികലാംഗർ |
|---|---|---|---|---|---|
| 1992-93 | 35 | 19 | 16 | 18 | 2 |
| 1993-94 | 39 | 20 | 19 | 23 | 1 |
| 1994-95 | 45 | 28 | 17 | 33 | 1 |
| 1995-96 | 35 | 16 | 19 | 26 | 1 |
| ആകെ | 154 | 83 | 71 | 100 | 5 |

I.R.D.P. സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ

| വാർഡ് | സർവ്വെ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | എസ്.സി/എസ്.ടി കുടുംബങ്ങൾ |
|---|---|---|
| 1. വെഞ്ഞാട് | 164 | 42 |
| 2 നേതാജിപുരം | 257 | 8 |
| 3 തൃപ്പള്ളി | 164 | 13 |
| 4 കല്ലൂർ | 118 | 25 |
| 5 മഞ്ഞമല | 190 | 17 |
| 6 മണ്ണറ | 303 | 36 |
| 7 പൂലിവീട് | 236 | 14 |
| 8 പണിമൂല ഇടത്തറ | 256 | 27 |
| 9 പോത്തൻകോട് | 186 | 5 |
| 10 അയിരൂപ്പാറ | 288 | 6 |
| ആകെ | 2116 | 193 |

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങൾ |
|---|---|---|---|
| നേതാജിപുരം | കറിപൗഡർ തനിമ കറിപൗഡർ യൂണിറ്റ് | 1995-96 | 10 |
| ഇടത്തറ | അംഗന പൗൾട്രിഫാം | 1996-97 | 10 (Sc.4) |
| അയിരൂപ്പാറ | ഗ്രാമസ്വരാജ് അച്ചാറു നിർമ്മാണം | 1995-96 | 10 |

R.A.P. (റൂറൽ ആർട്ടിസാന്സ് പ്രോഗ്രാം)

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്. 1993-1995 വരെ 29 പേർക്ക് ഈ പദ്ധതി പ്രകാരമുള്ള സഹായം ലഭിച്ചു.

R.A.P. പ്രകാരം സഹായം ലഭിച്ചവർ

| വർഷം | എണ്ണം |
|---|---|
| 1993-94 | 14 |
| 1994-95 | 15 |
| | ---- |
| ആകെ | 29 |

പഞ്ചായത്തുമേഖലയിൽ 12 ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 6 എണ്ണത്തിൽ ഫീഡിംഗ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. നേതാജിപുരത്ത് പഞ്ചായത്തിന്റേതായ ഒരു ശിശു സംരക്ഷണ കേന്ദ്രവും ഉണ്ട്. രണ്ട് സർക്കാർ സ്ക്കൂളുകളിൽ പ്രീപ്രൈമറി ക്ലാസുകൾ നടത്തുന്നുണ്ട്. പതിമൂന്ന് മഹിളാസമാജങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുവെങ്കിലും എല്ലാ വാർഡുകളിലും മഹിളാസമാജങ്ങളുടെ പ്രവർത്തനം ഇല്ല.

### ട്രൈസം

ട്രൈസം പദ്ധതി പ്രകാരം 18 നും 35 നും മദ്ധ്യേ പ്രായമുള്ളവരും I.R.D.P. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുമായ 26 പേർക്ക് തൊഴിൽ പരിശീലനം ലഭിച്ചു. ഇവരെല്ലാം തന്നെ സ്വയം തൊഴിൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

| പരിശീലന വിഷയത്തിന്റെ പേര് | വർഷം | പരിശീലനം ലഭിച്ചവർ | സ്വയംതൊഴിൽ കണ്ടെത്തിയവർ | പട്ടികജാതി |
|---|---|---|---|---|
| ടെയ്ലറിംഗ് | 1992-93 | 3 | 3 | |
| | 1993-94 | 9 | 9 | |
| | 1994-95 | 2 | 2 | |
| കറി പൗഡർ പാക്കിംഗ് | 1995-96 | 12 | 10 | 2 |
| ആകെ | | 26 | 24 | 2 |

### മഹിളാസമാജങ്ങൾ

1. പ്രസന്നോദയം മഹിളാസമാജം
2. നേതാജിപുരം മഹിളാസമാജം
3. സുവർണ്ണാ മഹിളാസമാജം
4. അയണിമൂട് മഹിളാസമാജം
5. പ്രിയദർശിനി മഹിളാസമാജം
6. അരിയോട്ടുകോണം മഹിളാസമാജം
7. മോട്ടുക്കോണം മഹിളാസമാജം
8. മംഗളോദയം മഹിളാസമാജം
9. മെയ്പ്പറമ്പ് മഹിളാസമാജം
10. രാമപുരം മഹിളാസമാജം
11. ഗ്രാമ സ്വരാജ് മഹിളാസമാജം
12. ജനശക്തി മഹിളാസമാജം.
13. ജ്യോതിർപ്രഭ മഹിളാസമാജം. മംഗലത്തുനട

### ഭവനസഹായ പദ്ധതി

J.R.Y. പദ്ധതി പ്രകാരം ഇതിനകം 4? വീടുകൾ നിർമ്മിച്ചുകൊടുക്കുകയുണ്ടായി. ഇതിൽ 37 വീടുകൾ പട്ടികജാതിയിൽപ്പെട്ടവർക്കാണു കൊടുത്തത്. 10 വീടുകൾ മറ്റു വിഭാഗക്കാർക്കും ലഭിക്കുകയാണുണ്ടായി. ഇതു കൂടാതെ 32 കക്കൂസുകളും നിർമ്മിച്ചുകൊടുക്കുകയുണ്ടായി.

| ബാലവാടികൾ | |
|---|---|
| ഫീഡിംഗ് ഉള്ളവ | ഫീഡിംഗ് ഇല്ലാത്തവ |
| 1. പ്രസന്നോദയം ബാലവാടി | 1. ശിശുവിഹാർ നേതാജിപുരം |
| 2. നേതാജിപുരം ബാലവാടി | 2. സുവർണ്ണ മഹിളാസമാജം ബാലവാടി |
| 3. അയണിമൂട്ബാലവാടി | 3. അരിയോട്ടുകോണം മഹിളാസമാജം |
| 4. മംഗളോദയം ബാലവാടി | 4. പണിമൂല ബാലവാടി |
| 5. കളിക്കൽ ബാലവാടി | 5. പ്ലാമൂട് ബാലവാടി |
| 6. ഗ്രാമസ്വരാജ് ബാലവാടി | 6. മേലേവിള ബാലവാടി |

വീടുകൾ, I.A.Y, J.R.Y, M.W. സ്കീമുകൾ പ്രകാരം

| വർഷം | എണ്ണം | പട്ടികജാതി | മറ്റുള്ളവർ |
|---|---|---|---|
| 1992-93 | 5 | 5 | |
| 1993-94 | 6 | 6 | 2 |
| 1994-95 | 20 | 15 | 5 |
| 1995-96 | 16 | 11 | 3 |
| ആകെ | 47 | 37 | 10 |

കക്കൂസ്

| വർഷം | എണ്ണം |
|---|---|
| 1993-94 | 7 |
| 1994-95 | 12 |
| 1995-96 | 13 |
| ആകെ | 32 |

സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം 1992-93 വർഷത്തിൽ പോത്തൻകോട് മഹിളാസമാജം 10020 തൈകളും ശാന്തിപുരം ഗ്രാമസ്വരാജ്മഹിളാസമാജം 10250 തൈകളും ഉൽപ്പാദിപ്പിച്ചു വിതരണം നടത്തിയിട്ടുണ്ട്. അൽബീസിയ, അമ്പഴം, ആഞ്ഞിൽ, കണിക്കൊന്ന, പേര, അരണമരം, ബദാം, പുന്ന, ഇലവ്,നെല്ലി എന്നി ഇനത്തിൽപ്പെട്ട തൈകളാണ് വിതരണം നടത്തിയത്.

അഭ്യസ്തവിദ്യരും 18നും 35നും മദ്ധ്യപ്രായമുള്ളവരുമായ ധാരാളം യുവതീ യുവാക്കൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്ട്രർ ചെയ്തു തൊഴിലിനുവേണ്ടി കാത്തിരിക്കുന്നുണ്ട്. ഇവരെ ഏകോപിപ്പിച്ച് പുതിയ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കാൻ കഴിയാമോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ
2. അംഗൻവാടികൾ, ക്രഷുകൾ തുടങ്ങിയവയുടെ അപര്യാപ്തത.
3. മഹിളാസമാജങ്ങളുടെ പ്രവർത്തനം എല്ലാ വാർഡിലും ഇല്ല.
4. ആധുനികരീതിയിലുള്ള കമ്മ്യൂണിക്കേഷന്റെ അഭാവം.
5. നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിൽ വരുത്തുന്നതിലുള്ള കാലതാമസം.
6. ക്ഷേമനിധികളുടെ ആനുകൂല്യം അർഹരായിട്ടുള്ളവർക്ക് നിഷേധിക്കുന്നതും അനർഹരായിട്ടുള്ളവർക്ക് നൽകുന്നതും
7. അർഹരായവർക്ക് മിച്ചഭൂമി ലഭിക്കാത്ത അവസ്ഥ.
8. പബ്ലിക്ക് കംഫർട്ടുസ്റ്റേഷനുകൾ ഇല്ലാത്തത്.
9. പൊതുശ്മശാനങ്ങൾ ഇല്ലാത്തതുകൊണ്ടുള്ള വിഷമതകൾ.
10. സർക്കാർ സ്ഥാപനങ്ങളിലെ അഴിമതിയിലൂടെ കൈക്കൂലിയും.

## നിർദ്ദേശങ്ങൾ സാധ്യതകൾ

1. തൊഴിലില്ലായ്മ പരിഹരിക്കാനായി ചെറുകിട വ്യവസായ സംരംഭങ്ങൾ, കുടിൽ വ്യവസായങ്ങൾ എന്നിവ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കുക.
2. ബാലവാടികൾ കാര്യക്ഷമമാക്കുക, ക്രെഷുകൾ സ്ഥാപിക്കുക.
3. പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കുവാ

നായി ഒരു സാംസ്കാരികകേന്ദ്രം സ്ഥാപിക്കുക.

4. പഞ്ചായത്തിന് പുതിയ കോൺഫറൻസ് ഹാൾ ഉണ്ടാക്കുക.

5. സർക്കാർ സ്ഥാപനങ്ങളിൽ കൈക്കൂലിയും അഴിമതിയും നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ മേൽ കർശന നടപടികൾ സ്വീകരിക്കുക.

6. സജീവമായി പ്രവർത്തിക്കുന്ന വനിതാ സംഘടനകൾക്കും, സന്നദ്ധസംഘടനകൾക്കും ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.

7. എല്ലാ വാർഡുകളിലും പ്രധാന കേന്ദ്രങ്ങളിൽ ടെലിവിഷൻ കിയോസ്ക്കുകൾ സ്ഥാപിക്കുക.

8. സാധ്യമായ പ്രദേശങ്ങളിൽ മിൽമാ ബൂത്തുകൾ തുടങ്ങുക.

9. വാർദ്ധക്യ കാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ; അഗതി പെൻഷൻ, അവശ കലാകാരൻമാർക്കുള്ള പെൻഷൻ തുടങ്ങിവ അർഹമായ എല്ലാപേർക്കും യഥാസമയം പഞ്ചാത്തിലൂടെ ലഭ്യമാക്കുക.

10. എല്ലാ വാർഡുകളിലും സർവ്വേയുടെ അടിസ്ഥാനത്തിൽ അംഗൻവാടികൾ സ്ഥാപിക്കുക. ഇതിനുവേണ്ടി സ്ഥലം നൽകാൻ പൊതുജനങ്ങൾ തയ്യാറാണ്.

11. പഞ്ചായത്തുകേന്ദ്രീകരിച്ചു വൃദ്ധമന്ദിരം സ്ഥാപിക്കുക.

12. ഒരു പൊതു ശ്മശാനം ഉണ്ടാക്കുക.

13. സർക്കാർ മാവേലി സ്റ്റോറുകൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിച്ച് ന്യായവിലയ്ക്ക് അത്യാവശ്യസാധനങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാക്കുക.

14. റവന്യൂ കാർഡുകൾ ലഭ്യമാക്കുക.

15. ഉപഭോക്തൃബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

16. അംഗ വൈകല്യം സംഭവിച്ചവരും, മന്ദബുദ്ധികളുമായ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേകപദ്ധതി തയ്യാറാക്കുക.

17. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മാതൃകയിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി പഞ്ചായത്തിൽ രൂപീകരിക്കുക.

18. ഗ്രാമപഞ്ചായത്ത് ഒരു ആംബുലൻസ് വാങ്ങി ആവശ്യക്കാർക്ക് വാടകയ്ക്ക് നൽകുക.

19. വേങ്ങോട് കേന്ദ്രമാക്കി പുതിയ പഞ്ചായത്ത് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഒരു വർഷക്കാലം വേങ്ങോട് പഞ്ചായത്ത് രൂപീകരിക്കുന്നതിനായി ഓഫീസ് വാടകയ്ക്കെടുത്തു പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ഇതുവരെയും പഞ്ചായത്തു രൂപീകൃതമായിട്ടില്ല.

20. പഞ്ചായത്തിൽ ഒരു കമ്യൂണിറ്റിഹാൾ നിർമ്മിക്കുക.

| കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങൾ | |
|---|---|
| വേങ്ങോട് | 102 |
| നേതാജിപുരം | 148 |
| തച്ചപ്പള്ളി | 133 |
| കല്ലൂർ | 160 |
| മഞ്ഞമല | 147 |
| മണ്ണറ | 124 |
| പുലിവീട് | 179 |
| പണിമൂല | 75 |
| ഇടത്തറ | 125 |
| പോത്തൻകോട് | 80 |
| അയിരൂപ്പാറ | 95 |

ജനവിദ്യാകേന്ദ്രങ്ങൾ - സാമൂഹ്യക്ഷേമം

1. വയലാർ സാസ്കാരികവേദി ജനവിദ്യാകേന്ദ്രം - കല്ലുവിള
2. ജ്യോതിർ പ്രഭ ജന വിദ്യാകേന്ദ്രം മംഗലത്തുനട
3. കളീക്കൽ ജനവിദ്യാകേന്ദ്രം

# പട്ടികജ്ജാതി പട്ടികവർഗ്ഗ ക്ഷേമം

5-8

നമ്മുടെ പഞ്ചായത്തിൽ ഒരു കാലത്ത് ഉണ്ടായിരുന്നതും ഇപ്പോൾ ആരും തന്നെ അവശേഷിക്കാത്തതുമായ ഒരു വർഗ്ഗമാണ് പട്ടികവർഗ്ഗം. വെള്ളാണിക്കൽക്കുന്നിന്റെ താഴ്വാരങ്ങളിൽ നിറഞ്ഞുനിന്ന വനസൗഭാഗ്യങ്ങളിൽ നിന്ന് ജീവിതം കണ്ടെത്തിയിരുന്ന ആദിമ ഗോത്രത്തിലെ കറുത്ത മക്കൾ ഇന്നിവിടെ കാണാനില്ല. ഹരിത വനങ്ങളുടെ കുളിർമ്മയോടൊപ്പം പൊലിഞ്ഞു പോയത് അവരുടെ സ്വപ്നങ്ങളും. കാട്ടുതടിയുടെ മാറിൽ മഴുപ്പാടുകൾ വീഴ്ത്തിയ ആധുനിക നാഗരികതയുടെ ശുഷ്കമനസ്സുകൾക്കുമുന്നിൽ ഓർമ്മകളായി അവശേഷിച്ചത് കാട്ടുജാതിക്കാരന്റെ ഇഷ്ടദേവതകളെ ആവാഹിച്ചിരുന്ന പാറകൾ മാത്രം. എന്തുകൊണ്ടോ ക്ഷതം വരാത്ത വിശ്വാസങ്ങളുടെ ദൃഷ്ടാന്തങ്ങളായി അവരുടെ പൂജാവിധികളും, അനുഷ്ടാനങ്ങളും തുടരുന്നു. അതിനുമുന്നിൽ രണ്ടു കൊച്ചു ക്ഷേത്രങ്ങളും പുതിയ മനുഷ്യരുടെ വകയായിവന്നു.

പട്ടികജ്ജാതിക്കാരുടെ ജാതിപ്പേരുകൾ തിരിച്ചുപറയാതെ തന്നെ ഒന്നറിയാം, ഈ മണ്ണിനെ ധന്യമാക്കിയതവരായിരുന്നു. അവരുടെ വിയർപ്പിന്റെ ഗന്ധം നിറഞ്ഞ മണ്ണിൽ നിന്ന് കൊയ്തെടുത്ത ധാന്യമണികൾ കൊണ്ട് പള്ള വീർത്ത പത്തായങ്ങൾ പോലും അവരെ അകറ്റി നിർത്തി. ചായക്കടയുടെ പിന്നാമ്പുറത്ത് മുളം ചാലുകളിലൂടെ ഒഴുകിയെത്തുന്ന ചായ ചിരട്ടയിലേറ്റുവാങ്ങി മോന്താൻ വിധിക്കപ്പെട്ട കാലത്തും അവനിൽ സ്വപ്നങ്ങളുണ്ടായിരുന്നു. സ്വന്തമായിട്ടൊരു തുണ്ട് ഭൂമിയും, അതിലൊരു കൂരയും, ഓരത്തൊരു കുലവാഴയും. തെങ്ങും ചേർന്നൊരു വലിയ ലോകം. അവരുടെ കൊച്ചു കൊച്ചു സ്വപ്നങ്ങൾ യാഥാർത്ഥ്യമാകാൻ ഇടതുപക്ഷപ്രസ്ഥാനങ്ങൾ ഒരുക്കിയ വഴിത്താരയിലൂടെ ഒട്ടേറെ ദൂരം പിന്നിടേണ്ടി വന്നു. വഴിയിലൊഴുകിയ ചോരച്ചാലുകളിൽ നിന്ന് പോരാളികളുടെ ഇതിഹാസമുണ്ടായി. അങ്ങനെ മനുഷ്യനായിട്ട് അംഗീകരിച്ചുകിട്ടാൻ ചോര അർപ്പിക്കേണ്ടി വന്നൊരു സമൂഹത്തിന് ഒരു ജീവിതവും സാമൂഹ്യനീതിയും ഉറപ്പാക്കാൻ ഒരു പാടുകാര്യങ്ങൾ ബാക്കി കിടക്കുന്നു. തൂമ്പയേന്തിയ കറുത്ത പേശിയുടെ കരത്തറിയാൻ മോഹിക്കുന്ന ഈ മണ്ണ് അതിന്റെ നേരവകാശിയെ കാത്തിരിക്കുമ്പോൾ കട്ടിളിനിയുമുണ്ടെന്ന് തിരിച്ചറിവാണ് നമ്മെനയിക്കുന്നത്.

പോത്തൻകോട് പഞ്ചായത്തിന്റെ കാർഷികമേഖലയിൽ ഏറെ സംഭാവന ചെതിട്ടുള്ളവരാണ് പട്ടികജ്ജാതി വിഭാഗക്കാർ. ആകെയുള്ള കർഷകതൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ഈ വിഭാഗക്കാരായിരുന്നു. മണ്ണിൽ കനകം വിളയിച്ച അദ്ധ്വാന സമ്പത്തിന്റെ ഉടമകൾ ജന്മിമാരുടെ ഭൂമിയിൽ മാടുകളെ പോലെ പണിയെടുത്തപ്പോഴും നിറത്തിന്റെയും, ജാതിയുടെയും പേരിൽ എല്ലാ മേഖലകളിലും അയിത്തം കല്പിച്ചു മാറ്റി നിർത്തിയിരുന്ന കാലം പഴംങ്കഥയായി. നമ്മുടെ പഞ്ചയത്തിന്റെ ഏതാണ്ടെല്ലാ പ്രദേശത്തും ഈ വിഭാഗമുണ്ട്. അവർ സമൂഹജീവിതത്തിന്റെ വിവിധ മേഖലകളിൽ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തിയിരിക്കുന്നു. എന്നിരുന്നാലും സാമൂഹ്യനീതി യാഥാർത്ഥ്യമാക്കി, സമത്വത്തിന്റെയും,

അധികാരത്തിന്റെയും ഗിരിസൃംഗങ്ങളിലേക്ക് കൈ പിടിച്ചുയർത്തുകയാണ് ഈ കാലഘട്ടം ആവശ്യപ്പെടുന്ന കടമകളിൽ പ്രധാനം

| | |
|---|---|
| പഞ്ചായത്തിലെ സംഖ്യ | 24995 |
| പട്ടിക ജാതി | 2600 |
| പുരുഷൻ | 1295 |
| സ്ത്രീകൾ | 1305 |

പട്ടികജാതി കോളനികൾ വലതും ചെറുതുമായി നിലവിലുണ്ട് കൂടാതെ പട്ടികജാതിക്കാർ കൂടുതലായിട്ടുള്ള ലക്ഷം വീടുകോളനികൾ കുന്നുകാട്, ആനയ്ക്കോട് , പാലോട്ടുകോണം, പേരുത്തല എന്നി പ്രദേശത്തായി സ്ഥിതി ചെയ്യുന്നു.

ഇതിൽ വേങ്ങോട് മാതൃകാ പട്ടിക ജാതി കോളനി പോത്തൻകോട് പഞ്ചായത്തിന്റേയും കുറച്ചുഭാഗം മംഗലപുരം പഞ്ചായത്തിന്റേയും പ്രദേശങ്ങളിലായി 511 ഏക്കറോളം പ്രദേശത്ത് വ്യാപിച്ചുകിടക്കുന്നു. ഈ മാതൃകാ പട്ടികജാതി കോളനി ഇൻഡ്യയിലെ തന്നെ ഏറ്റവും മികച്ച മാതൃകയായി ചൂണ്ടിക്കാട്ടാൻ പോന്നതാണെന്നസത്യം ഞങ്ങൾ അഭിമാനത്തോടെ പറയുന്നു. അരയേക്കർ സ്ഥലത്ത് ഒരു വീടും മറ്റും പാർപ്പിട സൗകര്യങ്ങളും, കൂടാതെ കൃഷിയിടമായി രണ്ടേക്കർ ഭൂമി വേറെയും ഓരോ കുടുംബത്തിനും നൽകി ജില്ലയുടെ വിവധ ഭാഗങ്ങളിൽ നിന്നുയായി നൂറ്റിഎൺപതോളം കുടുംബങ്ങളെ പാർപ്പിച്ചിരിക്കുന്നത് കണ്ടാൽ അപരിചിതർ അത്ഭുതപ്പെട്ടുപോകം. റബ്ബർ ബോർഡിന്റെ സഹായത്തോടെ രണ്ടേക്കർ വരുന്ന പ്രദേശങ്ങളിലെല്ലാം റബ്ബർ കൃഷി നടത്തി ഇപ്പോൾ ആദായമെടുത്തു തുടങ്ങിയിട്ടുണ്ട്. മുഴുവൻ വീടുകൾക്കു മുന്നിലും ഗതാഗതസൗകര്യം, മുഴവൻ വീടുകൾക്കും വൈദ്യുതി, സാനിട്ടേഷൻ സൗകര്യം, ശുദ്ധജലസൗകര്യം, ഈ നിലയിൽ പ്രാഥമിക പാർപ്പിടസൗകര്യങ്ങൾ എല്ലാം പൂർണ്ണമായി നൽകികൊണ്ട് ആരംഭിച്ച ഈ കോളനിയിൽ ഒരു യാഥാർത്ഥ കോളനിയുടേതായ സമ്പൂർണ്ണത ലക്ഷ്യമാക്കിയുള്ള മറ്റു പ്രവർത്തനങ്ങളും നടന്നു വരുന്നു.

1972 ലാണ് ഈ കോളനി ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 180 പട്ടികജാതിക്കാരായ അഭ്യസ്ഥവിദ്യർക്കാണ് ഈ കോളനിയിൽ വീടുകൾ ന്ലികിയത്. സ്വയം പര്യപ്തതലക്ഷ്യമാക്കി വൃക്ഷതൈകൾ, പച്ചക്കറിവിത്തുകളും, വളവും, കോഴികുഞ്ഞ്, കോഴിവളർത്തൽ സൗകര്യങ്ങൾ പശുവളർത്തൽ സൗകര്യങ്ങൾ തുടങ്ങിയവ ഈ കോളനിയിൽ വിതരണം നടത്തിയിരുന്നു കൂടാതെ കോളനി വാസികളായ ആളുകൾക്ക് അംഗത്വം കൊടുത്തുകൊണ്ട് നടത്തുന്ന ജോയിന്റ് ഫാമിംഗ് സഹകരണ സംഘം, രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. കൂടാതെ ഒരു മിനി ഇൻഡസ്ട്രിയിൽ എസ്റ്റേറ്റുമുണ്ട് ഇതിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നു: ഒരു പൊതുമന്ദിരവും ഇതിനകത്തുണ്ട്.

## മറ്റുകോളനികൾ

വേങ്ങോട് പട്ടികജാതി കോളനി കൂടാതെ കളിയ്ക്കൽ , തെറ്റിച്ചിറ, കണ്ടുകുഴി തെറ്റിച്ചിറ പേരുത്തല, പാണൻവിള, മണ്ഡപകുന്ന് എന്നി കോളനികൾ നിലവിലുണ്ട് അതിൽ കളിയ്ക്കൽ കോളനി മാത്രമാണ് I H.D.P. കോളനിയായി അംഗികരിച്ചിട്ടുള്ളത്. മറ്റുകോളനികളിൽ പട്ടികജാതി വിഭാഗക്കാർ ഭൂരിപക്ഷമുള്ള കോളനികളാണ്. അവയെല്ലാം തന്നെ I.H.D.P. കോളനിയാക്കി അംഗീകരിച്ച് സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.

കൂടാതെ കട്ടിയാട് മലമുകൾ, തച്ചപള്ളിയിലെ ഊളൻകാവു വട്ടം ചക്കം വിളാകം, ശ്രീനാരയണപുരം, ഖബറടി കുറ്റിക്കാട് പ്രദേശം, പുല്ലുവിളാകം കുരങ്ങില്ലാകോണം മഞ്ഞമല കമ്പ

റവിളാകം, പുലിവീട്ടിൽ ഇടയംകോട്, പണിമൂല യിൽ തെറ്റിച്ചിറകിഴക്ക് കേന്ദ്രങ്ങൾ തുടങ്ങിയവ പട്ടികജാതി സങ്കേതങ്ങളാക്കി അംഗീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടതാണ്.

നിലവിലുള്ള പട്ടികജാതി സങ്കേതങ്ങളുടെ സ്ഥിതി വളരെ ശോചനിയമാണ്. മിക്കവാറും വീടുകൾ നാലോ അതിൽ താഴയോ സെന്റ് സ്ഥലത്തിനകത്താണ് വച്ചിരിക്കുന്നത്. വിടുകൾ എന്നു പറയാൻ കഴിയാത്തവിധത്തിലുള്ള ചെറിയ കൂരകളാണ് ഏറിയപങ്കും. ഭൂരിപക്ഷം വിടുകൾക്കും വൈദ്യുതി ലഭിച്ചിട്ടില്ല. ചില ഭാഗങ്ങളിൽ വൈദ്യുതി എത്തിച്ചേർന്നിട്ടുപോലുമില്ല. ഗതാഗതസൗകര്യം തീരെയില്ലാത്ത ഭാഗങ്ങളിലാണ് പല പട്ടികജാതി സങ്കേതങ്ങളും സ്ഥിതിചെയ്യുന്നത്ഭ വീടുകളുലെ ഘടനതന്നെ കാറ്റും വെളിച്ചവും തീരെ ലഭിക്കാത്ത തരത്തിലുള്ളതായാതിനാൽ ഇവിടെ താമസിക്കുവരുടെ ആരോഗ്യസ്ഥിതി മോശമാകുന്നതിനുള്ള സാദ്ധ്യതകൾ ഏറെയുണ്ട് പ്രാഥമികാവശ്യയങ്ങൾക്കുള്ള സൗകര്യങ്ങൾ മിക്കവാറും വീടുകളിൽ ഇല്ലാത്തസഥ്തിയാണ്. അതുപോലെ ശുദ്ധജലക്ഷാമവും വളരെ ഗുരുതരമായ അരോഗ്യപ്രശ്നങ്ങൾ ഉയർത്തുന്നു. ഈ പ്രദേശങ്ങളിൽ എല്ലാ കാലത്തും പകർച്ചവ്യാധി ഭീഷണി നിലനില്ക്കുന്നു.

### ലക്ഷം വിടുകോളനികൾ

കുന്നുകാട്, ആനയ്ക്കോട്, പാലോട്ടുകോണം, പേരുത്തല, എന്നിലക്ഷംവീടുകോളനികളിലായി 65 വീടുകളും അതിൽ 130 കുടുംബങ്ങളും താമസിക്കുന്നുണ്ട്. 80 ഓളം കുടുംബങ്ങളും പട്ടിക ജാതി വിഭാഗക്കാരാണ് . ഓരോ കെട്ടിടത്തിലും രണ്ടും വ്യത്യസ്ഥകുടുംബങ്ങൾ വീതമാണ് താമസിക്കുന്നത് ഈ സംവിധാനം കൊണ്ട് ജീവിതത്തിന്റെ സ്വകാര്യത നഷ്ടപ്പെടുകയും, കലഹത്തിന്റെയും സംഘർഷത്തിന്റെയും അന്തരിക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു. ഒരു കെട്ടിടം രണ്ടു വ്യക്തികൾ കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി കേടുപാടുകൾ തീർക്കുന്നതിൽ അലംഭാവം വരുത്തുന്ന അവയസ്ഥ കാണുന്നുണ്ട്. മരണം, വിവാഹം തുടങ്ങിയവയുമായി ബന്ധപ്പെട ചടങ്ങുകൾക്ക്ണ സൗകര്യം തിരെയില്ലാത്തതുകൊണ്ട് സാമൂഹിക പ്രശനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മിക്കവാറും വീടാകളെല്ലാം തന്നെ അടിയന്തിരമായി അറ്റകുറ്റപ്പണികൾ തീർത്താലെ സുരക്ഷിതത്വ ബോധത്തോടുകൂടിയ ഒരു ജീവിതം അവിടെ സാധ്യമാകൂ.

പട്ടികജാതി സങ്കേതങ്ങൾക്ക് പുറത്ത് ഒറ്റപ്പെട്ടു കഴിയുന്ന ഒട്ടേറെപ്പേരുണ്ട്.ഇവരിൽ തന്നെ വളരെ കുറച്ചുപേർക്ക്മാത്രമാണ് അല്പസ്വല്പം മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളുള്ളത്. മഹാഭൂരിപക്ഷത്തിനും ഭൂതകാലത്തിന്റെ ഓർമ്മകളുണർത്തുന്ന ദുരിതങ്ങൾ തന്നെയാണ് ഇപ്പോഴും നിലനില്കുന്നത്.സർക്കാരിൽ നിന്നും ഇന്നേവരെ ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ തന്നെ വളരെ പരിമിതവും അശാസ്ത്രീയവുമായിരുന്നു. തികച്ചും ശാസ്ത്രീയവും, സ്ഥായിയായ ഗുണം ലഭിക്കേണ്ടതുമായ ഒട്ടേറെ പദ്ധതികൾക്ക് രൂപം നല്കിക്കൊണ്ട് മാത്രമേ ഈ വിഭാഗത്തെ സാമ്പത്തികമായും, വിദ്യാഭ്യാസ പരമായും കൂടുതൽ ഉദ്ധരിക്കുന്നതിനും അതിലൂടെ ഈ അടിസ്ഥാന വർഗ്ഗത്തിന് സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനും കഴിയൂ.

### പട്ടികജാതി ക്ഷേമപ്രവർത്തനങ്ങളിലൂള്ള പ്രശ്ങ്ങൾ

1. എല്ലാവർക്കും സ്വന്തമായി സ്ഥലവും വീടും ഇല്ല.
2. ഭവന തിർമ്മാണ ധനസഹായത്തിന്റെ അപര്യാപ്തത
3. പ്രാഥമിക സൗകര്യങ്ങളുടെ കുറവ്.
4. പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും വേണ്ടത്ര ഇല്ല.

5. ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെട്ട വയല്ല.
6. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിസ്തക്കും പെൺമക്കളുടെ വിവാഹത്തിന് ആവശ്യമായ ധനസഹായം ലഭ്യമല്ല.
7. പട്ടികജാതി പട്ടികവർഗക്ഷേമത്തിനായുള്ള പദ്ധതികളെ സംബന്ധച്ചുള്ള അറിവില്ലായ്മ.
8. ക്ഷേമസേവന പദ്ധതികൾ യഥാസമയം ലഭിക്കുന്നില്ല.
9. തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു.
10. ഈ വിഭാഗക്കാരുടെ ജീവിത നിലവാരത്തകർച്ച.
11. വിദ്യാസപരമായ പിന്നോക്കാവസ്ഥ.
12. സാമൂഹ്യമായ പിന്നോക്കാവസ്ഥ.

**പരിഹാര നിർദ്ദേശങ്ങൾ**

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ബോധവത്ക്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പദ്ധതികളുടെ നടത്തിപ്പിൽ ഈ വിഭാഗക്കാരുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.

പഞ്ചായത്തുതലത്തുൽ ഈ വിഭാഗക്കാരിലുള്ള വിദഗ്ദ്ധരെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന അഭിപ്രായം. ദളിത് ക്രൈസ്ത വരെ സംവരണത്തിൽ ഉൾപ്പെടുത്തുകയും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം എല്ലാമേഖലകളിലും നൽകുകയും ചെയ്യുന്നതിനു വേണ്ടുന്ന നടപടികൾ കൈക്കൊള്ളണമെന്നതാണ്. ഇവരുടെ, ജാതി മത സർട്ടിഫിക്കറ്റുകൾ പഞ്ചായത്തു മുഖാന്തിരം നൽകാനുള്ള നടപടികൾ സ്വീകരിക്കുക.

പട്ടികജാതി സങ്കേതങ്ങളിൽ കുലത്തൊഴിലുകളിൽ ഏർപ്പെട്ടിരുക്കുന്നവരെ സഹായിക്കുന്നതിനു വേണ്ടുന്ന പദ്ധതികൾ രൂപീകരിക്കുകയും. പഞ്ചായത്തിൽ ഒരു പട്ടിക ജാതി ക്ഷേമ സഹകരണസംഘം രൂപീകരിക്കുകയും ചെയ്യുക.

പട്ടികജാതി സങ്കേതങ്ങളിൽ വനിതകൾക്കുവേണ്ടിയുള്ള തൊഴിൽ സംഘങ്ങൾ സ്ഥാപിച്ചുകൊണ്ട് ഈ മേഖലയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുക.

ഈ വിഭാഗക്കാരിലുള്ള നിരക്ഷരരെ കണ്ടെത്തുകയും തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പട്ടികജാതിക്കോളനികളിൽ വായനശാലകൾ സ്ഥാപിക്കുകയും ചെയ്യുക.

നിലവിലുള്ള പട്ടികജാതി കോളനികൾ ഐ.എച്ച്.ഡി.പി. സ്കീമിൽ ഉൾപ്പെടുത്തുകയും ക്ഷേമപ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യുക.

ഭൂ രഹിതരായവർക്ക് പഞ്ചായത്തിലെ പുറംമ്പോക്ക് ഭൂമി പതിച്ചുകൊടുക്കുകയും വീട്, കക്കൂസ് എന്നിവയ്ക്കുള്ള ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യുക

പട്ടികജാതിയിൽപ്പെട്ട കുട്ടികൾ സ്കൂളുൽ പോകാതിരിക്കുകയോ, പഠിത്തം നിർത്തുകയോ ചെയ്യുന്ന സ്ഥിതിയുണ്ട്. ധനസഹായങ്ങൾ ലഭിച്ചിട്ടും ഇത്തരം പ്രവർണത കൂടിവരുന്നതായിക്കാണാം ഇത് പരിഹരിക്കുന്നതിനു വേണ്ടി വ്യാപകമായ ബോധവത്ക്കരണം സംഘടിപ്പിക്കേണ്ടതായുണ്ട്.

പഞ്ചായത്തിലുള്ള പട്ടികജാതി തൊഴിൽ സംഘങ്ങൾ വേണ്ടത്ര ഫലപ്രദമായി നടത്തുന്നതിനുവേണ്ട സഹായങ്ങൾ ലഭ്യമാക്കുകയും ഈ രംഗത്തേയ്ക്ക് പരിശീലനം സിദ്ധിച്ച ആളുകളെ ഉൾപ്പെടുത്തി വിപുലീകരിക്കുകയും ചെയ്യുക.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 10000 രൂപയാക്കി ഉയർത്തുക.

എല്ലാ പട്ടികജ്ജാതി സങ്കേതങ്ങളിലും ശുദ്ധജലവിതരണസംവിധാനങ്ങൾ ഏർപ്പെടുത്തുക. നിലവിലുള്ള ഉപയോഗശൂന്യമായ ജലവിതരണ സംവിധാനങ്ങൾ പുനരുദ്ധീകരിക്കുക.

വൈദ്യുതീകരണത്തിനായി വയറിംഗ് ചെയ്തിട്ട വീടുകളിൽ വളരെ പെട്ടെന്ന് വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക. വൈദ്യുതി എത്തിച്ചേരാത്തിടങ്ങളിൽ വേണ്ട സംവിധാനങ്ങൾ ഉണ്ടക്കി വൈദ്യുതിയെത്തിക്കുക.

പട്ടികജ്ജാതി സങ്കേതങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.

ലക്ഷംവീട് കോളനികളിലെ വീടുകൾ പുനരുദ്ധരിക്കുക. നിലവിലുള്ള ലക്ഷം വീടുകളിൽ രണ്ടു കുടുംബങ്ങൾ എന്നതൊഴിവാക്കി ഒരു കുടുംബത്തിന് ഒരു വീട് എന്നതരത്തിൽ നൽകി താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

പട്ടികജ്ജാതി സങ്കേതങ്ങളിൽ T.V കോസ്കുകൾ സ്ഥാപിക്കുക. പട്ടിക ജ്ജാതിക്കാർക്കായി അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം വിതരണം ചെയ്യുക.



പഞ്ചായത്ത്തല
ശില്പശാല

# വനിതാക്ഷേമം

## 5.9

വനിതാ വിമോചന പ്രസ്ഥാനങ്ങളുടെ ജാജ്വല്യമാന യ മുന്നേറ്റങ്ങൾകൊണ്ട് വിസ്മയം കൊള്ളുന്ന ഒരു കാല ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. എന്നിരുന്നാലും ഈ സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം എന്ത്? സ്ത്രീ എവിടെ നില്ക്കുന്നു? ഈ ചോദ്യങ്ങൾക്ക് മുന്നിൽ വിറങ്ങലിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളാണ് നമ്മെ തുറിച്ചു നോക്കുന്നത്. വേദോപ നിഷത്തുകളിലൂടെ പൗരാണിക കാലഘട്ടങ്ങളിൽ സ്ത്രീയ്ക്ക് ഗണ്യമായ സ്ഥാനവും തുല്യതയും ലഭിച്ചിരുന്നുവെന്ന് ആദിമ ഗ്രന്ഥങ്ങൾ നമ്മോടോതുന്നു. ഉല്പാദന ബന്ധങ്ങളുടെയും ഉല്പാദന ശക്തികളുടെയും പടയോട്ടങ്ങൾക്കിടയിൽ വർഗ്ഗതാത്പ ര്യങ്ങളുടെ യാഗാഗ്നിയിൽ സ്ത്രീസ്വാതന്ത്ര്യം ബലിമൃഗമായി മാറി യതും ചരിത്രം കണ്ടു. സ്ത്രീക്കെതിരെയുള്ള കടന്നാക്രമണങ്ങ ളും നീതിനിഷേധിക്കലും സ്ത്രീ പീഢനത്തിനെതിരെ രോഷാ ഗ്നി ഉയർത്തുമ്പോൾ തന്നെ സ്ത്രീയെ തന്ത്രപൂർവ്വം കെണിയി ലാക്കി വെറും വളർത്തുമൃഗമാക്കി മാറ്റുന്നതിനുള്ള ബോധ പൂർവ്വമായ ശ്രമങ്ങളും ഒരേ കൈകൾ കൊണ്ട് ചെയ്യുന്നത് നാം കാണുന്നു.

പുത്തൻ ലോകക്രമത്തിന്റെയും ലോകവ്യാപാരകുത്ത കകളുടേയും വക്താക്കളായ ഗന്ധർവ്വ കുമാരന്മാർ സ്ത്രീയെ അംഗലാവണ്യത്തിന്റെ ചായം തേച്ച മത്സരവേദികളിൽ കാഴ്ച വസ്തുവാക്കുന്നത് സ്ത്രീയോടുള്ള ആദരവുകൊണ്ടല്ല. മറിച്ച് തങ്ങ ളുടെ ഉല്പന്നങ്ങളുടെ വിപണിയോടുള്ള ആദരവുകൊണ്ടാണ്. വനിതകളെ ഉദ്ധരിക്കുവാനെന്നു പറഞ്ഞ് അലങ്കാരവസ്തുക്ക ളുടെ അകമ്പടിയോടെ മിന്നുന്ന ആടയാഭരണങ്ങളാൽ അണി ഞ്ഞൊരുങ്ങി എത്തുന്ന വനിതാ മാസികകൾ പോലും സ്ത്രീയെ സ്വയം കാഴ്ച വസ്തുവാക്കുവാൻ പഠിപ്പിക്കുന്നു. അക്ഷരങ്ങ ളുടെ ലോകത്തേക്ക് നുഴഞ്ഞുകയറി ജലസസ്യങ്ങൾ പോലെ ഉപരിതലത്തിൽ പടന്നു കിടക്കുന്ന പൈങ്കിളി സാഹിത്യവാരി കകളും ചെയ്യുന്ന ധർമ്മം സ്ത്രീയെ അവരുടെ ലോകത്തിൽ നിന്നും അകറ്റി മറ്റേതോ ലോകത്തേക്ക് നയിക്കുക എന്നതാ ണ്. സർവ്വ വ്യാപിയായി മാറിയ ശ്രവ്യദൃശ്യ വാർത്താമാദ്ധ്യമ ങ്ങളും സ്ത്രീയെ മോഹിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും അനു നയിപ്പിക്കുകയും ചെയ്തുകൊണ്ട് സ്വയം തീർക്കുന്ന തടവറ കളിൽ കിടക്ക വിരിപ്പിക്കുകയാണ്.

സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ദിശാബോധത്തിന്റെ ആയുധമണിഞ്ഞ് സാമൂഹ്യമാറ്റങ്ങളുടെ പൊതുധാരയിലേക്ക് കടന്നുവരുന്നതിലൂടെ മാത്രമേ ചെറുത്തുനില്പും മുന്നേറ്റവും യാഥാർത്ഥ്യമാകൂ എന്ന് ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനങ്ങളിൽ സജീവസാ ന്നിദ്ധ്യംകൊണ്ട് ശ്രദ്ധേയരായ വനിതകൾ നമ്മുടെ പ്രദേശ ത്തില്ലായെങ്കിലും അന്യസ്മരണപോരാട്ടങ്ങളിലെ നായകന്മാരെ ത്യാഗപൂർവ്വം സംരക്ഷിക്കുകയും അവർക്ക് ഒളിത്താവളങ്ങൾ ഒരുക്കി സമനുരഹസ്യങ്ങൾ പ്രണനേക്കാളേറെ പ്രാധാന്യം കൊടുത്ത് സൂക്ഷിക്കുകയും ചെയ്ത് സാഹസികതയുടെ പ ര്യായങ്ങളായി തീർന്ന വീട്ടമ്മമാരുണ്ടായിരുന്നു. പക്ഷെ ചരി ത്രത്തിന്റെ താളുകളിൽ അവർക്കിടം കിട്ടിയില്ല.

ജനാധിപത്യസംവിധാനത്തിൽ സ്ത്രീകൾക്കുണ്ടാകേണ്ട സ്വാഭാവിക പങ്കാളിത്തത്തിനു വേണ്ടി നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ട ചർച്ചകൾ നടന്നുകൊണ്ടിരിക്കു മ്പോൾത്തന്നെ പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ നമ്മുടെ പഞ്ചായത്തിലും വനിതാപ്രാതിനിധ്യം വർദ്ധിച്ചിട്ടുണ്ട്. എന്നി രുന്നാലും വികസനപ്രക്രിയയിൽ കുറഞ്ഞ പങ്കാളിത്തം മാത്ര മാണ് കാണുന്നത്. വ്യത്യസ്ത കാഴ്ചപ്പാടുകൾ വെച്ചു പു ലർത്തുന്ന വനിതാസംഘടനകളുടെ പ്രവർത്തനങ്ങൾ പരിമി തമായിട്ടുണ്ടെങ്കിലും സ്ത്രീകളുടെ സാമൂഹിക പദവിക്കെതിരായി നിലനില്ക്കുന്ന ഘടകങ്ങളെ സൂക്ഷ്മമായി തിരിച്ചറിയാനും അവ പരിഹരിക്കാനുമുള്ള മൂർത്തമായ പരിപാടികൾ ആവിഷ്കരി ക്കുന്നതിൽ ഇനിയുമെത്രയോ മുന്നോട്ടു പോകേണ്ടതായിട്ടു ണ്ട്.

എഴുപതുകളിൽ സജീവമായി ഉയർന്നുവന്ന കുടുംബ ക്ഷേമ പരിപാടികളുടെ പ്രായോഗിക പ്രവർത്തനങ്ങൾ ഏറ്റെടുത്തത് നമ്മുടെ നാട്ടിൽ അന്ന് രൂപം കൊണ്ട മഹിളാസമാജങ്ങളാണ്. സന്നദ്ധസേവനരംഗത്ത് പുത്തൻമാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് മഹിളകൾ തങ്ങളുടെ സേവനവൈഭവം തെളിയിച്ചിട്ടുണ്ട്. 89-ൽ നടന്ന സാക്ഷരതായജ്ഞത്തിൽ നമ്മുടെ പഞ്ചായത്തിലെ വനിതാപങ്കാളിത്തം ശ്രദ്ധേയമായിരുന്നു. അവസരങ്ങളുടെ ധന്യമുഹൂർത്തങ്ങളിൽ കർമ്മശേഷി കെട്ടഴിച്ചുവിടാൻ കഴിയുമെന്ന് വനിതാസമൂഹം ഒന്നിലധികം തവണ തെളിയിച്ചുകഴിഞ്ഞു. വികസനപ്രക്രിയയുടെ ഊഷരഭൂമികളിൽ സ്ത്രീ സമൂഹത്തിന്റെ കഴിവുകൾ പ്രയോജനപ്പെടുത്താൻ ഈ കാലഘട്ടത്തിനു കഴിയണം.

ജനാധിപത്യമഹിളാ അസോസിയേഷൻ, മഹിളാ കോൺഗ്രസ്, മഹിളാ സംഘം തുടങ്ങിയ മഹിളാ പ്രസ്ഥാനങ്ങളുടെ ഘടകങ്ങൾ നേരിയതോതിൽ ഈ പഞ്ചായത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും ഇതിലെല്ലാം കൂടി പ്രവർത്തിക്കുന്ന മഹിളകളുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പ്രദേശത്ത് പതിമൂന്ന് മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയെല്ലാം ക്രോഡീകരിച്ചു പ്രവർത്തിച്ചാൽ പ്പോലും വനിതകൾ നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള യത്നങ്ങൾക്ക് നേതൃത്വം നൽകാൻ പ്രാപ്തിയായിട്ടില്ലെന്നതാണ് സത്യം. അതുകൊണ്ട് കൂടുതൽ മഹിളാസമാജങ്ങളും മറ്റു സാംസ്കാരിക സംഘടനകളുമായി ബന്ധപ്പെട്ടിട്ടുള്ള മഹിളാ പ്രവർത്തനങ്ങളും അതിന് കേന്ദ്രീകൃതമായി നയിക്കുന്നതിനാവശ്യമായ പഞ്ചായത്ത് തലസമിതിയും കാര്യാലയവും കൂടിയേ തീരൂ.

ഇപ്പോൾ പതിനൊന്ന് വാർഡുകളുള്ള പഞ്ചായത്തിൽന്ന് 11 (പതിനൊന്ന്) മഹിളാ സമാജങ്ങളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ ചിലതിന്റെ പ്രവർത്തനം പരിമിതമായ നിലയിൽ മാത്രമാണ്. 4 മഹിളാ സമാജങ്ങളോടൊപ്പം ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇനിയുമെത്രയോ ബാലവാടികൾ കൂടിയുണ്ടായാലേ മാതൃശിശുക്ഷേമരംഗത്തെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുകയുള്ളൂ. അതു സംഘടിപ്പിക്കുന്നതിനുള്ള മഹിളാ സമാജങ്ങൾ പുതിയതായി രൂപീകരിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നിലവിലുള്ളതും ഇനി സംഘടിപ്പിക്കേണ്ടതുമായ മഹിളാസമാജങ്ങൾക്ക് പുതിയ മാർഗ്ഗരേഖ തയ്യാറാക്കി അവയുടെ പ്രവർത്തനശൈലി കുറെക്കൂടി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ആധുനിക ഇലക്ട്രോണിക് വാർത്താമാദ്ധ്യമങ്ങളുടെ ഗുണപരമായ വശങ്ങൾ പ്രയോജനപ്പെടുത്തി വനിതകളുടെ പൊതുവിജ്ഞാനം നിലവാരം മെച്ചപ്പെടുത്തുന്നതിന് മഹിളാസമാജങ്ങൾ വഴി സാധിക്കും. അതുവഴി മഹിളാസമാജങ്ങൾ, സ്ത്രീ സമൂഹത്തിന്റെ അദ്ധ്യാപകരായിത്തീരുന്ന കാലം വിദൂരമല്ല. ആകെയുള്ള ജനസംഖ്യയുടെ പകുതിയിലധികം വരുന്ന 12729 ആണ് ഈ പഞ്ചായത്തിലെ വനിതകളുടെ എണ്ണം. അതിൽ 9384 പേർ ഔപചാരിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സാക്ഷരരായവരും 3345 പേർ സാക്ഷരതാ യജ്ഞത്തിന്റെ ഫലമായി സാക്ഷരത നേടിയവരുമാണ്. അതിൽ തന്നെ ചെറിയൊരു ഭാഗം ഇപ്പോഴും നിരക്ഷരർ തന്നെയാണ്. വനിതാ ക്ഷേമരംഗത്ത് നാം ഇനിയുമെത്രയോ കാതംഅകലെ സഞ്ചരിക്കേണ്ടിയിരിക്കുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

*പ്രശ്നങ്ങൾ*

വനിതകളെ നേരിട്ടു ബാധിക്കുന്നതും പരോക്ഷമായി ബാധിക്കുന്നതുമായ ഒട്ടേറെ പ്രശ്നങ്ങളുടെ കൂമ്പാരം തന്നെ നമ്മുടെ മുന്നിലുണ്ട്. ആയതിനാൽ പ്രത്യക്ഷമായി ബാധിക്കുന്ന ചില പ്രശ്നങ്ങളിലേക്ക് അടിയന്തിര ശ്രദ്ധ തിരിയേണ്ടതായിരിക്കുന്നു. മറ്റു പ്രശ്നങ്ങൾ പൊതുവികസനപ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

- നിലവിലുള്ള മഹിളാ പ്രസ്ഥാനങ്ങളുടേയും മഹിളാ സമാജങ്ങളുടേയും മാത്രം പ്രവർത്തനം സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങളെ നേരിടുന്നതിന് തീരെ പര്യാപ്തമല്ല.
- ഔപചാരകവിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളാണ് ആൺകുട്ടികളെ അപേക്ഷിച്ച് കൂടുതൽ മികച്ച വിജയങ്ങൾ നേടുന്നത്. എന്നാൽ തൊഴിൽപരമായ മത്സരപരീക്ഷയിലും മറ്റും ആനുപാതികമായി മികച്ച നിലവാരം പുലർത്തിക്കാണുന്നില്ല.
- കൂലിപ്പണിമേഖലയിൽ പ്രവർത്തിയെടുക്കുന്ന സ്ത്രീകൾ പോലും, കുറച്ചുകൂടി കായികാദ്ധ്വാനം കുറഞ്ഞ കാർഷികവൃത്തിയിൽ ഏർപ്പെടാതിരിക്കുന്ന അവസ്ഥ നിലനിൽക്കുന്നു.

- സമ്പത്തുല്പാദന മേഖലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം തീരെ കുറവായിത്തീരുന്നത് ദേശീയ വരുമാനത്തിന്റെ കാര്യത്തിൽ വലിയ തിരിച്ചടികൾ ഉണ്ടാക്കുന്നുണ്ട്.
- കന്നുകാലിവളർത്തൽ മേഖലയിൽ വായ്പകളും മറ്റും ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമല്ലാത്തത് സ്ത്രീകളെ ആ രംഗത്ത് നിന്ന് പിന്തിരിപ്പിക്കുന്നു.
- സ്ത്രീപീഡനത്തിനും, ലൈംഗികചൂഷണത്തിനുമെതിരെയുള്ള ചെറുത്തുനില്പിനും, നിയമനടപടികൾക്കുമുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അറിവില്ലായ്മ.
- കായികരംഗത്തെ പ്രവർത്തനങ്ങളിലും, കൂട്ടായ്മയുള്ള പ്രവർത്തനങ്ങളിലും പങ്കെടുക്കാനുള്ള അവസരങ്ങളുടെ കുറവ്.
- അച്ചടിമാദ്ധ്യമങ്ങൾ സ്ത്രീകൾക്കിടയിലുള്ള വായനാശീലത്തെ മുതലെടുത്ത് അവരുടെ സാമൂഹ്യബോധത്തെ വികലമാക്കുന്ന പ്രവണത.
- ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെയുള്ള വാണിജ്യപരസ്യങ്ങളും, മറ്റുപരിപാടികളും സ്ത്രീയെ അവഹേളിക്കുകയും, മാനസികമായി ദുർബലരാക്കിത്തീർക്കുകയും ചെയ്യുന്നു.
- സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മയും അവയുയർത്തുന്ന കുടുംബപ്രശ്നങ്ങളും
- സ്ത്രീപീഡനവും, സ്ത്രീധനസമ്പ്രദായത്തിന്റെ രൂക്ഷതയും അച്ഛനമ്മമാരിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ.
- സ്ത്രീധന സമ്പ്രദായവും, വിവാഹച്ചെലവുകളിൽ വന്നിട്ടുള്ള ഭാരിച്ച വർദ്ധനയും മുന്നിൽക്കണ്ടുകൊണ്ട് പെൺകുട്ടികളെ വ്യത്യസ്തരീതിയിൽ വളർത്തുന്നത്.
- സ്ത്രീകൾക്കിടയിൽ വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കപ്പെട്ടതായ പുത്തൻ സ്ത്രീസൗന്ദര്യസങ്കല്പങ്ങളും, സൗന്ദര്യവർദ്ധകവസ്തുക്കളുടെ അമിതമായ ഉപയോഗവും വരുത്തുന്ന ആരോഗ്യപ്രശ്നങ്ങളും, സാമ്പത്തിക പ്രശ്നങ്ങളും.
- സ്ത്രീമാസികകൾ ബോധപൂർവ്വം സ്ത്രീകളിൽ അടിച്ചേൽപ്പിച്ച പൊങ്ങച്ച സംസ്കാരവും അതിലൂടെ ശിശുപരിപാലന രംഗത്തും, കുട്ടികളുടെ വിദ്യാഭ്യാസരംഗത്തും ഉയർന്നു വന്ന പുതിയ പ്രശ്നങ്ങൾ.
- മദ്യപാനം, മയക്കുമരുന്ന് ഉപയോഗം, തുടങ്ങിയവയിൽ നിന്നുളവാകുന്ന പ്രശ്നങ്ങൾ ആത്യന്തികമായി സ്ത്രീയാണ് അതിന്റെ ദുരിതങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നത്.
- സ്ത്രീകൾക്കിടയിൽ വന്നിട്ടുള്ള നിർദ്ദോഷകരമായ ഫാഷൻ ഭ്രമം, മുതലെടുക്കുന്നതിന് വ്യാപാര സിനിമാരംഗത്തെ ഫാഷൻ മേക്കർമാരുടെ ശ്രമങ്ങൾ.
- വിവാഹവും അനുബന്ധമായിട്ടുള്ള മതപരമായ ചടങ്ങുകളിലും വന്നിട്ടുള്ള പുതിയ പരിഷ്കാരങ്ങളും സാമ്പത്തികച്ചെലവ് വർദ്ധിപ്പിക്കുന്ന ആർഭാടങ്ങളും.
- പ്രാകൃതമായ സദാചാരചിന്തകളും മാനസിക ശാരീരികാരോഗ്യപ്രശ്നങ്ങളിലുള്ള അറിവില്ലായ്മയും.
- അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, പൂർണ്ണമായി മാറിക്കിട്ടാത്തത്.

*പരിഹാരങ്ങളും നിർദ്ദേശങ്ങളും*

വനിതാക്ഷേമരംഗത്തെ മുഴുവൻ പ്രശ്നങ്ങളും ഇവിടെ ഉന്നയിച്ചിട്ടില്ലായെന്നതുപോലെ തന്നെ വന്നിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരനിർദ്ദേശങ്ങൾ പൂർണ്ണമായി ഇവിടെ രേഖപ്പെടുത്തുന്നില്ല. കൃഷി, വ്യവസായം, സാമൂഹ്യക്ഷേമം, പൊതുജനാരോഗ്യം തുടങ്ങിയ രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ സ്ത്രീകളെ ബാധിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമായി ത്തീരുന്നതാണ്. തികച്ചും അടിയന്തിര പ്രാധാന്യം കൊടുക്കേണ്ടതായ വിഷയങ്ങൾ മാത്രം പരാമർശിക്കുന്നു.

- സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ മുന്നിൽക്കണ്ടുകൊണ്ട് എല്ലാ പഞ്ചായത്ത് വാർഡുകളിലും വനിതാ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് ഓരോ പ്രദേശത്തേയും സാദ്ധ്യതകൾക്കനുസരിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. DWCRA, Thrift & Credit unit കൾ റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണം

  കളിപ്പാട്ടം നിർമ്മാണം

  ബുക്ക്ബൈന്റിംഗ്

  സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി, എഴുതാനുള്ള

ചോക്ക്, നിർമ്മാണയൂണിറ്റ്.

തീപ്പെട്ടിനിർമ്മാണം.

അച്ചാർ, പർപ്പടകം, എന്നിവയുടെ നിർമ്മാണം

കാർഷികവിഭവങ്ങൾ ഉപയോഗിച്ചുള്ള ഭക്ഷ്യസംസ്കരണം

ചൂരൽ കൊണ്ടുള്ള ഫർണിച്ചറുകൾ നിർമ്മാണം.

ഈറ, കൈതതോല, ഇവ ഉപയോഗിച്ചുള്ള വീട്ടുപകരണങ്ങളുടെ നിർമ്മാണം.

പാൽ അസംസ്കൃതവസ്തുവാക്കിക്കൊണ്ടുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം.

കൈത്തറിയുടെയും, കരകൗശലവസ്തുക്കളുടേയും നിർമ്മാണം ഇവ സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കാവുന്നതാണ്.

- സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള സിനിമകളും അശ്ലീലപോസ്റ്ററുകളും നിരോധിക്കുക.
- ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ വഴിയുള്ള അശ്ലീലച്ചുവയുള്ള പരസ്യങ്ങൾ നിരോധിക്കുക.
- മദ്യപാനശീലത്തിനും, മയക്കുമരുന്നിനുമെതിരേ വ്യാപകമായ ബോധവൽക്കരണം ആരംഭിക്കുകയും, തുടർന്നുള്ള മദ്യനിരോധനവും അടിയന്തിരമായി നടപ്പിലാക്കുകയും ചെയ്യുക. ഇതിൽ സ്ത്രീകളുടേയും സന്നദ്ധ സംഘടനകളുടേയും നിലവിലുള്ള മഹിളാസമാജങ്ങളുടെയും സേവനം ഉറപ്പുവരുത്തുക. ജനകീയ കമ്മിറ്റികൾ, സ്ക്വാഡുകൾ തുടങ്ങിയവ രൂപീകരിക്കുക.
- വിവിധപെൻഷൻ വിതരണത്തിലുള്ള അപാകതകൾ പരിഹരിക്കുക.
- പുരുഷനാൽ ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകളുടെ 15 വയസിനകത്തുള്ള കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ അവസ്ഥ ഇവ പരിശോധിക്കുന്നതിനും, ശ്രദ്ധിക്കുന്നതിനും മറ്റും വേണ്ടിയുള്ള പഞ്ചായത്ത് തലത്തിലുള്ള വനിതാസെൽ രൂപീകരിക്കുക.
- ഒരു വനിതാ ക്ഷേമ കാര്യാലയം പഞ്ചായത്താഫീസിനോടനുബന്ധിച്ച് സ്ഥാപിച്ച് സ്ത്രീകളുടെ സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യാവുന്നതാണ്.
- തൊഴിൽ രംഗത്തു പ്രവർത്തിക്കുന്നവരുടെ കുട്ടികളെ ഉദ്ദേശിച്ച്, ശിശുവിഹാർ, ഡേകെയർ സെന്റർ, ക്രഷേ എന്നിവകൾ വ്യാപകമായി സ്ഥാപിക്കുകയും, പ്രവർത്തനം ശാസ്ത്രീയമാക്കുകയും വേണം.
- അംഗീകാരമുള്ളതും, ഗ്രാന്റ് ലഭിക്കുന്നതുമായ കലാസമിതികൾ, സ്പോർട്ട്സ് ക്ലാസ്സുകൾ, വായനശാലകൾ ഇവയിൽ വനിതാ പ്രാതിനിധ്യം ഉറപ്പുവരുത്തുക. മഹിളാ സംഘടനകൾക്കും സജീവ വനിതാ സാമൂഹ്യ പ്രവർത്തകർക്കും പ്രോത്സാഹനം നൽകുക.
- കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ വനിതകൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണവും, ആകർഷകമായ വായ്പാ പദ്ധതികളും ആവിഷ്കരിക്കുക. ഇൻസന്റീവ് അവാർഡുകൾ ഏർപ്പെടുത്തുക
- വനിതാ സഹകരണ സംഘങ്ങൾ, ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ ഇവയുടെ രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കുകയും, അത്തരം സന്ദർഭങ്ങളിൽ ആവശ്യമായ സഹായത്തിന് പഞ്ചായത്ത് തലത്തിൽ സംവിധാനങ്ങൾ ഉണ്ടാക്കുക.
- വനിതകളുടേതു മാത്രമായ വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി കണക്ഷനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള സംവിധാനമുണ്ടാകണം.
- വനിതകൾക്കിടയിൽ സാക്ഷരതാ പ്രവർത്തനം തുടർന്ന് മുന്നോട്ടുകൊണ്ടു പോവുകയും, പൊതു വിജ്ഞാന മേഖലയിലേക്ക് കൂടി വ്യാപിപ്പിച്ച് സ്ഥിരം സംവിധാനമാക്കുകയും വേണം. വനിതാ സാക്ഷരതാ പ്രവർത്തകർക്ക് ഔദ്യോഗികതലത്തിലും, വിദ്യാഭ്യാസ മേഖലയിലും തസവരണം ഏർപ്പെടുത്തുക.
- പരിസര ശുചീകരണം, അടുക്കളയുമായി ബന്ധപ്പെട്ട ഊർജ്ജ പ്രതിസന്ധി, രോഗപ്രതിരോധം, വീട്ടുജോലികൾ ഇവ എളുപ്പമാക്കുന്നതിനുള്ള ലളിതവും ആധുനികവുമായ മാർഗ്ഗങ്ങൾ സമഗ്രമായ ബോധവൽക്കരണ പരിപാടിയിലൂടെ ആവിഷ്കരിക്കുക.

- മഹിളാ സമാജങ്ങളുടെ പ്രവർത്തനം വീടുകൾക്ക് ഒന്ന് എന്ന ക്രമത്തിൽ വ്യാപകമാക്കുകയും സജീവമാക്കുകയും ചെയ്യുക. വനിതകളുടെ പ്രവർത്തിമേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് സമാജങ്ങൾ അപ്പോഴപ്പോൾ പഞ്ചായത്ത് വനിതാ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും വേണം.
- സ്ത്രീകൾക്കെതിരെയുള്ള കടന്നാക്രമണങ്ങൾക്കെതിരെ ഒട്ടേറെ നിയമപരിരക്ഷകൾ വ്യവസ്ഥചെയ്യുന്നുണ്ട്. അവയെക്കുറിച്ചുള്ള അജ്ഞത നിയമസാക്ഷരതാ പ്രവർത്തനത്തിലൂടെ പരിഹരിക്കുകയും, പഞ്ചായത്ത് തലത്തിൽ നിയമസഹായസെൽ രൂപീകരിക്കേണ്ടതുമാണ്.
- നൂതനവും വൈവിദ്ധ്യമുള്ളതുമായ തൊഴിൽ മേഖലയെ പരിചയപ്പെടുന്നതിലേക്ക് പരിശീലനത്തിനും, വൈദഗ്ധ്യപോഷണത്തിനുമുള്ള പഞ്ചായത്ത്തല സംവിധാനം രൂപപ്പെടുത്തണം.
- സ്ത്രീകൾ കേന്ദ്രീകരിച്ച് പണിയെടുക്കുന്ന തൊഴിൽ മേഖലകളിൽ പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ നിയമപരമായി ഉറപ്പുവരുത്തുക
- അഭ്യസ്ഥവിദ്യരായ വനിതകൾക്ക് മത്സരപ്പരീക്ഷകളിൽ വിജയം വരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ സൗജന്യ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.
- നെയ്ത്ത്, പ്ലാസ്റ്റിക് ഉപകരണങ്ങൾ നിർമ്മിക്കുക, എംബ്രോയിഡറി & നീഡിൽ വർക്ക്, കരകൗശലവസ്തുക്കൾ നിർമ്മിക്കുക റബ്ബർ ഉപയോഗിച്ച്കൊണ്ടുള്ള ഉല്പന്നങ്ങൾ എന്നിവക്കായി ഒരു പരിശീലന കേന്ദ്രം ഉണ്ടാക്കുക. പ്രധാനകേന്ദ്രങ്ങളിൽ ഉല്പന്നങ്ങളുടെ സംഭരണ വിതരണ കേന്ദ്രം സ്ഥാപിക്കണം.
- പുഷ്പകൃഷി ചെലവ് കുറഞ്ഞരീതിയിൽ നടത്തുന്നതിന് വനിതകൾക്ക് പരിശീലനം നൽകുക
- പുഷ്പ ഫല പച്ചക്കറി സംഭരണവിതരണ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ ഉണ്ടാവണം.
- വനിതകൾക്കായി കുടിൽ വ്യവസായം നടപ്പിലാക്കുക
- അശരണരായ സ്ത്രീകൾക്കായി അഭയകേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക
- സ്ത്രീധന നിരോധനനിയമം കർശനമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള നിയമം കൂടാതെ ജനകീയ ക്ലാസുകൾ സംഘടിപ്പിച്ച് ആ കിരാതാവസ്ഥയ്ക്കറുതി വരുത്തി വനിതകളുടെ സാമൂഹ്യ നീതി ഉറപ്പുവരുത്തേണ്ടതാണ്.



# സംസ്കാരം 5.10

വികസനത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ആത്യന്തിക വിജയത്തിന് ആസൂത്രണപ്രക്രിയയിലാകെ സാംസ്കാരത്തിനും സാംസ്കാരിക സ്ഥാപനങ്ങൾക്കും മുഖ്യമായ സ്ഥാനം നൽകിയേ തീരൂ. സാസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമ്മികമായ വിശ്വാസങ്ങളും, മൂല്യബോധവും, ആചാരാനാചാരങ്ങളും, അനുഷ്ഠാനങ്ങളും, എല്ലാം അതിൽപ്പെടും. സാംസ്കാരം മനുഷ്യരുടെ ജൈവ വാസനകളെ സാമൂഹ്യ പ്രചോദനങ്ങളാക്കി മാറ്റുകയും അവയെ കർമ്മനിരതമാക്കി ജീവിത സാക്ഷാത്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഒരു കാർഷികസംസ്കാരത്തിന്റെ ലാളിത്യവും, ലാവണ്യബോധവും, ചാരുതയുമെല്ലാംകൊണ്ട് കർമ്മകണ്ഠങ്ങൾ രചിച്ചവരാണല്ലോ നമ്മുടെ പൂർവ്വസൂരികൾ. അങ്ങനെ സമുജ്ജ്വലമായൊരു സംസ്കാരിക പൈതൃകത്തെ ഉൾപ്പുളകത്തോടെ നെഞ്ചേറ്റി നടക്കുന്നവരാണ് ഈ ഗ്രാമവാസികൾ. ഋതുഭേദങ്ങളുടെ സ്വരരാഗ താളലയങ്ങൾക്കൊത്ത് നൃത്തം ചെയ്യുന്ന മനസ്സുകൾക്കെവിടയോ താളപ്പിഴവന്നുവോ? ജന്മിനാടുവാഴിത്തം അരങ്ങുതകർത്തിരുന്ന കാലഘട്ടത്തിൽ പോലും, ശംഖനാദങ്ങളും, ബാങ്കുവിളികളും, പള്ളിമേടയിലെ മണിയൊച്ചയുമെല്ലാം സംഗീതം പോലെ ആസ്വദിച്ചിരുന്ന മനസ്സുകളിൽ എവിടെയോ ശ്രുതിഭംഗംവന്നുവോ?

"തലയാട്ടം കളിച്ചെന്റെ, തലയെല്ലാം കുഴയുന്നു

വണ്ടാർകുഴലിയാളെ, ചൊട്ടെണ്ണതായോ"

പോയ്പ്പോയ ഓണ നാളുകളിൽ സ്ത്രീകൾ കളിച്ചിരുന്ന തലയാട്ടം കളിയിലെ ഈരടികളാണിത് ഇതിൽ പലതും അമ്മൂമ്മമാരുടെ നാവിൻ തുമ്പിൽ അന്ത്യവിശ്രമം കൊള്ളുന്നു. കൂടാതെ കൈകൊട്ടിക്കളി, തിരുവാതിരകളി, ഓണക്കളി, തുമ്പിതുള്ളൽ തുടങ്ങിയ കളികൾക്ക് പാട്ടുകളായിരുന്ന നാടൻശീലുകൾ കേൾക്കാനില്ല. നെൽകൃഷിയുടെ കാലം കഴിഞ്ഞതോടെ ഞാറ്റുപാട്ടും കാലം ചെയ്തു. ക്ഷേത്രവും, വിശ്വാസങ്ങളും അവശേഷിക്കുന്നതു കൊണ്ട് തോറ്റം പാട്ട് ആളില്ലാ വേദിയിൽ പാടുന്നത് ഉച്ചഭാഷിണിയിലൂടെ അകലെ കേൾക്കാം. ഓണക്കളിയും, കമ്പടവുകളിയും, കടുവാകളിയും, തോലുമാടനുമൊക്കെ. ടൂറിസം വാരാഘോഷത്തിന് നഗരവീഥിയിൽ മാത്രം അരങ്ങേറുന്നു. കുട്ടികൾകളിച്ചിരുന്ന തലപ്പന്ത്കളി, കിളിത്തട്ടുകളി, കുട്ടീം കോലും തുടങ്ങിയ കളികളെക്കുറിച്ച് കുട്ടികളോടു പറഞ്ഞാൽ അവർ അത്ഭുതംകൊള്ളും.

വെള്ളാണിക്കക്കുന്നിലെ ഗോത്രവർഗ്ഗക്കാരുടെ കാളീക്ഷേത്രത്തിൽ പാടിയിരുന്ന ചാറ്റു പാട്ടും, തേരുവിളക്കും, കരിക്കുനൈവേദ്യവും, ഗുരുസിയുമെല്ലാം അന്യം നിന്നുപോയെ ആദിവാസി സംസ്കാരത്തിന്റെ തെളിവുകളായി അവശേഷിക്കുന്നു.

ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചു നടക്കുന്ന കുലവാഴച്ചിറപ്പും, വില്ലിന്മേൽ തൂക്കവും, ഊട്ടും പാട്ടുമെല്ലാം കഴിഞ്ഞുപോയ കാർഷിക സംസ്കാരത്തിന്റെ ബാക്കിപത്രങ്ങളാണ്.

സംസ്കാരത്തിന്റെ വാഹനം സംവേദനമാധ്യമങ്ങളാണല്ലോ. തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറിവന്ന സംവേദനരീതികൾ ഉച്ചനീചത്വ സമൂഹത്തിൽ ഭൂരിപക്ഷത്തിന് അനഭിഗമ്യമായിരുന്നു. എഴുത്തും, അച്ചടിയും വരമൊഴിയായി വന്നതോടൊപ്പം തന്നെ ദേശീയ പ്രസ്ഥാനങ്ങളുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടേയും മുന്നേറ്റങ്ങൾ അക്ഷരങ്ങളുടെ അനന്തമായ ലോകത്തേയ്ക്ക് സമൂഹത്തെ ആകെ തുറന്നുവിടുന്ന അവസ്ഥ സംജാതമാക്കി.

മാദ്ധ്യമങ്ങളും, ദേശീയ പ്രസ്ഥാനങ്ങളും ഒത്തുചേർന്ന് സംസ്കാരിക മേഖലയിൽ വരുത്തിത്തീർത്ത മാറ്റങ്ങളുടെ ഹൃദയതാളം ഏറ്റുവാങ്ങാൻ നമ്മുടെ കൊച്ചുഗ്രാമത്തിനും കഴിഞ്ഞിട്ടുണ്ടെന്ന് ഈ പ്രദേശത്തിന്റെ ചരിത്രം വെളിവാക്കുന്നു.

# ടൂറിസം

# 5.13

പോത്തൻകോട് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന കുന്നിൻപ്രദേശമായ വെള്ളാണിക്കൽ ഒരു കാലത്തു സ്വാഭാവിക വന പ്രദേശമായിരുന്നു. സഹ്യപർവ്വതം മുതൽ അറബിക്കടലോരം വരെ ഈ കുന്നിൻ മുകളിൽ നിന്നാൽ കാണാവുന്നതാണ്. തിരുവനന്തപുരം താലൂക്കും ചിറയിൻകീഴ് താലൂക്കും നെടുമങ്ങാട് താലൂക്കും ഒന്നിച്ചുചേരുന്ന ഈ സംഗമ ഭൂമി തിരുവനന്തപുരം താലൂക്കിന്റെ ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കി ഉയർത്താനും ടൂറിസ്റ്റുകളെ ആകർഷിക്കാനും കഴിയുന്ന തരത്തിൽ സംഘടിപ്പിക്കാനും പഞ്ചായത്ത് മുൻകൈയ്യെടുക്കണം.

അനവധി കുന്നുകളുടെയും, പൗരാണിക ഗുഹാക്ഷേത്രങ്ങളെ അനുസ്മരിപ്പിക്കുന്ന പുലിച്ചാണി ഗുഹയും, അപൂർവ്വസുന്ദരമായ പാറമുകൾ ക്ഷേത്രവും ഇവിടെ ഒത്തുചേരുന്നു. സിനിമാ ഔട്ട്ഡോർ ഷൂട്ടിംഗിനും മറ്റും ഈ പ്രദേശം ഉപയോഗിച്ചുവരുന്നു.

വിശ്രമവേളകളിൽ ഈ കുന്നിൻ പ്രദേശത്തെത്തുന്ന ജനങ്ങളുടെ എണ്ണവും കുറവല്ല. സദാസമയവും വീശിയടിക്കുന്ന മന്ദമാരുതൻ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. സയാഹ്നവേളകളിൽ പ്രകൃതി ഭംഗി ആസ്വദിക്കാനെത്തുന്നവരെ വല്ലാത്ത ആകർഷിക്കാൻ പോന്ന പ്രദേശമാണിത്. തൊട്ടുകിടക്കുന്ന കൊടിതൂക്കിമല, മുളംകുന്ന്, മയിലാടിക്കുന്ന് തുടങ്ങിയമലനിരകൾതന്നെയുള്ള ഈ പ്രദേശം ടൂറിസത്തിന് വമ്പിച്ച സാദ്ധ്യതയുള്ള പ്രദേശമാണ്.

*സാദ്ധ്യതകൾ*

- വെള്ളാണിക്കൽ കേന്ദ്രമാക്കി ഒരു ടൂറിസം വില്ലേജ് സ്ഥാപിച്ചാൽ പഞ്ചായത്തിന് അധിക വരുമാനമുണ്ടാക്കാൻ കഴിയും.
- ടൂറിസം ഭൂപടത്തിൽ വെള്ളാണിക്കൽ ഉൾപ്പെടുത്തുക.
- സ്വാഭാവികവനം നിർമ്മിച്ച് വന്യജീവി സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക.
- പ്രകൃതി നിരീക്ഷണത്തിനും ആസ്വാദനത്തിനും വേണ്ടി ദൂരദർശിനി സ്ഥാപിക്കുക.
- അപൂർവ്വ ഔഷധ സസ്യങ്ങൾ സംരക്ഷിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.



# ഇനിയും മുന്നോട്ട്.............!

വികസനത്തിന് ഒരു ഉപസംഹാരമില്ല. ഇത് ഒരു തുടർ പ്രക്രിയയാണ്. ജനകീയാസൂത്രണ പ്രസ്ഥാനം എക്കാലവും വികസന സംസ്കാരത്തിന് ഊർജ്ജം പകർന്നുകൊണ്ട് പുനരാവർത്തിക്കപ്പെട്ടുകൊണ്ടേയിരിക്കും. ഒരൊറ്റ ജനകീയാസൂത്രണം കൊണ്ടോ ഒരൊറ്റ വികസനരേഖകൊണ്ടോ എല്ലാറ്റിനും ഉടനടി പരിഹാരമാകുമെന്ന് കരുതിക്കൂടാ. ലക്ഷ്യങ്ങളിൽ നിന്ന് ലക്ഷ്യങ്ങളിലേക്കും, നന്മകളിൽ നിന്ന് നന്മകളിലേക്കുമുള്ള ഈ പ്രയാണത്തിന്റെ ചാലക ശക്തിയാണ് ജനപങ്കാളിത്തം. സംഘബോധത്തിന്റെ രഥചക്രങ്ങളിലേറി നമുക്കിനിയും മുന്നോട്ടു പോകാം.

ഗ്രാമസഭകൾ പകർന്നു നൽകിയ ആവേശവും, ആത്മവിശ്വാസവും, കർമ്മബോധവും ഏറ്റുവാങ്ങി ജനകീയാസൂത്രണ പ്രവർത്തകരും ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും, വിദഗ്ദ്ധന്മാരും ചേർന്ന് നടത്തിയ അക്ഷീണയത്നത്തിന്റെകൂടി സൃഷ്ടിയാണ് ഈ വികസന രേഖ. ഈ രേഖ തയ്യാറാക്കുന്നതിൽ അർപ്പണ ബോധത്തോടെ സഹകരിച്ച മുഴുവൻ ആളുകളുടേയും പങ്കിനെ കൃതജ്ഞതയോടെ ഓർക്കുന്നു.

ഏറെ അകലെനില്ക്കുന്ന ലക്ഷ്യങ്ങൾക്കരികിലെത്താൻ കൂടുതൽ ജനപങ്കാളിത്തവും ഉയർന്ന കൂട്ടായ്മയും കൂടിയേതീരുവെന്ന് കാലം നമ്മോട് മന്ത്രിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ ജനപങ്കാളിത്തത്തിന്റെ കരുത്ത് കൊണ്ട് നേടിയെടുത്ത ഒട്ടേറെ നേട്ടങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഈ മാതൃകകൾ കൂടുതൽ തെളിമയോടെ ആവർത്തിക്കപ്പെടുന്നതിന് എല്ലാവരും മുന്നോട്ടുവന്നേ തീരൂ. മുന്നോട്ടു വരുമെന്ന് പ്രതീക്ഷിക്കുന്നു. കാലഘട്ടത്തിന്റെ വെല്ലുവിളികളേറ്റെടുക്കുവാൻ പ്രിയരേ നമ്മൾക്കൊന്നായി ഇനിയും മുന്നേറാം.



പോത്തൻകോട് ഗ്രാമ പഞ്ചായത്ത് ആഫീസ്



പഞ്ചായത്ത് ജീവനക്കാർ

അധികാരം ജനങ്ങളിലേക്ക്



കാട്ടായിക്കോണം വി. ശ്രീധരൻ സ്മാരകം